# വികസനരേഖ 1996

## തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്

# തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്




## ഒമ്പതാം പദ്ധതി ജനകീയപദ്ധതി
## അധികാരം ജനങ്ങളിലേയ്ക്ക്
## വികസനരേഖ – 1996



"ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിൽ കുടികൊള്ളുന്നു"

# പേജുകൾ മറിയുമ്പോൾ......


ആമുഖം
പഞ്ചായത്ത് പൊതുവിവരണം
സാമൂഹിക സാംസ്കാരിക ചരിത്രം
ഭൂപ്രകൃതിയും വിഭവങ്ങളും
കൃഷിയും ജലസേചനവും
മൃഗസംരക്ഷണം
മത്സ്യമേഖല
വ്യവസായം
ഊർജ്ജം
ഗതാഗതം
പാർപ്പിടം
ആരോഗ്യവും കുടിവെള്ളവും
വിദ്യാഭ്യാസം
സംസ്ക്കാരം
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
വനിതാ ക്ഷേമം
സാമൂഹ്യക്ഷേമം
സഹകരണമേഖല
വിഭവസമാഹരണം


**വികസന സെമിനാർ 21–12–96**
**മുഖത്തല ഗവ: എൽ.പി. സ്ക്കൂളിൽ**

# ആമുഖം

കേരളത്തിന്റെ 9–ാം പഞ്ചവത്സര പദ്ധതി ജനപങ്കാളിത്തത്തോടെ രൂപം കൊള്ളുകയാണ്. മുകളിൽനിന്ന് ജനങ്ങളുടെമേൽ പദ്ധതികെട്ടിയിറക്കുന്നതിനുപകരം താഴെനിന്ന് ജനങ്ങളുടെ മുൻകൈയോടെ പദ്ധതി പടുത്തുയർത്താനാണ് ശ്രമം. ഇതുവഴി ജനാധിപത്യത്തിനും വികസനത്തിനും പുതിയ അർത്ഥതലങ്ങൾ വന്നുചേരുകയാണ്.

ഞാനുംകൂടിയാകുന്ന ജനകീയത. അതാണ് ജനാധിപത്യം. ആസൂത്രണത്തിൽ ജനകീയപങ്കാളിത്തം. അതാണ് ജനകീയാസൂത്രണം. ഇന്ത്യൻ ആസൂത്രണത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ അനുഭവമാണിത്.

സമഗ്രവും ശാസ്ത്രീയവുമായ രീതിയിൽ ഈ കടമ നിർവ്വഹിക്കുന്നത് ജനകീയാസൂത്രണപ്രസ്ഥാനത്തിലൂടെയാണ്. വിവിധതട്ടുകളിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ് താഴെത്തട്ടിൽനിന്നുള്ള ഈ ജനകീയ പങ്കാളിത്ത ആസൂത്രണത്തിന് നേതൃത്വം നൽകുക. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ബഹുജനങ്ങളും വിദഗ്ധരും ഉദ്യോഗസ്ഥരും കൂട്ടായി പ്രവർത്തിക്കുന്ന ഒരു പുതിയ വികസന പ്രവർത്തനശൈലി കേരളത്തിൽ രൂപമെടുത്തിരിക്കുന്നു. ജനപങ്കാളിത്തത്തോടെ സമ്പൂർണ്ണസാക്ഷരതകൈവരിച്ച് ലോകത്തിന് മാതൃകയായിത്തീർന്ന കേരളം. ആസൂത്രണത്തിൽ ജനപങ്കാളിത്തമുറപ്പിച്ച് സാമ്പത്തികമുന്നേറ്റത്തിനുള്ള സാധ്യത തെളിയിച്ചുകൊണ്ട് ഒരിക്കൽക്കൂടി ലോകശ്രദ്ധ പിടിച്ചുപറ്റുന്നു. ആ ചരിത്രസൃഷ്ടിക്കുള്ള പശ്ചാത്തലമൊരുക്കാൻ തൃക്കോവിൽവട്ടം പഞ്ചായത്തും പ്രവർത്തനപഥത്തിലാണ്.

ജില്ലാതലപരിശീലനത്തിലും പഞ്ചായത്ത്തലപരിശീലനത്തിലും കൃത്യതയോടെ ആളുകളെ പങ്കെടുപ്പിക്കാനും വേണ്ടനിലയിൽ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ട് പഞ്ചായത്തിലെ 15 വാർഡുകളിലും കൃത്യസമയത്തുതന്നെ ഗ്രാമസഭകൾ ചേരുവാനും കഴിഞ്ഞിട്ടുണ്ട്. തുടർന്ന് വിദഗ്ധസമിതിയ്ക്ക് രൂപം നൽകിക്കൊണ്ട് ദ്വിതീയസ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും അവ വിശകലനംചെയ്യുകയും ചെയ്തു. രണ്ടാംഘട്ട പരിശീലനത്തിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിക്കണമെന്ന ജില്ലാ ആസൂത്രണസമിതിയുടെ നിർദ്ദേശവും ഫലപ്രദമായി നടപ്പിലാക്കി. പഞ്ചായത്തിന്റെ ചരിത്രപഠനവുമായി ബന്ധപ്പെട്ട് പ്രായംചെന്നവരിൽനിന്ന് വായ്മൊഴി ശേഖരിക്കുവാനും പ്രായംചെന്നവരുടെ യോഗം വിളിച്ചുചേർത്ത് ചരിത്രപഠനം കൂടുതൽ ഫലപ്രാപ്തിയിലെത്തിക്കുവാനും ശ്രമിച്ചിട്ടുണ്ട്. ഭൂപ്രകൃതിയെ സംബന്ധിച്ച പഠനം സെന്റർ ഫോർ എർത്ത് സയൻസിലെ ശാസ്ത്രജ്ഞന്റെ മേൽനോട്ടത്തിൽ പഠനപര്യടനം നടത്തി പൂർത്തീകരിച്ചു. ഏലയിലേയ്ക്കുള്ള ഒരു റോഡിന്റെ നിർമ്മാണപ്രവർത്തനം സന്നദ്ധപ്രവർത്തനത്തിലൂടെ ഏറ്റെടുത്തുകൊണ്ട് നവംബർ 1ന്റെ പുനരർപ്പണദിനം വിജയകരമാക്കി. ജനകീയാസൂത്രണപ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിപകരാൻ ഇത് അവസരമൊരുക്കി.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് തൃക്കോവിൽവട്ടം പഞ്ചായത്തിൽ ഇക്കഴിഞ്ഞ നാളുകളിൽ നടന്ന പ്രവർത്തനങ്ങളിലൂടെ രൂപപ്പെട്ടതാണീ വികസനരേഖ. ഗ്രാമവികസന സെമിനാറിലെ ചർച്ചകൾക്കും, തിരുത്തലുകൾക്കും കൂട്ടിച്ചേർക്കലുകൾക്കും തുടർന്ന് പഞ്ചായത്തിന്റെ പദ്ധതിരൂപീകരണത്തിനും ഈ വികസനരേഖ അടിത്തറയാകും.

◆◆◆

# തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്തിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ | : | തൃക്കോവിൽവട്ടം വില്ലേജ്, തഴുത്തല വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | തൃക്കോവിൽവട്ടം എ,<br>തൃക്കോവിൽവട്ടം ബി<br>തൃക്കോവിൽവട്ടം സി |
| ബ്ലോക്ക് പഞ്ചായത്ത് | : | മുഖത്തല |
| ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ | : | കൊറ്റങ്കര (കൊറ്റങ്കര പഞ്ചായത്ത്, തൃക്കോവിൽവട്ടം പഞ്ചായത്തിന്റെ 1,2,3,4,5,6,10,11,13 വാർഡുകൾ)<br><br>വടക്കേവിള (വടക്കേവിള, മയ്യനാട്, തൃക്കോവിൽവട്ടം പഞ്ചായത്തിലെ 7, 8, 9, 12, 14, 15 വാർഡുകൾ) |
| ജില്ലാ പഞ്ചായത്ത് | : | കൊല്ലം |
| താലൂക്ക് | : | കൊല്ലം |
| ജില്ല | : | കൊല്ലം |
| അസംബ്ലി മണ്ഡലം | : | ഇരവിപുരം |
| വിസ്തീർണ്ണം | : | 18.66 ച.കി.മി. |
| ജനസംഖ്യ | : | 45983<br>പുരുഷന്മാർ : 23183<br>സ്ത്രീകൾ : 22800 |
| വാർഡുകളുടെ എണ്ണം | : | 15 |
| പ്രസിഡന്റിന്റെ പേര് | : | ശ്രീ.ആർ.പ്രസന്നൻ |
| വൈസ് പ്രസിഡന്റിന്റെ പേര് | : | ശ്രീ.എച്ച്.സുലൈമാൻകുഞ്ഞ് |

## ഭരണപരമായ ചരിത്രം

| | | |
|---|---|---|
| വില്ലേജ് യൂണിയന്റെ അവസാനത്തെ പ്രസിഡന്റ് | : | പി.ആർ.കൃഷ്ണപിള്ള |
| വില്ലേജ് യൂണിന്റെ അവസാനത്തെ വൈസ്പ്രസിഡന്റ് | : | പി.കെ.അലിയാരുകുഞ്ഞ് |
| വില്ലേജ് യൂണിന്റെ തെരഞ്ഞെടുക്കപ്പെട്ട അംഗസംഖ്യ | : | 6 |
| തൃക്കോവിൽവട്ടം പഞ്ചായത്ത് രൂപംകൊണ്ട വർഷം | : | 1953 |
| ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ് | : | ശ്രീ.എൻ.ചെല്ലപ്പൻപിള്ള |
| ആദ്യത്തെ പഞ്ചായത്ത് വൈസ്പ്രസിഡന്റ് | : | ഡോ.എൻ.ചെല്ലപ്പൻപിള്ള |
| 1963 മുതൽ 1979 വരെ പഞ്ചായത്ത് പ്രസിഡന്റ് | : | ശ്രീ.എൻ.ചെല്ലപ്പൻപിള്ള |
| 1963 മുതൽ 1979 വരെ വൈസ്പ്രസിഡന്റ് | : | ശ്രീ.സോമനാഥൻ |
| 1979 മുതൽ 1984 വരെ പ്രസിഡന്റ് | : | ശ്രീ.പി.രാജേന്ദ്രൻ |
| 1979 മുതൽ 1984 വരെ വൈസ്പ്രസിഡന്റ് | : | പി.എം.മുഹമ്മദ്കുഞ്ഞ് ലബ്ബ |
| 1984 മുതൽ 1988 വരെ | : | ഉദ്യോഗസ്ഥഭരണം<br>(40 മാസം. 30–10–84 മുതൽ 9–2–88 വരെ) |
| 1988 മുതൽ 1991 വരെ പ്രസിഡന്റ് | : | ശ്രീ. റ്റി.ഐ.ജേക്കബ്ബ് |
| 1988 മുതൽ 1991 വരെ വൈസ് പ്രസിഡന്റ് | : | ശ്രീ.എ.പരീത്കുഞ്ഞ് ലബ്ബ |
| 1991 മുതൽ 1995വരെ പ്രസിഡന്റ് | : | ശ്രീ.എ.പരീത്കുഞ്ഞ് ലബ്ബ |
| 1991 മുതൽ 1995 വരെ വൈസ്പ്രസിഡന്റ് | : | ശ്രീ. പി.ശുചീന്ദ്രൻ |

## നിലവിലുള്ള അതിർത്തികൾ

| | | |
|---|---|---|
| തെക്ക് | : | മയ്യനാട് പഞ്ചായത്ത് |
| വടക്ക് | : | കൊറ്റംകര പഞ്ചായത്ത് |
| കിഴക്ക് വടക്കേ മേഖല | : | കൊറ്റംകര പഞ്ചായത്ത് |
| കിഴക്കുതെക്കേ മേഖല | : | ആദിച്ചനല്ലൂർ പഞ്ചായത്ത് |
| പടിഞ്ഞാറ് വടക്ക് മേഖല | : | കൊറ്റങ്കര പഞ്ചായത്ത് |
| പടിഞ്ഞാറ് തെക്ക് മേഖല | : | വടക്കേവിള പഞ്ചായത്ത് |

## പഞ്ചായത്ത് അതിർത്തിയിലെ
## സർക്കാർ ഓഫീസുകൾ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസ് | : | തൃക്കോവിൽവട്ടം വില്ലേജ് ഓഫീസ്<br>തഴുത്തല വില്ലേജ് ആഫീസ് |
| ബ്ലോക്ക് ഓഫീസ് | : | 1 |
| കൃഷിഭവൻ | : | 1 |

| | | |
|---|---|---|
| പോസ്റ്റാഫീസുകൾ | : | 3 |
| സബ് പോസ്റ്റാഫീസുകൾ | : | 2 |
| ഗ്രാമവികസന ഓഫീസുകൾ | : | 3 |
| സബ് രജിസ്ട്രാർ ഓഫീസ് | : | 1 |

## ആശുപത്രികളും അനുബന്ധ സ്ഥാപനങ്ങളും

| | | |
|---|---|---|
| പ്രാഥമിക ആരോഗ്യകേന്ദ്രം | : | 1 |
| ആയുർവ്വേദ ഡിസ്പെൻസറി | : | 1 |
| E.S.I ഡിസ്പെൻസറി | : | 1 |
| സഹകരണ ആശുപത്രി | : | 1 |
| സ്വകാര്യ ആശുപത്രികൾ | : | 5 |
| പബ്ലിക് ഹെൽത്ത് സെന്റർ | : | 4 |
| ഫാമിലി വെൽഫെയർ സെന്റർ | : | 1 |
| ഡേ കെയർ സെന്റർ | : | 1 |
| മൃഗാശുപത്രി | : | 1 |

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| | | |
|---|---|---|
| ബാലവാടികൾ | : | 4 |
| ലോവർ പ്രൈമറി സ്ക്കൂളുകൾ | : | 7 |
| അപ്പർ പ്രൈമറി സ്ക്കൂളുകൾ | : | 4 |
| ഹൈസ്ക്കൂൾ | : | 4 |
| ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ | : | 17 |

## ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും

| | | |
|---|---|---|
| സർവ്വീസ് സഹകരണ ബാങ്കുകൾ | : | 2 |
| ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് ശാഖ | : | 1 |
| വാണിജ്യ ബാങ്കുകൾ | : | 4 |
| മറ്റ് ഫൈനാൻസിംഗ് സ്ഥാപനങ്ങൾ | : | 2 |
| ഗ്രന്ഥാലയങ്ങൾ വായനശാലകൾ | : | 16 |
| പൊതുവിതരണകേന്ദ്രങ്ങൾ | : | 19 |
| മാവേലി സ്റ്റോറുകൾ | : | 2 |
| സഹകരണസംഘങ്ങൾ | : | 2 |

| | | |
|---|---|---|
| ഖാദി–ഗ്രാമ വ്യവസായങ്ങൾ | : | 1 |
| കശുവണ്ടി ഫാക്ടറികൾ | : | 18 |
| ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | : | 1 |
| സിഡ്കോ യൂണിറ്റ് | : | 1 |
| ക്വിറ്റ് കോസ് യൂണിറ്റ് | : | 1 |
| ക്ലേ നിർമ്മാണ യൂണിറ്റ് | : | 1 |
| കട്ട കമ്പനികൾ | : | |
| ക്രഷർ യൂണിറ്റുകൾ | : | 2 |

തൃക്കോവിൽ വട്ടം വില്ലേജ് യൂണിയൻ

മിന്നിട്ട്സ് ബുക്ക്

1121, 1122, 1123, 1124, 1125

# സാംസ്ക്കാരിക സാമൂഹ്യചരിത്രം

ദേശിംഗനാട് (കൊല്ലം) രാജാവിന്റെ അധികാരത്തിലായിരുന്ന മുഖത്തല പ്രദേശത്തെ തൃക്കോവിൽവട്ടം ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഏറെക്കുറെ കാർഷികവിഭവസമൃദ്ധിയുള്ള ഗ്രാമമായിരുന്നു. ഇതിന്റെ പൂർവ്വിക നാമം തൃക്കൊണവട്ടം എന്നായിരുന്നുവെന്നതിന് തെളിവുകളുണ്ട്. മുക്കോണായി കിടന്നതിനാലാകാം ഈ പ്രദേശത്തിന് തൃക്കോണവട്ടം എന്ന പേര് സിദ്ധിച്ചത്. പിൽക്കാലത്ത് മുഖത്തല മുരാരിക്ഷേത്രത്തിന്റെ പ്രാധാന്യം വർദ്ധിച്ചുവന്ന സാഹചര്യത്തിലാകാം "തൃക്കൊണവട്ടം" തൃക്കോവിൽവട്ടമായി രൂപാന്തരപ്പെട്ടത്. ഈ ക്ഷേത്രത്തിന് ഉദ്ദേശം 2000 വർഷത്തെ പഴക്കമുണ്ടെന്നാണ് പഴമക്കാർ പഴയുന്നത്. ക്ഷേത്രത്തെ ചുറ്റിപ്പറ്റി ധാരാളം ഐതിഹ്യങ്ങൾ പ്രചരിച്ചിട്ടുണ്ട്. ഭാഗവതത്തിലെ മുരാസുര നിഗ്രഹവുമായി ബന്ധപ്പെടുത്തി ക്ഷേത്രത്തിന്റെയും സ്ഥലനാമത്തിന്റെയും ഉൽപ്പത്തിയെപ്പറ്റിയുള്ള കഥകളും അക്കൂട്ടത്തിലുണ്ട്. മഹാവിഷ്ണു നിഗ്രഹിച്ച മുരൻ എന്ന അസുരന്റെ തലയും മുഖവും വീണ സ്ഥലം മുഖത്തലയും കണ്ണ് വീണ സ്ഥലം കണ്ണനല്ലൂരും മറ്റുമായെന്നാണ് വിശ്വസിക്കപ്പെടുന്നത്. മഹാവിഷ്ണു നിഗ്രഹിച്ചത് മുരൻ എന്ന അസുരനെ അല്ലെന്നും താമരക്കുഴിയിൽ വസിച്ചിരുന്ന മുര എന്ന ഭീകരജീവിയെ ആയിരുന്നുവെന്നും മറ്റൊരുകഥയും നിലവിലുണ്ട്.

തിരുവിതാംകൂർ മഹാരാജാവായിരുന്ന ആയില്യം തിരുനാൾ, ക്ഷേത്രം സന്ദർശിച്ചുവെന്നും അദ്ദേഹത്തിന്റെ കൽപ്പനപ്രകാരമാണ് കളഭാഭിഷേകം മുഖത്തലക്ഷേത്രത്തിൽ ആരംഭിച്ചത് എന്നും പറയപ്പെടുന്നു. ഏറെ താമസിയാതെ രാജാവ് നാടുനീങ്ങുകയും ചെയ്തു. ഈ സംഭവത്തെ ആധാരമാക്കിയാണ് 'മുഖത്തലവരുന്നതും മോരുകൂട്ടുന്നതും അവസാനമാണ്' എന്ന ചൊല്ല് നാട്ടിൽ പ്രചരിച്ചത് എന്ന് വിശ്വസിക്കപ്പെടുന്നു. മുഖത്ത് (പ്രധാനസ്ഥലത്ത്) ജലത്തിന്റെ അലതട്ടുന്നതിനാലാണ് മുഖത്തല എന്ന സ്ഥലനാമമുണ്ടായതെന്നും, അതല്ല തഴുത്തലയോട് ചേർന്നുകിടക്കുന്ന ഭാഗമായതിനാൽ താഴെതലയും മേലേതലയുമായി പരിഗണിക്കപ്പെട്ടുവെന്നും പിൽക്കാലത്ത് താഴെതല തഴുത്തലയും മേലേത്തല മുഖത്തലയുമായി മാറിയെന്നും, അതുമല്ല മുഖം (പ്രധാനസ്ഥലം) ഏലകളാൽ ചുറ്റപ്പെട്ടുകിടക്കുന്നതുകൊണ്ട് 'മുഖത്ത്', 'ഏല'മുഖത്തലയായിമാറിയെന്നും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുണ്ട്.

മുഖത്തല പ്രദേശത്തെ സാമൂഹ്യസാംസ്ക്കാരികതലങ്ങളെ ഈ ക്ഷേത്രത്തിന്റെ സാന്നിദ്ധ്യം കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. ക്ഷേത്രപ്രവേശനവിളമ്പരം ഉണ്ടാകുന്നതുവരെ ഈ ക്ഷേത്രത്തിൽ അവർണ്ണപിന്നോക്കങ്ങൾക്ക് പ്രവേശനം നിഷേധിച്ചിരുന്നു. ബ്രിട്ടീഷ്ഭരണകാലത്ത് ഇന്ത്യയിൽ ആകമാനമുണ്ടായ മിഷനറി പ്രവർത്തനത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിന്റെ കിഴക്കനതിർത്തിയിലും അത്തരം പ്രവർത്തനങ്ങൾ നടന്നതായി കാണുന്നു.

കുരീപ്പള്ളി–കണ്ണനല്ലൂർ പ്രദേശങ്ങളിൽ പള്ളികളും പള്ളിക്കുടങ്ങളും അവർ സ്ഥാപിക്കുകയുണ്ടായി. ഈ പഞ്ചായത്തിലെ ആദ്യത്തെ സ്ക്കൂൾ മിഷനറിമാർ സ്ഥാപിച്ച കുരീപ്പള്ളിയിലെ L.M.S.L.P.S ആണ്.

കണ്ണനല്ലൂർ പള്ളിയാണ് ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന മുസ്ലീം ദേവാലയം. ഇതിന് ഉദ്ദേശം 500 വർഷത്തെ പഴക്കം ഉള്ളതായി കരുതപ്പെടുന്നു. ദേശിംഗനാട് രാജാവ് കരം ഒഴിവായി പതിച്ചുകൊടുത്ത സ്ഥലത്താണ് പള്ളി പണികഴിപ്പിച്ചിട്ടുള്ളത്. മുഖത്തല മുരാരിക്ഷേത്രത്തിലെ ഉത്സവകാലത്ത് മുസ്ലീം വ്യാപാരികൾ ക്ഷേത്രപരിസരത്ത് വ്യാപാരം നടത്തിയിരുന്നതായും അതിന് ഹിന്ദുക്കളുടെ പരിപൂർണ്ണസഹകരണം ഉണ്ടായിരുന്നതായും കാണാം. ഇത് ഇവിടെ നിലനിന്നിരുന്ന മതസൗഹാർദ്ദത്തിന്റെ ഉത്തമദൃഷ്ടാന്തമായി കണക്കാക്കാം.

മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ പാടശേഖരമാണ് പെരുംകുളം ഏല. പഞ്ചായത്തിന്റെ പകുതിയിൽ താഴെ വിസ്തൃതി ഇതിനുവരും. ആദ്യകാലത്ത് കൃഷിയും മൃഗസംരക്ഷണവുമായിരുന്നു മുഖ്യതൊഴിലും ജീവിതമാർഗ്ഗവും. ജന്മിവ്യവസ്ഥ നിലനിന്നിരുന്നു. നിലം പാട്ടത്തിനുചെയ്തിരുന്ന ഇടത്തരം കൃഷിക്കാരായിരുന്നു ഭൂരിഭാഗവും. കൃഷിനിലങ്ങളിൽ കൂടുതലും ചുട്ടറസ്വാമി എന്ന ജന്മിയുടേ

തായിരുന്നു. അമ്പതുകളിലെ ഭൂനിയമം എല്ലാ കൃഷിക്കാരെയും ഭൂവുടമകളാക്കിമാറ്റി. പാരമ്പര്യരീതിയിലുള്ള കൃഷിസമ്പ്രദായമായിരുന്നു. നെല്ല്, കിഴങ്ങുവർഗ്ഗങ്ങൾ, മരച്ചീനി, ഇവ സമൃദ്ധമായി കൃഷിചെയ്തിരുന്നു. ജൈവവളങ്ങളേ ഉപയോഗിച്ചിരുന്നുള്ളൂ. കാലിസമ്പത്ത് ധാരളമുണ്ടായിരുന്നു. അവർക്ക് സൈ്വരമായി മേയാനുള്ള സ്ഥലങ്ങളുമുണ്ടായിരുന്നു. പ്രഭാതംമുതൽ പ്രദോഷംവരെയായിരുന്നു ജോലിസമയം. കൂലി, നെല്ലായിട്ടാണ് കൊടുത്തിരുന്നത്. വ്യത്യസ്തമായ ഭക്ഷണക്രമായിരുന്നു. രാജ്യത്തിന്റെ നെല്ലറ ഇന്ന് നാശോന്മുഖമായിരിക്കുന്നു. വൻതോതിലുള്ള ചെളിയെടുപ്പ്, നിലംനികത്തൽ, തരിശ്ശിടൽ ഇവയെല്ലാം നെല്ലുൽപ്പാദനത്തെ ദോഷകരമായി ബാധിച്ചിരിക്കുന്നു.

വ്യാവസായികമായി തൃക്കോവിൽവട്ടം പഞ്ചായത്ത് വളരെ പിന്നിലായിരുന്നു. തഴുത്തല, ചേരീക്കോണം, വെട്ടിലത്താഴം, പേരയം, മൈലാപ്പൂര് എന്നിവിടങ്ങളിൽ നെയ്ത്തുണ്ടായിരുന്നു. ഇത് പരിമിതമായ തോതിലായിരുന്നു. കാർഷികവിളകളുടെ വിപണനകേന്ദ്രമായി കണ്ണനല്ലൂർ മാറുകയും കണ്ണനല്ലൂർ വ്യാപാരകേന്ദ്രമായിത്തീരുകയുംചെയ്തു. അവിടെ തിങ്ങിപ്പാർത്തിരുന്നവർ വ്യാപാരതാൽപ്പര്യമുള്ളവരായിമാറി. എല്ലാ മലയാളമാസവും 29-ാം തീയതി ചേരുന്ന കണ്ണനല്ലൂർ കാളച്ചന്തയും കച്ചവടാഭിവൃദ്ധിയിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. 1940 കളിൽ കശുവണ്ടി ഫാക്ടറികൾ തുടങ്ങിയതോടെ അന്നുവരെ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്ന ചെറുകിടകർഷകർക്കും കർഷക തൊഴിലാളികൾക്കും വ്യാവസായികമേഖലയിൽ തൊഴിലവസരമുണ്ടായി. ഇന്ന് ചുടുകട്ട കമ്പനികൾ, ഈർച്ചമില്ലുകൾ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ തുടങ്ങിയവ ഗ്രാമത്തിന് ഒരു പുതിയ മുഖച്ഛായ നൽകുന്നുണ്ട്.

ഗതാഗതസൗകര്യം ഇവിടെ വളരെ കുറവായിരുന്നു. കൊല്ലം പട്ടണത്തിന്റെ പ്രാന്തപ്രദേശമായിരുന്നിട്ടും ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ റോഡുകൾ വളരെ പരിമിതമായിരുന്നു. കൊല്ലത്തുനിന്നും അയത്തിൽവരെമാത്രമേ ഗതാഗതയോഗ്യമായ റോഡ് ഉണ്ടായിരുന്നുള്ളൂ. ആറും തോടും വയലുകളും കടന്ന് കാൽനടയായിട്ടാണ് ജനങ്ങൾ കൊല്ലം പട്ടണത്തിൽ എത്തിയിരുന്നത്. വളരെ വിരളമായി കുതിരസവാരിയുണ്ടായിരുന്നു. അയത്തിൽ പാലം ഉണ്ടായതിനെത്തുടർന്ന് ഡീസന്റ് മുക്കുവരെയും കണിയാംതോട്ടിൽ കലങ്ങും റോഡും ശരിയായതിനെത്തുടർന്ന് കണ്ണനല്ലൂർവരെയും കൊല്ലത്തുനിന്നും ഗതാഗതം സുഗമമായി. കാളവണ്ടിയായിരുന്നു പ്രധാനവാഹനം. 1930-കളിലാണ് മോട്ടോർ വാഹനങ്ങൾ ഓടിത്തുടങ്ങിയത്. ഗ്രാമത്തിലുടനീളം ഗതാഗതയോഗ്യമായ നിരവധി റോഡുകൾ ജനപങ്കാളിത്തത്തോടുകൂടി നിർമ്മിച്ചത് ഈ പഞ്ചായത്തിന്റെ മേൽനോട്ടത്തിലാണ്. ഇക്കാര്യത്തിൽ വൻ കുതിച്ചുചാട്ടംതന്നെ പഞ്ചായത്തുകൾ നിലവിൽവന്ന 50 കളിൽ ഗ്രാമത്തിലുടനീളം നടന്നതായികാണുന്നു.

ആരോഗ്യപരിപാലനത്തിൽ ഗ്രാമീണർ അതീവശ്രദ്ധാലുക്കളായിരുന്നു. ആയുർവ്വേദചികിത്സ സമ്പുഷ്ടമായിരുന്നു. താഴാംപണവൈദ്യൻ, തഴുത്തല ഗംഗാധരൻ വൈദ്യൻ എന്നിവർ ഈ രംഗത്ത് പ്രമുഖരായിരുന്നു. മൃഗസംരക്ഷണചികിത്സാരംഗത്ത് പ്രസിദ്ധനായ കൂനംകുഴി വൈദ്യരും കള്ളിക്കാട് കുട്ടൻപിള്ളയും, വിഷചികിത്സാരംഗത്ത് ചെറിയേലായിൽ വേടർ സമുദായത്തിൽപ്പെട്ട നല്ലരേശനും പാങ്കോണം കിഴക്കേവിളയിൽ ഉറവിണിനായരും ഈ രംഗങ്ങളിൽ സ്മരിക്കപ്പെടേണ്ട വ്യക്തികളാണ്.

അലോപ്പതി ചികിത്സാസമ്പ്രദായം 50 കളിലാണ് നിലവിൽവന്നത്. E.S.I ആശുപത്രി, കോ-ഓപ്പറേറ്റീവ് ആശുപത്രി, പ്രൈമറി ഹെൽത്ത് സെന്റർ ഇവ കൂടാതെ അനവധി സ്വകാര്യ ആശുപത്രികളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

വിദ്യാഭ്യാസപരമായി ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഈ ഗ്രാമം വളരെ പിന്നിലായിരുന്നു. കുരീപ്പള്ളിയിൽ ഒരു L.M.S.L.P.S ഉം കണ്ണനല്ലൂരിൽ സെന്റ് സാലീസ് L.P.S ഉം ക്രസ്ത്യൻ മിഷനറിമാർ നടത്തിയിരുന്നെങ്കിലും ഗ്രാമീണരുടെ വിദ്യാഭ്യാസത്തിൽ കാര്യമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞില്ല.

കുടിപ്പള്ളിക്കൂടം വഴിയുള്ള അക്ഷരവിദ്യാഭ്യാസം മാത്രമാണ് നേടിയിരുന്നത്. 1940കളിൽ ബിരുദധാരികളായ ഏതാനുംപേർ ഉണ്ടായിരുന്നു. ഇവരിൽ ഗവേണഷകുതുകിയും ബിരുദധാരിയുമായ "കെട്ടിടത്തിൽ രാഘവൻപിള്ള'' അക്കാലത്തുതന്നെ "രാഘവദീപം" എന്നപേരിൽ ജലത്തിൽനിന്നും കത്തിക്കാവുന്ന ഒരു വിളക്ക് കണ്ടുപിടിച്ചതായും, അധികാരികളിൽനിന്നും വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തതിനാൽ ആ സംരംഭം ഉപേക്ഷിച്ചതായും കേൾക്കുന്നുണ്ട്. ഇന്ന് ഗ്രാമത്തിൽ നല്ലരീതിയിൽ നിലവാരം പുലർത്തുന്ന ഹൈസ്ക്കൂളുകളുണ്ട്. വിവിധവിഷയങ്ങളിൽ ബിരുദവും ബിരുദാനന്തരബിരുദവും നേടിയവർ ധാരളമുണ്ട്.

വളരെ ലളിതമായിരുന്നു ജനങ്ങളുടെ വസ്ത്രധാരണരീതി. കർഷകത്തൊഴിലാളികൾ തൊഴിലെടുക്കുന്ന സമയത്ത് ചുട്ടിത്തോർത്തും മറ്റുസമയങ്ങളിൽ ഒറ്റമുണ്ടും തോർത്തുമായിരുന്നു ധരിച്ചിരുന്നത്. സമൂഹത്തിലെ മേൽത്തട്ടുകാർ ഒറ്റമുണ്ടിനൊപ്പം നേര്യതുകൂടി ധരിച്ചിരുന്നു.

ദേശീയ നവോത്ഥാനപ്രസ്ഥാനങ്ങളിൽ സജീവപങ്കാളിത്തം ഉള്ളതായി കാണുന്നില്ല. അക്കാര്യത്തിൽ തികഞ്ഞ നിസംഗതയാണ് പ്രകടമായിരുന്നത്. പ്രജായത്ത ഭരണവും സ്വാതന്ത്ര്യാനന്തര ജനകീയപ്രസ്ഥാനങ്ങളും നടക്കുന്നതുവരെ എടുത്തുപ

റയത്തക്ക ജനമുന്നേറ്റങ്ങളോ അവയിൽനിന്ന് ഉരുത്തിരിഞ്ഞ നേതൃത്വമോ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കാണുന്നില്ല. എന്നാൽ നിലനിന്നിരുന്ന സംവിധാനങ്ങളോട് ഒറ്റപ്പെട്ട ചെറുത്തുനിൽപ്പുകൾക്ക് തയ്യാറായിട്ടുള്ള വ്യക്തികൾ ഉണ്ടായിട്ടുണ്ട്. പട്ടാളത്തിന്റെ കവാത്ത് ഭേദിച്ച് കുതിരയെ ഓടിച്ച വടകോട്ട് കാളീനാരായണനും, കൊല്ലം കസ്ബാ പോലീസ് സ്റ്റേഷനിൽ എത്തിയ സ്വാതന്ത്ര്യഭടന്മാരെ പിരിച്ചുവിടാൻ വെടിവയ്ക്കുമെന്ന് പ്രഖ്യാപിച്ച പോലീസ് ഉദ്യോഗസ്ഥന്റെ മുന്നിൽ വിരിമാറുകാട്ടി നിർഭയം നിലയുറപ്പിച്ച കടവൂർ തെക്കതിൽ ഗോപാലപിള്ളയും (പിൽക്കാലത്ത് തോക്കുഗോപാലപിള്ള എന്നറിയപ്പെട്ടു) പ്രത്യേകം സ്മരണീയരാണ്. എന്നാൽ നാൽപ്പതുകളിലെ സ്വാതന്ത്ര്യപ്രസ്ഥാനവുമായി ബന്ധപ്പെട്ട് തൊഴിലാളി, കർഷക, വിദ്യാർത്ഥി വിഭാഗങ്ങളെ സംഘടിപ്പിച്ച് ബഹുജനപ്രസ്ഥാനങ്ങളെ വളർത്തുന്നതിന് രാഷ്ട്രീയകാഴ്ചപ്പാടോടെ പ്രവർത്തിച്ചത് കരിഞ്ഞംപള്ളി രാഘവൻപിള്ളയാണ്.

വെട്ടിലത്താഴം, ചെന്താപ്പൂര്, തട്ടാർകോണം, ചെറിയേല, നടുവിലക്കര, ചേരികോണം, കണ്ണനല്ലൂർ, പാങ്കോണം, തൃക്കോവിൽവട്ടം, കിഴവൂർ, കുറുമണ്ണ, പേരയം, മൈലാപ്പൂര്, പുതുച്ചിറ എന്നീ ചേരികൾ ചേർന്നതാണ് തൃക്കോവിൽവട്ടം പഞ്ചായത്ത്. 1953 ൽ പഞ്ചായത്ത് സമിതി നിലവിൽവരുന്നതുവരെ തൃക്കോവിൽവട്ടം വില്ലേജ് യൂണിയനാണ് ഗ്രാമഭരണം നിർവ്വഹിച്ചിരുന്നത്. വില്ലേജ് യൂണിയനിൽ തെരഞ്ഞെടുക്കപ്പെട്ട ആറ് പ്രതിനിധികൾക്കുപുറമേ തഹസീൽദാർ, ഹെൽത്ത് ഇൻസ്പെക്ടർ, സഹകരണരജിസ്ട്രാർ, തുടങ്ങിയ ഔദ്യോഗിക പ്രതിനിധികളും കമ്മിറ്റി യോഗങ്ങളിൽ പങ്കെടുത്തിരുന്നു. അഞ്ചുരൂപയോ അതിൽക്കൂടുതലോ ഭൂനികുതി കൊടുക്കുന്ന പൗരന്മാർക്കുമാത്രമേ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ. അതിനാൽ വിരലിലെണ്ണാവുന്ന ഭൂവുടമകൾക്കുമാത്രമേ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ. അവസാനത്തെ വില്ലേജ് യൂണിയൻ പ്രസിഡന്റ് ശ്രീ.പി.ആർ.കൃഷ്ണപിള്ളയായിരുന്നു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ അവസരത്തിൽ സ്വതന്ത്രരാജ്യമായി നിൽക്കുവാൻ തീരുമാനിച്ച്, തിരുവിതാംകൂർ മഹാരാജാവിന്റെ നടപടിയെ ഐകകണ്ഠ്യേന പിന്താങ്ങി പ്രമേയം പാസ്സാക്കിയ വില്ലേജ് യൂണിയന്റെ തീരുമാനത്തെ വില്ലേജ് യൂണിയനുണ്ടായിരുന്ന രാജഭക്തിയുടെ തെളിവായി കാണാവുന്നതാണ്. സ്വാതന്ത്ര്യാനന്തരം ഗ്രാമത്തിൽ എല്ലാരംഗങ്ങളിലും ഉണർവ്വ് കാട്ടി. വില്ലേജ് യൂണിയനിൽനിന്നും പഞ്ചായത്തിലേയ്ക്ക് ഭരണസാരഥ്യം മാറി. ഗതാഗതം, വിദ്യാഭ്യാസം പൊതുജനാരോഗ്യം എന്നിവയിൽ കാര്യമായ പുരോഗതി കൈവരിക്കുന്നതിന് ഇത് ഇടയാക്കി. തുടർച്ചയായി 27 വർഷക്കാലം പ്രസിഡന്റായിരുന്ന ശ്രീ.എൻ.ചെല്ലപ്പൻപിള്ളയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ പ്രസിഡന്റ്.

ഉൽപ്പാദനമേഖലകളിൽ നമ്മുടെ ഗ്രാമം വലിയ മുരടിപ്പിനെ നേരിടുകയാണ്. ഇന്ന് കൃഷി ആകർഷകമല്ല. സീസണൽ വ്യവസായമായ കശുവണ്ടിമേഖലയും, വികാസം പ്രാപിക്കാത്ത മറ്റ് വ്യവസായമേഖലകളും തൊഴില്ലായ്മയ്ക്ക് പരിഹാരമാകുന്നില്ല. പ്രധാനകാർഷികവിളയായ നാളികേരത്തിന്റെ ഉൽപ്പാദനം തെങ്ങുരോഗംമൂലം കുറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗ്രാമത്തിൽ തൊഴിലില്ലായ്മയും ജീവിതത്തകർച്ചയും അനുഭവപ്പെടുന്നു. പുതിയ പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയാൽ നമ്മൾ അഭിമുഖീകരിക്കുന്ന ഒട്ടനവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും.

◆◆◆




കേരളം
കർണ്ണാടകം
തമിഴ്നാട്
സംസ്ഥാനതിർത്തി
ജില്ലാതിർത്തി
കൊല്ലം ജില്ല
തൃക്കോവിൽവട്ടം പഞ്ചായത്ത്.



കൊല്ലം ജില്ല
0 10 20 കി.മീ.
പഞ്ചായത്തതിര്
തൃക്കോവിൽവട്ടം പഞ്ചായത്ത്.




76°38'
തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്
ഭൂപ്രകൃതി
76°42'
0 1 കി.മീ
9°55'
9°52'
പഞ്ചായത്തതിര്
തോട്
താഴ്വരകൾ
ചരിവ് പ്രദേശങ്ങൾ
ഉയർന്ന സമതലം
76°38'
76°42'




76°38'
തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്
നിമ്നോന്നതി
76°42'
1 കി.മീ
9°55'
9°52'
പഞ്ചായത്തതിര്
20 മീറ്ററിനു താഴെ
20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ
40 മീറ്ററിനു മുകളിൽ
76°38'
76°42'

# ഭൂപ്രകൃതിയും വിഭവങ്ങളും

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിലാണ് തൃക്കോവിൽവട്ടം പഞ്ചായത്ത് ഉൾപ്പെടുന്നത്. തഴുത്തല വില്ലേജിലെ 582 ഹെക്ടർ പ്രദേശവും തൃക്കോവിൽവട്ടം വില്ലേജും (1284.02 ഹെക്ടർ) അടങ്ങിയതാണ് ഈ പഞ്ചായത്ത്. കൊട്ടിയം ജംഗ്ഷന്റെ വടക്കുമാറി പടിഞ്ഞാറൻ മേഖലയിൽ സ്ഥിതിചെയ്യുന്ന തൃക്കോവിൽവട്ടം പഞ്ചായത്ത് വ്യത്യസ്ത ഭൂപ്രകൃതിയാൽ സമ്പന്നമാണ്. ജില്ലയിലെ പ്രമുഖ ഏലായായ പെരുങ്കുളം ഏലായിലെ ഭൂരിഭാഗവും തൃക്കോവിൽവട്ടം പഞ്ചായത്തിലാണ്. ഭരണപരമായി പഞ്ചായത്തിലാണ്. ഭരണപരമായി പഞ്ചായത്തിനെ 15 വാർഡുകളായി തിരിച്ചിരിക്കുന്നു.

അക്ഷാംശം 80 52'നും 8055' N നും രേഖാംശം 760 38' നും 760 42' E ഉം ഇടയിൽ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ വടക്ക് കൊറ്റങ്കര പഞ്ചായത്തും തെക്ക് മയ്യനാട് പഞ്ചായത്തും കിഴക്കൻ അതിർത്തിയുടെ വടക്കുഭാഗം നെടുമ്പന പഞ്ചായത്തും തെക്കുഭാഗം ആദിച്ചനല്ലൂർ പഞ്ചായത്തും പഞ്ചായത്തിന്റെപടിഞ്ഞാറൻ അതിർത്തിയുടെ വടക്കേയറ്റം കൊറ്റങ്കരപഞ്ചായത്തും തെക്കൻ മേഖലയിൽ വടക്കേവിള പഞ്ചായത്തും സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ ആകെ വിസ്തൃതി 1866 ഹെക്ടർ ആണ്.

നിമ്നോന്നതിയെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ 20 മീറ്ററിനു താഴെ, 20 മീറ്ററിനും ഇടയിൽ എന്നിങ്ങനെ മൂന്ന് ഭാഗങ്ങളായി തിരിക്കാം. സമുദ്രനിരപ്പിൽനിന്നും ഏറ്റവും കൂടിയ ഉയരം 50 മീറ്റർ ഉയരം വരുന്ന കണ്ണനല്ലൂരിന്റെ സമീപപ്രദേശങ്ങളാണ്. ശരാശരി ഉയരം 32 മീറ്ററാണ്. വിശദവിവരങ്ങൾ ചുവടെചേർക്കുന്നു.

പട്ടിക – 1

| നിമ്നോന്നത മേഖലകൾ | വിസ്തീർണ്ണം (ഹെക്ടർ) | ശതമാനം |
|---|---|---|
| 20 മീറ്ററിന് താഴെ | 490.00 | 26.27 |
| 20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ | 1068.00 | 57.23 |
| 40 മീറ്ററിനും 60 മീറ്ററിനും ഇടയിൽ | 308.00 | 16.50 |
| ആകെ | 1866.00 | 100.00 |

അവലംബം : 1. വിഭവഭൂപടങ്ങൾ 2. പഠന പര്യടനം

തെക്കൻ ഇടനാട് ഭൂവിഭാഗത്തിലുൾപ്പെടുന്ന തൃക്കോവിൽ പഞ്ചായത്തിനെ ഭൂപ്രകൃതി അനുസരിച്ച് വിവിധഭാഗങ്ങളായി തിരിക്കാം.

1. ഉയർന്ന സമതലം
2. ഉയർന്ന ചരിവ്
3. മിതമായ ചരിവ്
4. ചെറുചരിവ്
5. താഴ്വര

ഇവിയിലോരുന്നിന്റേയ വിസ്തൃതി ചുവടെ ചേർക്കുന്നു.

പട്ടിക – 2

| ഭൂപ്രകൃതി മേഖലകൾ | വിസ്തീർണ്ണം (ഹെക്ടർ) | ശതമാനം |
|---|---|---|
| ഉയർന്ന സമതലം | 300.00 | 16.00 |
| ഉയർന്ന ചരിവ് | 428.00 | 23.00 |
| മിതമായ ചരിവ് (ചെറു ചരിവ് ഉൾപ്പെടെ) | 648.00 | 35.00 |
| താഴ്വര | 490.00 | 26.00 |
| ആകെ | 1866.00 | 100.00 |

അവലംബം: 1. വിഭവഭൂപടങ്ങൾ 2. പഠനപര്യടനം 3. സോയിൽ സർവ്വേ റിപ്പോർട്ട്

വടക്കുകിഴക്ക് ദിശയിൽനിന്നും തെക്കുപടിഞ്ഞാറ് ദിശയിലായി ഭൂമിയുടെ ചരിവ് കാണപ്പെടുന്നു.

പഞ്ചായത്തിൽ പ്രധാനമായും വെട്ടുകല്ല്, എക്കൽ മണ്ണ് എന്നിവ കാണപ്പെടുന്നു. ഉയർന്ന പ്രദേശങ്ങളിലും ചരിവ് പ്രദേശങ്ങളിലും വെട്ടുകൽ മണ്ണ് (ലാക്ടറൈറ്റ്) കാണപ്പെടുന്നു. താഴ്വരപ്രദേശങ്ങളിലാണ് പ്രധാനമായും എക്കൽമണ്ണ് കണ്ടുവരുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

ഭൂപ്രകൃതിയുമായി ബന്ധപ്പെടുത്തി മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

## കാലാവസ്ഥ:

തെക്കുപടിഞ്ഞാറൻ വടക്കുകിഴക്കൻ മൺസൂൺകാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ശരാശരി വർഷപാതം 1989 മീറ്ററാണ്. മഴക്കാലങ്ങളിൽ വെള്ളപ്പൊക്കം അനുഭവപ്പെടാറുണ്ട്. മാർച്ച്, മേയ് മാസങ്ങളിലാണ് ഏറ്റവും കുറച്ച് മഴ ലഭിക്കുന്നത്. ഏറ്റവും കൂടിയ താപനില 320 5c ഉം ഏറ്റവും കുറഞ്ഞത് 19.70C ഉം ആണ്. ശരാശരി താപനില 26.10c ആണ്.

മഴയുടെയും താപനിലയുടെയും വിശദവിവരം പട്ടിക – 5ഉം പട്ടിക – 6 ഉം ആയി 16–17 പേജുകളിൽ ചേർത്തിരിക്കുന്നു.

**പട്ടിക – 3**

| മൺതരങ്ങൾ | വിസ്തീർണ്ണം (ഹെക്ടർ) | ശതമാനം |
|---|---|---|
| വെട്ടുകല്ല് പ്രദേശങ്ങൾ | 1376.00 | 74.00 |
| എക്കൽമണ്ണ് പ്രദേശങ്ങൾ | 490.00 | 26.00 |
| ആകെ | 1866.00 | 100.00 |

അവലംബം: 1. സോയിൽ സർവ്വേ റിപ്പോർട്ട് 2. പഠനപര്യടനം

ചരിവ് പ്രദേശങ്ങളിൽ വ്യാപകമായതോതിൽ മണ്ണൊലിപ്പ് അനുഭവപ്പെടും. മണ്ണൊലിപ്പിന്റെ തോത് അനുസരിച്ച് പഞ്ചായത്തിനെ വിവിധ മേഖലകളായി തിരിക്കാം.

1. ഏറ്റവും കൂടിയതോതിൽ മണ്ണൊലിപ്പ് ഉണ്ടാകുന്ന പ്രദേശങ്ങൾ
2. മിതമായ തോതിൽ മണ്ണൊലിപ്പ് ഉണ്ടാകുന്ന പ്രദേശങ്ങൾ
3. താഴ്ന്നതോതിൽ മണ്ണൊലിപ്പ് ഉണ്ടാകുന്ന പ്രദേശങ്ങൾ

വിശദവിവരം ചുവടെ ചേർക്കുന്നു.

**പട്ടിക – 4**

| മണ്ണൊലിപ്പ് പ്രദേശങ്ങൾ | വിസ്തീർണ്ണം (ഹെക്ടർ) | ശതമാനം |
|---|---|---|
| ഏറ്റവും കൂടിയ തോതിൽ മണ്ണൊലിപ്പുണ്ടാകുന്ന പ്രദേശങ്ങൾ | 128.00 | 8 |
| മിതമായ തോതിൽ മണ്ണൊലിപ്പുണ്ടാകുന്ന പ്രദേശങ്ങൾ | 490.00 | 26 |
| താഴ്ന്ന തോതിൽ മണ്ണൊലിപ്പുണ്ടാകുന്ന പ്രദേശങ്ങൾ | 1248.00 | 66 |
| ആകെ | 1866.00 | 100.00 |

അവലംബം: വിഭവഭൂപടങ്ങൾ, പഠനപര്യടനം, സോയിൽ സർവ്വേ റിപ്പോർട്ട്

## ജലപ്രകൃതി

തൃക്കോവിൽവട്ടം പഞ്ചായത്തിലെ പെരുംകുളം ഏലായുടെ നടുത്തോടായ പെരുകുളം തോട് പഞ്ചായത്തിന്റെ ആറ് വാർഡുകളെ (വെട്ടിലത്താഴം, ചെന്താപ്പൂർ, തട്ടാർകോണം, ചെറിയേല വെസ്റ്റ്, ചെറിയേല ഈസ്റ്റ്, നടുവിലക്കര) വടക്കുപടിഞ്ഞാറൻ മേഖലയിലേയ്ക്ക് തിരിച്ചുകൊണ്ട് ഒഴുകുന്നു. തോടുകളുടെ ആകെ നീളം 13.4 കി.മീയാണ്. കൂടാതെ ധാരാളം കുളങ്ങളും ചേർന്നതാണ് ഉപരിതല ജലസ്രോതസ്സുകൾ

പ്രധാനകുളങ്ങളെയും തോടുകളെയും സംബന്ധിച്ച വിവരങ്ങൾ പട്ടിക–7, പട്ടിക – 8 എന്ന ക്രമത്തിൽ പേജ് 18 ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. കുന്നിൻ പ്രദേശങ്ങളും ചരിവ് കുറഞ്ഞ പ്രദേശങ്ങളും താരതമ്യേന ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളാണ്.

വലുതും ചെറുതുമായ ധാരാളം കുളങ്ങൾ പഞ്ചായത്തിലുണ്ട്. ഇവ കാലാകാലങ്ങളിൽ യഥാവിധി സംരക്ഷിക്കപ്പെടുകയോ ഉപയോഗിക്കുകയോ ചെയ്യുന്നില്ല. കുളങ്ങളുടെ വശങ്ങൾ കെട്ടിയും ആഴവും വീതിയും കൂട്ടിയും മാലിന്യങ്ങൾ നീക്കം ചെയ്തും സംരക്ഷിക്കപ്പെടേണ്ടതാണ്. ലഭിക്കുന്ന മഴയുടെ ഏറിയ ഭാഗവും പഞ്ചായത്തിന്റെ ഭൂഭാഗങ്ങളിൽ ആഴ്ന്നിറങ്ങി ജലസ്രോതസ്സുകൾ വർദ്ധിപ്പിക്കുവാനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ഉപരിതല–ഭൂഗർഭജലസ്രോതസ്സുകളുടെ പരിപാലനത്തിലൂടെ പഞ്ചായത്തിലെ ജലക്ഷാമം ഒരുപരിധിവരെ പരിഹരിക്കാവുന്നതാണ്.

## പരിസ്ഥിതി അവലോകനം

വ്യാപകമായ തോതിൽ പാടശേഖരങ്ങൾ നികത്തുന്നത് പഞ്ചായത്തിൽ

## വർഷപാതം പട്ടിക – 5

| മാസം | 1981 | 1982 | 1983 | 1984 | 1985 | 1986 | 1987 | 1988 | 1989 | 1990 | 1991 |
|---|---|---|---|---|---|---|---|---|---|---|---|
| ജനുവരി | Nil | Nil | Nil | 5.00 | 38.6 | Nil | 9.00 | Nil | 10.00 | 40.20 | 7.60 |
| ഫെബ്രുവരി | 51.60 | Nil | Nil | 33.66 | 22.00 | 59.10 | Nil | 4.00 | Nil | Nil | Nil |
| മാർച്ച് | 77.70 | 102.40 | Nil | 138.30 | 47.2 | 33.00 | 33.80 | 42.00 | 29.00 | 48.70 | 116.80 |
| ഏപ്രിൽ | 116.22 | 138.60 | 60.60 | 208.30 | 128.2 | 207.90 | 134.7 | 348.50 | 266.90 | 19.70 | 115.80 |
| മേയ് | 132.60 | 186.90 | 243.10 | 86.40 | 325.9 | 123.10 | 120.20 | 59.00 | 51.00 | 476.62 | 15.40 |
| ജൂൺ | 565.00 | 106.60 | 149.20 | 240.80 | 584.00 | 163.70 | 505.70 | 439.00 | 497.00 | 366.40 | 1020.40 |
| ജൂലായ് | 260.80 | 210.00 | 294.20 | 376.50 | 194.0 | 174.30 | 84.00 | 397.00 | 395.00 | 410.40 | 414.60 |
| ആഗസ്റ്റ് | 271.60 | 188.20 | 384.10 | 92.30 | 190.0 | 342.80 | 192.40 | 371.80. | 181.20 | 124.80 | 150.80 |
| സെപ്റ്റംബർ | 218.20 | 20.00 | 260.00 | 180.00 | 138.0 | 84.90 | 174.70 | 424.40 | 320.20 | 65.40 | 66.00 |
| ഒക്ടോബർ | 284.20 | 155.70 | 160.30 | 441.90 | 136.0 | 266.80 | 396.90 | 104.40 | 412.40 | 422.30 | 125.07 |
| നവംബർ | 86.78 | 179.20 | 167.60 | 144.60 | Nil | 162.60 | 170.40 | 121.20 | 203.20 | 250.40 | 398.80 |
| ഡിസംബർ | 17.00 | 31.00 | 110.40 | 9.00 | 35.0 | 6.80 | 91.60 | 4.20 | Nil | 2.20 | Nil |
| | 2081.70 | 1318.6 | 1829.50 | 1956.76 | 1838.9 | 1625.0 | 1913.4 | 2315.5 | 2335.9 | 2227.12 | 2431.27 |

Mean annual rainfall - 1988.5 mm

Source - District Agricultural Farm, Anchal, Quilon.

## താപമാനം പട്ടിക - 6

| മാസം | 1984 | | 1985 | | 1986 | | 1987 | | 1988 | | 1989 | | 1990 | | 1991 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Max | Min | Max | Min | Max | Min | Max | Min | Max | Min | Max | Min | Max | Min | Max | Min |
| ജനുവരി | 30.8 | 20.3 | 30.6 | 20.1 | 30.9 | 20.2 | 31.2 | 20.4 | 31.4 | 21.1 | 34.5 | 20.5 | 34.6 | 20.8 | 34.3 | 19.7 |
| ഫെബ്രുവരി | 31.1 | 20.1 | 31.2 | 20.3 | 31.4 | 20.5 | 33.1 | 22.2 | 34.1 | 22.6 | 35.5 | 20.9 | 36.1 | 19.3 | 35.2 | 20.2 |
| മാർച്ച് | 31.4 | 20.4 | 31.5 | 20.4 | 31.6 | 20.6 | 31.5 | 20.2 | 31.7 | 20.3 | 36.0 | 20.1 | 36.7 | 20.1 | 36.3 | 20.4 |
| ഏപ്രിൽ | 32.2 | 20.7 | 32.5 | 20.5 | 32.7 | 20.9 | 31.8 | 20.8 | 32.2 | 20.6 | 35.6 | 21.6 | 35.5 | 19.7 | 35.1 | 19.6 |
| മേയ് | 32.3 | 21.1 | 32.4 | 21.1 | 32.9 | 21.4 | 35.7 | 21.9 | 36.6 | 22.4 | 34.1 | 20.8 | 34.6 | 19.2 | 34.5 | 18.9 |
| ജൂൺ | 31.5 | 20.9 | 31.7 | 20.6 | 31.9 | 20.3 | 31.6 | 20.8 | 31.9 | 21.2 | 30.2 | 20.1 | 33.4 | 18.8 | 34.0 | 18.7 |
| ജൂലായ് | 29.0 | 19.7 | 29.2 | 19.8 | 30.1 | 20.1 | 29.0 | 19.7 | 29.1 | 19.8 | 30.8 | 20.2 | 31.1 | 17.2 | 33.1 | 18.2 |
| ആഗസ്റ്റ് | 30.3 | 20.2 | 30.3 | 20.1 | 305 | 20.4 | 29.8 | 20.1 | 30.1 | 20.4 | 30.3 | 19.5 | 31.5 | 16.9 | 32.5 | 17.6 |
| സെപ്റ്റംബർ | 31.5 | 20.5 | 31.7 | 20.7 | 31.8 | 31.5 | 31.9 | 21.3 | 31.6 | 21.2 | 32.5 | 19.9 | 34.1 | 16.5 | 34.5 | 18.6 |
| ഒക്ടോബർ | 31.0 | 19.1 | 31.9 | 20.8 | 31.7 | 20.5 | 31.7 | 19.3 | 31.2 | 19.2 | 33.0 | 20.7 | 34.4 | 16.4 | 33.4 | 17.7 |
| നവംബർ | 30.9 | 19.0 | 30.1 | 19.2 | 30.0 | 19.1 | 30.9 | 19.1 | 31.4 | 18.9 | 33.1 | 20.6 | 33.9 | 15.9 | 34.2 | 17.1 |
| ഡിസംബർ | 29.6 | 18.7 | 29.7 | 18.9 | 29.5 | 18.8 | 29.6 | 18.4 | 29.2 | 18.5 | 32.6 | 19.7 | 33.8 | 15.5 | 31.4 | 16.5 |

Source: District Agricultural Farm, Anchal, Quilon.

Mean maximum : 32.5oC

Mean Minimum : 19.7oC

Mean annual temperature : 26.1oC

പട്ടിക -7

| നമ്പർ | കുളത്തിന്റെ പേര് | വാർഡ് | വില്ലേജ് |
|---|---|---|---|
| 1. | ആനക്കുഴിക്കുളം | 12 | തഴുത്തല |
| 2. | കണ്ണങ്കരച്ചിറ | 5 | തൃക്കോവിൽവട്ടം |
| 3. | കൽക്കുളം ക്ഷേത്രക്കുളം | 3 | തൃക്കോവിൽവട്ടം |
| 4. | ആലുംമൂട് കുളം | 3 | തൃക്കോവിൽവട്ടം |
| 5. | മൈലാപ്പൂര് കണ്ടോലിക്കുളം | 15 | തഴുത്തല |
| 6. | മുഖത്തല ക്ഷേത്രക്കുളം | 11 | തൃക്കോവിൽവട്ടം |
| 7. | പാറപ്പുറത്തുകുളം (ഊറ്റുകുഴി) | 11 | തൃക്കോവിൽവട്ടം |
| 8. | ചെറിയമ്പനാട്ടുകുളം | 5 | തൃക്കോവിൽവട്ടം |
| 9. | പാങ്കോണംകുളം (കുഴിവെട്ടിക്കുളം) | 10 | തൃക്കോവിൽവട്ടം |
| 10. | കോഴാലുംവീട്ടിൽക്കുളം | 2 | തൃക്കോവിൽവട്ടം |
| 11. | വെട്ടിലക്കാവ് കുളം | 2 | തൃക്കോവിൽവട്ടം |
| 12. | തലച്ചിറ താഴേക്കുളം | 7 | തൃക്കോവിൽവട്ടം |
| 13. | പോച്ചക്കുഴിക്കുളം | 8 | തഴുത്തല |
| 14. | ആറാട്ടുകടവ്കുളം | 8 | തഴുത്തല |
| 15. | തെക്കേ നീരൊഴുക്കുകുളം | 12 | തഴുത്തല |
| 16. | വടക്കേ നീരൊഴുക്കുകുളം | 9 | തഴുത്തല |
| 17. | അലക്കുകുളം | 12 | തഴുത്തല |
| 18. | വിളക്കുകുളം | 13 | തഴുത്തല |
| 19. | ലക്ഷംവീട്കുളം | .13 | തഴുത്തല |
| 20. | പണയിൽക്കുളം | 4 | തൃക്കോവിൽവട്ടം |
| 21 | മാടൻകുളം | 14 | തഴുത്തല |
| 22. | കോണത്തുകുളം | 14 | തഴുത്തല |
| 23. | ആനക്കുഴി തലച്ചിറ | 12 | തഴുത്തല |
| 24.. | ആനക്കുഴി ഊറ്റുകുഴി | 12 | തഴുത്തല |
| 25. | പൊയ്കക്കുഴി | 8 | തൃക്കോവിൽവട്ടം |

പട്ടിക - 8

| തോടിന്റെ പേര് | വിസ്തീർണ്ണം ച.മി |
|---|---|
| ചെറിയേലാ തോട് | 40.90 |
| വെട്ടിലത്താഴം തോട് | 38.7 |
| തട്ടാർകോണം തോട് | 43.4 |
| പേരയം തോട് | 48.52 |
| മൈലാപ്പൂര് തോട് | 16.47 |
| കിഴവൂർതോട് | 16.65 |
| കണ്ണനല്ലൂർ തോട് | 44.9 |
| പാങ്കോണം തോട് | |
| കൊച്ചു കണിയാംതോട് | |
| പുല്ലാംകോണം തോട് | |
| വലിയ തോട് | |
| കൽക്കുളം തോട് | |

കാണാൻ കഴിയും. കൃഷിയും ജലവുമായി ബന്ധപ്പെടുത്തി, പാടശേഖരം നികത്തൽ ഒഴിവാക്കുകയും നിലവിലുള്ള സംരക്ഷിക്കപ്പെടുകയും ചെയ്യേണ്ടതാണ്. തോടുകളുടെ നികത്തൽ പരിസ്ഥിതിപ്രശ്നങ്ങൾ ഉയർത്തുന്നു. പെരുംകുളം ഏലായുടെ നിരവധി ഭാഗങ്ങളിൽ വെള്ളം തുടർച്ചയായി കെട്ടിക്കിടക്കുകയും കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നു. ഇക്കാരണത്താൽ പല ഭാഗങ്ങളും കൃഷിചെയ്യാതെ തരിശായി കാണപ്പെടുന്നു. കണിയാംതോടിന്റെ മാലിന്യങ്ങൾ നീക്കംചെയ്തും ആഴവും വീതിയും കൂടിയും പാടശേഖരങ്ങളിലെ അധികജലം വാർന്നുപോകുന്നതിനും കാർഷികവിളകൾ കൃഷിചെയ്യുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

നിലവിലുള്ള പാടശേഖരങ്ങൾ സംരക്ഷിക്കുന്നതിനും പാടശേഖര നികത്തലിനെതിരെയും വ്യത്യസ്തങ്ങളായ പദ്ധതികൾ ഹ്രസ്വ- ദീർഘ കാലാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യേണ്ടതാണ്.

പാടശേഖരങ്ങളിൽനിന്നും വ്യാപകമായ തോതിൽ കട്ടകല്ലുകളുടെ നിർമ്മാണത്തിനായി ധാരാളം ചെളി നീക്കംചെയ്യുന്നുണ്ട്. അവ നിയന്ത്രിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

പഞ്ചായത്തിലാകെ 72 ഹെക്ടർ വിസ്തൃതിയിൽ തരിശ് ഭൂമി കാണപ്പെടുന്നു. യുക്തമായ പ്രവർത്തനപരിപാടികളിലൂടെ കൃഷിയ്ക്ക് ഉപയുക്തമാക്കേണ്ടതാണ്.

പഞ്ചായത്തിലെ മറ്റൊരു പ്രധാന പരിസ്ഥിതിപ്രശ്നം തലക്കുളം ചിറയുമായി ബന്ധപ്പെട്ടതാണ്. ചിറയുടെ തീരങ്ങളിലെ ജനങ്ങളുടെ സാനിട്ടേഷൻ മറ്റ് സൗകര്യങ്ങൾ വർദ്ധിപ്പിച്ചും ചിറയിലെ മാലിന്യങ്ങൾ നീക്കം ചെയ്തും ചിറ സംരക്ഷിക്കപ്പെടേണ്ടതാണ്.

കൂടാതെ കോളനി പ്രദേശങ്ങളിലെ സാനിട്ടേഷൻ സൗകര്യങ്ങളുടെ അഭാവം കാണാൻ കഴിയും. പ്രോജക്ടുകൾക്ക് രൂപംനൽകി പ്രസ്തുത

പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്.

മണ്ണൊലിപ്പുമൂലം ഉപരിതലമണ്ണ് നഷ്ടമാവുകയും അവ കാർഷികവിളകളുടെ വളർച്ചയെ സ്വാധീനിക്കുകയും ചെയ്യുന്നു. ഫലഭൂയിഷ്ടമായ ഉപരിതലമണ്ണ് സംരക്ഷിക്കപ്പെടേണ്ടതാണ്. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഭൂപ്രകൃതി, ജലലഭ്യത, കാർഷികവിളകൾ എന്നിവയുമായി ബന്ധപ്പെടുത്തി മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

ഉയർന്നതും ചരിവുള്ളതുമായ പ്രദേശങ്ങളിലെ മണ്ണൊലിപ്പ്, പാടശേഖരം നികത്തൽ പാടശേഖരത്തിൽനിന്നും ചെളിയെടുപ്പ് എന്നിവയിലൂടെ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ സംരക്ഷിക്കപ്പെടാതെപോവുകയും അവയുടെ പ്രത്യാഘാതങ്ങൾ കാർഷികവിളകളേയും ജലസമ്പത്തിനെയും സ്വാധീനിക്കുകയും ചെയ്യുന്നു.

**പരിഹാരമാർഗ്ഗങ്ങൾ**

1. മണ്ണൊലിപ്പ് ബാധിത പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.

മണ്ണൊലിപ്പ് തടയുന്ന കാർഷികവിളകൾ പ്രോത്സാഹിപ്പിക്കുക.

2. ജലക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക. നിലവിലുള്ള കുളങ്ങൾ, കിണറുകൾ എന്നിവ സംരക്ഷിക്കുക.

3. പാടശേഖരങ്ങൾ നികത്തുന്നത് തടയുക.

4. കൃഷിയ്ക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തണം.

5. ചെളി ഖനനം നിയന്ത്രിക്കുക.

6. മഴവെള്ളം ആഴ്ന്നിറങ്ങി ജലസമ്പത്ത് വർദ്ധിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ഭൂവിനിയോഗത്തിന്റെ പൊതുസ്ഥിതി പട്ടിക-10ൽ താഴെ കൊടുത്തിരിക്കുന്നു.

## സസ്യസമ്പത്ത്

കാർഷികഗ്രാമമായ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ പ്രധാനകൃഷികൾ തെങ്ങും, നെല്ലുമാണ്. മരച്ചീനി മറ്റ് കൃഷിവർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, കമുക്, കുരുമുളക്, ഇഞ്ചി, മാവ്, പ്ലാവ്, കശുമാവ്, പച്ചക്കറികൾ എന്നിവയും കൃഷിചെയ്യപ്പെടുന്നുണ്ട്. വിളചേരുവയുടെ വിവരം പട്ടിക-11 ൽ പേജ് 20ൽ ചേർക്കുന്നു.

## മൃഗസമ്പത്ത്

മൃഗപരിപാലനകാര്യത്തിൽ തൃക്കോവിൽവട്ടം പഞ്ചായത്ത് വളരെ പിന്നിലല്ല. പശു, ആട്, എരുമ എന്നിവയുടെ പരിപാലനത്തോത് ഇനിയും വർദ്ധിപ്പിക്കാൻ കഴിയും. മുട്ടക്കോഴി വളർത്തൽ കുറഞ്ഞുവരുന്നു. ഇറച്ചിക്കോഴിക്കൃഷിയിലേർപ്പെട്ടിരിക്കുന്ന 4 യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്. പാൽവിപണനത്തിലേർപ്പെട്ടിരിക്കുന്ന ആറ് ക്ഷീരസംഘങ്ങൾ കന്നുകാലി കർഷകരുടെ സഹായത്തിനുണ്ട്.

## മനുഷ്യവിഭവം

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 45,983 ആണ്. ഇതിൽ 23183 പുരുഷന്മാരും 22800 സ്ത്രീകളും ഉൾപ്പെടുന്നു. സ്ത്രീ അനുപാതം നമ്മുടെ പഞ്ചായത്തിൽ കുറവാണ്. പട്ടികജാതിയിൽപ്പെട്ട 5,093 പേർ ഉള്ളതിൽ 2,532 പുരുഷന്മാരും 2561 സ്ത്രീകളുമാണ്. പട്ടികവർഗ്ഗത്തിൽ 21പേരും നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ തൊഴിൽ മേഖല യുടെ വിവരങ്ങൾ പട്ടിക 12ൽ കൊടുത്തിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ തൊഴിലില്ലായ്മയുടെ അളവ് വളരെ ഉയർന്നതാണെന്ന് പട്ടിക-12 വ്യക്തമാക്കുന്നു.

**പട്ടിക - 10**

| വിനിയോഗ വിവരം | വിസ്തീർണ്ണം (ഹെക്ടർ) | % |
|---|---|---|
| നെല്ല് | 490 | 26.26 |
| തെങ്ങ് | 820 | 43.95 |
| മറ്റുവിളകൾ | 376 | 20.15 |
| തരിശ്ശുഭൂമി | 72 | 3.85 |
| മറ്റുള്ളവ | 108 | 5.79 |

**പട്ടിക - 12**

| തൊഴിൽമേഖല | പുരുഷൻ | സ്ത്രീകൾ | ആകെ |
|---|---|---|---|
| വർഷത്തിലാകെ തൊഴിൽ ലഭിക്കുന്നവർ | 8,552 | 2,608 | 11,160 |
| മാർജിനൽ തൊഴിലാളികൾ | 1,652 | 1,985 | 3.637 |
| തൊഴിലാളികൾ അല്ലാത്തവർ | 12,646 | 18,540 | 31,186 |
| ആകെ | 22,850 | 23,133 | 45,983 |

### പട്ടിക – 9 പരിസ്ഥിതി അവലോകനം

| ഭൂപ്രകൃതി | മണ്ണിന്റെ തരം | സസ്യാവരണം | പരിസ്ഥിതി പ്രശ്നങ്ങൾ |
|---|---|---|---|
| ഉയർന്ന സമതലം | ലാറ്ററൈറ്റ് (വെട്ടുകൽമണ്ണ്) | തെങ്ങ്,പ്ലാവ്,മാവ്,കശുമാവ് മരച്ചീനി മറ്റ് കിഴങ്ങുവർഗ്ഗങ്ങൾ പയറുവർഗ്ഗങ്ങൾ, വാഴ കുരുമുളക് തുടങ്ങിയവ | മണ്ണൊലിപ്പ് ജലക്ഷാമം |
| ചരിഞ്ഞ പ്രദേശങ്ങൾ (ചെറുചരിവ്, മിതമായ ചരിവ്, ഉയർന്ന ചരിവ്) | " | " | " |
| താഴ്വര | എക്കൽമണ്ണ് | നെല്ല്, മറ്റ് ഇടവിളകൾ | പാടശേഖരം നികത്തൽ തരിശ്ശിടൽ ചെളി ഖനനം മുതലായവ |

### പട്ടിക – 11

| ഇന വിവരം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| നെല്ല് ഒന്നാംവിള | 490 |
| നെല്ല് രണ്ടാംവിള | 490 |
| പയർ | 25 |
| പച്ചക്കറികൾ | 10 |
| എള്ള് | 5 |
| തെങ്ങ് | 820 |
| വാഴ | 90 |
| മരച്ചീനി | 120 |
| കുരുമുളളക് | 20 |
| പ്ലാവ് | 20 |
| കശുമാവ് | 20 |
| മാവ് | 12 |
| കമുക് | 90 |



# കൃഷിയും ജലസേചനവും

തൃക്കോവിൽവട്ടം പഞ്ചായത്ത് ഒരു തികഞ്ഞ കാർഷികഗ്രാമമായിരുന്നു. തിരുവല്ല ഇളമൺമഠക്കാരുടെയും ചൂട്ടറസ്വാമിമാരുടെയും ഭൂമിയായിരുന്നു ഈ പഞ്ചായത്തിന്റെ അധികഭാഗവും. ഇവരുടെ പാട്ടക്കാരായിരുന്നു ഇവിടുത്തെ കർഷകർ അധികവും. ഭൂപരിഷ്ക്കരണനിയമത്തിലൂടെ പാട്ടക്കാർക്ക് കൈവശഭൂമിയിൽ അവകാശം ലഭിക്കുന്നതിനുമുമ്പു തന്നെ ചൂട്രസ്വാമിമാർ അവരുടെ ഭൂമിയുടെ ഏറിയപങ്കും പാട്ടക്കാർക്ക്തന്നെവിറ്റ് പണമാക്കിയിരുന്നു. പഞ്ചായത്തിലെ വലിയ ജന്മിമാരായിരുന്ന സ്വാമിമാരിൽനിന്നും ഭൂപരിഷ്ക്കരണം നടപ്പിലാക്കിയതുവഴി തദ്ദേശീയ പാട്ടക്കർക്ക് കാര്യമായ അളവിൽ ഭൂമിയിൽ കൈവശാവകാശം സ്ഥാപിക്കുവാൻ കഴിഞ്ഞില്ല. ഇളമൺമഠക്കാരുടെ ഭൂമിയാകെ പാട്ടക്കാർക്ക് കൈവശാവകാശത്തിലൂടെ ലഭ്യമായി. ഒരുഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഭൂമി കൈവശംവച്ച് കൃഷിചെയ്തിരുന്ന കുടുംബമായിരുന്നു മംഗ്ലാവിൽ തറവാട്.

ജന്മിത്വത്തിന്റെ ആ കാലഘട്ടത്തിലും ക്രൂരമായ മർദ്ദനങ്ങൾ പാട്ടക്കാരായ കർഷകർക്ക് തൃക്കോവിൽവട്ടം പഞ്ചായത്തിൽ അനുഭവിക്കേണ്ടിവന്നിട്ടില്ല. എന്നാൽ ദുസ്സഹമായ പാട്ടം നൽകേണ്ടിവരുന്നതിന്റെ യാതനകൾ അവർ സഹിച്ചുപോന്നു. കർഷക തൊഴിലാളികൾക്ക് കുടിയിറക്കിന്റെയും മറ്റും ദുരിതങ്ങൾ പേറേണ്ടിവന്നിട്ടുണ്ട്. പൊതുവിൽ പ്രകടമായ ഏറ്റുമുട്ടലുകൾ ഇല്ലാതിരുന്ന കാർഷികബന്ധമായിരുന്നു നിലനിന്നിരുന്നത്.

തികച്ചും വ്യത്യസ്തമായ ആഹാരക്രമമായിരുന്നു അന്നത്തേത്. രാവിലെ "പഴങ്കഞ്ഞി"യും ഉച്ചയ്ക്ക് കഞ്ഞിയും പുഴുക്കും ചേർന്ന "പോലുത്തേക്കും" രാത്രിയിൽ കുറച്ച് ചോറും, മുന്തിയപങ്ക് മരച്ചീനിയും ചേർന്ന അത്താഴവുമയാരുന്നു ആഹാരരീതി. ഓണക്കാലത്തും അതുപോലുള്ള വിശേഷങ്ങൾക്കുമാണ് പലഹാരങ്ങളും മറ്റും ഉണ്ടാക്കിയിരുന്നത്. ഒറ്റത്തോർത്തുമുടുത്ത് പാളത്തൊപ്പിയും വച്ച് പണിയെടുത്തിരുന്ന കർഷകനും കർഷകത്തൊഴിലാളിക്കും ഒറ്റമുണ്ടിനും ഒറ്റത്തോർത്തിനുമപ്പുറം ഒരു വസ്ത്രധാരണരീതിയുണ്ടായിരുന്നില്ല.

കുന്നിൻപുറങ്ങളും ചരിവ് പ്രദേശങ്ങളും താഴ്‌വരകളും വിശാലമായ പാടശേഖരങ്ങളും ഉൾപ്പെടുന്നതാണ് പഞ്ചായത്തിന്റെ ഭൂപ്രകൃതി. കൊല്ലം ജില്ലയിലെ ഏറ്റവും വലിയ ഏലായായ പെരുങ്കുളം ഏലായുടെ ഭൂരിഭാഗവും തൃക്കോവിൽവട്ടം പഞ്ചായത്തിലാണ്.

ചരൽനിറഞ്ഞ വെട്ടുകൽമണ്ണാണ് കുന്നിൻ പ്രദേശങ്ങളിലും ചരിവ് പ്രദേശങ്ങളിലും ധാരാളമായി കണ്ടുവരുന്നത്. താഴ്‌വരകളിലും വയലുകളിലും എക്കൽമണ്ണാണ്.

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മുക്കാഞ്ഞിരത്ത് ഇറഭാഗത്ത് മുപ്പൂവ്കൃഷിയും ഏലായുടെ ഭൂരിഭാഗം മേഖലകളിലും ഇരുപ്പൂകൃഷിയും ശേഷിച്ച ഭാഗങ്ങളിൽ ഒരുപ്പൂകൃഷിയുമായിരുന്നു ചെയ്തിരുന്നത്. ചേറാടി, അതിക്കിരാഴി, ചെറുനെല്ലാര്യൻ, പടന്നവെള്ള, ചേപ്പാടൻ, മുണ്ടകൻ, ഞവര തുടങ്ങിയ നാടൻ വിത്തിനങ്ങളായിരുന്നു അന്ന് ഉപയോഗിച്ചിരുന്നത്. കാർഷികോപകരണങ്ങളിൽ മുഖ്യൻ നാടൻ കലപ്പയും ചെരിപ്പിൻ തടിയും കുറുമരവും നെടുമരവുമൊക്കെയായിരുന്നു. ചിലയിടങ്ങളിൽ മൂന്നാംവിളയായി എള്ള് കൃഷിചെയ്തിരുന്നു. അന്ന് മഴയെ മാത്രം ആശ്രയിച്ചാണ് വയലിൽ കൃഷിചെയ്തിരുന്നത്. ജൈവവളങ്ങൾ മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. കീടബാധതുലോം കുറവായിരുന്നു. വയലിനോടുചേർന്ന താഴ്‌വരപ്രദേശങ്ങളിൽ മുഖ്യമായും തെങ്ങ്, കമുക് തുടങ്ങിയ ദീർഘകാലവിളകളും വാഴ, ഇഞ്ചി, ചേമ്പ് തുടങ്ങിയ ഹ്രസ്വകാലവിളകളും അന്ന് സമൃദ്ധിയായി കൃഷിചെയ്തിരുന്നു. ചരിവ് പ്രദേശങ്ങളിലും കുന്നിൻ പ്രദേശങ്ങളിലും മരച്ചീനിയായിരുന്നു മുഖ്യകാർഷികവിള. വീട്ടുപറമ്പുകളിൽ തെങ്ങുകൃഷിയുണ്ടായിരുന്നു എന്നല്ലാതെ കരപ്രദേശങ്ങളിൽ തെങ്ങ് വ്യാപകമായിരുന്നില്ല. മരച്ചീനി കൂടാതെ, കിഴങ്ങ്, കാച്ചിൽ, ചേന, കൂവ, മഞ്ഞൾ തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും കൂവരക്, ചാമ തുടങ്ങിയ ധ്യാന്യങ്ങളും ചിലയിടങ്ങളിൽ എള്ളും അപൂർവ്വമായി പറമ്പുകളിൽ

കരനെല്ലും കൃഷിചെയ്തുവന്ന കാർഷികസമൃദ്ധിയുടെ ഒരു കാലഘട്ടം നമുക്കുണ്ടായിരുന്നു.

ഭൂപരിഷ്ക്കരണത്തിലൂടെവന്ന മാറ്റം കാർഷികമേഖലയെ സ്വാധീനിച്ചു. കൂടുതൽ ആദായകരമെന്ന നിലയിൽ തെങ്ങുകൃഷിയോടുള്ള ആഭിമുഖ്യവും ഈ കാലയളവിൽ വർദ്ധിച്ചു. കുന്നിൻ ചരിവുകളിലും കുന്നിൻ പ്രദേശങ്ങളിലും തെങ്ങുകൃഷി വ്യാപകമായി. ഈ മാറ്റം മരച്ചീനി തുടങ്ങിയ മറ്റ് കൃഷികളിൽനിന്നും കർഷകനെ ക്രമേണ പിന്തിരിപ്പിച്ചു. നമ്മുടെ പഞ്ചായത്തിൽ കശുവണ്ടിവ്യവസായം വ്യാപകമാകാൻ തുടങ്ങിയതും ഇക്കാലത്താണ്.

കാർഷികരംഗത്തും വ്യാവസായികരംഗത്തും സംഭവിച്ച ഈ വ്യതിയാനം കാർഷികമേഖലയിലെ തെങ്ങ് ഒഴികെയുള്ള മറ്റ് തൊഴിലുകൾ ജീവിതമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന ബഹുഭൂരിപക്ഷം ആളുകളും കൈവശമുള്ള ഭൂമിയിൽ കൃഷിചെയ്യുന്നു എന്നല്ലാതെ കാർഷികവൃത്തി ഗൗരവമായി കാണുന്നവരല്ല.

ഭൂമിയിൽ പണിയെടുക്കുന്ന കൃഷിക്കാർ 1,018 എന്നാണ് കണക്ക്. കർഷക തൊഴിലാളികൾ 2,433. കർഷക തൊഴിലാളികളുടെ നിലവിലുള്ള കൂലിവ്യവസ്ഥ പട്ടിക – 1 ൽ ചുവടെ ചേർക്കുന്നു.

**പട്ടിക – 1**

| കർഷക തൊഴിലളി | കൂലി നിരക്ക് |
|---|---|
| പുരുഷൻ | 100.00 |
| സ്ത്രീ | 75.00 |

## ഭൂവിനിയോഗം

തൃക്കോവിൽവട്ടം പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 1,866 ഹെക്ടറാണ്. കുന്നിൻ പ്രദേശങ്ങളും ചരിവ് പ്രദേശങ്ങളും ഉൾപ്പെട്ട ഭൂപ്രകൃതിയാണുള്ളത്. ആകെ വിസ്തൃതിയുടെ 26% വയൽ പ്രദേശങ്ങളാണ്. ഭൂവിനിയോഗത്തിന്റെ വിശദാംശങ്ങൾ പട്ടിക 10, 11 (ഭൂപ്രകൃതി) യിൽ കൊടുത്തിട്ടുണ്ട്.

ദേശീയമായി 1952 ഒക്ടോബർ 2 ന് NES ബ്ലോക്കുകളുടെ പ്രവർത്തനം ആരംഭിച്ചതോടെ കാർഷിരംഗം സജീവമായി. ബ്ലോക്ക് ആഫീസറും ഗ്രാമസേവകനും ശാസ്ത്രീയമായ കൃഷിരീതിയെക്കുറിച്ച് കർഷകനെ പഠിപ്പിക്കുവാൻ തുടങ്ങി. കാർഷികമേഖലയിൽ പുത്തൻ ഉണർവ്വുണ്ടായി. ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചു. പക്ഷേ, കൃഷിചെയ്യുന്ന ഭൂമിയുടെ അളവിലുണ്ടായ കുറവ് ആകെ ഉൽപ്പാദനത്തെ ബാധിച്ചു. വിത്തിന്റെയും ഉൽപ്പാദനക്ഷമതയുടെയും വിവരങ്ങൾ പട്ടിക 2 ൽ ചുവടെ ചേർക്കുന്നു.

ഉൽപ്പാദനക്ഷമത പരിശോധിക്കുമ്പോൾ ആപേക്ഷികമായി മെച്ചപ്പെട്ടതാണെന്ന് കാണാം. എങ്കിലും കാർഷികവൃത്തി ആകർഷകമല്ല. മുഖ്യവിളയായ നെൽക്കൃഷിയിൽ കർഷകർക്ക് താൽപ്പര്യം കുറഞ്ഞുകൊണ്ടിരിക്കുന്നു. നെൽപ്പാടങ്ങൾ തരിശ്ശിടുന്ന പ്രവണത വർദ്ധിച്ചുവരുന്നു. വയൽ നികത്തി തെങ്ങുവയ്ക്കുന്നതും കട്ടക്കമ്പനികൾക്ക് ചെളിയെടുക്കുന്നതിന് നിലം വിട്ടുകൊടുക്കുന്നതും ഈ താൽപ്പര്യക്കുറവുകൊണ്ടാണ്. നമ്മുടെ പഞ്ചായത്തിലെ 40 ഹെക്ടർ നിലം തരിശ്ശിടുന്നു. വയൽ നികത്തലുകൾ വ്യാപകമായതോടെ നീരൊഴുക്കിന്റെ ക്രമം തെറ്റി നീർക്കെട്ടുകൾ രൂപംകൊള്ളുവാനും മൊത്തം കാർഷികവിളയുടെ പരിസ്ഥിതിയെ ബാധിക്കുവാനും ഇടയായി. മെച്ചപ്പെട്ട വിത്തിനങ്ങളും കൃഷിരീതിയും കർഷകർക്ക് പരിചിതമാണെങ്കിൽപ്പോലും കൃഷിക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവവും കൃഷിച്ചെലവിൽ ഉണ്ടാകുന്ന വർദ്ധനവും കർഷകത്തൊഴിലാളികളുടെ ദൗർല്ലഭ്യവും

**പട്ടിക–2**

| വിള | മൊത്തം ഉൽപ്പാദനം | ഉൽപ്പാദനക്ഷമത |
|---|---|---|
| നെല്ല് ഒന്നാംവിള | 1287 ടൺ | 2500 kg |
| നെല്ല് രണ്ടാംവിള | 1333 ടൺ | 3300 kg |
| നെല്ല് മൂന്നാംവിള | ഇല്ല | ഇല്ല |
| പയർ | 10 ടൺ | 400 kg |
| പച്ചക്കറികൾ | 10 ടൺ | 1 ടൺ |
| എള്ള് | ഒന്നേമുക്കാൽ ടൺ | 350 kg |
| തെങ്ങ് | 88,150 എണ്ണം | 10,750 എണ്ണം |
| വാഴ | 810 ടൺ | 9 ടൺ |
| മരച്ചീനി | 1,800 ടൺ | 15,000 kg |
| കുരുമുളക് | 5 ടൺ | 250 kg |
| കമുക് | 1,80,000000 എണ്ണം | 2,00000 എണ്ണം |

ഈ രംഗത്ത് ബുദ്ധിമുട്ടുകളുണ്ടാക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ പെരുങ്കുളം ഏലായുടെ ജലസേചനസൗകര്യം വർദ്ധിപ്പിക്കുവാൻവേണ്ടി പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. അക്കൂട്ടത്തിൽ പ്രധാനപ്പെട്ട പദ്ധതിയാണ് ചേരിക്കോണം തലച്ചിറ ബണ്ട്. ജലസംഭരണിക്കും ബണ്ടിനുമായി മുപ്പത്തിരണ്ടരയേക്കർ സ്ഥലം അക്വയർചെയ്ത് ആരംഭിച്ച പദ്ധതിയാണിത്. ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ചതാണ് ഈ പദ്ധതി. പക്ഷേ ജലസേചനത്തിനുവേണ്ടി നിർമ്മിച്ച ബണ്ടും ജലസംഭരണിയും ഫലപ്രദമായി ഏലയുടെ ജലസേചനത്തിന് ഉപയോഗിക്കുവാൻ കഴിയുന്നില്ല. ബണ്ട് പ്രദേശത്തെ അനധികൃത കുടിയേറ്റം ഈ പദ്ധതിയ്ക്ക് ഒരു ഭീഷണിയായി നിലനിൽക്കുകയാണ്. ജലസംഭരണിയിലേക്ക് ഒഴുകിവരുന്ന ജലം അവിടവിടെ അതിരിട്ട് തടയുന്നതുമൂലം സംഭരണിയിലെ ജലനിരപ്പ് പര്യാപ്തമായ തോതിൽ ഉയരുന്നില്ല. ആവശ്യത്തിനനുസരിച്ച് ജലസംഭരണിയിൽനിന്നും ജലം തുറന്നുവിടാനുള്ള ഷെൽട്ടറുകൾ വേണ്ടരീതിയിൽ പ്രവർത്തിക്കുന്നില്ല. ജലം തുറന്നുവിടാൻ പറ്റിയാൽത്തന്നെ അത് പാടശേഖരങ്ങളിൽ സുഗമമായി എത്തിക്കുവാൻ വേണ്ട തോടുകൾ ഫലപ്രദമല്ല. എന്നുമാത്രമല്ല, തോടുകളിൽനിന്ന് വേണ്ടനിലയിൽ പാടങ്ങളിലേയ്ക്ക് വെള്ളം കയറ്റാനും ഇറക്കാനുമുള്ള വാൽവ് സൗകര്യമില്ല. തലച്ചിറ ബണ്ട് പദ്ധതിയ്ക്കുപുറമേ നടുതോടിന്റെയും മറ്റ് തോടുകളുകളുടെയും സംരക്ഷണത്തിന് പലപ്പോഴായി ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചിട്ടുണ്ട്. വെട്ടിലത്താഴം വാർഡിലെ ജലസേചനാവശ്യത്തിനായി ലക്ഷങ്ങൾ ചെലവഴിച്ചുതീർത്ത "ചീപ്പ്" ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. ഏലായിലെ പ്രധാനതോടുമായി ബന്ധപ്പെട്ടു നിൽക്കുന്ന മറ്റുതോടുകളിൽ പ്രധാനപ്പെട്ടവയുടെ ലിസ്റ്റ് പട്ടിക – 3 ൽ കൊടുക്കുന്നു.

**പട്ടിക – 3 പെരുങ്കുളം ഏലായിലെ തോടുകൾ**

| തോടിന്റെ പേര് | ഹെക്ടർ | ആർ | ച.മി | നീളം |
|---|---|---|---|---|
| ചെറിയേല | 00 | 40 | 90 | 38.9 m |
| വെട്ടിലത്താഴം | 00 | 38 | 70 | 38.7 m |
| തട്ടാർകോണം | 00 | 83 | 04 | 83.74 m |
| പേരയം | 00 | 48 | 52 | 48.52 m |
| മൈലാപ്പൂര് | 00 | 16 | 47 | 16.47 m |
| കിഴവൂർ | 00 | 16 | 65 | 16.65 m |
| കണ്ണനല്ലൂർ | 00 | 44 | 90 | 14.9 m |

ഈ തോടുകളൊന്നും ജലസേചനത്തിനായി ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല.

പെരുംകുളം ഏലായുടെ ജലസേചനാവശ്യത്തിന് ഏലായുടെ വശങ്ങളിൽ ധാരാളം കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവ പട്ടികയായി താഴെ കൊടുക്കുന്നു.

**പട്ടിക – 4 കുളങ്ങൾ**

| കുളത്തിന്റെ പേര് |
|---|
| ആനക്കുഴിക്കുളം |
| കണ്ണങ്കരച്ചിറ |
| കൽക്കുളം ക്ഷേത്രക്കുളം |
| ആലുംമൂട് കുളം |
| മൈലാപ്പൂര് വെളിക്കുളം |
| കിഴവൂർതോട് |
| മുഖത്തല ക്ഷേത്രക്കുളം |
| പാറപ്പുറത്തുകുളം |
| ചെറിയമ്പനാട്ടുകുളം |
| പാങ്കോണംകുളം |
| കുഴിവെട്ടിക്കുളം |
| വെട്ടിലത്താഴം കുളം |

ഇവ കൂടാതെ കൂറേയേറെ കുളങ്ങൾ ഏലായുടെ വശങ്ങളിലുണ്ട്. പക്ഷേ ഇവയൊന്നും ജലസേചനത്തിനായി ഉപയോഗിക്കാൻ സംവിധാനങ്ങൾ നിലവിലില്ല. ഈ കുളങ്ങളിൽ ചിലതെങ്കിലും ജലസേചനത്തിനായി ഘടിപ്പിച്ചിരുന്ന പമ്പ്സെറ്റുകൾ പ്രവർത്തനക്ഷമമല്ലാതാകുകയോ നഷ്ടപ്പെടുകയോ ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ ഒട്ടനധി പദ്ധതികൾ പെരുംകുളം ഏലായുടെ ജലസേചനത്തിനായി നടപ്പാക്കിയെങ്കിലും ഏലായുടെ ജലസേചന ജലനിർഗ്ഗമന സൗകര്യങ്ങൾ ഇന്നും അപര്യാപ്തമാണ്. മഴയുടെ അളവ് കൂടിയാൽ വെള്ളപ്പൊക്കവും മഴതാമസിച്ചാൽ വരൾച്ചയുമാണ് ഇന്നും ഏലായുടെ സ്ഥിതി. ഇന്നും കർഷകർ മഴയെ ആശ്രയിച്ചാണ് കൃഷിനടത്തിവരിക.

പറമ്പ് ജലസേചനത്തിനായി തൃക്കോവിൽ വട്ടംകൃഷിഭവൻ മുഖേന 1990 ന് ശേഷം 69 പമ്പ്സെറ്റുകളും മുഖത്തല ബ്ലോക്കുവഴി 70 പമ്പുസെറ്റുകളും വിതരണംചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ഏകദേശം 100 ഏക്കർ പറമ്പിനെങ്കിലും ജലസേചനം ലഭിക്കേണ്ടതായിരുന്നു. പക്ഷേ ഇത്രയും സ്ഥലത്തെ കൃഷിക്ക് ഏങ്കിലും ജലസേചനം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

ഇന്നത്തെ നിലയിൽ രാസവളപ്രയോഗം ഒഴിവാക്കനാകുകയില്ല. കഴിഞ്ഞകാലത്ത് ആവശ്യത്തിന് ജൈവ

വളം പ്രയോഗിക്കാതെ രാസവളം മാത്രം പ്രയോഗിച്ചതുകൊണ്ട് മണ്ണിന്റെ ഫലഭൂയിഷ്ടി ഗണ്യമായിക്കുറഞ്ഞിട്ടുണ്ട്. തൃക്കോവിൽവട്ടം പഞ്ചായത്തിലെ കർഷകർ രാസവളം പ്രധാനമായും തൃക്കോവിൽവട്ടം സർവ്വീസ് സഹകരണബാങ്കിന്റെ സ്റ്റോറിൽ നിന്നാണ് വാങ്ങുക. ഡീസന്റ് ജംഗ്ഷൻസർവ്വീസ് സഹകരണബാങ്കിന്റെ സ്റ്റോറിനെയും കൊട്ടിയത്തും കൊല്ലത്തുമുള്ള രാസവളസ്റ്റോറുകളേയും കർഷകർ ഈ ആവശ്യത്തിന് ആശ്രയിക്കാറുണ്ട്.

## നടപ്പുപദ്ധതികളുടെ അവലോകനം

തെങ്ങുകൃഷിവികസനത്തിന് രണ്ടുപദ്ധതികളാണ് നിലവിലുള്ളത്. 94–95 സാമ്പത്തികവർഷത്തിൽ ആരംഭിച്ച കിണർകുഴിക്കുന്നതിന് സബ്സിഡിനൽകുന്ന പദ്ധതിയും,പട്ടികജാതിക്കാർക്ക് കിണർകുഴിക്കാൻ 9000/– രൂപാനൽകുന്ന പദ്ധതിയും, ജലസേചനത്തിനായി പമ്പുസെറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തെങ്ങുകൾക്ക് സബ്സിഡിനിരക്കിൽ രാസവളം നൽകുന്ന പദ്ധതിയും, സമഗ്രനാളീകേരവികസന പരിപാടിയൽപ്പെടുന്നു.

ജലസേചനത്തിന് കിണർകുഴിക്കുന്നതിന് സബ്സിഡി അനുവദിക്കുന്ന പദ്ധതിയനുസരിച്ച് 94–95ൽ 34 കിണറുകൾക്കും 95–96ൽ 10 കിണറുകൾക്കും96–97 ൽ 40 കിണറുകൾക്കും 2500/രൂപാ വീതം സബ്സിഡി നൽകിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞത് ഒരു പ്ലോട്ടായി 30 സെന്റ് ഭൂമി ഉള്ളവർക്കു മാത്രമേ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുള്ളു. ഈ പരിധിക്ക് താഴെയുള്ള കർഷകർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ലായെന്നത് പ്രശ്നമായി നിലനിൽക്കുന്നു. ഈ പദ്ധതി വായ്പാബന്ധിതമാണ്. വാണിജ്യബാങ്കുകളിൽനിന്നും ആവശ്യക്കാർക്ക് വേണ്ടത്ര ലോൺലഭിക്കാതെവന്നാൽ സബ്സിഡി കർഷകർക്ക് ലഭ്യമല്ലാതാകുന്നു. ഈ നിബന്ധന നിലനിൽക്കുന്നത് കർഷകർക്ക സബ്സിഡിലഭ്യമാകാൻ തടസ്സമാകുന്നു എന്നുള്ളത് മറ്റൊരു പ്രശ്നമാണ്.

പട്ടികജാതി കർഷകർക്ക് കിണർ കുഴിക്കുവാൻ 9,000 രൂപ സഹായം നൽകുന്ന പദ്ധതിയനുസരിച്ച് 94–95 ന് ശേഷം തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ കൃഷിഭവൻവഴി ഈ ആനുകൂല്യം ലഭ്യമല്ലാതെയായി. നമ്മുടെ പഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട കർഷകർക്ക് ഇപ്പോൾ ഈ പദ്ധതിയുടെ ആനകൂല്യം ലഭിക്കുന്നില്ല.

ജലസേചനത്തിന് പമ്പ്സെറ്റ് സ്ഥാപിക്കന്നതിന് 2,500 രൂപ സബ്സിഡി നൽകുന്ന പദ്ധതിയും വായ്പാബന്ധിതവും ഒരു പ്ലോട്ടായി 30 സെന്റ് സ്ഥലം ഉള്ളവർക്ക് മാത്രമാണ് ലഭിക്കുന്നത്. മേൽപ്പറഞ്ഞ രണ്ടുനിബന്ധനകളും കൂടുതൽ കർഷകർക്ക് പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് തടസ്സമാകുന്നുണ്ട്. സബ്സിഡിനിരക്കിൽ ഒരു തെങ്ങിന് 8 രൂപാ സബ്സിഡി നൽകി രാസവിള കിറ്റുകൾ ജൂൺ–ജൂലൈ മാസങ്ങളിൽ വിതരണംചെയ്യാതിരിക്കുന്നു എന്നത് പദ്ധതിയുടെ ഒരു പരിമിതിയാണ്. ഒരു നിശ്ചിത എണ്ണം തെങ്ങുകൾക്കാണ് കൃഷിഭവൻ വഴി ഇപ്പോൾ സബ്സിഡി നൽകുന്നത്. കൂടുതൽ തെങ്ങുകൾക്ക് സബ്സിഡി നൽകുവാൻ കഴിയണം.

94–95 സാമ്പത്തികവർഷത്തിൽ സമഗ്രനാളീകേര വികസനപദ്ധതിയിൽ നിലവിലുണ്ടായിരുന്ന വാർഡുതല കേരസംരക്ഷണ സമിതികളുടെ പ്രവർത്തനം നിലച്ചു. പകരം പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന കേരവികസനസമിതിയുടെ പ്രവർത്തനം വാർഡുകളിലാകെ എത്തുന്നില്ല എന്ന പരിമിതിയുണ്ട്. വാർഡുതലത്തിൽ കേരവികസനസമിതികൾ പ്രവർത്തിച്ചാൽ ഇതിന് ഒരു പരിഹാരമാകും. ഈ വാർഡുതലസമിതികളുടെ പ്രവർത്തനനങ്ങൾ ഏകോപിപ്പിക്കാൻ പഞ്ചായത്ത്തല കേരവികസനസമിതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കണം.

കൃഷിഭവൻവഴി നടപ്പിലാക്കുന്ന മറ്റൊരു പദ്ധതിയാണ് പാടശേഖരങ്ങളുടെ സമഗ്രവികസനത്തിനുള്ള പ്രധാനമന്ത്രിയുടെ പദ്ധതി. 93–94 സാമ്പത്തികവർഷത്തിലാണ് ഈ പദ്ധതി ആരംഭിച്ചത്. പെരുംകുളം ഏലായുടെ തൃക്കോവിൽവട്ടം പഞ്ചായത്ത് മേഖലയിൽവരുന്ന കിഴവൂർ– കുറുമണ്ണ, പുതുച്ചിറ, മൈലാപ്പൂര്, വെട്ടിലത്താഴം, വലിയേല എന്നീ പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 29 ലക്ഷത്തോളം രൂപ അനുവദിച്ചു. ഈ പദ്ധതിയനുസരിച്ച് ഏലായിലെ ജലനിർഗ്ഗമനത്തിനുവേണ്ടിയുള്ള തോടുകളുടെ സൈഡ് വാൾ കെട്ടി സംരക്ഷിക്കുന്ന പ്രവർത്തനം ഏറ്റെടുത്തു. ചെലവഴിച്ച തുകയുമായി താരതമ്യംചെയ്യുമ്പോൾ പദ്ധതിയിൽനിന്നും ലഭിച്ച പ്രയോജനം ആശാവഹമല്ല. ഈ പദ്ധതിപ്രവർത്തനങ്ങൾ സംഘടിപ്പിച്ചത് വിവിധപാടശേഖരസമിതികളാണ്. അത് വേണ്ടനിലയിൽ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. പാടശേഖരസമിതികളെ ഉപയോഗിച്ച് കർഷകരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ശ്രമിച്ച ഈ പദ്ധതി പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ട സമിതികൾ ശ്രമിച്ചില്ല എന്നത് ഒരു ദൗർബ്ബല്യമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. സമയബന്ധിതമായി ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയുമായിരുന്ന ഈ പദ്ധതിയുടെ ദൗർബ്ബല്യം പരിശോധിക്കുന്നതോടൊപ്പം കർഷകർക്ക് അനുഗുണമാകുന്ന രീതിയിൽ പദ്ധതി തയ്യാറാക്കാൻ കഴിഞ്ഞിരുന്നോ എന്നും പരിശോധിക്കേണ്ടതുണ്ട്.

പാടശേഖരങ്ങളിലെ കൃഷി കുടു

തൽ ആദായകരമാക്കുവാൻവേണ്ടി കൃഷിഭവൻവഴി പാടശേഖരസമിതികൾക്ക് 50% സബ്സിഡിയോടെ 2 പവർ ട്രില്ലറുകളും 3 ട്രാക്ടറുകളും നൽകിയിട്ടുണ്ട്. ഈ ട്രില്ലറുകളുടെ പ്രവർത്തനം കർഷകർക്ക് പരമാവധി പ്രയോജനപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധാപൂർവ്വമായ ഇടപെടീൽ ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഉപകരിക്കും.

കർഷകരെ നെൽക്കൃഷിയിൽ ഉറപ്പിച്ചുനിർത്തുവാൻവേണ്ടി നടപ്പിലാക്കുന്ന പരിപാടിയാണ് ഉൽപ്പാദന ബോണസ്സ് പദ്ധതി. സെന്റ് 1ന് 1രൂപ നിരക്കിൽ നൽകുന്ന ഈ പദ്ധതി കൃഷിഭവനാണ് നടപ്പിലാക്കുക. ഈ ഉൽപ്പാദന ബോണസ്സ്ഫണ്ട് ലഭ്യമല്ലാത്തതിനാൽ 95–96 സാമ്പത്തികവർഷം വിതരണംചെയ്തില്ല. കർഷകരെ നെൽക്കൃഷിയിൽ ഉത്സുകരാക്കാൻ ഈ ബോണസ്സ്ഫണ്ട് പര്യാപ്തമല്ല. ഇത് വർദ്ധിപ്പിക്കുവാനും കൃത്യസമയത്ത് വിതരണംചെയ്യുവാനും മെച്ചപ്പെട്ട സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്.

ഭക്ഷ്യവിളകൾക്ക് മെച്ചപ്പെട്ട വിത്തുൽപ്പാദിപ്പിച്ച് നൽകുവാനുള്ള പദ്ധതിയനുസരിച്ച് നെൽക്കൃഷിക്കാരെക്കൊണ്ട് അംഗീകൃത വിത്തുൽപ്പാദിപ്പിക്കുവാനുള്ള ശ്രമം നമ്മുടെ പഞ്ചായത്തിൽ നടന്നിട്ടില്ല. അടിസ്ഥാനവിത്ത് യഥാസമയത്ത് കർഷകർക്ക് ലഭ്യമാക്കാൻ കഴിയാത്തതും പദ്ധതിയോട് കർഷകർക്കുള്ള താൽപ്പര്യക്കുറവുമാണ് ഇതിനുകാരണം.

കൃഷിഭവൻവഴി നടപ്പിലാക്കുന്ന മറ്റൊരു പരിപാടിയാണ് ജൈവവളപ്രോത്സാഹന പരിപാടി. വീട്ടുവളപ്പിൽ കമ്പോസ്റ്റ് പിറ്റുണ്ടാക്കി കമ്പോസ്റ്റ് വളമുണ്ടാക്കുന്നതിനും 25 രൂപ സബ്സിഡി നൽകിവരുന്നു. പച്ചിലവളച്ചെടികളുടെ വിത്ത് ഈ പദ്ധതിയനുസരിച്ച് ലഭ്യമാക്കുന്നുണ്ട്. നൽകുന്ന 25 രൂപാ സബ്സിഡി അപര്യാപ്തമാണെന്നുള്ളതും വിത്ത് യഥാസമയം കർഷകർക്ക് ലഭ്യമാക്കാൻ കഴിയാതെവരുന്നതും ഈ പദ്ധതിയുടെ ദൗർബ്ബല്യങ്ങളാണ്.

പയർകൃഷി വികസനപദ്ധതിയനുസരിച്ച് സബ്സിഡിനിരക്കിൽ പയർവിത്തും കീടനാശിനിയും ലഭ്യമാക്കുന്നുണ്ട്. പയർകൃഷിയിൽ കീടനാശിനി പ്രയോഗം ഒഴിവാക്കുന്നതും അല്ലെങ്കിൽ പരമാവധി പരിമിതപ്പെടുത്തുന്നതും അഭികാമ്യമാണെന്നുള്ളതുകൊണ്ടും കീടനാശിനി പ്രയോഗം പരിസ്ഥിതിപ്രശ്നങ്ങൾക്ക് കാരണമാകുമെന്നുള്ളതുകൊണ്ടും കീടനാശിനികൾക്കുപകരം അതിന് ചെലവഴിക്കുന്ന തുകകൂടി കർഷകർക്ക് സബ്സിഡിയായി നൽകുന്നത് ഈ കൃഷിയുടെ വ്യാപനത്തെ കൂടുതൽ സഹായിക്കും.

കൃഷിഭവൻവഴി നടപ്പാക്കുന്ന മറ്റൊരുപദ്ധതിയാണ് പച്ചക്കറി വികസനപദ്ധതി. സ്ക്കൂൾക്കുട്ടികൾക്ക് വീട്ടുവളപ്പിൽ പച്ചക്കറിക്കൃഷിനടത്തുന്നതിനുവേണ്ടി വിത്തുകൾ സൗജന്യമായി നൽകിവരുന്നു. വിത്ത് യഥാസമയം നൽകാൻ കഴിയാത്തതും കൂടുതൽ മറ്റ് സഹായങ്ങൾ നൽകാതിരിക്കുന്നതും ഈ പരിപാടിയുടെ ദൗർബ്ബല്യങ്ങളാണ്.

കൃഷിഭവനുകൾവഴി നടപ്പിലാക്കുന്ന കേന്ദ്ര ആവിഷ്ക്കൃതപദ്ധതികളാണ് ബയോഗ്യാസ്പ്ലാന്റ് നിർമ്മാണം, കശുമാവ് കൃഷിവികസനം, സുഗന്ധവിളകളുടെ വികസനം എന്നിവ. ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ്തുകയുടെ നാലിൽമൂന്ന് സബ്സിഡിയായി നൽകിവരുന്നു. കന്നുകാലിക്കൃഷി പ്രോത്സാഹിപ്പിച്ചുകൊണ്ടല്ലാതെ ബയോഗ്യാസ് പ്ലാന്റുകൾ ധാരാളമായി സ്ഥാപിക്കുന്നതിനാവശ്യമായ ചാണകം ലഭ്യമാകില്ല. കാലിവളർത്തലിന് കൂടുതൽ സബ്സിഡി നൽകുകയും വായ്പാസൗകര്യങ്ങൾ വർദ്ധിപ്പിക്കയും ചെയ്തല്ലാതെ കാലിവളർത്തൽ വ്യാപകമാക്കാൻ കഴിയില്ല. കൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ കാലിവളർത്തലിന്റെ മേഖലയിൽക്കൂടി ശ്രദ്ധവച്ചെങ്കിൽമാത്രമേ കഴിയൂ. ഫലപ്രദമായി ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണപദ്ധതി വ്യാപിപ്പിക്കുന്നത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഊർജ്ജ പ്രതിസന്ധിക്ക് ഒരു പരിഹാരമാകും.

കശുമാവ് കൃഷി വികസനപദ്ധതിയനുസരിച്ച് രാസവളം, ജൈവവളം, കീടനാശിനി, എന്നിവ സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ കശുമാവിന് കീടനാശിനി പ്രയോഗം വിരളമായതിനാൽ കീടനാശിനി ഒഴിവാക്കി അതിനു ചെലവഴിക്കുന്ന തുകകൂടി വളം സബ്സിഡിയായി നൽകുന്നത് നന്നായിരിക്കും.

സുഗന്ധവിളക്കൃഷി വികസനപദ്ധതിയനുസരിച്ച് കുരുമുളക് കൃഷി വിപുലപ്പെടുത്തുന്നതിന് സബ്സിഡി നൽകിയിരുന്നു.

തൃക്കോവിൽവട്ടം കൃഷിഭവൻവഴി ഒരു ഹെക്ടർ സ്ഥലത്തിനാണ് സബ്സിഡി നൽകിവരുന്നത്. ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽ കർഷകർക്ക് ലഭ്യമാക്കണം. ആനുകൂല്യം യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികളുണ്ടാകണം.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് കൃഷിമേഖലയിൽനൽകുന്ന ആനുകൂല്യത്തിന്റെ ഭാഗമായി ഒരു ട്രാക്ടർ പട്ടികജാതി സഹകരണസംഘത്തിനും മറ്റൊന്ന് പണയിൽ ഇന്ദിരാ കോളനിയ്ക്കും നൽകിയിട്ടുണ്ട്. ഈ ട്രാക്ടറുകളുടെ പ്രവർത്തനത്തിലും വേണ്ട ക്രമീകരണങ്ങളുണ്ടാക്കാൻ പഞ്ചായത്ത് ഭരണസമിതി ഇടപെടുന്നത് നന്നായിരിക്കും.

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ പെരുംകുളം ഏലായിലെ കൃഷിവികസനത്തിനുവേണ്ടി 8 ഗ്രൂപ്പ് ഫാമിംഗ് പാടശേഖരസമിതികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ

പട്ടിക –5 ഗ്രൂപ്പ് ഫാമിംഗ് പാടശേഖര സമിതികൾ

| നമ്പർ | പേര് വിവരം | രജിസ്റ്റർ ചെയ്തവർഷം | പ്രവർത്തിക്കുന്ന ഏലായുടെവിസ്തീർണ്ണം ഹെക്ടർ |
|---|---|---|---|
| 1. | വെട്ടിലത്താഴം 1 പാടശേഖരസമിതി | 1990 | 20 |
| 2. | വെട്ടിലത്താഴം 2 പാടശേഖരസമിതി | 1991 | 25 |
| 3. | തട്ടാർകോണം–ചെന്താപ്പൂർ പാടശേഖരസമിതി | 1991 | 25 |
| 4. | ചെറിയേല പാടശേഖരസമിതി | 1990 | 35 |
| 5. | പുതച്ചിറ–മൈലാപ്പൂർ പാടശേഖരസമിതി | 1991 | 125 |
| 6. | വലിയേല പാടശേഖരസമിതി | 1990 | 35 |
| 7. | കിഴവൂർ–കുറുമണ്ണ പാടശേഖരസമിതി | 1992 | 160 |
| 8. | പേരയം പാടശേഖരസമിതി | 1991 | 27 |

പ്രവർത്തനത്തിന്റെ വിശദാംശം പട്ടിക –5 ആയി മുകളിൽ കൊടുക്കുന്നു.

പെരുംകുളം ഏലായുടെ സമഗ്രവികസനത്തിനും ഏലായിലെ കർഷകർക്ക് പരമാവധി സഹായം എത്തിച്ചുകൊണ്ട് കാർഷികവികസനത്തിനുതകേണ്ട പാടശേഖരസമിതികൾ ആ നിലയിൽ പ്രവർത്തിക്കുന്നുവോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. പെരുംകുളം ഏലായുടെ ജലസേചന ജലനിർഗ്ഗമന സംവിധാനങ്ങളുടെ അപര്യാപ്തത, വെള്ളപ്പൊക്കത്തിനും വരൾച്ചയ്ക്കും കാരണമാകുന്നുണ്ട്.

2. പാടശേഖരസമിതികൾ ഗ്രൂപ്പ് ഫാമിംഗിന്റെ മേന്മകൾ മനസ്സിലാക്കി ഗ്രൂപ്പ് ഫാമിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ ശ്രമിക്കുന്നില്ല.

3. നെൽക്കൃഷിക്ക് കീടബാധ ഒരു പ്രശ്നമായി നിലനിൽക്കുന്നു. ചാഴിയാണ് നമ്മുടെ മേഖലയിലെ പ്രധാനകീടം.

4. അത്യുൽപ്പാദനശേഷിയുള്ള മെച്ചപ്പെട്ട വിത്തിനങ്ങൾ ആവശ്യാനുസരണം വേണ്ടസമയത്ത് ലഭിക്കുന്നില്ല.

5. ജൈവവള പ്രയോഗത്തിൽവേണ്ട ശ്രദ്ധ പാടശേഖരങ്ങളുടെ കൃഷിയിൽ ഉണ്ടാകുന്നില്ല.

6. നെൽക്കൃഷിയുടെ കാര്യത്തിൽ കൈവരിച്ച ഉൽപ്പാദനക്ഷമത കുറേശ്ശെ നഷ്ടപ്പെടുന്ന മാറ്റം ശ്രദ്ധേയമാണ്.

7. മൈലാപ്പൂര്, വെട്ടിലത്താഴം അടക്കമുള്ള പെരുംകുളം എലാ പ്രദേശങ്ങളിൽ ചെറുതല്ലാത്ത ഒരു മേഖല തരിശ്ശായിയിടുന്നു.

8. നെൽക്കൃഷിയുമായി ബന്ധപ്പെട്ടുനിൽക്കുന്ന പ്രധാനപ്രശ്നം കർഷകത്തൊഴിലാളികളുടെ ദൗർബ്ബല്യമാണ്.

9. കർഷകത്തൊഴിലാളികളുടെ കൂലിവർദ്ധനവും ഒരു പ്രശ്നമാണെന്ന് പരാതിയുണ്ട്.

10. നെൽവയലുകൾ വ്യാപകമായി നികത്തുന്ന സ്ഥിതിയുണ്ട്.

11. വേണ്ടത്ര കർഷകത്തൊഴിലാളികൾ ലഭ്യമല്ലാതിരിക്കെ യന്ത്രോപകരണങ്ങൾ ആവശ്യമായ നിലയിൽ വേണ്ടസമയങ്ങളിൽ ലഭ്യമാകുന്നില്ല എന്ന ബുദ്ധിമുട്ടുണ്ട്.

12. വയലേലകളിലേയ്ക്ക് യന്ത്രോപകരണങ്ങൾ എത്തിക്കുവാനും നടീൽ വസ്തുക്കൾ എത്തിക്കുവാനും ഉൽപ്പന്നങ്ങൾ കൊണ്ടുപോരാനും വേണ്ട റോഡ് സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്.

13. രണ്ടുപൂവും മൂന്നുപൂവും കൃഷി ചെയ്യുന്ന ഏലാകളിലെ മേഖലകളിൽ കൃഷി ഒരുപൂവും രണ്ടുപൂവുമായി കുറയുന്നു.

14. ഏലായിൽനിന്ന് കൊയ്തെടുക്കുന്ന കറ്റകൾ ഏലായുടെ ഒരു ഭാഗത്തുവച്ച് തന്നെ മെതിച്ചുകൊണ്ട് പോകുവാനുള്ള സൗകര്യങ്ങൾ ഇല്ല.

15. പഞ്ചായത്തിലെ നല്ലുൽപ്പാദകരിൽ നെല്ല് വിൽക്കാനുള്ളവർക്ക് വേണ്ട വിപണനസൗകര്യമില്ല.

16. കർഷകരെ നെൽക്കൃഷിയിൽ ഉറപ്പിച്ചുനിർത്താൻ നൽകുന്ന ഉത്പ്പാദന ബോണസ് സെന്റിന് ഒരുരൂപയായതുകൊണ്ട് കർഷകർ അത് അവഗണിക്കുന്നു.

17. കണ്ണനല്ലൂർ സൗത്ത്വാർഡിന്റെ കിഴക്കുവശത്തുള്ള കോട്ടേക്കായൽ ചെളിയെടുപ്പ്മൂലം കൃഷിക്കനുയോജ്യമല്ലാതായിരിക്കുന്നു.

18. തെങ്ങുകൃഷിക്ക് ജൈവവളപ്രയോഗത്തിൽ കുറവുണ്ടായിട്ടുണ്ട്.

19. തെങ്ങിന് വ്യാപകമായ രോഗബാധയുണ്ടാകുന്നു.

20. തെങ്ങ് കൃഷിയുടെ ഉത്പാദനക്ഷമത കുറഞ്ഞു.

21. തെങ്ങുകൃഷി വ്യാപകമായതോടെ കിഴങ്ങുവർഗ്ഗങ്ങളുടേയും പയറുവർഗ്ഗങ്ങളുടേയും മറ്റ് കാർഷികവിളകളുടേയും കൃഷിതുലോം കുറഞ്ഞുപോയിട്ടുണ്ട്.

22. വിപണനം ലാക്കാക്കിയുള്ള വാഴകൃഷി പഞ്ചായത്തിൽ വിരളമാണ്.

23. കുരുമുളക് കൃഷിയെ ഒരു കൃഷിയെന്നനിലയിൽ നോക്കികാണാതെ അശ്രദ്ധമായാണ് കർഷകർ കാണുന്നത്.

24. പച്ചക്കറി കൃഷിയൽ കർഷകർ വിമുഖരാണ്.

25. മഴക്കാലങ്ങളിലെ വെള്ളമാകെ ഒഴുകി കായലിലേക്കുംകടലിലേക്കും പോകുന്നത് ഭൂഗർഭജലത്തിന്റെ അള വിനെ കുറക്കുന്നു.

26. കശുമാവ് കൃഷിയിൽ പ്രത്യേ കതാത്പര്യം കർഷകർ കാണിക്കു ന്നില്ല.

27. മരച്ചീനിതുടങ്ങിയ കാർഷിക വിളകൾക്ക് വലിയൊരുഭീഷണിയായി എലിശല്യം കൂടിയുണ്ട്.

28. പഞ്ചായത്തിലെ കാർഷികമേ ഖലയുടെ സമഗ്രവികസനത്തിന് സഹായകമാകേണ്ട കൃഷിഭവന്റെ പ്രവർത്തനം ആനിലയിൽ എത്തു ന്നില്ല.

29. ഒട്ടനവധി പദ്ധതികൾ കൃഷിഭ വനിലൂടെ നടപ്പിലാക്കുന്നുണ്ടെങ്കിലും അവയൊക്കെ പഞ്ചായത്തിലെ കൃഷി ക്കാർക്കാകെ ലഭ്യമാകുന്നില്ല. സഹാ യങ്ങളെക്കുറിച്ച് കർഷകർക്ക് വേണ്ടത്ര അറിവ് ലഭിക്കുന്നില്ല.

30. 15 വാർഡുകളുള്ള നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനിലെ ഉദ്യോഗസ്ഥന്മാർക്ക് പഞ്ചായത്തിലെ മുഴുവൻ കർഷ കർക്കും വേണ്ട ഉപദേശനിർദ്ദേശ ങ്ങൾ നൽകുവാൻ കഴിയുന്നില്ല.

31. മണ്ണ് പരിശോധനയിലൂടെ ആവ ശ്യമായ വളപ്രയോഗം നിർദ്ദേശിക്കു വാൻ കൃഷിഭവനുകളിൽ ഇന്നുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്.

32. ശാസ്ത്രീയമായ കൃഷിരീതിക ളെക്കുറിച്ച് വേണ്ട സാങ്കേതിക പരി ജ്ഞാനം കൃഷിക്കാർക്കും കർഷക ത്തൊഴിലാളികൾക്കും നൽകാൻ കൃഷിഭവനുകൾക്ക് കഴിയുന്നില്ല.

33. കൃഷിഭവൻ വഴി നൽകുന്ന വിത്തിനങ്ങളും നടീൽ വസ്തുക്കളും അതാത് പ്രദേശങ്ങൾക്ക് അനുയോ ജ്യമാണെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനങ്ങളില്ല.

34. ദുർബ്ബലകർഷകരെ സംബ ന്ധിച്ചിടത്തോളം കാർഷികോപകരണ ങ്ങളുടെ ദൗർബ്ബല്യം ഒരു പ്രശ്ന മാണ്.

35. കിണർ കുഴിക്കാൻ നൽകുന്ന സബ്സിഡി ഒരു പ്ലോട്ടായി 30 സെന്റ് ഉള്ളവർക്ക് മാത്രമേ ലഭിക്കുന്നുള്ളൂ. അതിനുമപ്പുറം വാണിജ്യ ബാങ്കുക ളിൽ വായ്പ നൽകിയാൽ മാത്രമേ ഈ സബ്സിഡി ലഭ്യമാകൂ.

36. പമ്പ്സെറ്റ് വാങ്ങുന്നതിന് ലഭി ക്കുന്ന പദ്ധതിയിൽ വായ്പാബന്ധി തവും 30 സെന്റ് ഭൂമി വേണമെന്ന് നിഷ്ക്കർഷിക്കുന്നതുമാണ്.

37. പട്ടികജാതി കർഷകർക്ക് കിണർ കുഴിക്കുവാൻ 9,000 രൂപ നൽകുന്ന പദ്ധതി ഇന്ന് തൃക്കോ വിൽവട്ടം കൃഷിഭവൻ വഴി ലഭ്യമല്ല.

38. തെങ്ങ്കൃഷിക്ക് നൽകുന്ന രാസവള കിറ്റ് കൂടുതൽ കർഷ കർക്കും കൂടുതൽ തെങ്ങുകൾക്കും ലഭിക്കുന്നില്ല.

39. കൃഷിഭവന്റെ സഹായത്തോടെ വിതരണംചെയ്യപ്പെട്ടിട്ടുള്ള ട്രാക്ടറു കളും, ട്രില്ലറുകളും പരമാവധി മെച്ച പ്പെട്ട സേവനം കർഷകർക്ക് നൽകു ന്നില്ല.

40. തൃക്കോവിൽവട്ടം പഞ്ചായ ത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പാടശേഖരസമിതികൾക്ക് പ്രദേ ശത്തെ മുഴുവൻ കർഷകരേയും കൂട്ടി യോജിപ്പിക്കുവാൻ കഴിയുന്നില്ല.

41. വാർഡ്തലത്തിൽ കേരസംര ക്ഷണസമിതിയുടെ പ്രവർത്തനമില്ലാ ത്തതുകൊണ്ട് പഞ്ചായത്ത്തലത്തിൽ പ്രവർത്തിക്കുന്ന കേരസമിതിയുടെ പ്രവർത്തനം എല്ലാ വാർഡുകളിലും എത്തിക്കുവാൻ കഴിയുന്നില്ല.

42. കാറ്റുവീഴ്ചമൂലം നശിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള സർക്കാർ സഹായം തൃക്കോ വിൽവട്ടം പഞ്ചായത്തിൽ ലഭ്യമല്ല.

43. രാസവളങ്ങളും കീടനാശിനി കളും വേണ്ടനിലയിൽ എല്ലാ വാർഡു കളിലും ലഭിക്കുന്നില്ല.

44. ഏലായിൽ ചിലപ്രദേശങ്ങളിൽ ആഫ്രിക്കൻ പായലിന്റെ ശല്യമുണ്ട്.

45. K.I.P. തോടുകളാകെ പഞ്ചായ ത്തിലുണ്ടായിരുന്നിട്ടും ആ തോടു കൾവഴി ജലസേചനസൗകര്യം ഉണ്ടാ യിട്ടില്ല.

46. നമ്മുടെ പഞ്ചായത്തിൽ വ്യാപി പ്പിക്കാൻ കഴിയുന്ന പൈനാപ്പിൾ കൃഷി, കൂൺകൃഷി, പുഷ്പകൃഷി മുതലായവയ്ക്കുവേണ്ട സാങ്കേതിക ഉപദേശങ്ങൾ ലഭ്യമല്ല.

47. കാലാകാലങ്ങളിൽ കർഷകനു ണ്ടാകുന്ന കൃഷിനാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരമെത്തിക്കുവാൻ സംവി ധാനങ്ങളില്ല.

48. കൃഷിയിറക്കേണ്ട സമയങ്ങ ളിൽ സാമ്പത്തികബുദ്ധിമുട്ട് അനുഭ വിക്കുന്ന കർഷകർക്ക് വായ്പ അനു വദിക്കുവാൻ സംവിധാനങ്ങളില്ല.

## സാധ്യതകൾ

1. പെരുംകുളം ഏലായുടെ ജല സേചന–ജലനിർഗ്ഗമന സംവിധാന ങ്ങൾക്ക് സമഗ്രപദ്ധതിയുണ്ടാകണം. പഞ്ചായത്തുതലത്തിൽ സാധ്യതയി ല്ലാതെ വന്നാൽ ബ്ലോക്കുതലത്തിലോ ജില്ലാ തലത്തിലോ സംസ്ഥാനതല ത്തിലോ ഈ പദ്ധതി ഏറ്റെടുക്കണം.

2. പെരുംകുളം ഏലായിലെ പാട ശേഖരസമിതികളെ മുഴുവൻ സമതി കളുടെയും പങ്കാളിത്തമുള്ള സമിതി കളാക്കി ഉയർത്തുവാനും അതുവഴി, ഏലായുടെ വിവിധമേഖലകളിൽ ഗ്രൂപ്പ്–ഫാമിംഗ് നടപ്പിലാക്കുവാനും കഴിയണം.

3. നെൽരോഗങ്ങൾക്കും കീടബാ ധയ്ക്കുമെതിരെ കുറഞ്ഞചെലവിൽ ഫലപ്രദമായ മരുന്നുപയോഗം നട ത്തുവാൻ ഇതുവഴി കഴിയും.

4. നെൽപ്പാടങ്ങളിൽ ജൈവവളപ്ര യോഗം നടത്തേണ്ടതിന്റെ ആവശ്യ കത കർഷകരെ ബോദ്ധ്യപ്പെടു ത്തണം. മെച്ചപ്പെട്ട വിത്തിനങ്ങൾ വേണ്ടസമയത്ത് ലഭ്യമാക്കണം. മെച്ച പ്പെട്ട വള പ്രയോഗത്തിലൂടെയും വിത്തിനങ്ങളിലൂടെ ശാസ്ത്രീയകൃഷി രീതിയിലൂടെയും ഉൽപ്പാദനക്ഷമത

വർദ്ധിപ്പിക്കണം.

5. തരിശ്ശിടുന്ന ഏലാകളിൽ സഹകരണാടിസ്ഥാനത്തിൽ ഏറ്റെടുത്ത് ശാസ്ത്രീയമായി കൃഷിചെയ്ത് കൃഷിയുടെ സാധ്യതകൾ വളരെ ബോധ്യപ്പെടുത്തണം.

6. നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചും കാർഷികമേഖലയിൽ കൃഷിക്കാരുടെകൂടെ തൊഴിൽ പങ്കാളിത്തം ഉറപ്പാക്കിയും കൂലിവർദ്ധനവിനെക്കുറിച്ചുള്ള പരാതി ഒഴിവാക്കാൻ കഴിയും.

7. യന്ത്രോപകരണങ്ങൾ ഫലപ്രദമായി നെൽക്കൃഷിയിൽ ഉപയോഗപ്പെടുത്തണം. കൊയ്ത്ത് യന്ത്രത്തിന്റെയും മെതിയന്ത്രത്തിന്റെയും സാധ്യത പഞ്ചായത്തുതലത്തിൽ പരിശോധിക്കണം.

8. പാടശേഖര കമ്മിറ്റികളുടെയും ട്രാക്ടർ, ട്രില്ലർ ഉടമ സ്ഥാപനങ്ങളുടെയും പഞ്ചായത്ത്തലത്തിൽ ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി മുൻകൈ എടുക്കണം.

9. വയലേലകളിലേയ്ക്ക് ആവശ്യമായ റോഡ് സൗകര്യങ്ങൾ ഉണ്ടാക്കാനും നടുറോഡിന്റെ ഒരുവശത്തു കൂടി ഒരു റോഡുണ്ടാക്കുവാനും കഴിയണം.

10. വയലേലകളിൽ ഇടവിളയായി പച്ചക്കറിയും മറ്റ് കൃഷികളും വ്യാപകമാക്കണം.

11. വയലേലകളിൽനിന്ന് കൊയ്തെടുക്കുന്ന കറ്റ ഏലയുടെ ഒരുഭാഗത്തുവച്ചുതന്നെ മെതിച്ചെടുക്കുവാൻവേണ്ട സൗകര്യങ്ങൾ ഉണ്ടാകണം. നെല്ല് വിൽക്കാനുള്ളവർക്ക് വിപണനസൗകര്യം ഏർപ്പെടുത്തണം.

12. പാടശേഖരകമ്മിറ്റികളുടെ ചുമതലയും ദുർബ്ബലകർഷകർക്ക് കാർഷികോപകരണങ്ങൾ നൽകാൻ പദ്ധതിയുണ്ടാവണം.

13. തെങ്ങുരോഗനിയന്ത്രണത്തിൽ വ്യാപകമായി പഞ്ചായത്തിലാകെ മരുന്നുതളിക്കുവാൻ പഞ്ചായത്ത്തലത്തിൽ ഒരു ഏജൻസിയുണ്ടാകണം. അതുവഴി, പ്രയോഗിക്കുന്ന മരുന്നിന്റെ ഗുണനിലവാരം ഉറപ്പുവരുത്തണം.

14. രോഗംവന്ന തെങ്ങ് വെട്ടിമാറ്റുന്നതിനുള്ള ധനസഹായം തൃക്കോവിൽവട്ടം പഞ്ചായത്തിലെ കർഷകർക്കും കാര്യമാക്കണം.

15. കിണർകുഴിക്കുന്നതിനുള്ള സാമ്പത്തികസഹായത്തിനും പമ്പ്സെറ്റ് വാങ്ങുന്നതിനുള്ള സബ്സിഡിക്കും ഒരു പ്ലോട്ടായി 30 സെന്റ് ഭൂമി വേണമെന്നുള്ള നിഷ്ക്കർഷ ഒഴിവാക്കണം.

16. സബ്സിഡി നൽകുന്നത് വായ്പാ ബന്ധിതമാണ്.

17. പട്ടികജാതി കർഷകർക്ക് കിണർ കുഴിക്കുവാൻ 9,000 രൂപ സഹായം നൽകുന്ന പദ്ധതി തൃക്കോവിൽവട്ടം പഞ്ചായത്തിൽ ലഭ്യമാക്കണം.

18. തെങ്ങുകൃഷിക്ക് സബ്സിഡിയോടെ നൽകുന്ന രാസവള സബ്സിഡി മുഴുവൻ കർഷകർക്കും തെങ്ങുകൾക്കാകെയും ലഭ്യമാക്കണം.

19. പഞ്ചായത്ത്തല കേരസമിതിയുടെ പ്രവർത്തനം വാർഡുതലത്തിൽ വ്യാപിപ്പിക്കണം.

20. രാസവളത്തിനും കീടനാശിനിക്കും നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കണം.

21. വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ ഇവ കർഷകർക്ക് ലഭ്യമാക്കുവാൻ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുവാനും പഞ്ചായത്തുതലത്തിൽ ഒരു ഏജൻസിയുണ്ടാവണം. പഞ്ചായത്ത് ഭരണസമിതിക്കും കൃഷിഭവൻ ഉദ്യോഗസ്ഥന്മാർക്കും ഇതിൽ മുഖ്യപങ്കാളിത്തമുണ്ടാകണം.

22. കൃഷിഭവനിലൂടെയും നൽകുന്ന വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തണം. അവ അതത് പ്രദേശങ്ങൾക്ക് അനുയോജ്യമാണെന്ന് കർഷകരെ ബോദ്ധ്യപ്പെടുത്തണം.

23. വിപണനത്തിനുവേണ്ടി വാഴക്കൃഷിയ്ക്ക് വൻ സാധ്യത നമ്മുടെ പഞ്ചായത്തിനുണ്ട്. ആ സാധ്യത പ്രയോജനപ്പെടുത്തുവാൻ കർഷകരെ പര്യാപ്തമാക്കണം.

24. പച്ചക്കറിക്കൃഷി വ്യാപകമാക്കുവാൻ ഒരു സമഗ്രപദ്ധതി പഞ്ചായത്തുതലത്തിൽ തയ്യാറാക്കണം. ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് വേണ്ട വിപണനസൗകര്യം ഒരുക്കണം.

25. പൈനാപ്പിൾ കൃഷിയുടെ സാധ്യത കർഷകരെ ബോധ്യപ്പെടുത്തുവാൻ പഞ്ചായത്ത് ഭരണസമിതിയുടെ മുൻകൈയോടെ തൊഴിൽരഹിതരായ ചെറുപ്പക്കാരുടെ നേതൃത്വത്തിൽ തരിശ്ശായി കിടക്കുന്ന ഭൂമികളിൽ പൈനാപ്പിൾ കൃഷി സംഘടിപ്പിക്കണം.

26. ആധുനികങ്ങളായ കൂൺകൃഷി, പുഷ്പക്കൃഷി എന്നിവയുടെ കൃഷിരീതി കർഷകർക്ക് നൽകുവാൻ അവയുടെ സാധ്യത ബോധ്യപ്പെടുത്തുവാനും തൊഴിൽരഹിതരായ സ്ത്രീകളുടെ യൂണിറ്റുകൾ സംഘടിപ്പിച്ചുകൊണ്ട് അവയുടെ കൃഷി പ്രായോഗികമാക്കുവാനും വേണ്ട പദ്ധതികളുണ്ടാകണം.

27. കല്ലട ഇറിഗേഷൻ പ്രോജക്ട്വഴിയുള്ള ജലസേചനസൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ എത്രയും പെട്ടെന്ന് ലഭ്യമാക്കണം.

28. കൃഷിനാശമുണ്ടാകുന്ന കർഷകന് ആശ്വാസമെത്തിക്കുവാൻ കാർഷികവിള ഇൻഷ്വറൻസ് ഏർപ്പെടുത്തണം.

29. കൃഷിയിറക്കേണ്ട സമയങ്ങളിൽ കർഷകർ കൃഷിയിറക്കുമെന്ന് ഉറപ്പാക്കാൻ കഴിയത്തക്കനിലയിൽ കുറഞ്ഞ പരിശീലനനിരക്കിൽ ബൈപാസ് സൗകര്യങ്ങൾ ഉണ്ടാകണം.

30. കാർഷികമേഖലയുടെ സമഗ്രവികസനത്തിന് ഉതകേണ്ട കൃഷിഭവനുകളുടെ പ്രവർത്തനം പുനഃസംഘ

ടിപ്പിക്കണം. ബ്ലോക്കാഫീസുകളിൽ പണിയെടുക്കുന്ന VEO മാരെക്കൂടി ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കണം.

31. മണ്ണ് പരിശോധിച്ച് വളം നിർദ്ദേശിക്കുവാൻ കൃഷിഭവനുകളിൽ വിപുലമായ സൗകര്യങ്ങൾ ഉണ്ടാകണം.

32. കുരുമുളക് കൃഷി, ഇഞ്ചിക്കൃഷി തുടങ്ങിയവ വ്യാപകമാക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ഉണ്ടാകണം.

33. വിവിധകൃഷികളുടെ ശാസ്ത്രീയരീതികൾ കർഷകർക്ക് നൽകാൻ കൃഷിഭവനുകളെ എങ്ങനെ ഉപയോഗിക്കാം എന്നതിനെ സംബന്ധിച്ച് പഞ്ചായത്ത്തലത്തിൽ ആലോചിച്ച് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തണം.

34. രാസവളങ്ങളും കീടനാശിനികളും വാർഡുകളിലാകെ എത്തിക്കുവാൻ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് സർവ്വീസ് സഹകരണ ബാങ്കുകളെ പ്രാപ്തരാക്കണം.

35. കൃഷിഭവനിലൂടെ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം, മുഴുവൻ കർഷകർക്കും ലഭ്യമാക്കണം. അതിന് വാർഡുതലത്തിൽ സംവിധാനങ്ങളുണ്ടാകണം.

36. കശുവണ്ടിത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരം ലഭ്യമാക്കുവാൻ കഴിയുന്നനിലയിൽ കശുമാവ് കൃഷി വ്യാപകമാക്കണം. മെച്ചപ്പെട്ടയിനം കശുമാവ് വിത്തുകൾ ലഭ്യമാക്കണം.

37. തരിശ്ശായി കിടക്കുന്ന റോഡ് പുറമ്പോക്കുകളിലും മറ്റുകൃഷികൾക്ക് അനുഗുണമല്ലാത്ത പറമ്പുകളിലും കശുമാവ് കൃഷി വ്യാപകമാക്കുവാൻ കഴിയണം.

38. മഴക്കാലങ്ങളിലുള്ള വെള്ളമാകെ ഒഴുകിപ്പോകാതെ അതിരുകൾ ഇട്ടും തടയണകൾ നിർമ്മിച്ചും തടഞ്ഞുനിർത്തി ഭൂമിയ്ക്കടിയിലേയ്ക്ക് ആഴ്ന്നിറങ്ങുവാൻ സൗകര്യമൊരുക്കിക്കൊണ്ട് ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാൻ കഴിയും. ഇത് ജനങ്ങളെയാകെ ബോദ്ധ്യപ്പെടുത്താൻ ബോധവൽക്കരണപരിപാടികളും അതിരുകളും തടയണകളും നിർമ്മിക്കുവാൻ സാമ്പത്തികസഹായവും എത്തിക്കണം.

39. കോട്ടേ കായലിൽ പുഞ്ചക്കൃഷി പുനരാരംഭിക്കുവാനുള്ള സാധ്യതകൾ ആരായണം.

40. കർഷകരെ നെൽക്കൃഷിയിൽ ഉറപ്പിച്ചുനിർത്താൻ മെച്ചപ്പെട്ട ഉൽപ്പാദനബോണസ്സ് ലഭ്യമാക്കണം.

41. ചേരീക്കോണം. തലച്ചിറക്കുവേണ്ടി അക്വയർ ചെയ്ത ഭൂമി കുടികിടപ്പുകാരെ ഒഴിവാക്കി ജലസംഭരണി കൂടുതൽ സൗകര്യമുള്ളതാക്കിമാറ്റണം. ആ പ്രദേശത്ത് താമസിക്കുന്നവരെ പുനരധിവസിപ്പിക്കുവാൻ വേണ്ട പദ്ധതി ജില്ലാതലത്തിൽ ഏറ്റെടുക്കണം.

42. ഏലായുടെ വശങ്ങളിലുള്ള കുളങ്ങളിലാകെ പമ്പ്സെറ്റ് ഉപയോഗിച്ചുകൊണ്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ സൗകര്യങ്ങൾ ചെയ്യണം.

43. പഞ്ചായത്ത് പ്രദേശം ഒരു നീർമറിപദ്ധതിയുടെ അടിസ്ഥാനത്തിൽ വിഭജിച്ച് പ്രത്യേകയൂണിറ്റുകളാക്കി ഓരോ യൂണിറ്റിനും ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക

44. തെങ്ങിൻ തോപ്പുകളിലെ ഇടവിളക്കൃഷി വ്യാപകമാക്കണം.

◆◆◆



# മൃഗ സംരക്ഷണം

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് കാർഷികഗ്രാമമായിരുന്നു. ഈ ഗ്രാമത്തിലെ ഭൂരിഭാഗം ജനങ്ങളുടെയും ജീവിതമാർഗ്ഗം മുഖ്യമായും കൃഷിയായിരുന്നു. കൃഷിയ്ക്കുണ്ടായിരുന്ന പ്രാമുഖ്യം ക്രമേണ കുറഞ്ഞു വരുന്നതായാണ് കണക്കുകളും അനുഭവങ്ങളും വ്യക്തമാക്കുന്നത്. കൃഷിയുടെ ഭാഗമായി വളർത്തുമൃഗങ്ങളേയും ഉഴവുമാടുകളേയും വ്യാപകമായി സംരക്ഷിച്ചിരുന്നു.

കൃഷിയ്ക്ക് ആവശ്യമായ ജൈവവളത്തിന്റെ മുഖ്യസ്രോതസ്സ് കന്നുകാലികളായിരുന്നു. കന്നുകാലികളുടെ എണ്ണത്തിൽവന്ന കുറവ് ജൈവവളലഭ്യതയേയും അതുവഴി കൃഷിയിടങ്ങളുടെ ഫലഭൂയിഷ്ടതയേയും പ്രതികൂലമായി ബാധിച്ചു. ഈ പഞ്ചായത്തിൽ മൃഗസംരക്ഷണം ജീവനോപാധിയായി സ്വീകരിച്ചിരുന്നവരുടെ എണ്ണം തുലോം കുറവാണ്. 1960 കളിൽ കന്നുകാലികളുടെ പുതിയ ജനുസ്സുകൾ വ്യാപകമാവുന്നതിനുമുമ്പ് നാടൻ ഇനങ്ങളെ പരിപാലിക്കുന്നത് പഞ്ചായത്ത് പ്രദേശത്തെ വയലുകളിൽനിന്ന് കിട്ടുന്ന പുല്ലിനെ ആശ്രയിച്ചായിരുന്നു.

പുതിയ ജനുസ്സുകളുടെ വ്യാപനത്തോടെ തദ്ദേശജന്യമായ കാലിത്തീറ്റകളെ അടിസ്ഥാനമാക്കിയുള്ള കാലിവളർത്തൽശൈലി ക്രമേണ നഷ്ടപ്പെടുകയുണ്ടായി. എങ്കിലും നാടൻ ജനുസ്സുകളെ വളർത്തിയിരുന്ന കാലഘട്ടത്തിൽ തദ്ദേശജന്യമായ കാലിത്തീറ്റകൾ മതിയാകുമായിരുന്നു. എന്നാൽ ഇന്ന് കാലിത്തീറ്റയ്ക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ഇതിനു കാരണം പ്രധാനമായും, വയലേലകളുടെ അളവിൽ വന്ന കുറവും ഇരുപ്പൂവായിരുന്ന നിലങ്ങൾ ഒരുപ്പൂവായതുമാണ്. ഇതുമൂലം വൈക്കോലിന്റെ അളവിൽ കുറവുവന്നു. നാടൻ ഇനങ്ങൾക്ക് പാലിന്റെ അളവ് പൊതുവിൽ കുറവായിരുന്നു. പ്രാദേശികവിപണനരീതിയാണ് നിലനിന്നിരുന്നത്.

പാലുൽപ്പന്നങ്ങളായി വിപണനം നടത്തിയിരുന്നത് നെയ്യ് മാത്രമാണ്. ഇറച്ചി ഉപയോഗം പരിമിതമായിരുന്നു. പ്രത്യേകിച്ച് മാട്ടിറച്ചി ചിലവിഭാഗം ജനങ്ങൾക്ക് അക്കാലത്ത് വർജ്ജ്യമായിരുന്നു.

കൃഷിരീതി യന്ത്രവൽക്കരിച്ചതോടെ കാളകളേയും പോത്തുകളേയും വളർത്തുന്ന രീതിയും കുറഞ്ഞുവന്നു.

ഇപ്പോൾ ഈ പഞ്ചായത്തിലെ പ്രധാനവളർത്തുമൃഗങ്ങൾ പശുവും എരുമയും ആടുമാണ്. കോഴിക്കൃഷി വ്യാപകമായും താറാവ് ചില മേഖലകളിലും വളർത്തുന്നു. വ്യാവസായിക രീതിയിൽ ബ്രോയിലർ കോഴി യൂണിറ്റുകളും തുടങ്ങിയിട്ടുണ്ട്.

ഈ നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തോടെ നമ്മുടെ നാട്ടിലും കന്നുകാലികളിൽ പുതിയ ജനുസ്സുകൾ കണ്ടെത്തുകയും അവയെ വളർത്താൻ തുടങ്ങുകയും ചെയ്തത്. ഈ മാറ്റം ക്ഷീരോൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കിയെങ്കിലും, വർദ്ധിച്ച മുതൽമുടക്ക്, തീറ്റയുടെ വിലവർദ്ധനവ്, രോഗംമൂലമുണ്ടാകുന്ന ചികിത്സാ ചെലവ് തുടങ്ങിയവ കർഷകർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇതുമൂലം കർഷകർ കാലിവളർത്തൽ രംഗത്തുനിന്നും പിന്മാറാൻ കാരണമായിട്ടുണ്ട്. കന്നുകാലികളെ വാങ്ങാൻ സബ്സിഡി അടക്കം പല പദ്ധതികളും സർക്കാർ മേഖലയിൽ ഉണ്ടെങ്കിലും ഇത്തരം പദ്ധതികളുടെ ഗുണഫലങ്ങൾ എത്തേണ്ടിടത്ത് പലപ്പോഴും എത്താറില്ല. വാണിജ്യബാങ്കുകൾ കാള, എരുമ എന്നിവ വാങ്ങുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വൈമുഖ്യം കാട്ടുന്നു. നല്ല ജനുസ്സുകളുടെ ദൗർലഭ്യവും പഞ്ചായത്തിൽ അനുഭവപ്പെടുന്നുണ്ട്.

പരിപാലനരംഗത്തും കന്നുകാലി വളർത്തൽ പ്രശ്നങ്ങൾ നേരിടുകയാണ്. ഇന്ന് പ്രാദേശികമായി കിട്ടുന്ന വയ്ക്കോൽ വളരെ അപര്യാപ്തമാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതിചെയ്യപ്പെടുന്ന വയ്ക്കോലിന് ഭാരിച്ച വിലവർദ്ധനവ് അനുഭവപ്പെടുത്തുന്നു.

നെൽപ്പാടങ്ങളിൽ പുല്ല് ലഭ്യമായിട്ടുള്ള കാലഘട്ടങ്ങളിൽപ്പോലും ലഭ്യമായ പുല്ല് ശേഖരിക്കുന്നതിൽ കാട്ടുന്ന വൈമുഖ്യം പ്രത്യേക പഠന വിഷയമാക്കേണ്ടതാണ്. അത്യുൽപ്പാദനശേഷിയുള്ള ജനുസ്സുകളുടെ വ്യാപനത്തോടെ ഈ രീതിയിൽനിന്നുള്ള മാറ്റത്തിന്റെ പശ്ചാത്തലം പരിശോധിക്കണം. മെച്ചപ്പെട്ട തീറ്റ കൊടുക്കുന്ന ശീലം വളർന്നുവന്നിട്ടുണ്ട്.

## പ്രശ്നങ്ങൾ

ഗുണനിലവാരമുള്ള തീറ്റ കിട്ടാനുള്ള ബുദ്ധിമുട്ട്, കിട്ടുന്ന തീറ്റയുടെ വിലവവർദ്ധനവ് ഇവ വലിയ പ്രശ്നങ്ങളാണ്.

കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങളാണ് മറ്റൊരു പ്രശ്നം. പുതിയ ജനുസ്സിൽപ്പെട്ട കന്നുകാലികൾ കേരളത്തിന്റെ പരിസ്ഥിതിയ്ക്ക് ഇണങ്ങുന്നതാണോ, രോഗപ്രതിരോധശക്തി കുറവാണോ എന്നും പരിശോധിക്കണം. കന്നകാലികൾക്ക് ഉണ്ടാകുന്ന രോഗങ്ങളുടെ ആധിക്യവും അവയുടെ ചികിത്സാച്ചെലവും കർഷകന് താങ്ങാൻ കഴിയാത്തതാണ്. ഇന്ന് ലഭ്യമായ ചികിത്സാ സൗകര്യങ്ങൾ തന്നെ പഞ്ചായത്തിന്റെ കിഴക്കനതിർത്തിയിലാണ്. പുതിയയിനം ജനുസ്സുകളുടെ മരണനിരക്കും കൂടുതലായിക്കാണുന്നു.

പഞ്ചായത്ത് പ്രദേശത്തെ സ്വകാര്യവ്യക്തികളുടെ പറമ്പുകളിൽ തീറ്റപ്പുൽക്കൃഷി വ്യാപകമാക്കുക. പാലുൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിതരണവും ശക്തിപ്പെടുത്തുക. ക്ഷീരോൽപ്പാദനമേഖലയിൽ പ്രവർത്തിക്കുന്ന നമ്മുടെ പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങൾ ഇക്കാര്യത്തിൽ മുൻകൈയെടുക്കണം. ഗ്രാമപ്രദേശങ്ങളിൽ ശേഖരിക്കുന്ന പാൽ അതാത് പ്രദേശത്ത് ചെലവഴിക്കുന്നത് കഴിച്ച് വരുന്നത് വാങ്ങുന്നത് മിൽമയാണ്. ക്ഷീരോൽപ്പാദകസഹകരണസംഘങ്ങൾ ശേഖരിക്കുന്ന പാലിന്റെ പ്രാദേശികവിതരണത്തിന് മിൽമ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത് അനീതിയാണ്. ഈ നിയന്ത്രണം നീക്കേണ്ടതാണ്. വിതരണത്തിന്റെ ഇടനിലക്കാരായി പ്രവർത്തിക്കുന്ന മിൽമ ഉൽപ്പാദകന് ലഭിക്കേണ്ട വിലയുടെ പങ്ക് തട്ടിയെടുക്കുന്നതമൂലം ലാഭകരമാകേണ്ട കന്നുകാലിക്കൃഷിക്ക് തടസ്സമുണ്ടാകുന്ന അവസ്ഥയാണിന്നുള്ളത്.

കൃത്രിമബിജസങ്കലനത്തിനുള്ള സൗകര്യം പരിമിതമായതിനാൽ ആവശ്യമായ സമയത്ത് ബീജസങ്കലനം നടത്താൻ ബുദ്ധിമുട്ടനുഭവപ്പെടുകയും അതുകാരണം പശുക്കളുടെ ഗർഭധാരണസാധ്യത കുറയുകയും ചെയ്യുന്നു.

പുതുതായി ജില്ലയിൽ ആരംഭിച്ച ഭ്രൂണമാറ്റ സംവിധാനം നമ്മുടെ പഞ്ചായത്തിലും ലഭിക്കത്തക്കവിധത്തിൽ വിപുലപ്പെടുത്താൻ ശ്രമിക്കണം.

## സാധ്യതകൾ

* ഐ.ആർ.ഡി.പി. സഹായപദ്ധതിയിൽ ലോണും, മാറ്റാനുകൂല്യങ്ങളും കിട്ടാൻ സാധ്യത ഇല്ലാത്ത ഇടത്തരം കൃഷിക്കാർക്ക് പശുക്കളെ വാങ്ങാനും പരിപാലിക്കാനും ഉതകുന്നരീതിയിൽ ധനസഹായം ലഭ്യമാക്കണം.

* നല്ലയിനം പശുക്കളെ ആവശ്യാനുസരണം ലഭ്യമാക്കാനുള്ള ഏജൻസികൾ ഉണ്ടാകണം.

* ലഭ്യമായ ജനുസ്സുകളുടെ അനുയോജ്യതയെക്കുറിച്ച് പരിശോധിക്കുകയും നമ്മുടെ പരിസ്ഥിതിക്ക് അനുയോജ്യമായ കൂടുതൽ മെച്ചപ്പെട്ട ജനുസ്സുകളെ കണ്ടെത്താനുള്ള ശ്രമം നടത്തണം.

* തീറ്റയുടെ ചെലവ് കുറയ്ക്കാനുതകുന്ന രീതിയിൽ പുൽക്കൃഷി വ്യാപകമാക്കുവാൻ ആസൂത്രിത പദ്ധതികൾ ഉണ്ടാകണം. സ്വകാര്യ കൃഷിയിട

ങ്ങൾ ഇതിനുപയോഗിക്കുന്നതോടൊപ്പം പഞ്ചായത്ത് റവന്യൂ പുറമ്പോക്കുകളിലും ലഭ്യമായ മറ്റ് പ്രദേശങ്ങളിലും മാതൃകാ പുൽക്കൃഷിത്തോട്ടങ്ങൾ തുടങ്ങുക.

* കൂടുതൽ വൈക്കോൽലഭിക്കുന്ന അത്യുല്പാദനശേഷിയുള്ള നെൽവിത്തിനങ്ങൾ പ്രചരിപ്പിക്കുക.

* സൈലേജ് സാങ്കേതികവിദ്യ പ്രചരിപ്പിക്കുക.

* സഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട്, ഉത്പാദകകേന്ദ്രത്തിൽ നിന്ന് നേരിട്ട് കാലിത്തീറ്റ ശേഖരിച്ച് കർഷകർക്ക് എത്തിക്കാൻ കൂട്ടായി ശ്രമിക്കുക.

* കുറഞ്ഞവിലയ്ക്ക് തീറ്റ ഉത്പാദിപ്പിക്കാനും, വിതരണംചെയ്യാനും ഉതകുന്ന കാലിത്തീറ്റ ഫാക്ടറി മുഖത്തല ബ്ലോക്ക്തലത്തിൽ ആരംഭിക്കുക.

* ഈ പഞ്ചായത്തുപ്രദേശത്തും, സമീപത്തിലും കാണുന്ന കാലിരോഗങ്ങളെ പറ്റി പഠനങ്ങൾ നടത്തുക.

* ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

പഞ്ചായത്തിന്റെ എല്ലാസ്ഥലത്തുമുള്ള കന്നുകാലികൾക്ക് ചികിത്സ ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ സൗകര്യമായസ്ഥലത്ത് സ്വന്തം കെട്ടിടത്തിൽ മൃഗാശുപത്രിസ്ഥാപിക്കുക.

* ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

* സഞ്ചരിക്കുന്ന മൃഗാശുപത്രി സ്ഥാപിക്കുക.

* മരുന്നുകൾ ആവശ്യത്തിന് ലഭ്യമാക്കുക. കന്നുകാലികൾക്ക് ആവിശ്യമായ പോഷകവസ്തുക്കൾ വിലകുറച്ചുനൽകുക.

* ഗോസംവർദ്ധന ഉപകേന്ദ്രങ്ങളുടെ എണ്ണംവർദ്ധിപ്പിച്ച്, കാര്യക്ഷമത ഉയർത്തി, ബീജസങ്കലനത്തിന് ഉള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

* ഭ്രൂണമാറ്റ സംവിധാനം നമ്മുടെ പഞ്ചായത്തു പ്രദേശത്തുകൂടി ലഭ്യമാക്കുക.

* കന്നുകാലി ഇൻഷ്വറൻസ് സൗകര്യം വർദ്ധിപ്പിക്കുക. ചെലവിന്റെ ഒരു ഭാഗം പഞ്ചായത്തു വഹിക്കണം.

* കന്നുകുട്ടി പരിപാലനത്തിന് നല്കുന്ന സഹായം എല്ലാകർഷകർക്കും എല്ലാകാര്യങ്ങളിലും ലഭ്യമാക്കണം.

* കന്നുകാലിവളർത്തലിൽ താല്പര്യമുള്ള യുവാക്കൾക്ക് കറവപരിശീലനം നൽകുക.

* കന്നുകാലികളെ വാങ്ങാൻ ലഭ്യമാക്കുന്ന വായ്പാതുക വർദ്ധിപ്പിക്കുക.

* വെച്ചൂർ പശുക്കളുടെ ഗുണമേന്മകൾ പ്രചരിപ്പിക്കുവാനും അവലഭ്യമാക്കാനും നടപടി സ്വീകരിക്കുക.

* വളർത്തുനായകൾക്ക് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുക.

* അവയ്ക്ക് കുത്തിവെയ്പ് നടത്തുക.

# മത്സ്യബന്ധനം

ഉൾനാടൻ മത്സ്യകൃഷിക്കു സാദ്ധ്യതകൂറുള്ള പ്രദേശമാണ് തൃക്കോവിൽവട്ടം പഞ്ചായത്ത്. ഒന്നാം വാർഡിലെ പെരുംകുളം തോടിന്റെ ഭാഗങ്ങളിൽ നവംബർ ഡിസംബർ മാസം മുതൽ മാർച്ച് ഏപ്രിൽ മാസം മത്സ്യം പിടിച്ചുജീവിച്ചിരുന്ന ഒരു വിഭാഗം തൊഴിലാളികളുണ്ടായിരുന്നു. ഈ പ്രദേശത്തെ മീൻ പിടിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു കൊടുക്കുകവഴി പഞ്ചായത്തിന് സ്ഥിരമായി വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്നതാണ്. 92–93 ലെ ലേലത്തുക 8500/ പക്ഷേ കഴിഞ്ഞ രണ്ടുവർഷമായി പഞ്ചായത്തിന് കിട്ടികൊണ്ടിരിക്കുന്ന വരുമാനം നിലച്ചിരിക്കുകയാണ്. രണ്ട് വർഷംമുമ്പ് കേരളത്തിലുടനീളം മത്സ്യങ്ങൾക്കുണ്ടായ രോഗം അഷ്ടമുടിക്കായലിലും ഉണ്ടാകുകയും അതിനെ തുടർന്ന് പെരുംകുളംതോടിലെ മത്സ്യത്തിനുണ്ടായ രോഗം മൂലം നശിച്ചുപോയിതിനാലാണ് ഇങ്ങനെ സംഭവിച്ചത്. വീണ്ടും അവിടങ്ങളിൽ അടുത്തകാലത്തായി പഴയതോതിലല്ലെങ്കിലും മത്സ്യങ്ങൾ കണ്ടുവരുന്നു. പെരുംകുളം തോടിന് പുറമേ പെരുംകുളം ഏലായുടെ പല ഭാഗങ്ങളിലായി കാണപ്പെടുന്ന ചെറുതും വലുതുമായ കുളങ്ങളിൽ നാടൻ ഇനത്തിൽപെട്ട മത്സ്യങ്ങൾ കാണപ്പെടുന്നുണ്ട്. ഇവയൊന്നും ബോധപൂർവ്വമായ ഇടപെടിലൂടെ ഉണ്ടാകുന്നതല്ലായെന്ന കാര്യം പ്രത്യേകം പ്രസക്തമാണ്.

ഈ ദശകത്തിലെ എഴുപതുകളിൽവരെ ശുദ്ധജല മത്സ്യങ്ങളായ ഏട്ടാ,വരാൽ,കാരി,കൂരി,എരൾ,കൈതക്കോര,ആറുകാലി തുടങ്ങിയ വിവിധയിനം മത്സ്യങ്ങൾ ലഭ്യമായിരുന്നു. പക്ഷേ അതിന്ശേഷം ബ്ലാങ്ക്, ഏട്ട,ആറുകാലി തുടങ്ങിയ പലയിനം മത്സ്യങ്ങളും പൂർണ്ണമായി അപ്രത്യക്ഷമായി.

പുതിയകൃഷി സമ്പ്രദായങ്ങളുടെ ഭാഗമായി രാസവളങ്ങളും, കീടനാശിനികളും വ്യാപകമായി ഉപയോഗിച്ചു തുടങ്ങിയപ്പോഴാണ്. പലയിനം മത്സ്യങ്ങളും അപ്രത്യക്ഷമായത്. ഈ നില തുടർന്നാൽ ഇപ്പോൾ നിലനിൽക്കുന്ന അപൂർവ്വം ചിലമത്സ്യഇനങ്ങളും നാമാവശേഷമാകാനാണിട.

ഇതുകൂടാതെ ചേരികോണത്തുള്ള ചിറയിൽ മത്സ്യംവളർത്താനുള്ള ചില ശ്രമങ്ങൾ നടന്നിട്ടുണ്ട്. പക്ഷേ, അതെല്ലാം പൂർണ്ണതോതിൽ വിജയിച്ചുവെന്ന് പറയാനാവില്ല. രൂഹു, കട്ല എന്നീയിനങ്ങളാണ് വളർത്തുന്നത്.

ബോധപൂർവ്വമായ ഇടപെടീൽ നടത്തിയാൽ വളരെയേറെ സാധ്യതയുള്ള മേഖലയാണ് ഉൾനാടൻ ശുദ്ധജലമത്സ്യക്കൃഷി. പഞ്ചായത്തിലെ ഏലാ പ്രദേശങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്ന ചെറുതും വലുതുമായ കുളങ്ങളിലും മത്സ്യം വളർത്തുന്നതിനുള്ള സാധ്യത ആരായാവുന്നതാണ്. കൂടാതെ, പെരുംകുളം തോടിൽ ഉണക്കുകാലത്തും വെള്ളം നിൽക്കത്തക്ക രീതിയിൽ തോടുകൾ നിർമ്മിക്കുകയാണെങ്കിൽ വർഷം മുഴുവൻ മത്സ്യം വളർത്തൽ സാധ്യതകൾ നിലനിർത്താൻ പറ്റുന്നതാണ്.

തൃക്കോവിൽവട്ടം പഞ്ചായത്തിൽ ഡീസന്റ് ജംഗഷൻ, തട്ടോർകോണം, നടുവിലക്കര, കണ്ണനല്ലൂർ, പേരയം, പുതുച്ചിറ എന്നിവടങ്ങളിൽ നിത്യചന്തകളുണ്ട്. ഈ ചന്തകളിൽ മത്സ്യവിൽപ്പനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നിരവധി മത്സ്യതൊഴിലാളികളും ഉണ്ട്. 1950കളിലും 60കളിലും തലച്ചുമടായും സൈക്കിളിലുമാണ് ഇരവിപുരം, കൊല്ലം, നീണ്ടകര തുടങ്ങിയ സ്ഥലങ്ങളിൽനിന്നും മത്സ്യം കൊണ്ടുവന്നിരുന്നത്. ക്രമേണ ആ സ്ഥാനത്ത് മിനി ലോറികളിലാണ് ഇപ്പോൾ മത്സ്യം ചന്തകളിൽ എത്തുന്നത്. ഇടനിലക്കാരിൽനിന്നും ഈ മത്സ്യവിപണനരംഗത്തെ തൊഴിലാളികൾ മുക്തരായിട്ടില്ല. അതുകൊണ്ടുതന്നെ അവരുടെ ജീവിതനിലവാരത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല.

പ്രശ്നങ്ങൾ

1. ഇപ്പോൾ പഞ്ചായത്ത് പ്രദേശത്തുള്ള ലഭ്യമായ മത്സ്യയിനങ്ങൾ ഭീഷണിയെ നേരിടുന്നു.

2. പഞ്ചായത്ത്കുളങ്ങളിൽ മത്സ്യക്കൃഷി നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കപ്പെടുന്നില്ല.

3. സാങ്കേതികവിദ്യയും സാമ്പത്തികസഹായവും വേണ്ട രീതിയിൽ ലഭ്യമല്ല.

4. ഇടനിലക്കാരിൽനിന്നും പലിശനിരക്കിൽനിന്നും മത്സ്യത്തൊഴിലാളികൾ മുക്തമല്ല.

സാധ്യതകൾ

1. ഇപ്പോൾ നിലവിലുള്ള നാടൻ ഇനങ്ങൾ സംരക്ഷിക്കപ്പെടുന്നതിന്റെ ഭാഗമായി അമിതമായ രാസവളപ്രയോഗവും കീടനാശിനിപ്രയോഗവും നിയന്ത്രിക്കേണ്ടതാണ്. പെരുംകുളം

തോടിൽ തടാകങ്ങൾ നിർമ്മിച്ച് മത്സ്യ സമ്പത്ത് നിലനിർത്താനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

2. പഞ്ചായത്തിലെ പൊതുജലാശയങ്ങൾ കൂട്ടിയിണക്കി മത്സ്യക്കൃഷിക്കുള്ള സാധ്യതകൾ പരിശോധിക്കണം. പഞ്ചായത്തുതലത്തിൽ സൊസൈറ്റി രൂപീകരിച്ച് അതിന്റെ ആഭിമുഖ്യത്തിൽ മുഴുവൻ ജലാശയങ്ങളിലും മത്സ്യക്കൃഷി നടത്തുന്നതിനുള്ള അവസരം ഉണ്ടാകണം.

3. ശുദ്ധജലമത്സ്യക്കൃഷിരംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികളുടെ സഹായത്തോടെ സാങ്കേതികസഹായങ്ങളും സാമ്പത്തികസഹായങ്ങളും ശുദ്ധജല മത്സ്യക്കൃഷിയിൽ താൽപ്പര്യമുള്ളവർക്ക് ലഭ്യമാക്കണം.

4. മത്സ്യവികസനരംഗത്ത് പ്രവർത്തിക്കുന്ന പഞ്ചായത്തിലെ തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഇടനിലക്കാരിൽനിന്നും പലിശയ്ക്ക് പണം കൊടുക്കുന്നതിൽനിന്നും രക്ഷിക്കുന്നതിനുള്ള സമഗ്രപരിപാടികൾ ആലോചിക്കണം.

5. സ്വകാര്യമേഖലകളിൽ മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കണം.



# വ്യവസായം

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് പൂർണ്ണമായും ഒരു കാർഷിക ഗ്രാമമായിരുന്നു. നൂറ്റാണ്ടിന്റെ ആദ്യ പകുതി കഴിയുമ്പോഴേയ്ക്കും പഞ്ചായത്തിന്റെ ഈ സ്ഥിതിക്ക് മാറ്റം കണ്ടു തുടങ്ങി.

പേരയം. മൈലാപ്പൂര്, ചേരിക്കോണം, വെട്ടിലത്താഴം എന്നീ വാർഡുകളിലെ പരിമിതമായ കുടുംബങ്ങൾ പാരമ്പര്യമായി നെയ്ത്ത് തൊഴിലിൽ ഏർപ്പെട്ടിരുന്നെങ്കിലും പഞ്ചായത്തിലെ ഒരു വ്യവസായമായി കൈത്തറിരംഗം വികസിച്ചില്ല, നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ കണ്ണനല്ലൂരിലെ വ്യാപാരികൾ എത്തിച്ചുകൊടുക്കുന്ന നൂലുപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന വസ്ത്രം വ്യാപാരികൾക്കു തന്നെ തിരികെ നൽകി നെയ്ത്തുകൂലി വാങ്ങിവന്നു. ഇന്നും നമ്മുടെ പഞ്ചായത്തിൽ നെയ്ത്തുകാരുടെ എണ്ണം നാമമാത്രമാണ്. പേരയം, മൈലാപ്പൂര് മേഖലയിൽ ഈ രംഗത്ത് പണിയെടുക്കുന്നവർക്ക് പേരൂർ കൈത്തറി വ്യവസായസഹകരണസംഘത്തിന്റെ സഹായം ലഭിച്ചുവരുന്നു. ചേരീക്കോണം വാർഡിലെ നെയ്ത്തുകാർക്ക് നെടുമ്പന പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു കൈത്തറി സഹകരണസംഘത്തിന്റെ സഹായവും ലഭിക്കുന്നുണ്ട്.

നൂറ്റാണ്ടിന്റെ ആദ്യപകുതിയുടെ അവസാനഘട്ടമെത്തുമ്പോഴേയ്ക്ക് നമ്മുടെ പഞ്ചായത്തിൽ കശുവണ്ടി വ്യവസായം ആരംഭിച്ചു. NANR സ്ഥാപിച്ച കണ്ണനല്ലൂർ വടക്കേമുക്ക്, വാലിമുക്ക്, ഡീസന്റ് മുക്ക് ഫാക്ടറികളാണ് തൃക്കോവിൽവട്ടം പഞ്ചായത്തിലെ ആദ്യ കശുവണ്ടി ഫാക്ടറികൾ. കാർഷികവൃത്തിയിലേർപ്പെട്ടിരുന്ന നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളിൽനിന്ന് തോട്ടണ്ടി തല്ലാൻ വേണ്ടത്ര തൊഴിലാളികളെ അന്ന് ലഭിച്ചിരുന്നില്ല. ശൂരനാട് പോരുവഴി മേഖലകളിൽനിന്ന് സ്ത്രീ തൊഴിലാളികളെ കൊണ്ടുവന്ന് പണിയെടുപ്പിക്കേണ്ട സ്ഥിതി അന്ന് നിലവിലുണ്ടായിരുന്നു. ഇന്നിപ്പോൾ തൃക്കോവിൽവട്ടം പഞ്ചായത്തിൽ 18 കശുവണ്ടി ഫാക്ടറികളും കശുവണ്ടിപ്പരിപ്പിന്റെ പാക്കിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് പാക്കിംഗ് സെന്ററുകളും ഉണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികളുടെ ലിസ്റ്റ് പട്ടിക – 1ൽ പേജ് 36 ൽ കൊടുക്കുന്നു.

പഞ്ചായത്തിലെ 18 കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾ ആകെ തൃക്കോവിൽവട്ടം പഞ്ചായത്ത് നിവാസികളല്ല. അയൽ പഞ്ചായത്തുകളിൽനിന്ന് ധാരാളം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലെ ഫാക്ടറികളിലെത്തി പണിയെടുക്കുന്നു. അടുത്ത പഞ്ചായത്തിലെ കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്ന നമ്മുടെ പഞ്ചായത്തിലെ തൊഴിലാളികളുമുണ്ട്. സംഘടിത തൊഴിൽ മേഖലയായ കശുവണ്ടി വ്യവസായത്തിൽ പണിയെടുക്കുന്നത് ബഹുഭൂരിപക്ഷം സ്ത്രീകളാണ്. സംസ്ഥാനത്തെ കശുവണ്ടിവ്യവസായം ഏറിയ പങ്കും കൊല്ലം ജില്ലയിലാണ്. സംസ്ഥാനത്ത് നിലനിൽക്കുന്ന കശുവണ്ടി ഫാക്ടറികൾക്കാകെ ഒരുവർഷക്കാലമത്രയും പ്രവർത്തിക്കാനാവശ്യമായ തോട്ടണ്ടി നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നില്ല. അയൽ സംസ്ഥാനങ്ങളിൽനിന്നും മറ്റ് രാജ്യങ്ങളിൽനിന്നുമുള്ള ഇറക്കുമതിയെയാണ് ആശ്രയിക്കുക. തൊഴിൽദിനങ്ങളുടെ എണ്ണം പലപ്പോഴും കുറഞ്ഞുപോകാൻ ഇത് കാരണമാകുന്നു. ആവശ്യമായ തോട്ടണ്ടി ഇല്ലാതിരിക്കെ കൂടുതൽ ഫാക്ടറികൾക്ക് ലൈസൻസ് നൽകുകവഴി പ്രതിസന്ധി മൂർച്ഛിപ്പിക്കുകയാണ്. ഈ വ്യവസായത്തിന്റെ അസംസ്കൃത പദാർത്ഥമായ തോട്ടണ്ടിയുടെയും ഉൽപ്പന്നമായ പരിപ്പിന്റെയും വില വിദേശകമ്പോളങ്ങളാൽ നിയന്ത്രിക്കപ്പെടുന്നുവെന്നതും വ്യവസായത്തിന്റെ സുസ്ഥിരതയ്ക്ക് അപകടകരമാണ്. കശുവണ്ടിമേഖലയിൽ മാതൃകാപരമായി പ്രവർത്തിക്കേണ്ട കൃാഷ്യൂ വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. കശുവണ്ടിത്തൊഴിലാളികളുടെ മിനിമം വേജസ്സും മറ്റ് ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭിക്കുമെന്നത് ഉറപ്പാക്കുന്നതിൽ ഈ പൊതുമേഖലാ സ്ഥാപനങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. പ്രശ്നങ്ങൾ ഒട്ടനവ

ധിയുണ്ടെങ്കിലും ഈ മേഖലയിലെ തൊഴിലാളികൾക്ക് സേവന വേതന സ്ഥിരത ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെ ന്നുള്ളത് ആശ്വാസകരമാണ്. തീക്ഷ്ണമായ സമരങ്ങളിലൂടെയാണ് കശുവണ്ടിത്തൊഴിലാളികൾ സേവന വേതനവ്യവസ്ഥ മെച്ചപ്പെടുത്തിയത്. ജില്ലയിലെ മറ്റ് തൊഴിൽമേഖല കൾക്കുകൂടി ആവേശം പകരുന്ന സമ രങ്ങളുടെ നീണ്ടനിരതന്നെ ഉണ്ടായി ട്ടുണ്ട്. നേട്ടങ്ങൾ നേടിയെടുത്ത കശു വണ്ടി തൊഴിലാളി ഇന്നും ജീവിത ബുദ്ധിമുട്ടിലാണ്.

ഇക്കഴിഞ്ഞ കാൽ നൂറ്റാണ്ടിനിട യിൽ തൃക്കോവിൽവട്ടം പഞ്ചായ ത്തിൽ വളരെവേഗം വികാസം പ്രാപിച്ച വ്യവസായമാണ് ചുടുകട്ട വ്യവസായം. നെൽക്കൃഷിയുടെ തകർച്ച പാടങ്ങൾ തരിശ്ശിടുന്നതിലും തുടർന്ന് ചെളിയെടുക്കാൻ വിട്ടുകൊ ടുക്കുന്നതും കാരണമായി. പാടശേഖ രങ്ങളുടെ കരയിൽ ഒട്ടനവധി ചുടുക ട്ടക്കമ്പനികൽ വളർന്നുവരുന്നതിന് ഇത് കളമൊരുക്കി. ഈ വ്യവസായം ആരംഭിക്കാൻ ആവശ്യമായ മുതൽമു ടക്ക് ആപേക്ഷികമായി കുറവാണെ ന്നുള്ളതും, കുറഞ്ഞകൂലിക്ക് പണി യെടുക്കാൻ തൊഴിലാളികൾ ലഭ്യമാ ണെന്നുള്ളതും ഈ രംഗത്ത് മെച്ച പ്പെട്ട ആദായം ഉറപ്പാക്കുന്നു. പുറംനാ ടുകളിൽനിന്നും നാട്ടിലെത്തുന്ന പണ ത്തിന്റെ വലിയ പങ്ക് കെട്ടിടനിർമ്മാ ണത്തിനുപയോഗിക്കുന്ന സാമൂഹ്യനി ലപാട് ചുടുകട്ടയുടെ വിപണനം എളു പ്പമാക്കി. ഈ സാഹചര്യങ്ങളാകെ കൂടുതൽ കൂടുതൽ കട്ടക്കമ്പനികൾ നമ്മുടെ പഞ്ചായത്തിൽ ഉയർന്നുവരു വാൻ കാരണമായി എന്നുപറയാം. പഞ്ചായത്തിൽ നിലവിലുള്ള ചുടുകട്ട കമ്പനികളുടെ വിവരം പട്ടിക - 2 ആയി 37ൽ കൊടുത്തിരിക്കുന്നു.

ഭാഗികമായി മാത്രം തൊഴിൽ ലഭി ച്ചിരുന്ന കർഷകത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരം ഈ വ്യവ സായം പ്രദാനം ചെയ്യുന്നുണ്ടെങ്കിലും

**പട്ടിക - 2 ചുടുകട്ട കമ്പനികൾ**

| നമ്പർ | കശുവണ്ടി ഫാക്ടറി | വാർഡ് |
|---|---|---|
| 1. | മലബാർ കാഷ്യൂ & അലൈഡ് | 1 |
| 2. | MARK കാഷ്യു കമ്പനി | 2 |
| 3. | KSCDC 23 | 2 |
| 4. | ശ്രീകുമർ കാഷ്യു ഇൻഡസ്ട്രീസ് | 4 |
| 5. | രമണി കാഷ്യു | 5 |
| 6. | KSCDC 17 | 7 |
| 7. | ജനത കാഷ്യു | 7 |
| 8. | ദിലീപ്കുമാർ കാഷ്യു കമ്പനി | 6 |
| 9. | നൂർജ്ജഹാൻ കാഷ്യു കമ്പനി | 10 |
| 10. | നവഭാരത് കാഷ്യു ട്രേഡേഴ്സ് | 9 |
| 11. | യൂനുസ് കാഷ്യു കമ്പനി | 9 |
| 12. | ശാസ്താ കാഷ്യു കമ്പനി | 9 |
| 13. | എൻഎസ്.കാഷ്യു കമ്പനി | 12 |
| 14. | KSCDC 26 | 14 |
| 15. | എ.ഷാഹിദ്, മൈലപ്പൂർ | 15 |
| 16. | എം.എസ്.കാഷ്യു കമ്പനി | 10 |
| 17. | കാഷ്യു ഫാക്ടറി, തട്ടാർകോണം | 3 |
| 18. | കാഷ്യു ഫാക്ടറി, പേരയം | 14 |

ഇവിടെ പണിയെടുക്കുന്ന തൊഴിലാ ളികൾക്ക് കർഷകത്തൊഴിലാളി കൾക്ക് ലഭിക്കുന്ന കൂലിയോ, മറ്റു വ്യവസായമേഖലകളിലെ തൊഴിലാളി കൾക്ക് ലഭ്യമാകുന്ന ആനുകൂല്യ ങ്ങളോ കിട്ടുന്നില്ല എന്ന സ്ഥിതിയു മുണ്ട്.

ചുടുകട്ടകളിൽനിന്ന് സിമന്റ് ഉപ യോഗിച്ച് നിർമ്മിക്കുന്ന ഹോളോ ബ്രിക്സിലേയ്ക്കുള്ള ഒരു മാറ്റം നമ്മുടെ പഞ്ചായത്തിൽ ദൃശ്യമായി ത്തുടങ്ങിയിട്ടുണ്ട്. ഭിത്തികൾക്ക് സിമന്റ് പൂശുന്നതൊഴിവാക്കി വീടു നിർമ്മാണത്തിന്റെ ചെലവ് കുറ യ്ക്കാനും മുറിയ്ക്കുള്ളിൽ കൂടുതൽ ചൂട് അനുഭവപ്പെടാതിരിക്കാനും ഇത്തരം കട്ടകൾ ഉതകുമെന്ന് അഭി പ്രായമുണ്ട്. ആ നിലയിൽ ഇടത്തര ക്കാർക്കും ദുർബ്ബലജനവിഭാഗ ങ്ങൾക്കും വീടുകൾ കെട്ടാൻ ഇത്തരം കട്ടകൾ കൂടുതൽ സൗകര്യപ്രദമാകു മെങ്കിൽ ഈ വ്യവസായത്തിന് കൂടു തൽ വികസനസാധ്യതയുണ്ട്. പഞ്ചാ യത്തിൽ പ്രവർത്തിക്കുന്ന ഹോളോ ബ്രിക്സ് യൂണിറ്റുകൾ പട്ടിക - 3 ൽ പേജ് 37 ൽ കൊടുക്കുന്നു.

എഴുപതുകളോടെയാണ് നമ്മുടെ പഞ്ചായത്തിൽ സാമിൽ വ്യവസായം വ്യാപകമായത്. മരം കീറിമുറിക്കുക തച്ചന്മാരുടെ പണിയായിരുന്നു. കൈവാളുകൾ ഉപയോഗിക്കുന്ന സമ്പ്രദായം ഇന്നും നിലനിൽക്കുന്നു. കെട്ടിടനിർമ്മാണത്തിനും ഫർണിച്ചറു കൾക്കും ഉപയോഗിക്കുന്ന തടിയുടെ മുന്തിയ പങ്ക് സാമില്ലുകളാണ് കൈകാര്യം ചെയ്യുക. 70കളിലും 80

പട്ടിക – 3

ഹോളോ ബ്രിക്സ് യൂണിറ്റുകൾ

| നമ്പർ | ഹോളോബ്രിക്സ് യൂണിറ്റുകൾ |
|---|---|
| 1. | സി.ഗീത, ജിഷാലയം, ചെന്താപ്പൂര് |
| 2. | ജി.ജോർജ്ജ്, വാറൂർവിള |
| 3. | ഇ.സെയ്നുദ്ദീൻ, കണ്ണനല്ലൂർ |
| 4. | ലിസി, രമ്യാ നിവാസ് |

പട്ടിക–2

| നമ്പർ | ചുടുകട്ടക്കമ്പനികൾ | വാർഡ് |
|---|---|---|
| 1. | ഗിരിജാ ഗോപാലകൃഷ്ണൻ | I |
| 2. | പ്രകാശ് ബാബു | 2 |
| 3. | എം.ആർ.രാധാകൃഷ്ണൻ ഉണ്ണിത്താൻ | 3 |
| 4. | കുഞ്ഞുകൃഷ്ണൻ കെ.എസ്.കെ ബ്രിക്സ് | 7 |
| 5. | എ.പരീത്, ജയ്ജവഹർ ബ്രിക്സ് | 9 |
| 6. | എൻ.കെ.ഷാജഹാൻ | 9 |
| 7. | മുഹമ്മദ് ഷാ | 9 |
| 8. | രാമകഷ്ണനാചാരി SRA ബ്രിക്സ് | 11 |
| 9. | സുബൈദാ റഹുമാൻ | 11 |
| 10. | എം.കമാലുദ്ദീൻ | 11 |
| 11. | എം.കെ.ബി. താഹ | 12 |
| 12. | ഇ.സലിം | 13 |
| 13. | ജനാർദ്ദനൻ നായർ | 14 |
| 14. | ഇബ്രഹിംകുട്ടി | 6 |

കളിലും തടികൊണ്ടുള്ള പായ്ക്കിംഗ് കെയ്സിനുവന്ന വർദ്ധിച്ച ഡിമാന്റും റബ്ബർ തടി ഉപയോഗിച്ച് ഈ ആവശ്യകത നിർവ്വഹിക്കാനുള്ള സാധ്യതയും ഒത്തിണങ്ങിയപ്പോൾ സാമില്ലുകളുടെ എണ്ണം കൂടി. തീപ്പെട്ടിക്കാവശ്യമായ തടിവസ്തുക്കളുടെ വർദ്ധിച്ച ഡിമാന്റ് ആ മേഖലയിലെ തടിമില്ലുകളുടെ എണ്ണവും വർദ്ധിപ്പിച്ചു. പഞ്ചായത്തിലെ സാമില്ലുകളുടെ വിവരം പട്ടിക – 4ൽ കൊടുക്കുന്നു.

വിപണനത്തിനായി കല്ലുവെട്ടുന്ന രീതി മൂന്നുനാല് ദശകങ്ങൾക്കുമുമ്പുവരെ തൃക്കോവിൽവട്ടം പഞ്ചായത്തിൽ നിലവിലില്ലായിരുന്നു. ഇന്ന് വിപണനത്തിനുവേണ്ടി കല്ലുവെട്ടിക്കുന്ന കോൺട്രാക്ടർമാരും അവർക്കുവേണ്ടി പണിയെടുക്കുന്ന തൊഴിലാളികളുമുണ്ട്. വ്യക്തിഗത ആവശ്യങ്ങൾക്കുവേണ്ടിയും കല്ലുവെട്ടുന്നുണ്ട്. ചെറിയേല വെസ്റ്റ് വാർഡിൽ ഒരു സഹകരണസ്ഥാപനം ഈ രംഗത്ത് പ്രവർത്തിക്കുന്നു.

തൃക്കോവിൽവട്ടം പഞ്ചായത്തിലെ ആധുനിക ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അടിത്തറയിട്ടത് പേരയം സൗത്ത് വാർഡിൽ സ്ഥിതി ചെയ്യുന്ന ഉമയനല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ആരംഭത്തോടെയാണ്. 1960കളിൽ ആരംഭിച്ച ഈ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 32 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങളുമുണ്ട്. 20 ഓളം വ്യവസായ യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചുവരുന്ന ലെയ്ത്ത് നിർമ്മാണ യൂണിറ്റായിരുന്നു കിറ്റ്കോസ് സഹകരണമേഖലയിൽ HMT യുടെ സഹായത്തോടെ പ്രവർത്തിച്ചുവന്ന ഈ സ്ഥാപനം തകർച്ചയുടെ ഘട്ടത്തിലാണ്. ഈ സ്ഥാപനം എസ്റ്റേറ്റിനോട് ചേർന്ന സ്ഥലത്താണ്. സിഡ്കോയുടെ ചുമതലയിൽ പ്രവർത്തിക്കുന്ന ഒരു എഞ്ചിനീയറിംഗ് യൂണിറ്റ് കാര്യക്ഷമമായി എസ്റ്റേറ്റിനുള്ളിൽ പ്രവർത്തിക്കുന്നു.

ഉമയനല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനോടൊപ്പം ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കണ്ണനല്ലൂരിൽ പ്രവർത്തിക്കുന്നു. 5 വ്യവസായ യൂണിറ്റുകൾക്ക് പ്രവർത്തിക്കാൻ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും 2 യൂണിറ്റുകൾ മാത്രമാണ് പ്രവർത്തിക്കുക.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ

പട്ടിക–4

| നമ്പർ | സാമിൽ |
|---|---|
| 1. | ശിവരാമൻ |
| 2. | ബദറുദ്ദീൻ |
| 3. | ഓമനക്കുട്ടൻപിള്ള |
| 4. | സുധാകരൻ |
| 5. | കെ.ജി.ലാൽജി |
| 6. | അയ്യപ്പൻപിള്ള |
| 7. | സഹദേവൻ |
| 8. | സൈനബാബീവി |
| 9. | അജിതകമാരി |
| 10. | രാമചന്ദ്രൻപിള്ള |
| 11. | വേണു |
| 12. | ഷാഹുദ്ദീൻ |
| 13. | റംലത്ത് |
| 14. | ഗോപിനാഥൻ |
| 15. | സിയാദ് |
| 16. | സെലിൻ |
| 17. | അശോകൻ |
| 18. | സുശീല |

വ്യവസായ യൂണിറ്റുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ജോലി സ്ഥിരതയോ മറ്റാനുകൂല്യങ്ങളോ ലഭിക്കുന്നില്ല. കുറഞ്ഞകൂലിക്ക് പണിയെടുക്കുന്നവരാണധികവും.

ശ്രദ്ധയർഹിക്കുന്ന മറ്റൊരു മേഖലയാണ് ഖാദി വ്യവസായ യൂണിറ്റുകൾ. സോപ്പുനിർമ്മാണത്തിൽ മികച്ച നിലവാരം പുലർത്തുന്ന 2 യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. നടുവിലക്കരയിലും മൈലാപ്പൂരും പ്രവർത്തിക്കുന്ന പ്രസ്തുത യൂണിറ്റുകൾക്ക് കാൽനൂറ്റാണ്ടുകാലത്തെ മികവിന്റെ ചരിത്രമുണ്ട്. പേരയം നോർത്ത് വാർഡിൽ നൂൽനൂൽപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു യൂണിറ്റുമുണ്ട്. നടുവിലക്കരയിൽ ആരംഭിച്ച യൂണിറ്റ് പൂട്ടിപ്പോവുകയാണുണ്ടായത്.

മൈലാപ്പൂർ വാർഡിൽ പ്രവർത്തിക്കുന്ന വൻകിട അലയൻസ് ഫ്ളവർമിൽ, സ്റ്റീൽ ഫർണിച്ചർ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ, പാറ പൊടിച്ച് മെറ്റലാക്കുന്ന ക്രഷർ യൂണിറ്റുകൾ, കറി പൗഡർ ഉൽപ്പാദനയൂണിറ്റ്, ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ അസംബ്ലിംഗ് യൂണിറ്റ്, ക്ലേ പൗഡർ ഉൽപ്പാദന യൂണിറ്റ്, പി.വി.സി. പൈപ്പ് ഉൽപ്പാദന യൂണിറ്റ്, മൊസേക്-ടൈൽ നിർമ്മാണ യൂണിറ്റുകൾ, ഷട്ടറുകൾ, ഗ്രില്ലുകൾ, ഗേറ്റുകൾ ഇവ നിർമ്മിക്കുന്ന എഞ്ചിനീയറിംഗ് യൂണിറ്റുകൾ, പ്രസുകൾ, സർവ്വീസ് സ്റ്റേഷനുകൾ, വർക്ക്ഷോപ്പുകൾ, ബേക്കറികൾ, പർപ്പടക ഉൽപ്പാദന കേന്ദ്രങ്ങൾ, ചെറുകിട റൈസ് & ഫ്ളവർ മില്ലുകൾ തുടങ്ങിയ ഒട്ടനവധി വ്യവസായ സ്ഥാപനങ്ങളും തൃക്കോവിൽവട്ടം പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

അരനൂറ്റാണ്ടുകാലത്തിനിടയിൽ വ്യാവസായികരംഗത്ത് വമ്പിച്ച മാറ്റമുണ്ടായ പഞ്ചായത്താണ് തൃക്കോവിൽവട്ടം. സ്വയംതൊഴിൽ കണ്ടെത്തുവാൻ മുഖത്തല ബ്ലോക്കുവഴി 70 പേർക്ക് പരിശീലനം ലഭിച്ചു. ട്രൈസം പദ്ധതിയിലൂടെ തൊഴിൽ പരിശീലനം ലഭിച്ച ഇവരിൽ 10പേർ സ്വയംതൊഴിൽ കണ്ടെത്തിയിട്ടുണ്ട്.

പട്ടിക – 5 ബന്ധപ്പെട്ട വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു

DWCRA പദ്ധതി പ്രകാരം പഞ്ചായത്തിൽ രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം പട്ടിക – 6 ചുവടെ ചേർക്കുന്നു.

DWCRA പദ്ധതിയനുസരിച്ച് 43 തൊഴിൽ സംരംഭകരെ കൂട്ടിയോജിപ്പിച്ച് 4 യൂണിറ്റുകളുടെ രൂപികരണം നടന്നിട്ടുണ്ട്. ഇതിൽ 10 പേർ പട്ടികജാതിയിൽപ്പെടുന്നവരാണ്.

വ്യാവസായികരംഗത്ത് തൃക്കോവിൽവട്ടം പഞ്ചായത്തിലുണ്ടായ ഈ മാറ്റത്തിലൂടെ കാർഷികേതര മേഖലയിൽ തൊഴിൽ ലഭ്യത വർദ്ധിപ്പിച്ചു. പഞ്ചായത്തിന്റെ കാർഷികമുഖമുദ്ര മാറ്റുന്നതിൽ ഇത് കാരണമായെന്നുപറയാം. കെട്ടിടനിർമ്മാണരംഗത്തുണ്ടായ വൈപുല്യവും ആരംഗത്ത് പണിയെടുക്കുന്നവരുടെ എണ്ണവും കൂടി പരിഗണിക്കുമ്പോൾ വസ്തുത കൂടുതൽ പ്രബലമാകുന്നു. പൊതുവിൽ കാർഷികമേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം കുറയുകയും കാർഷികേതരമേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണത്തിൽ വമ്പിച്ച വർദ്ധനവുണ്ടാവുകയും ചെയ്തു എന്നുകാണാം.

ഈ പശ്ചാത്തലത്തിൽനിന്നുകൊ

### പട്ടിക–5 ട്രൈസം പരിശീലനം

| വർഷം | പരിശീലനം ലഭിച്ചവർ | സ്വയംതൊഴിൽ കണ്ടെത്തിയവർ |
|---|---|---|
| 1991 | 21 | |
| 1992 | 12 | |
| 1993 | 8 | 10 |
| 1994 | 17 | |
| 1995 | 12 | |
| ആകെ | 70 | 10 |

### പട്ടിക – 6 DWCRA പദ്ധതി

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ചവർഷം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 4 | റെഡിമെയ്ഡ് ഗാർമെന്റ്സ് ജ്യോതിസ്, ചെറിയേല | 1993- 94 | 10 Women S/C |
| 8 | സമഭാവന, കണ്ണനല്ലൂർ | 1995- 96 | 10 Women |
| 10 | സ്വാശ്രയ, മുഖത്തല | 1995- 96 | 12 Women |
| 11 | അക്ഷയ, മുഖത്തല ഡയറി യൂണിറ്റ് | 1993- 94- | 12 Women |
| | | ആകെ | 43 |

ണ്ടുവേണം പുതിയ വ്യവസായ സംരംഭങ്ങളെക്കുറിച്ച് ആലോചിക്കുവാൻ. നമ്മുടെ പഞ്ചായത്തിൽ 'പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന പല ഘടകങ്ങളുണ്ട്. നഗരപ്രദേശങ്ങളിൽനിന്ന് താമസ്സത്തിനായി നമ്മുടെ പഞ്ചായത്തിലേയ്ക്ക് എത്തുന്നവരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് ഭൂമിയുടെ വിലയിൽ വമ്പിച്ച വർദ്ധനവുണ്ടാക്കി. ഭൂമിയുടെ വിലവർദ്ധനവ് വ്യവസായ ആവശ്യങ്ങൾക്ക് ഭൂമി വാങ്ങുവാൻ തടസ്സമായി നിൽക്കുന്നു. ആദായകരമായി പ്രവർത്തിക്കുവാൻ കഴിയുന്ന വ്യവസായം ഏത് എന്നുകണ്ടെത്തുവാനുള്ള ശേഷിയില്ലായ്മയും വ്യവസായം തുടങ്ങാൻ ആവശ്യമായ സാങ്കേതിക അറിവിന്റെ കുറവും വ്യവസായം ആരംഭിച്ചാൽ തകർന്നുപോകുമോ എന്ന ആശങ്കയും സാമ്പത്തിക സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കുവാൻ നിലനിൽക്കുന്ന തടസ്സങ്ങളും എല്ലാം പുതിയ വ്യവസായങ്ങളാരംഭിക്കുവാൻ തടസ്സമാകുന്നു. ഈ കടമ്പകൽ എല്ലാം കടന്നാൽപ്പോലും വ്യവസായത്തിനാവശ്യമായ ഊർജ്ജം–ഇലക്ട്രിക്സിറ്റി–ആവശ്യമായ അളവിൽ ലഭ്യമല്ല എന്നതും ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുന്നു. ഈ പ്രശ്നങ്ങൾ ആകെ നിലനിൽക്കുമ്പോഴും വ്യവസായങ്ങൾ ആരംഭിക്കുവാനും വിജയകരമാക്കുവാനും കഴിയുമെന്നാണ് കഴിഞ്ഞ അരനൂറ്റാണ്ടിന്റെ അനുഭവം നമ്മെ ബോധ്യപ്പെടുത്തുന്നത്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ കൈത്തറിമേഖല ദശകങ്ങളായി മുരടിച്ചു നിൽക്കുന്നു.

2. കശുവണ്ടിമേഖലയിൽ തോട്ടണ്ടിയുടെ ആഭ്യന്തരലഭ്യക്കുറവ്.

3. തോട്ടണ്ടിലഭ്യത കുറവായിരിക്കേ കൂടുതൽ കശുവണ്ടി ഫാക്ടറികൾക്ക് ലൈസൻസ് നൽകുന്നു.

4. തോട്ടണ്ടിയുടെയും പരിപ്പിന്റെയും വില വിദേശകമ്പോളങ്ങൾ നിയന്ത്രിക്കുന്നു.

5. കാഷ്യൂ കോർപ്പറേഷന്റെയും കാപ്പക്സിന്റെയും ദുസ്ഥിതി

6. കശുവണ്ടി കുത്തകസംഭരണം സർക്കാർ വേണ്ടെന്നുവച്ചു.

7. ചുടുകട്ട കമ്പനികൾക്ക് ആവശ്യമായ ചെളി വയലേലകളിൽനിന്നാണ് സംഭരിക്കുക. ഇത് ദീർഘകാലം തുടരാനാവില്ല.

8. ചുടുകട്ട കമ്പനികളിലെ തൊഴിലാളികൾക്ക് സേവനവേതനവ്യവസ്ഥകൾ നടപ്പിലാക്കാതിരിക്കുന്ന അവസ്ഥ.

9. പുറംനാടുകളിൽനിന്നെത്തുന്ന പണം സ്ഥായിയായ ഒരു വരുമാനമല്ല. ആ പണം ഉപയോഗിച്ചുകൊണ്ടുള്ള കെട്ടിടനിർമ്മാണത്വരയും അതുകൊണ്ടുതന്നെ സ്ഥായിയല്ല. ഇത് കട്ടക്കമ്പനികളുടെ ഭാവിയെ ബാധിച്ചേക്കാം.

10. സാമിൽ വ്യവസായത്തിൽ അസംസ്കൃതവസ്തുക്കളുടെ ലഭ്യതയിലുള്ള കുറവ്.

11. തടികൊണ്ടുള്ള പായ്ക്കിംഗ് കേയ്സുകൾക്ക് ഡിമാന്റിൽ ഉണ്ടായ കുറവ്.

12. തീപ്പെട്ടി വ്യവസായത്തിനാവശ്യമായ ഉൽപ്പന്നങ്ങളുണ്ടാക്കാൻ ഉള്ള തടികളുടെ ലഭ്യതക്കുറവ്.

13. തീപ്പെട്ടിയുമായി ബന്ധപ്പെട്ട് ഉൽപ്പാദിപ്പിക്കുന്ന കൊള്ളി തുടങ്ങിയ വസ്തുക്കളുടെ പ്രധാനവിപണനകേന്ദ്രം ശിവകാശിയാണ്. ഈ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏജന്റുമാർ തട്ടിയെടുക്കുന്ന കൊള്ളലാഭം.

14. ചെറുകിട ആധുനിക വ്യവസായികോൽപ്പന്നങ്ങൾക്കുള്ള വിപണന സൗകര്യക്കുറവ്.

15. 150–ൽ അധികം തൊഴിലാളികൾ പണിയെടുത്തിരുന്ന "കിറ്റ്കോസ്" അടഞ്ഞുകിടക്കുന്നു.

16. ഖാദിബോർഡ് വ്യവാസായാവശ്യങ്ങൾക്കായി നൽകുന്ന സാമ്പത്തികസഹായം വ്യവസായാവശ്യങ്ങൾക്കല്ലാതെ വിനിയോഗിക്കുന്ന അവസ്ഥ.

17. വൈദ്യുതിയുടെ അപര്യാപ്തത.

18. ഭൂമിക്കുണ്ടായ അമിത് വില വർദ്ധനവ് വ്യവസായാവശ്യങ്ങൾക്ക് ഭൂമി വാങ്ങുവാൻ തടസ്സമായി നിൽക്കും.

19. മെച്ചപ്പെട്ട വിപണനസാധ്യതയുള്ള വ്യാവസായികോൽപ്പന്നം ഏതെന്ന് കണ്ടെത്താനുള്ള ശേഷിക്കുറവ്. അത്തരം വ്യവസായസ്ഥാപനങ്ങൾ ആരംഭിക്കാൻവേണ്ട വൈദഗ്ധ്യത്തിന്റെ കുറവ്.

20 ചെറുകിടവ്യവസായങ്ങൾക്ക് വൻകിടക്കാരുമായി മത്സരിക്കേണ്ടിവരുന്ന ദുഃസ്ഥിതി.

21. വ്യവസായങ്ങൾക്കാവശ്യമായ ലോൺ ലഭ്യമാക്കുന്നതിൽ വാണിജ്യ ബാങ്കുകൾ കാണിക്കുന്ന വൈമുഖ്യം.

22. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ സർക്കാർ നൽകുന്ന സാമ്പത്തികസഹായം നേടിയെടുക്കാനുള്ള ബുദ്ധിമുട്ട്.

23. വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം.

24. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും ഒട്ടനവധി യൂണിറ്റുകൾ അടഞ്ഞുകിടക്കുന്നു.

25. ബേക്കറി, പർപ്പിടകനിർമ്മാണം തുടങ്ങിയ മേഖലകളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിലുള്ള വൈമുഖ്യം.

26. വനിതാ വ്യവസായസംരംഭങ്ങൾക്ക് സർക്കാർ സഹായം നിലവിലുണ്ടെങ്കിലും അവ പ്രയോജനപ്പെടുത്തുവാൻ നേതൃത്വപരമായ പങ്കിന്റെ കുറവ്.

## സാധ്യതകൾ

1. കൈത്തറിമേഖലയിൽ കാലാകാലങ്ങളായി നിലനിൽക്കുന്ന നെയ്ത്തുരീതികൾ മെച്ചപ്പെടുത്തി ആകർഷകമായ തുണിത്തരങ്ങളുടെ ഉൽപ്പാദനത്തിന് നെയ്ത്തുതൊഴിലാളികളുടെ പ്രാപ്തരാക്കുവാൻ പരിശീലനപരിപാ

ടികൾ സംഘടിപ്പിച്ചുകൊണ്ട് കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുവാൻവേണ്ട സംവിധാനങ്ങൾ പഞ്ചായത്തുതലത്തിൽ ഏർപ്പെടുത്തണം.

2. തോട്ടണ്ടിയുടെ ആഭ്യന്തരലഭ്യത വർദ്ധിപ്പിക്കുവാൻ കശുമാവ് കൃഷി വ്യാപകമാക്കണം. തരിശുഭൂമികളിലും പുറംമ്പോക്കുകളിലും കശുമാവ്കൃഷി വ്യാപകമാക്കുവാൻ ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും നേതൃത്വത്തിൽ നടപടികൾ ആരംഭിക്കണം.

3. തോട്ടണ്ടി ലഭ്യതക്കുറവായിരിക്കേ പുതിയ കശുവണ്ടി ഫാക്ടറികൾക്ക് ലൈസൻസ് കൊടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണം.

4. തോട്ടണ്ടിയുടെയും പരിപ്പിന്റെയും വില നിശ്ചയിക്കുന്നതിൽ ഇടപെടാൻ കഴിയുന്ന നിലയിലുള്ള ഒരു സംവിധാനം ഏർപ്പെടുത്തണം. കശുവണ്ടി മുതലാളിമാരുടെ പ്രതിനിധികളും കാഷ്യു കോർപ്പറേഷൻ കാപ്പക്സ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രതിനിധികളും ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥന്മാരും ഉൾപ്പെടുന്ന ഈ സംവിധാനത്തിന് തോട്ടണ്ടിയുടെയും പരിപ്പിന്റെയും വില നിശ്ചയിക്കുന്നതിൽ ഇടപെടാനുള്ള ശേഷിയുണ്ടാവണം.

5. ചെളി ലഭിക്കുന്നതിനുള്ള സാധ്യത കുറഞ്ഞുകൊണ്ടിരിക്കേ കൂടുതൽ കട്ടക്കമ്പനികൾ ഉണ്ടാകുന്നത് ആശാസ്യമല്ല. സിമന്റ് ഉപയോഗിച്ചുള്ള കട്ടകളുടെ നിർമ്മാണം ഇതിന് ഒരു പരിഹാരമാണോ എന്ന് പരിശോധിക്കണം.

6. ചുടുകട്ടക്കമ്പനികളിലെ തൊഴിലാളികൾക്ക് സേവനവേതന വ്യവസ്ഥകൾ നടപ്പിലാക്കണം.

7. തീപ്പെട്ടിക്കമ്പനികളുടെ നിലനിൽപ്പിനാവശ്യമായ തടികൾ ലഭ്യമാകത്തക്കനിലയിൽ അതിനുപയോഗിക്കുന്ന തരം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കണം.

8. ചെറുകിടവ്യവസായമേഖലയിൽ ആദായകരമായി നടത്തുവാൻ കഴിയുന്നതും ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യതയുള്ളതുമായ വ്യവസായങ്ങൾ കണ്ടെത്തുവാൻ പഞ്ചായത്തുതലത്തിൽ ഒരു വിദഗ്ധ പഠനം നടത്തുകയും അത് വ്യവസായസംരംഭകർക്ക് ലഭ്യമാക്കുന്നതിനുള്ള ഒരു ഏജൻസിയെ പഞ്ചായത്ത്തലത്തിൽ ഏർപ്പെടുത്തുകയും ചെയ്യണം.

9. വിദഗ്ധ തൊഴിലാളികൾക്ക് ദൗർലഭ്യം അനുഭവപ്പെടുന്ന മേഖലകളിൽ തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പരിശീലനം നൽകണം.

10. അടഞ്ഞുപോയ "കിറ്റ്കോസ്" പോലുള്ള സ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

11. ഖാദിബോർഡിൽനിന്നും വ്യവസായസംരംഭകർക്ക് നൽകുന്ന സാമ്പത്തികസഹായം വ്യവസായ ആവശ്യങ്ങൾക്കുതന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കാൻ പഞ്ചായത്തുതല്ത്തിൽ ക്രമീകരണങ്ങളുണ്ടാകണം.

12. ബേക്കറി, പർപ്പിടകനിർമ്മാണം തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്നവരെക്കൂടി യോജിപ്പിച്ചുകൊണ്ട് അവയുടെ നിർമ്മാണം ആധുനികവൽക്കരിക്കാൻ പഞ്ചായത്തുതല സംരംഭങ്ങൾ ഉണ്ടാകണം.

13. തൊഴിൽരഹിതരായ വനിതകൾക്ക് കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കാൻ വനിതാ വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ഗാർമെന്റ് മേക്കിംഗ്, കറി പൗഡർ ഉൽപ്പാദനം, മെഴുകുതിരി, തീപ്പെട്ടി, അച്ചാറുകൾ, ചെരിപ്പുകൾ എന്നിവയുടെ ഉൽപ്പാദനമേഖലകളിൽ തൊഴിൽ കണ്ടെത്തുവാൻ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

14. സ്വർണ്ണപ്പണിക്കാരുടേയും തടിയിൽ പണിയെടുക്കുന്നവരുടെയും ബ്ലാക്ക്സ്മിത്തുകളേയും അതതുമേഖലകളിൽ സംഘടിപ്പിച്ചുകൊണ്ട് അവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ശ്രമിക്കണം.

15. പഞ്ചായത്തിലെ മുഴുവൻ ക്ഷീര സംഘങ്ങളേയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു അപക്സ് സൊസൈറ്റി രൂപീകരിച്ചുകൊണ്ട് ഈ സംഘങ്ങളിൽ പ്രാദേശികമായി വിതരണം ചെയ്യുന്നതിലധികമായിവരുന്ന പാൽ, പാലുൽപ്പന്നങ്ങളാക്കി വിതരണം ചെയ്യുവാൻ പഞ്ചായത്ത്തലത്തിൽ പദ്ധതിയുണ്ടാക്കാം.

16. ക്ഷീരസംഘങ്ങളുടെ അപക്സ് സൊസൈറ്റിക്ക് കാലിത്തീറ്റകൾക്കും മൃഗപരിപാലനത്തിനാവശ്യമായ മരുന്നുകളും ഉൽപ്പാദനകേന്ദ്രങ്ങളിൽനിന്ന് സമാഹരിച്ച് കുറഞ്ഞവിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കാൻ കഴിയും.

17. ക്ഷീരവികസനസംഘങ്ങളുടെയോ അപക്സ് സൊസൈറ്റികളുടെയോ നേതൃത്വത്തിലോ ബ്ലോക്ക്തലത്തിലോ ജില്ലാതലത്തിലോ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുവാൻ സാധ്യതയുണ്ട്.

18. പുറംനാടുകളിൽനിന്ന് എത്തുന്ന പണം. ഉൽപ്പാദനമേഖലകളിലേയ്ക്ക് തിരിച്ചുവിടാൻ വേണ്ട ബോധവൽക്കരണപരിപാടികൾ ഏറ്റെടുക്കണം.

19. വ്യവസായങ്ങൾ തുടങ്ങാൻ തടസ്സമായി നിൽക്കുന്ന വൈദ്യുതിയുടെ അപര്യാപ്തതയ്ക്ക് സംസ്ഥാനതലത്തിൽ അടിയന്തിരമായി പരിഹാരം കാണണം.

20. ഭൂമിയുടെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വ്യവസായസംരംഭകരെ സഹായിക്കുവാൻ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുവാനുള്ള സാധ്യതകൾ ആരായണം.

21. നിലവിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ അടഞ്ഞുപോയ വ്യവസായ യൂണിറ്റുകളിൽ നിലനിൽക്കുന്ന സൗകര്യം പുതിയ സംരംഭകർക്ക് ലഭ്യമാക്കണം. ഒന്നിലധികം വ്യവസായ യൂണിറ്റ് സൗകര്യങ്ങൾ പലപേരുകളിൽ സ്വന്തമാക്കി എസ്റ്റേറ്റ് ആകെ

സ്വന്തമാക്കുവാനുള്ള കുത്സിതശ്രമങ്ങളെ തടയാൻ കഴിയണം.

22. പഞ്ചായത്തിലെ പ്രധാന കാർഷികോത്പ്പന്നമായ നാളീകേരം ഉപയോഗിച്ചുള്ള വ്യവസായങ്ങളുടെ സാധ്യതകൾ ആരായണം.

23. പച്ചത്തൊണ്ടിൽനിന്ന് ചകിരി ഉൽപ്പാദിപ്പിക്കാനുള്ള ഒരു വ്യവസായ യൂണിറ്റിന്റെ സാധ്യത പരിശോധിക്കണം.

24. കാഷ്യു കോർപ്പറേഷനും കാപക്സും വ്യാവസായികാവശ്യങ്ങൾക്ക് പുറത്തുനിന്ന് വാങ്ങുന്ന കാർപെന്റ്സ് പോലെയുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ചുനൽകുവാൻ ഒരു അനുബന്ധവ്യവസായത്തിന് സാധ്യതയുണ്ട്.

25. പഞ്ചായത്തിൽ ലഭ്യമാകുന്ന ഓലകൾ ശേഖരിച്ച് രാസപ്രയോഗത്തിലൂടെ നിലനിൽപ്പിന്റെ കാലദൈർഘ്യം വർദ്ധിപ്പിച്ച് മെടഞ്ഞ് നൽകുന്നതിനുള്ള ഒരു യൂണിറ്റ് ദുർബ്ബലജനവിഭാഗങ്ങളെ സഹായിക്കും.

26. ഇലക്ട്രോണിക്സ് രംഗത്ത് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ അസംബ്ലിംഗ് യൂണിറ്റുകൾ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ സ്ഥാപിക്കുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ ആരംഭിക്കണം.

27. ജില്ലയുടെ കിഴക്കൻ മേഖലകളിൽ ധാരാളമായി ഉൽപ്പാദിപ്പിക്കുന്ന റബ്ബർ ഉപയോഗിച്ചുകൊണ്ടുള്ള ഒരു വ്യാവസായിക യൂണിറ്റ് ആരംഭിക്കുവാൻ വേണ്ട പഠനങ്ങൾ നടത്തണം.

28. കശുഅണ്ടി മേഖലയായ തൃക്കോവിൽവട്ടം പഞ്ചായത്തിന് കശുവണ്ടിപ്പരിപ്പ് ഉപയോഗിച്ചുകൊണ്ട് ഉണ്ടാക്കുവാൻ കഴിയുന്ന ഉൽപ്പന്നങ്ങൾക്കുള്ള വ്യവസായ യൂണിറ്റിന്റെ സാധ്യത ആരായണം.

29. പഞ്ചായത്തിലെ കലാകാരൻമാരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു അഡ്വർടൈസിംഗ് ഏജൻസിക്ക് രൂപം നൽകുവാനും അതോടൊപ്പം ഷോ കാർഡുകളും ഗ്രീറ്റിംഗ് കാർഡുകളും തയ്യാറാക്കി വിപണനം ചെയ്യുവാനും കഴിയണം.

30. വ്യാവസായികാടിസ്ഥാനത്തിൽ ഓർക്കിഡ്, ആന്തൂറിയം, കൂൺ എന്നിവയുടെ കൃഷി ആരംഭിച്ച് വിപണന സൗകര്യങ്ങൾ ഒരുക്കണം.

31. പഞ്ചായത്തിൽ ഒരു പവർലൂം യൂണിറ്റിന്റെ സാധ്യതകൾ ആരായണം.

32. ഔഷധത്തോട്ടങ്ങൾക്ക് രൂപം നൽകിക്കൊണ്ട് ആയുർവ്വേദ ഔഷധങ്ങളുടെ വ്യാവസായികോൽപ്പാദനത്തിനുള്ള സാധ്യതകൾ ആരായണം.

33. ഈറയും, ചൂരലുമുപയോഗിച്ച് നിർമ്മിക്കാവുന്ന ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാൻ വേണ്ട പരിശീലനങ്ങൾ നൽകിക്കൊണ്ട് അതിന്റെ ഒരു യൂണിറ്റ് ചേരിക്കോണത്ത് സ്ഥാപിക്കണം.

34. ഫയലുകളുടെ നിർവ്വഹണത്തിന് ഉതകുന്ന യൂണിറ്റ് ചേരിക്കോണം വാർഡിൽ ആരംഭിക്കണം.

35. ബീഡിസംഘം രൂപീകരിച്ചുകൊണ്ട് ബീഡി വ്യവസായം ആരംഭിക്കണം.

36. ജൈവവളങ്ങളും രാസവളങ്ങളും സംഭരിച്ച് വിതരണം ചെയ്യുവാൻ പഞ്ചായത്തുതലത്തിൽ ഏജൻസിയുണ്ടാകണം.

37. ഇലക്ട്രോണിക് ചോക്ക് നിർമ്മാണത്തിലേർപ്പെടുന്ന ഒരു വ്യവസായത്തിന്റെ സാധ്യത ആരായണം.

38. പൊതുമേഖലയിൽ ഒരു ടൈൽസ് & ബ്രിക്സ് യൂണിറ്റ് ആരംഭിക്കുവാൻ സാധ്യതകൾ പരിശോധിക്കുന്നു.

39. താഴാംപണയിലെ പത്തിലധികം യുവതികൾക്ക് തൊഴിൽനൽകുന്ന റെഡിമേയ്ഡ് ഗാർമെന്റ് യൂണിറ്റ് വിപുലപ്പെടുത്താൻ വേണ്ട സഹായനിർദ്ദേശങ്ങൾ ഉണ്ടാകണം.

40. പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിടവ്യവസായങ്ങൾ തൃക്കോവിൽവട്ടം പഞ്ചായത്തിൽ ആരംഭിക്കണം.

41. ഒരു ടോയ്‌ലറ്റ് സോപ്പ് വ്യവസായം പഞ്ചായത്തിലാരംഭിക്കണം.

42. മൈലാപ്പൂരിൽ ഗവൺമെന്റ് പ്രസിനുവേണ്ടി അക്വയർ ചെയ്തിട്ടുള്ള ഭൂമിയിൽ ഉടൻ ഗവൺമെന്റ് പ്രസ് ആരംഭിക്കുവാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

# ഊർജ്ജം

ഊർജ്ജം വികസനത്തിന്റെ ഒരു അടിസ്ഥാനശിലയാണ്. കേരളത്തിന്റെ മറ്റുഭാഗങ്ങളിലെന്നപോലെ ഇവിടെയും മുഖ്യ ഊർജ്ജസ്രോതസ്സുകൾ വിറക്, വൈദ്യുതി, മണ്ണെണ്ണ, പാചക ഗ്യാസ് ഇവടെയാണ്. വിരളമായെങ്കിലും ബയോഗ്യാസ് ഉപയോഗിക്കുന്നുണ്ട്. തൃക്കോവിൽവട്ടം പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിച്ചേർന്നത് 1930ൽ ആണ്. ഇതിനകം എല്ലാ വാർഡുകളിലും വൈദ്യുതി എത്തിച്ചേർന്നിട്ടുണ്ടെങ്കിലും എല്ലാ വീടുകളും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല. ആകെയുള്ള 11123 വീടുകളിൽ 3623 വീടുകൾ വൈദ്യുതീകരിക്കാനുണ്ട്. ഈ പഞ്ചായത്ത് പ്രദേശം അയത്തിൽ, കിളികൊല്ലൂർ, കണ്ണനല്ലൂർ, കൊട്ടിയം എന്നീ വൈദ്യുത സെക്ഷൻ ആഫീസുകളുടെ കീഴിലാണ്. മിക്ക വീടുകളിലും പാചകാവശ്യത്തിനുപയോഗിക്കുന്ന ഊർജ്ജം വിറകുതന്നെയാണ്. ഒരു കാർഷികപ്രദേശമായ ഈ പഞ്ചായത്തിൽ തെങ്ങിന്റെയും മറ്റ് വൃക്ഷങ്ങളുടെയും വിറകുകളും മറ്റ് ചപ്പുചവറുകളുമാണ്. വീടുകളിൽ മുഖ്യമായും ഇന്ധനമായി ഉപയോഗിക്കുന്നത്. സാമില്ലുകളിൽനിന്നും വിറകുവാങ്ങി ഉപയോഗിക്കുന്ന വീടുകളുമുണ്ട്.

കശുവണ്ടി മേഖലയിലായതിനാൽ ഇവിടുത്തെ കശുവണ്ടി ഫാക്ടറികളിൽ നിന്നും ലഭിക്കുന്ന അണ്ടിത്തോട് ഇന്ധനാവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്. പാചകാവശ്യത്തിനായി മണ്ണെണ്ണയും പാചകഗ്യാസും ഒരുപരിധിവരെ ഉപയോഗിക്കപ്പെടുന്നു.

കാർഷികരംഗത്ത് ഇന്നും മുഖ്യ ഊർജ്ജ സ്രോതസ്സ് മനുഷ്യൻ തന്നെയാണ്. വ്യാവസായിക വാണിജ്യമേഖലകളിൽ വൈദ്യുതിയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. പെട്രോൾ ഉൽപ്പന്നങ്ങളും ഉപയോഗിക്കുന്നുണ്ട്.

ഊർജ്ജ ഉപയോഗത്തിന്റെ സാമൂഹികവശം പരിശോധിച്ചാൽ സാമ്പത്തികമായും സാമൂഹികമായും ഉന്നതനിലവാരം പുലർത്തുന്ന കുടുംബങ്ങളിലാണ് പാചകാവശ്യത്തിനായി പാചകഗ്യാസ് വ്യാപകമായി ഉപയോഗിച്ചുകാണുന്നത്. ഇടത്തരം കുടുംബങ്ങളിൽ മണ്ണെണ്ണയോടൊപ്പം പാചക ഗ്യാസും ഇന്ധനമായി ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. കശുവണ്ടിമേഖലയിലെ ഷെല്ലിംഗ് വിഭാഗത്തിലെ തൊഴിലാളികളുടെ വീടുകളിലാണ് കശുവണ്ടിത്തോട് ഇന്ധനമായി ഉപയോഗിക്കുന്നത്. കശുവണ്ടിത്തോട് ഇന്ധനമായി ഉപയോഗിക്കുന്നവരുടെ ഇടയിൽ മറ്റുള്ളവരെ അപേക്ഷിച്ച് ആരോഗ്യപ്രശ്നങ്ങൾ വളരെക്കൂടുതൽ പ്രകടമാണ്.

വാണിജ്ജേ്യതര ഊർജ്ജ ഉപയോഗത്തിൽനിന്നും വാണിജ്യോർജ്ജ ഉപയോഗത്തിലേയ്ക്ക് മാറുന്നതായി കാണുന്നുണ്ട്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് വിറകിൽനിന്നം മണ്ണെണ്ണയിലേയ്ക്കും പാചകഗ്യാസിലേയ്ക്കും വൈദ്യുതിയിലേയ്ക്കും ചുവടുമാറ്റുന്ന പ്രവണത വ്യാപകമായി കണ്ടുവരുന്നു. വൈദ്യുതി ലഭ്യതയിൽ കുറവുണ്ടാകുമ്പോഴും വോൾട്ടേജ് കുറയുമ്പോഴും മണ്ണെണ്ണയിലേയ്ക്കും വിറകിലേയ്ക്കും മാറുന്ന പ്രവണതയും അപൂർവ്വമായ ദൃശ്യമാണ്.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം നാമമാത്രമായിട്ടേ പഞ്ചായത്തിൽ കണ്ടുവരുന്നുള്ളു. ക്ഷമതകൂടിയ പുകശല്യമില്ലാത്ത അടുപ്പുകളുടെ ഉപയോഗം ചുരുക്കംചില വീടുകളിൽ കണ്ടുവരുന്നു. ബയോഗ്യാസ് പ്ലാന്റുകളുടെ എണ്ണം 15ൽ താഴെയാണ്.

## പ്രശ്നങ്ങൾ

1. ഗാർഹിക ഉപയോഗത്തിനുള്ള വിറകുലഭ്യത വലിയ പ്രശ്നമാണ്.
2. പാചകാവശ്യത്തിന് മണ്ണെണ്ണ ആവശ്യത്തിന് കിട്ടുന്നില്ല.
3. വോൾട്ടേജ് കുറവ് പഞ്ചായത്തിന്റെ പലഭാഗത്തും തീരാശാപമാണ്.
4. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും സാമ്പത്തികസഹായവും വ്യാപകമായി ലഭിക്കുന്നില്ല.
5. സോളാർ വിളക്കുകളുടെ വില നിലവാരം സാധാരണക്കാർക്ക് താങ്ങാവുന്നതല്ല.
6. കുറേയേറെ വീടുകളിൽ പാചകവാതകം ഉപയോഗത്തിനുണ്ടെങ്കിലും ഈ പഞ്ചായത്തിനെ പാചകവാതകവിതരണമേഖലയായി അംഗീകരിച്ച് ഏതെങ്കിലും ഏജൻസിയുടെ കീഴിൽപ്പെടുത്തിയിട്ടില്ല.
7. അനർട്ടിന്റെ പ്രവർത്തനപരിധിയിൽ നമ്മുടെ പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടില്ല.

8. ഊർജ്ജ ഉപയോഗത്തെ സംബന്ധിച്ചുള്ള സാങ്കേതിക പ്രശ്നങ്ങൾ പൊതുജനങ്ങൾക്ക് അപ്രാപ്യമാണ്.

## സാധ്യതകൾ

1. വിറകിന്റെ പ്രശ്നം പരിഹരിക്കുന്നതിന് ആസൂത്രിതമായ പദ്ധതികൾ ആവശ്യമാണ്. ലഭ്യമായ പുറംമ്പോക്ക് പ്രദേശങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. വിറകിന്റെ ഉപയോഗം കുറയ്ക്കാൻ പറ്റുന്നവിധത്തിൽ പുകശല്യമില്ലാത്ത അടുപ്പുകളുടെ ഉപയോഗം സാർവ്വത്രികമാക്കാവുന്നതാണ്.

2. പാചകാവശ്യത്തിന് വേണ്ടത്ര മണ്ണെണ്ണ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിന് വൈദ്യുതിപ്രസരണനഷ്ടം ഒഴിവുക്കുന്നത് ഒരളവുവരെ പരിഹാരമാണ്. അതിനായി വൈദ്യുത ലൈനിൽ തട്ടിക്കിടക്കുന്ന വൃക്ഷങ്ങളുടെ കൊമ്പുകൾ നീക്കം ചെയ്യുന്നത് ഫലപ്രദമാണ്. അതിന് പൊതുജനങ്ങളുടെ സഹായത്തോടുകൂടി പരിപാടികൾ ആവിഷ്ക്കരിക്കണം.

4. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാങ്കേതികസഹായങ്ങൾ ലഭ്യമാക്കണം. സാമ്പത്തികസ്ഥാപനങ്ങളിൽനിന്നും വായ്പാസൗകര്യങ്ങൾ ലഭ്യമാക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി കന്നുകാലിവളർത്തൽ പ്രോത്സാഹിപ്പിക്കാൻ പ്രത്യേകപദ്ധതികളുണ്ടാക്കണം. പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള ജൈവ അവശിഷ്ടങ്ങൾ ഉപയോഗിച്ച് ബയോപ്ലാന്റുകൾ നിർമ്മിച്ച് പാചകവാതകം വിതരണം ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനെപ്പറ്റി ആലോചിക്കണം.

5. സോളാർ വിളക്കുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണം.

6. പാരമ്പര്യേതര ഊർജ്ജ ഉപയോഗത്തിന്റെ രംഗത്ത് പ്രവർത്തിക്കുന്ന അനർട്ടിന്റെ പ്രവർത്തനപരിധിയിൽ നമ്മുടെ പഞ്ചായത്തിനെ ഉൾപ്പെടുത്തണം.

7. സോളാർ പാനലുപയോഗിച്ചുള്ള വിളക്കുകളോ മോട്ടോറുകളോ പഞ്ചായത്തിന്റെ ചുമതലയിൽ സ്ഥാപിച്ച് ഇതിനുള്ള ബോധവൽക്കരണം സംഘടിപ്പിക്കണം.

8. ഊർജ്ജ ഉപഭോഗത്തെ സംബന്ധിച്ച് വ്യാപകമായ ബോധവൽക്കരണ പരിപാടി നടത്തണം.

# ഗതാഗതം

ഏതൊരുനാടിനെ സംബന്ധിച്ചും വികസനത്തിന്റെ മുഖ്യ ഉപാധികളിൽ ഒന്നാണ് റോഡുകൾ. പ്രധാനമായും ഒരു കാർഷിക പ്രദേശമായ നമ്മുടെ പഞ്ചായത്തിന്റെ ഗതാഗത ശൃംഖല ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തീരെ അപര്യാപ്തമായിരുന്നു. ചരക്കു കടത്ത് പ്രധാനമായും തലച്ചുമടായാണ് നിർവ്വഹിച്ചിരുന്നത്. ചരക്കുഗതാഗതത്തിന് ഉപയോഗിച്ചിരുന്ന വാഹനം കാളവണ്ടിമാത്രമായിരുന്നു. ഈ പഞ്ചായത്തിലെ ജന്മിമാർ യാത്രയ്ക്ക് ഉപയോഗിച്ചിരുന്നത് "അരവണ്ടി''ക്കാളയായിരുന്നു. ഈ പഞ്ചായത്തിൽനിന്നും കൊല്ലം പട്ടണത്തിൽ എത്തിച്ചേരുവാൻ സൗകര്യപ്രദമായ റോഡുകളൊന്നും ഉണ്ടായിരുന്നില്ല. കാലക്രമേണ കൊല്ലത്തുനിന്നും കണിയാംതോടിന്റെ പടിഞ്ഞാറുവശം വരെ ഒരു റോഡുണ്ടാവുകയും ബൽറാം മോട്ടോർ സർവ്വീസുകാരുടെ ഒരു ബസ്സ് കൊല്ലത്തുനിന്നും ഡീസന്റുമുക്കുവരെ സർവ്വീസ് നടത്തുകയും ചെയ്തപ്പോൾ മാത്രമാണ്. ഈ പഞ്ചായത്തുപ്രദേശം കൊല്ലം പട്ടണവുമായി ബസ് സർവ്വീസ് വഴി ആദ്യമായി ബന്ധപ്പെടുന്നത്. തുടർന്നുള്ള വർഷങ്ങളിലാണ് കണിയാംതോടുവഴിയുള്ള റോഡ് നിർമ്മിക്കുന്നതും ബസ് ഉൾപ്പെടെയുള്ള വാഹനങ്ങൾ പഞ്ചായത്തിന്റെ ഹൃദയഭൂമിയിലൂടെ ഓടാൻ തുടങ്ങിയത്. അതിനെത്തുടർന്ന് ഡീസന്റ്മുക്ക്-കുരീപ്പള്ളി-പീപ്പിൾസ് റോഡും തട്ടാർകോണം മോതീൻമുക്ക് റോഡും ജനപങ്കാളിത്തത്തോടുകൂടി എൽ.ഡി.സ്ക്കീമിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കപ്പെടുന്നത്. തുടർന്നങ്ങോട്ടുള്ള പഞ്ചായത്തിന്റെ വികസനം റോഡിന്റെയും ഗതാഗതത്തിന്റെയും വികസനവുമായി ബന്ധപ്പെട്ടുകിടക്കുന്നു.

ഇപ്പോൾ ഈ ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്താകെ 97.73 കി.മി റോഡുകളുണ്ട്. പഞ്ചായത്തിലെ റോഡുകളെ സംബന്ധിച്ച പൊതുവിവരം പട്ടിക 1, 2, 3 ആയി താഴെ കൊടുക്കുന്നു. റോഡുകളുടെ പൊതുസ്വഭാവത്തെ താരതമ്യംചെയ്യുന്ന ഒരു ഗ്രാഫും അതിനോടൊപ്പമുണ്ട്.

പട്ടിക - 1

പട്ടിക - 2

പട്ടിക - 3

ഗ്രാഫ് തുടങ്ങിയവ പേജ് 45-46ൽ ചേർത്തിരിക്കുന്നു.

ഇത്രയേറെ റോഡുകളുണ്ടായിട്ടും പര്യാപ്തമായ അളവിൽ പഞ്ചായത്തിന്റെ മുഴുവൻ മേഖലയിലേയ്ക്കും റോഡ് സൗകര്യങ്ങൾ ഉണ്ടായി എന്നു പറഞ്ഞുകൂടാ ഇപ്പോഴും ഈ പഞ്ചായത്തിൽ റോഡുകൾവഴി ബന്ധപ്പെടാത്ത വാർഡുകൾ ഉണ്ട്. ഇക്കഴിഞ്ഞ നവം. 1-ാം തീയതി പുനരർപ്പണദിനം ആചരിച്ചതോടനുബന്ധിച്ച് നമ്മുടെ പഞ്ചായത്ത് സന്നദ്ധ പ്രവർത്തനം തുടങ്ങിയത് 6-ാം വാർഡിനേയും 7-ാം വാർഡിനേയും ബന്ധിപ്പിക്കുന്ന ഒരു റോഡിന്റെ പ്രവർത്തനം ഏറ്റെടുത്തുകൊണ്ടായിരുന്നു. നമ്മുടെ പഞ്ചായത്തിലെ വിവിധവാർഡുകളിൽനിന്നും കൊല്ലം നഗരത്തിലെത്തുവാൻ വേണ്ട യാത്രാസൗകര്യങ്ങൾ ഉണ്ട്. വളരെക്കൂടുതൽ ബസ്സുകൾ കൊല്ലം കണ്ണനല്ലൂർ റൂട്ടിലൂടെ സർവ്വീസ് നടത്തുന്നുണ്ട്. എങ്കിൽപ്പോലും ഈ ബസ്സുകളിലുള്ള യാത്ര ദുഷ്ക്കരമാണ്. തൃക്കോവിൽവട്ടം പഞ്ചായത്തിൽനിന്ന് എം.സി റോഡിലേയ്ക്ക് നേരിട്ട് യാത്രാസൗകര്യമില്ല. കൊല്ലം പട്ടണത്തിലെത്തിയാൽ മാത്രമേ കൊട്ടാരക്കരയിലേയ്ക്കുള്ള യാത്രാസൗകര്യമുള്ളൂ. നാഷണൽ ഹൈവേ ഒഴിവാക്കി കൊല്ലം കണ്ണനല്ലൂർ റോഡിലൂടെ കൊട്ടിയത്തേയ്ക്കുള്ള യാത്രയ്ക്ക് 2 കി.മീ അധികം സഞ്ചരിച്ചാൽ മതി. അതുകൊണ്ടുതന്നെ തിരുവനന്തപുരത്തുനിന്നുള്ള ദീർഘദൂരസർവ്വീസുകളിൽ ചെറിയൊരു ഭാഗം കൊല്ലം-കണ്ണനല്ലൂർ റോഡുവഴി

## റോഡ് വിവരങ്ങളുടെ പട്ടിക – 1

| വാർഡ് നമ്പർ | ടാർ | കോൺക്രീറ്റ്/ മെറ്റൽ | മൺ/ഗ്രാവൽ | ആകെ | 6 മീറ്ററിലധികം | 6 മീറ്ററിന് വീതിയുള്ളവ | ആകെ താഴെ |
|---|---|---|---|---|---|---|---|
| I | 2950 മീറ്റർ | 400 മീറ്റർ | 2500 മീറ്റർ | 5850 മീറ്റർ | 3750 മീറ്റർ | 2100 മീറ്റർ | 5850 മീറ്റർ |
| II | 397.5 മീറ്റർ | 43.5 മീറ്റർ | 3025.2 മീറ്റർ | 3466.2 മീറ്റർ | - | 3466.2 മീറ്റർ | 3466.2 മീറ്റർ |
| III | 1000 മീറ്റർ | 280 മീറ്റർ | 5425.6 മീറ്റർ | 6705.6 മീറ്റർ | - | 6705.6 മീറ്റർ | 6705.6 മീറ്റർ |
| IV & V | 3000 മീറ്റർ | 338.3 മീറ്റർ | 4353 മീറ്റർ | 7691.3 മീറ്റർ | 925.3 മീറ്റർ | 6766 മീറ്റർ | 7691.3 മീറ്റർ |
| VI | 16,450 മീറ്റർ | 1000 മീറ്റർ | 4730 മീറ്റർ | 22,180 മീറ്റർ | 3,100 മീറ്റർ | 19080 മീറ്റർ | 22180 മീറ്റർ |
| VII | - | 480 മീറ്റർ | 1449 മീറ്റർ | 1929 മീറ്റർ | 450 മീറ്റർ | 1479 മീറ്റർ | 1929 മീറ്റർ |
| VIII | 2582.6 മീറ്റർ | 546.4 മീറ്റർ | 2351.4 മീറ്റർ | 5480.4 മീറ്റർ | 1898.3 മീറ്റർ | 3582.1 മീറ്റർ | 5480.4 മീറ്റർ |
| IX | 2200 മീറ്റർ | 500 മീറ്റർ | 4600 മീറ്റർ | 7300 മീറ്റർ | 950 മീറ്റർ | 6350 മീറ്റർ | 7300 മീറ്റർ |
| X | 90 മീറ്റർ | - | 6628 മീറ്റർ | 6718 മീറ്റർ | 750 മീറ്റർ | 5968 മീറ്റർ | 6718 മീറ്റർ |
| XI | 1734.3 മീറ്റർ | 277 മീറ്റർ | 4051.7 മീറ്റർ | 6063 മീറ്റർ | 2576 മീറ്റർ | 3487 മീറ്റർ | 6063 മീറ്റർ |
| XII | 3500 മീറ്റർ | - | 3170.4 മീറ്റർ | 6670.4 മീറ്റർ | 2000 മീറ്റർ | 4670.4 മീറ്റർ | 6670.4 മീറ്റർ |
| XIII | 500 മീറ്റർ | - | 3831.54 മീറ്റർ | 4331.54 മീറ്റർ | 500 മീറ്റർ | 3831.54 മീറ്റർ | 4331.54 മീറ്റർ |
| XIV | 1500 മീറ്റർ | - | 4051.45 മീറ്റർ | 5551.45 മീറ്റർ | - | 5551.45മീറ്റർ | 5551.45മീറ്റർ |
| XV | 1200 മീറ്റർ | 1170 മീറ്റർ | 5427.64 മീറ്റർ | 7797.64 മീറ്റർ | - | 7797.64മീറ്റർ | 7797.64മീറ്റർ |
| ആകെ | 37104.4 മീറ്റർ | 5035.2 മീറ്റർ | 55594.93 മീറ്റർ | 97734.53 മീറ്റർ | 16899.6 മീറ്റർ | 80834.93 മീറ്റർ | 97734.53മീറ്റർ |

### പട്ടിക – 2 റോഡുകളുടെ പൊതു സ്വഭാവം

| ടാർ | കോൺക്രീറ്റ്/മെറ്റൽ ഇനം | മണ്ണ്/ചരൽ | ആകെ |
|---|---|---|---|
| 37104.4മീറ്റർ | 5035.2 മീറ്റർ | 55594.93 മീറ്റർ | 97734.53 മീറ്റർ |

### പട്ടിക – 3 റോഡുകളുടെ വീതിയുടെ സ്വഭാവം

| 6 മീറ്ററിന് മുകളിൽ | 6 മീറ്ററിന് താഴെ | ആകെ |
|---|---|---|
| 16899.6മീറ്റർ | 80834.93 മീറ്റർ | 97734.53 മീറ്റർ |




1. ടാർ റോഡ്
2. മെറ്റൽ/കോൺക്രീറ്റ്
3. മണ്ണ് ഗ്രാവൽസ്

തിരിച്ചുവിടാൻ കഴിയും ഇത് തൃക്കോവിൽവട്ടം പഞ്ചായത്തിലെ ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ദീർഘദൂരയാത്രാസൗകര്യമൊരുക്കും. നാഷണൽ ഹൈവേയിലെ വാഹനക്കുരുക്കിന് തെല്ലൊരു പരിഹാരവുമാകും. തിരുവനന്തപുരത്തുനിന്നും കൊട്ടാരക്കരയ്ക്കുള്ള കുറേ ബസ്സുകൾകൂടി കണ്ണനല്ലൂർവഴി തിരിച്ചുവിടാൻ കഴിയേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ അംഗീകൃത ബസ്റ്റാന്റുകളോ ടാക്സി–ഓട്ടോ സ്റ്റാന്റുകളോ ഇല്ല. നൂറുകണക്കിന് വാഹനങ്ങൾ കണ്ണനല്ലൂർ ജംഗ്ഷൻവഴി സർവ്വീസ് നടത്തുന്നുണ്ട്. കൊട്ടിയംവഴി കണ്ണനല്ലൂർവരെ സർവ്വീസ് നടത്തുന്ന ഠൗൺ ബസ്സുകളുണ്ട്. പത്തനംതിട്ട, ആലപ്പുഴ, തിരുവനന്തപുരം തുടങ്ങിയ മറ്റ് ജില്ലകളിലേയ്ക്ക് ബസ് സർവ്വീസുകൾ കണ്ണനല്ലൂർവഴി കടന്നുപോകുന്നു. തിരുവനനന്തപുരത്തുനിന്നും കണ്ണനല്ലൂർവരെയും കണ്ണനല്ലൂർ വഴി ഞാങ്കടവ്, പടപ്പക്കര, മൺട്രോത്തുരുത്ത്, പെരുമൺ, കൊല്ലം തുടങ്ങിയ വിവിധ പ്രദേശങ്ങളിലേയ്ക്ക് K.S.R.T.C. ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസുകൾ നടത്തുന്നുണ്ട്. അംഗീകൃത ടാക്സി സ്റ്റാന്റുകളോ ഓട്ടോ സ്റ്റാന്റുകളോ ഇല്ലെങ്കിലും മൈലാപ്പൂർ, കണ്ണനല്ലൂർ, കുരീപ്പള്ളി, പാലമുക്ക്, മോതീൻമുക്ക്, ഡീസന്റ് മുക്ക് എന്നിവിടങ്ങളിൽനിന്നും ഓട്ടോ–ടാക്സി സർവ്വീസുകൾ ലഭ്യമാണ്.

## പ്രശ്നങ്ങൾ

1. സംസ്ഥാനത്തിന്റെ തെക്കൻ മേഖലകളിലേയ്ക്കും വടക്കൻ മേഖലകളിലേയ്ക്കും എം.സി. റോഡിലേയ്ക്കും ദീർഘദൂര യാത്രാസൗകര്യങ്ങൾ ഇന്ന് നമ്മുടെ പഞ്ചായത്തിലൂടെയില്ല.

2. പഞ്ചായത്തിലെ പരിമിതമായ ടാർ റോഡുകൾ പോലും സഞ്ചാരയോഗ്യമല്ല.

3. മെറ്റൽ റോഡുകളുടെ പഞ്ചായത്തിലെ അനുപാതം കുറവാണ്.

4. കൊല്ലം–കണ്ണനല്ലൂർ മേഖലയിൽ രാവിലെയും വൈകിട്ടുമുള്ള യാത്ര വളരെ ദുസ്സഹമാണ്.

5. പഞ്ചായത്തിന്റെ തെക്കേയറ്റത്തുനിന്നും വടക്കേയറ്റത്തേയ്ക്ക് യാത്രചെയ്യാൻ ഉതകുന്ന ബസ്സ് സർവ്വീസുകളില്ല.

സാധ്യതകൾ

1. നാഷണൽ ഹൈവേയിലൂടെ ഓടുന്ന ദീർഘദൂര ബസ് സർവ്വീസുകളിൽ ഒരു ഭാഗം കണ്ണനല്ലൂർവഴി തിരിച്ചുവിടാൻ കഴിയണം.

2. തിരുവനന്തപുരത്തുനിന്നും കണ്ണനല്ലൂർവഴി കൊട്ടാരക്കരയ്ക്കും സർവ്വീസുകളാരംഭിക്കണം.

3. പഞ്ചായത്തിലെ നാശം സംഭവിച്ച റോഡുകൾ എത്രയും പെട്ടെന്ന് റീടാർ ചെയ്യണം.

4. പഞ്ചായത്തിലെ കൂടുതൽ റോഡുകൾ മെറ്റൽ ചെയ്ത് മെറ്റൽ റോഡുകളുടെ അനുപാതം വർദ്ധിപ്പിക്കണം.

5. കൊട്ടിയത്തുനിന്നും ഉമയനല്ലൂർ, പുതുച്ചിറ, മുരാരിമുക്കുവഴി കുണ്ടറയ്ക്ക് ബസ് സർവ്വീസ് ആരംഭിക്കുക.

6. കൊല്ലം കണ്ണനല്ലൂർ ഠൗൺ സർവ്വീസുകൾ ആരംഭിക്കുക.

ഗതാഗതവും റോഡുകളെ സംബന്ധിച്ച് ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളും താഴെ ക്കൊടുക്കുന്നു.

## വാർഡ് – ഒന്ന്

1. ഡീസന്റ് മുക്ക്–പുതുച്ചിറ റോഡ് നിർമ്മാണം പൂർത്തിയാക്കണം.

2. കണിയാൻതോട് തുടങ്ങി – ബൈപ്പാസിലേയ്ക്ക് ചുരങ്ങാ കലുങ്കിനടുത്തുവരെയുള്ള ഭാഗത്തുകൂടെ റോഡ് നിർമ്മിക്കണം.

3. ദിവ്യാ പാക്കിംഗ് സെന്റർ മുതൽ ലക്ഷം വീടുവഴി ശാസ്ത്രിമുക്കിൽക്കൂടി കൊച്ചു ഡീസന്റുമുക്കുവരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കണം.

4. കോടാലിമുക്കിൽനിന്നും തെക്കോട്ട് ചിറവരെയുള്ള റോഡിന്റെ വീതികൂട്ടുക.

5. കലുങ്കുമുതൽ കളീലിൽ വരെയുള്ള വഴി നന്നാക്കുക.

## വാർഡ് – രണ്ട്

1. കലുങ്ക്മുക്ക് ചെന്താപ്പൂർ റോഡ് ടാർ ചെയ്യണം.

2. പ്ലാമൂട് തട്ടാർകോണം റോഡ് ടാർചെയ്യണം.

3. G.V.P.L.P.Sന്റെ വടക്കുഭാഗത്തുള്ള രണ്ട് റോഡുകൾ ഓട കെട്ടി സംരക്ഷിക്കുക.

4. കണിയാൻതോട് പ്ലാവില റോഡ് സൈഡ് വാൾ കെട്ടി സംരക്ഷിക്കുക.

5. കണിയാൻതോട്–വടവുകോട്ട് ചിറ–കരങ്ങോട്ട് ചിറ തട്ടാർകോണം വഴി തുണ്ടുവിള ജംഗ്ഷൻവരെ റോഡ് നിർമ്മിക്കുക.

6. ഡീസന്റുമുക്കിന് കിഴക്കുവശം റേഷൻകട ജംഗ്ഷൻ മുതൽ ചിറക്കരോട്ട് ജംഗ്ഷൻവരെ റോഡിന്റെ പണി പൂർത്തിയാക്കുക.

7. മണലുവിള പള്ളിയുടെ തെക്കുവശംവഴി അയ്യർമുക്കിൽക്കൂടി പഴയ റേഷൻകടമുക്കിലെത്തുന്ന റോഡ് അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കുക.

8. ചെന്താപ്പൂര് മില്ല് ജംഗ്ഷനിൽനിന്ന് വടക്കോട്ട് കോടിയാട്ടുചിറവഴി കീഴൂട്ട് ചിറവരെയുള്ള റോഡ് റിപ്പയർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

9. രണ്ടാം വാർഡിലെ പ്ലാമൂട് കിഴക്കേ ജംഗ്ഷനിൽനിന്നും കൽക്കുളം ക്ഷേത്രത്തിലേയ്ക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക. കലുങ്ക്മുക്കിൽനിന്നും പനച്ചുവീട് ചിറവരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.

10. രണ്ടാംവാർഡിലെ മേലതിൽ ക്ഷേത്രംവക തിട്ടവിളവരെയുള്ള റോഡ് റിപ്പയർ ചെയ്യുക.

## വാർഡ് മൂന്ന്

1. പ്ലാമൂട് മുകുന്ദാശ്രമം റോഡ് ടാർചെയ്ത് സഞ്ചാരയോഗ്യമാക്കുക.

2. ചാമത്തടം താഹാമുക്ക് റോഡ് ടാർ ചെയ്യുക.

3. കുതിരമുക്ക്–വിളപ്പുറം റോഡ് സൈഡ്വാൾകെട്ടി ടാർ ചെയ്ത് സംരക്ഷിക്കുക.

4. തട്ടാർകോണം–മനക്കരക്കാവ്–നീരിക്കോണം മണ്ണ്വിള ഹരിജൻ സെറ്റിൽമെന്റ് കോളനി റോഡിന് തട്ടാർകോണം ഏലാ ഭാഗത്ത് രണ്ട് കലുങ്കുകൾ നിർമ്മിച്ച് സൈഡ്വാൾ കെട്ടി ടാർ ചെയ്യുക.

5. പുത്തൂർ–ഇടയ്ക്കാട്–ചെന്താപ്പൂര് വായനശാലാ റോഡ് സഞ്ചാരയോഗ്യമാക്കണം.

6. മുകുന്ദാശ്രമം–മണ്ണുവിള ഹരിജൻ സെറ്റിൽമെന്റ് കോളനിറോഡ് സഞ്ചാരയോഗ്യമാക്കണം.

7. വട്ടയ്ക്കാട് ജംഗ്ഷൻ മുതൽ അയ്യർമുക്ക്വരെയുള്ള റോഡ് ടാർ ചെയ്യണം.

8. മുകുന്ദാശ്രമത്തുനിന്ന് തെക്കോട്ട് ക്ഷീരോൽപ്പാദന സഹകരണസംഘംവരെയുള്ള റോഡ്, തട്ടാർകോണം ജംഗ്ഷനിൽനിന്നും തെക്കോട്ട് കൽക്കുളം ക്ഷേത്രംവരെയുള്ള റോഡ്, വട്ടയ്ക്കാട് ജംഗ്ഷനിൽനിന്ന് പടിഞ്ഞാറോട്ട് മൂപ്പർ ജംഗ്ഷൻവരെയുള്ള റോഡ്, കുന്നുവിള ജംഗ്ഷനിൽനിന്നും കൊന്നവിള ജംഗ്ഷൻവരെയുള്ള റോഡ്, വിളപ്പുറത്തുനിന്ന് മണ്ണുവിള ഹരിജൻ സെറ്റിൽമെന്റ് കോളനിറോഡ് തുടങ്ങിയവ വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം.

9. താഹാമുക്കിൽനിന്നും തെക്കോട്ട് ചിറയുടെ കരയിൽ കൂടി താഴതിൽ ജംഗ്ഷനിൽ എത്തിച്ചേരുന്ന റോഡിന്റെ സൈഡ്വാൾ കെട്ടി സഞ്ചാരയോഗ്യമാക്കണം.

27. കൊല്ലം–ചെങ്കോട്ട റോഡിൽ മാമൂട് ജംഗ്ഷനിൽനിന്നും തെക്കോട്ട് കൊറ്റങ്കര ദേശാഭിമാനി വായനശാല, മനയ്ക്കരക്ഷേത്രം, തട്ടാർകോണം ജംഗ്ഷൻ, ചെന്താപ്പൂര്, കണിയം തോട്, പാലത്തറവഴി തട്ടാമല നാഷണൽ ഹൈവേയിൽ എത്തിച്ചേരുന്ന ഒരു റോഡ് നിർമ്മിക്കുക.

## വാർഡ് – നാല്

1. താഴാം പണജംഗ്ഷനിൽനിന്നും ആരംഭിച്ച് വറൂർ ഭാഗത്തുകൂടി ചെറിയേല ഈസ്റ്റ് നടുവിലക്കര എന്നീ വാർഡുകളിൽക്കൂടി മുഖത്തലയിൽ എത്തുന്ന റോഡ് നിർമ്മിക്കുക.

2. താഴംപണ ജംഗ്ഷനിൽനിന്ന് വായനശാല കരിഞ്ഞംപള്ളിയിൽ ക്ഷേത്രം, ചെറിയേല ലക്ഷംവീട് എന്നിവയുടെ സമീപത്തുകൂടി ചെറിയേല ജംഗ്ഷനിൽ എത്തുന്ന റോഡ് ടാർ ചെയ്യണം.

3. ചെറിയേല ജംഗ്ഷനിൽനിന്നും ശ്രീകുമാർ കാഷ്യൂ ഫാക്ടറിയുടെ സമീപത്തുകൂടിയുള്ള റോഡ് ചെറിയേല ഈസ്റ്റ് വാർഡുമായി ബന്ധിപ്പിച്ച് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം. പ്രസ്തുതറോഡ് ഈ പ്രദേശത്തെ ഏലായിലെ കാർഷികവികസനത്തിന് ഗുണകരമാണ്.

4. മഠത്തിവിളഭാഗത്തുനിന്നും മാമച്ചൻകാവിലേയ്ക്കുള്ള വഴി സഞ്ചാരയോഗ്യമാക്കുക.

5. ചെറിയേല മാച്ച് ഫാകടറിയുടെ സമീപത്തുകൂടി താഴോട്ട് ഏലായിലേയ്ക്ക് പോകുന്ന വഴി ക്രോസ്ബാർ കെട്ടി സംരക്ഷിക്കുക.

6. തെങ്ങുവിളഭാഗത്തുനിന്നും കണ്ണങ്കരകുളത്തിനു സമീപത്തുകൂടി പോകുന്ന റോഡ് ടാർചെയ്യണം.

7. ചെറിയേല ജംഗ്ഷനിൽനിന്നും മഠത്തിനുസമീപം കൂടിയുള്ള വഴി ചെറിയേല ഈസ്റ്റ് വാർഡുമായി ബന്ധിപ്പിക്കുക. റോഡ് ടാർ ചെയ്യണം.

8. ചെറിയേല ലക്ഷംവീട്ടിലേയ്ക്ക് വാഹനം എത്തുന്നതിന് ആവശ്യമായ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുക.

9. മോരിയിൽ ജംഗ്ഷന് മുകൾ ഭാഗത്തേയ്ക്കുള്ള വഴി യാത്രായോഗ്യമാക്കുക.

10. താഴാംപണ കുഞ്ഞുരാമൻപിള്ളയുടെ വസതിയ്ക്കുസമീപംകൂടി തെക്കോട്ടുപോകുന്ന വഴി ഗതാഗതയോഗ്യമാക്കുക.

11. താഴാംപണ ജംഗ്ഷനിൽനിന്നും പുനുക്കന്നൂർ NSS UPSലേയ്ക്ക് പോകുന്ന റോഡ് സഞ്ചാരയോഗ്യമാക്കുക.

12. ചെറിയേല റേഷൻകട ജംഗ്ഷനിൽനിന്നും താഴാംപണ റോഡ് പ്രാകാശ് വായനശാലാ റോഡുമായി ബന്ധിപ്പിക്കുക.

## വാർഡ് അഞ്ച്

1. മുകളുവിളമുക്കിൽനിന്നും പടിഞ്ഞാറോട്ട് തോട്ടുവരമ്പുവരെയുള്ള റോഡും ടി റോഡിൽനിന്നും വാറഴികത്ത് വീടിന്റെ തെക്കുവശത്തുള്ള റോഡ് ടാർ ചെയ്യുക.

2. ലെനിൻ കോളനിയുടെ പടിഞ്ഞാറ് വശത്തുകൂടി കിഴക്കേക്കര മാങ്കുളത്തുവീടിന്റെ മുൻവശം ഇറങ്ങുന്ന റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ടാർ ചെയ്യണം.

3. കല്ലുവെട്ടാംകുഴി–ആലുംമൂട് വഴി ചെറിയമ്പനാട്ട് കുളത്തിന്റെ കിഴക്കുവശത്തുകൂടി MLA റോഡിൽ കയറുന്ന റോഡിൽ ആൽത്തറയുടെ പടിഞ്ഞാറുഭാഗം വീതികൂട്ടി വാഹനങ്ങൾ പോകുന്നതിന് അനുയോജ്യമാക്കുക.

## വാർഡ് ആറ്

1. കല്ലുവെട്ടാംകുഴി പട്ടാഴിയിറവഴി കണ്ണനല്ലൂർ റോഡ് സഞ്ചാരയോഗ്യമാക്കുക.

2. മഠത്തിവിളമുക്കിൽനിന്നും കിഴക്കോട്ട് തോട് ക്രോസ്ചെയ്ത് പാലമുക്കിലേയ്ക്ക് പോകുന്ന റോഡ് സഞ്ചാരയോഗ്യമാക്കുക.

3. സെന്റ്ജൂഡ് HSൽനിന്നും മഠത്തിവിള മുക്കിൽനിന്നും പീപ്പിൾസ് റോഡ് വരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.

4. വലിയ ഏലായുടെ തോടിന്റെ

ഒരു വരമ്പ് ഗതാഗത യോഗ്യമാക്കണം.

5. ചെറുകരമുക്കിൽനിന്നും കണ്ണങ്കരഭാഗത്തുകൂടി വയലിലേയ്ക്കുള്ള വഴി സഞ്ചാരയോഗ്യമാക്കുക.

6. പീപ്പിൾസ് റോഡിന്റെ ഭാഗത്ത് മരുത്തുംകര കീഴുട്ട് റോഡ് ഏലായിലേയ്ക്ക് ഗതാഗതയോഗ്യമാക്കുക.

7. സെന്റ് ജൂഡ് H.Sറോഡിൽനിന്നും കിഴക്കോട്ടുള്ള വഴി പുതുതായി വെട്ടി ചാരുവിള ഫാക്ടറിയ്ക്ക് സമീപം എത്തിക്കുന്ന പണി ഗ്രാമസഭയുടെ നേതൃത്വത്തിൽ ശ്രമദാനമായി ചെയ്യുന്നതിന് തീരുമാനിച്ചു.

8. പീപ്പിൾസ് റോഡിൽനിന്നും പമ്പ്ഹൗസിലേയ്ക്കും ജയന്തി കോളനിയിലേയ്ക്കും അണ്ടൂർകോണം ഏലായിലേയ്ക്കും പോകുന്നവഴി സൈഡിൽ ഓടവെട്ടി ശരിയാക്കണം.

9. പീപ്പിൾസ് റോഡിൽനിന്നും ആലുംമൂട്ടിൽക്കൂടി പിള്ളവീട്ടിറയിലേയ്ക്ക് ഇറങ്ങുന്നതിനുള്ള റോഡ് ഗതാഗതയോഗ്യമാക്കണം.

10. പൂണറമുക്കിൽനിന്നും മുക്കാഞ്ഞിരത്ത് ഇറയിൽ കയറുന്ന റോഡ് സഞ്ചാരയോഗ്യമാക്കുക.

11. പീപ്പിൾസ് റോഡിൽനിന്നും തൊടിയിൽ ഇറയിൽക്കൂടി ചെറിയേലവഴി പോകുന്ന റോഡും അതിനോടനുബന്ധിച്ച് പറോറ്റി ഇറവഴി തമ്പിസാറിന്റെ വീടുവഴി മുഖത്തല ക്ഷേത്രത്തിൽ എത്തിച്ചേരുന്ന വഴിയും സഞ്ചാരയോഗ്യമാക്കണം.

## വാർഡ് ഏഴ്

1. തലച്ചിറ ലക്ഷംവീട് മുതൽ കണ്ണനല്ലൂർ പാലമുക്ക് റോഡിൽ പ്രവേശിക്കുന്ന റോഡ് ഗതാഗത യോഗ്യമാക്കുക.

2. വടക്കേമുക്കിൽനിന്നും മുഖത്തല ക്ഷേത്രംവരെയുള്ള റോഡ് ടാർ ചെയ്യുക.

3. തലച്ചിറ കോളനിയിലേയ്ക്ക് വരുന്ന റോഡ് ടാർ ചെയ്യുക.

4. കണ്ണനല്ലൂർ ജംഗ്ഷനിൽനിന്നും നടുവിലക്കരയിലേയ്ക്ക് ചാണിക്കൽവഴി റോഡ് നിർമ്മിക്കുക.

5. പാലമുക്ക് തീയേറ്റർ ജംഗ്ഷനിൽനിന്നും നടുവിലക്കരയിലേയ്ക്ക് ചാണിക്കൽ വഴി റോഡ് നിർമ്മിക്കുക.

6. പാലമുക്ക് ഹോസ്പിറ്റൽ റോഡ് ടാർചെയ്ത് MES റോഡുമായി ബന്ധിപ്പിക്കണം.

7. പുന്നവിളമുക്കിൽനിന്നും തലച്ചിറയിലേയ്ക്കുള്ള റോഡ് സംരക്ഷിക്കണം.

8. പണയിൽ ജംഗ്ഷനിൽനിന്നും മുകളുവിള ഹരിജൻ കോളനിയിലൂടെ ചേരീക്കോണം വടക്കേമുക്കിലേയ്ക്ക് റോഡ് നിർമ്മിക്കുക.

9 ചാണിക്കൽനിന്ന് വയൽവഴി നടുവിലക്കരയ്ക്കുള്ള റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.

## വാർഡ് എട്ട്

1. കണ്ണനല്ലൂർ ജംഗ്ഷൻ വിപുലീകരിക്കുന്നതിന് ആവിഷ്ക്കരിച്ച ടൗൺ പ്ലാനിംഗ് നടപ്പിലാക്കുക.

2. ജംഗ്ഷനിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ജംഗ്ഷന്റെ പാർശ്വങ്ങളിലുള്ള ചെറുറോഡുകൾ ടാറിട്ട് ഗതാഗതയോഗ്യമാക്കുക.

3. ആറാട്ടുകടവ് മുട്ടയ്ക്കാവ്-കുണ്ടുമൺ റോഡ്, കോർപ്പറേഷൻ കമ്പനി തെങ്ങുവിള MES വഴി പാണംതുണ്ടി ജംഗ്ഷൻ റോഡ്, മുസ്ലിയാർ കമ്പനി- രാജേന്ദ്രനാശുപത്രി-കണ്ണനല്ലൂർ ജംഗ്ഷൻ റോഡ്, പാണംതുണ്ടിൽ ജംഗ്ഷൻ -അഞ്ചുമൂല പുരയിടം റോഡ്, തടത്തിൽമുക്ക്-നീരൊഴുക്ക്- കരവാറ്റ് കമ്പനി റോഡ്, കണ്ണനല്ലൂർ ചാണിക്കൽ കല്ലുവെട്ടാംകുഴി റോഡ്, ESI ജംഗ്ഷൻ-കുരിശടി-നീരൊഴുക്ക് കരവാറ്റ് കമ്പനി റോഡ് എന്നിവവീതികൂട്ടി ടാർ ചെയ്ത് പാരലൽ റോഡാക്കിമാറ്റുക.

4. മുതിരവിള പുത്തൻവീട്-വാഴവിളവഴി പഴയ മണ്ണാൻകുളത്തിലേയ്ക്കുള്ള വഴി സഞ്ചാരയോഗ്യമാക്കുക.

5. കാഷ്യു കോർപ്പറേഷന്റെ തെക്കുവശത്തുകൂടി കല്ലുപുര വാഴവിളവഴിയുള്ള റോഡ്, MES സ്കൂൾ-മുണ്ടയ്ക്കൽ വഴിയുള്ള റോഡ്, എഴുത്താണി ജംഗ്ഷൻ പണയിൽ തൊടിവരെയുള്ള റോഡ്, ആറാട്ടുവിള-ചരുവിളവഴി തമ്പിമേശിരിയുടെ വീടിന് അടുത്തുവരെയുള്ള വഴി, പത്മാസ് മുതൽ ഷഹുബാനിയ മൻസിൽ വരെയുള്ള വഴി, കോട്ടവിള ജംഗ്ഷനിൽനിന്നും തെക്കോട്ടുള്ള വഴി എന്നിവ ചെറുവാഹനങ്ങൾക്ക് സഞ്ചാരയോഗ്യമാക്കുക.

## വാർഡ് ഒമ്പത്

1. പകുതിഭാഗംമാത്രം ടാർ ചെയ്തിട്ടുള്ള വാലിമുക്ക്-CID മുക്ക് വരെയുള്ള റോഡ് ടാർ ചെയ്യുക.

2. തഴുത്തല ESI ജംഗ്ഷൻ റോഡ് ടാർ ചെയ്യുക.

3. സെന്റ് ആന്റണീസ് കുരിശടിക്ക് സമീപത്തുനിന്നും അമ്പനാട് ഭാഗത്തേയ്ക്കുള്ള റോഡ് സംരക്ഷിക്കുക.

4. CID ജംഗ്ഷനിൽനിന്നും കോട്ടേകായലിലേയ്ക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കണം.

5. തഴുത്തല കുരിശടി ജംഗ്ഷനിൽനിന്നും കണ്ണനല്ലൂർ-മൈലക്കാട് റോഡിൽ പ്രവേശിക്കുന്ന ഫാത്തിമാ റോഡ് ടാർ ചെയ്യുക.

6. പഞ്ചായത്ത് കിണർ-മുട്ടയ്ക്കാവ് കായലിന് കുറുകെ റോഡ് നിർമ്മിക്കുക.

7. തടത്തിൽമുക്കിൽനിന്നും തഴുത്തലയിലേയ്ക്കുള്ള റോഡ് ടാർ ചെയ്യുക.

8. സെന്റ് സേവ്യേഴ്സ് സ്കൂളിൽനിന്നും താറാവിള ജംഗ്ഷൻവഴി- ഫാത്തിമാ റോഡിലേയ്ക്കുള്ള പാത ടാർചെയ്യണം.

9. വാലിമുക്കിൽനിന്നും ഫാത്തിമാ റോഡിലേയ്ക്കുള്ള റോഡ് ടാർ ചെയ്യണം.

10. വടക്കേ മൈലക്കാട്-ട്രാൻസ്ഫോർമറിനടുത്തുനിന്നും മുട്ടയ്ക്കാവിലേയ്ക്കുള്ള

റോഡ് സഞ്ചാരയോഗ്യമാക്കണം.

11. നീരൊഴുക്കിൽനിന്നും കുന്നുവിള ജംഗ്ഷനിലേയ്ക്കുള്ള വഴി സഞ്ചാരയോഗ്യമാക്കുക.

12. ആറാറുട്ടുകടവ് റോഡ് അറ്റകുറ്റപ്പണി ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

## വാർഡ് പത്ത്

1. വില്ലേജ് ആഫീസ്–ചാണിക്കൽ വടക്കേമുക്ക് റോഡ് MLA സ്ക്കീമിൽ ഉൾപ്പെടുത്തി ടാർ ചെയ്ത് സംരക്ഷിക്കുക.

2. ഈ വാർഡിലെ മിക്ക റോഡുകളും മെയിൻ റോഡിൽനിന്നുതുടങ്ങി കുത്തനെ ഏലാമുഖത്ത് അവസാനിക്കുന്നവയാണ്. മഴക്കാലത്ത് പെയ്തൊഴിയുന്ന വെള്ളം ഈ റോഡിൽക്കൂടി കുത്തിയൊലിച്ച് ഒഴുകുന്നതുമൂലം റോഡുകൾ പെട്ടെന്ന് നാശമാകുന്നു. ആയതിനാൽ ഈ വാർഡിലെ റോഡുകളിൽ ആവശ്യത്തിന് ഓടകൾ നിർമ്മിച്ച് സംരക്ഷിക്കുക.

3. ക്ഷേത്രത്തിന് പടിഞ്ഞാറുഭാഗത്തുകൂടി പണയിൽ ജംഗ്ഷനിൽനിന്നും നടുവിലക്കര വാർഡിലേയ്ക്ക് റോഡ് നിർമ്മിക്കുക.

4. അമ്പലത്തിന് പടിഞ്ഞാറുനിന്നും കീഴൂട്ട് ഇറവഴി MLA റോഡിൽ ബന്ധിക്കുന്ന റോഡ് നിർമ്മിക്കുക.

5. വില്ലേജ് ആഫീസിന്റെ കിഴക്കുവശത്തുനിന്നും ആപ്പഴഞ്ഞി ഇറവരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.

6. കുഴിവെട്ടിക്കുളം ESI ജംഗ്ഷൻ റോഡ് ടാർ ചെയ്യുക.

7. തടത്തിമുക്ക് കള്ളിക്കാട്ട് റോഡ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.

8. സ്ക്കൂൾ ജംഗ്ഷൻ മുതൽ വയലിൽ പുതുവീട് ഇറവരെയുള്ള റോഡ് ചാണിക്കൽവരെ നീട്ടുക.

9. MLA റോഡിൽനിന്നും പടിഞ്ഞാറോട്ട് ഇലവന്തി റോഡ് തോപ്പിൽ ജംഗ്ഷൻവരെ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക.

10. പയനുംമൂട് ജംഗ്ഷനിൽനിന്നും ഇലവന്തിവിളവരെയുള്ള റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.

11. കൊപ്പാറമുക്കുമുതൽ വടക്കോട്ട് – തോപ്പിൽ ജംഗ്ഷൻ വഴി വയൽവരെയുള്ള റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.

12. പണയിൽ ജംഗ്ഷനിൽനിന്നും പനയ്ക്കാലം PWD റോഡുവരെ റോഡ് നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക.

13. മുഖത്തല പോസ്റ്റാഫീസ് ജംഗ്ഷൻ മുതൽ തുണ്ടിൽമുക്ക് പേരയം ഹെൽത്ത് സെന്റർവരെയുള്ള റോഡ് ടാർ ചെയ്യുക.

14. മുരാരിമുക്ക്–പാലവിളക്കുറ്റി–തിരുമുക്ക് റോഡ് സഞ്ചാരയോഗ്യമാക്കുക (റീടാർ ചെയ്യുക)

## വാർഡ് പതിനൊന്ന്

1. ശാന്താ തീയേറ്റർ ജംഗ്ഷൻ മുതൽ പാലവിളക്കുറ്റി കല്ലുവിള റോഡ് ടാർ ചെയ്യുക.

16. ESIയ്ക്ക് തെക്കുവശത്ത് റൈസ്മിൽ മുതൽ തുണ്ടിൽമുക്കുവരെയുള്ള റോഡ് വീതികൂട്ടി ടാർ ചെയ്യുക.

17. കണിച്ചേരി ജംഗ്ഷൻ മുതൽ കിഴവൂർ വയലിലേയ്ക്കുള്ള റോഡ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.

18. താമരക്കുഴി മുതൽ ഹൈസ്ക്കൂൾവരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.

19. പാറപ്പുറം കലുങ്കുമുതൽ കൊപ്പാറ ജംഗ്ഷൻവരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.

20. ബ്ലോക്ക് ആഫീസിന് താഴ്വശം ബാലവാടിമുതൽ കുളത്തിന് മുകൾവശംവരെ ഓടകെട്ടി സഞ്ചാരയോഗ്യമാക്കണം.

21. പാറപ്പുറം–ഊറ്റുകുഴി വഴി താമരക്കുഴിയിൽ എത്തുന്ന റോഡ് സഞ്ചാരയോഗ്യമാക്കുക.

22. കോടിയാട്ട് ജംഗ്ഷൻ മുതൽ കല്ലുവിള ജംഗ്ഷൻ വരെയുള്ള റോഡ് നിർമ്മിക്കുക.

23. പനയ്ക്കാലം ജംഗ്ഷനിൽനിന്നും തെക്കോട്ടുള്ള റോഡ് (വയൽവരെ) പനയ്ക്കാലം ഇറവരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.

24. ബ്ലോക്കാഫീസിന് കിഴക്കുവശത്തുകൂടി കൊപ്പാറ ജംഗ്ഷനിൽ എത്തുന്ന റോഡ് ശേഷിക്കുന്ന ഭാഗം നിർമ്മിച്ച് പഞ്ചായത്ത് ഏറ്റെടുക്കുക.

25. കല്ലുവിള ജംഗ്ഷനിൽനിന്നും തെക്കോട്ടുള്ള റോഡ് മാടങ്കാവിൽവരെ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക.

26. വാലിമുക്കിൽനിന്നും ജയന്തി കോളനിവരെയുള്ള റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.

## വാർഡ് പന്ത്രണ്ട്

1. പി.കെ.ജംഗ്ഷനിൽനിന്ന് പേരയം വായനശാലവഴി കിറ്റ്കോസ് ജംഗ്ഷനിൽക്കൂടി ഉമയനല്ലൂരിലേയ്ക്കുള്ള റോഡ് ടാർ ചെയ്യുക.

2. മേൽപ്പറഞ്ഞ റോഡിലേയ്ക്ക് വന്നുചേരുന്ന വൈദ്യശാല ജംഗ്ഷനിൽനിന്നും പടിഞ്ഞാറോട്ടുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.

3. P.K. ജംഗ്ഷനിൽനിന്നും വടക്കോട്ട് ESI ജംഗ്ഷനുമായി ബന്ധിപ്പിക്കുംവിധം റോഡ് നിർമ്മിക്കുക.

4. തഴുത്തല–കിറ്റ്കോസ് റോഡിൽ ഷാപ്പിന്റെ കിഴക്കുവശത്തും പടിഞ്ഞാറുഭാഗത്തുമുള്ള രണ്ട് റോഡുകൾ സഞ്ചാരയോഗ്യമാക്കുക.

5. ആനക്കുഴി പമ്പ്ഹൗസിൽനിന്നും ആനക്കുഴി ക്ഷേത്രംവരെയുള്ള റോഡ് ടാർ ചെയ്യുക.

6. കൃഷിക്ക് ഗുണകരമാകുംവിധം പഴയ റബ്ബർത്തോട്ടത്തിൽനിന്നും താഴോട്ട് വയലിലേയ്ക്കുള്ള റോഡ് നന്നാക്കുക.

7. രണ്ടുവാർഡിൽക്കൂടി കടന്നുപോകുന്ന തഴുത്തല–ESI റോഡ് ഗതാഗതയോഗ്യമാക്കുക.

8. തഴുത്തല–മൈലാപ്പൂര് റോഡിൽനിന്നും അറബിക് കോളേജിന്റെ പടിഞ്ഞാറുവശത്തുനിന്നും

താഴേയ്ക്ക് പോയി പഞ്ചായത്തുകളും വരെ എത്തുന്ന റോഡ് സംരക്ഷിക്കുക.

9. മേലേവിള ജംഗ്ഷനിൽനിന്നും താഴേയ്ക്ക് പോയി വയലിലേയ്ക്കുള്ള റോഡ് നന്നാക്കുക.

## വാർഡ് പതിമൂന്ന്

1. ചെറുപുഷ്പം കോൺവന്റിന് കിഴക്കുവശത്തുനിന്നും കിഴക്കോട്ടു പോയി കമ്പിവിളയിൽ ചെന്നുകയറുന്ന റോഡ് പുതുച്ചിറ വിജ്ഞാനോദയം വായനശാലയ്ക്ക് പടിഞ്ഞാറുനിന്നും വടക്കോട്ടുപോകുന്ന റോഡും മെറ്റൽ ചെയ്ത് ടാർ ചെയ്യുക.

2. പേരയം പി.കെ. ജംഗ്ഷനിൽനിന്നും വടക്കുഭാഗത്തേയ്ക്കു വന്ന് പേരയം ചന്തമുക്കിൽ അവസാനിക്കുന്ന റോഡ് സഞ്ചാരയോഗ്യമാക്കുക.

3. കോൺവന്റിന് പടിഞ്ഞാറുനിന്നും തുടങ്ങുന്ന തോടിന് മുകൾഭാഗം സ്ലാബിട്ട് സഞ്ചാരയോഗ്യമാക്കുക.

4. പേരയം മാർക്കറ്റിൽനിന്നും പഞ്ചായത്ത് ആസ്ഥാനത്തേയ്ക്കുള്ള റോഡ് പി.കെ. ജംഗ്ഷൻവരെ വിപുലീകരിക്കുകയും ഗതാഗതയോഗ്യമാക്കുകയും ചെയ്യുക.

5. ഡോൺബോസ്ക്കോ മുതൽ പേരയം വായനശാലവഴി ചെറുപുഷ്പം കോൺവെന്റ് വരെയുള്ള റോഡ് വിപുലീകരിക്കുക.

6. ആനക്കുഴി മുതൽ പേരയം ആറാട്ടുകുളംവരെയുള്ള റോഡ് വിപുലീകരിക്കുക.

7. പേരയം പുളിവിള ജംഗ്ഷനിൽനിന്നും മയ്യനാട് പഞ്ചായത്തിലേയ്ക്ക് പോകുന്ന വഴിയിൽ കനാൽ ഭാഗത്തെ ദുർഘടാവസ്ഥ പരിഹരിക്കുക.

8. സുന്നി ജംഗ്ഷനിൽനിന്നും പേരയം വായനശാലവരെയുള്ള വഴിയിൽ ഇതിനോടനുബന്ധിച്ച കലുങ്ക് വിപുലീകരിക്കുക. കൂടാതെ, തോടിന്റെ ഇരുഭാഗത്തുമുള്ള നിർത്തിവച്ചിരിക്കുന്ന പണി പൂർത്തിയാക്കുക.

9. കൊട്ടിയം ESI മുതൽ മൈലാപ്പൂർ പള്ളിവരെയുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുക. റോഡ് PWD വകുപ്പിന് നൽകാൻ വേണ്ട നടപടി സ്വീകരിക്കുക.

10. ഡോൺബോസ്കോ വാട്ടർ ടാങ്കിന്റെ സൈഡിൽക്കൂടി കിഴക്കോട്ടു പോകുന്ന വെട്ടുറോഡിന്റെ ദുർഘടാവസ്ഥ പരിഹരിക്കുക.

11. തഴുത്തല റോഡിലേയ്ക്കുള്ള പഞ്ചായത്ത് അതിർത്തി റോഡ് ഗതാഗതയോഗ്യമാക്കുക.

12. HMC ജംഗ്ഷനിൽനിന്നും പടിഞ്ഞാറോട്ടുള്ള റോഡിന് കോൺക്രീറ്റ് സ്ലാബ് സ്ഥാപിച്ച് വാഹനസഞ്ചാരയോഗ്യമാക്കുക.

13. മൈലാപ്പൂർ ജംഗ്ഷൻ മുതൽ പെരുകുളം ഏലായിലേയ്ക്കുള്ള റോഡിന്റെ ടാറിംഗ് ഉൾപ്പെടെയുള്ള പണികൾ ആരംഭിക്കുക.

14. വായനശാല ജംഗ്ഷനിൽനിന്നും പെരുംകുളം ഏലായിലേയ്ക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.

15. മൈലാപ്പൂർ തൈക്കാവ് ജംഗ്ഷനിൽനിന്നും പെരുംകുളം ഏലായിലേയ്ക്കുള്ള റോഡിന്റെ നിർമ്മാണം തുടങ്ങുക.

16. മൈലാപ്പൂർ പ്രസ് ജംഗ്ഷനിൽനിന്നും പഞ്ചായത്ത് കിണർവഴി ചരുവിൽക്കട്ട മുകളിലേയ്ക്കുള്ള റോഡിന്റെ നിർമ്മാണം.

17. മൈലാപ്പൂർ നെല്ലിപ്പള്ളിയഴികം മുസ്തഫക്കുഞ്ഞിന്റെ വീടിന് സമീപത്തുനിന്നും പടിഞ്ഞാറേയ്ക്കുള്ള റോഡിന്റെ നിർമ്മാണം.

18. തട്ടാമല പള്ളി ജംഗ്ഷനിൽനിന്നും കണ്ടോലിൽവഴി ക്ഷേത്രത്തിന് സമീപത്തുകൂടി മൈലാപ്പൂരിലേയ്ക്കുള്ള റോഡിന്റെ നിർമ്മാണം.

19. മൈലാപ്പൂർ-കളീലിൽ ജംഗ്ഷനിൽനിന്നും കല്ലുകുഴിയിലേയ്ക്കുള്ള റോഡിന്റെ നിർമ്മാണം.

20. കളീലിൽ ജംഗ്ഷനിൽനിന്നും മൈലാപ്പൂർ ചന്ദ്രസേനന്റെ വീടിന് സമീപത്തുകൂടി ഹൈസ്ക്കൂൾ ജംഗ്ഷനിലേയ്ക്കുള്ള റോഡ് നിർമ്മാണം.

21. ചരുവിൽക്കട ജംഗ്ഷനിൽനിന്നും പടിഞ്ഞാറേയ്ക്ക് തീപ്പെട്ടിക്കമ്പനിവഴി കൈപ്പള്ളി ജംഗ്ഷനിലേയ്ക്കുള്ള റോഡിന്റെ നിർമ്മാണം.



# പാർപ്പിടം

തൃക്കോവിൽവട്ടം പഞ്ചായത്തിലെ പാർപ്പിടസൗകര്യം സാമാന്യം തൃപ്തികരമാണ്. വീടുകൾ പ്രധാനമായും 3തരത്തിൽ ഉള്ളവയാണ്. ഓലമേഞ്ഞവ, ഓടിട്ടവ, കോൺക്രീറ്റ് ചെയ്തവ, 1991 ലെ കണക്കുപ്രകാരം 10,513 കെട്ടിടങ്ങളാണ് പഞ്ചായത്തിലുണ്ടായിരുന്നത്. 1996 ൽ ഇത് 12,319 ആയി വർദ്ധിച്ചു.

കേരള ഹൗസിംഗ് ബോർഡിന്റെ കൊല്ലം റീജിയണൽ ഓഫീസിലെ അധികാരപരിധിയിൽപ്പെട്ടതാണ് തൃക്കോവിൽവട്ടം പഞ്ചായത്ത്. ഈ സ്ഥാപനത്തിൽനിന്നും ധാരാളം ജനങ്ങൾ വായ്പകൾ സ്വീകരിച്ച് വീടുകൾ പണിയുന്നുണ്ട്. കൂടാതെ, ജില്ലാ വികസന അതോറിട്ടി ബ്ലോക്ക് കേന്ദ്രീകരിച്ച് നടത്തുന്ന തട്ടാമലയിലുള്ള ഹൗസിംഗ് സൊസൈറ്റി, ജില്ലാ സഹകരണബാങ്ക്, വിവിധ ഡിപ്പാർട്ട്മെന്റുകൾ എന്നിവിടങ്ങളിൽനിന്നും ലോൺ സ്വീകരിച്ച് വീടുകൾ നിർമ്മിക്കുന്നുണ്ട്. ഈ പഞ്ചായത്ത് അതിർത്തിയിൽ ഹൗസിംഗ് കോളനികൾ ഒന്നും തന്നെയില്ല. നമ്മുടെ പഞ്ചായത്തിൽപ്പെട്ട പേരയം, വെട്ടിലത്താഴം, ചേരീക്കോണം, ചെറിയേല, തൃക്കോവിൽവട്ടം സൗത്ത് എന്നീ വാർഡുകളിൽ ഓരോ ലക്ഷംവീട് കോളനികൾ ഉണ്ട്. കൂടാതെ, ദുർബ്ബലവിഭാഗങ്ങൾ പാർക്കുന്ന 9 കോളനികളും ഈ പഞ്ചായത്തിലുണ്ട്. കോളനിഭവനങ്ങൾ ഓട് മേഞ്ഞതും നല്ലൊരു വിഭാഗം ഓലമേഞ്ഞതുമാണ്. ഇവിടെ പലയിടത്തും വൈദ്യുതിയും കുടിവെള്ളത്തിന്റെ സംവിധാനവും ഇതുവരെ എത്തിച്ചേർന്നിട്ടില്ല. കുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് വീടുപണിഞ്ഞ് താമസിക്കുവാൻ ഭൂമിയുടെ അപര്യാപ്തതയും ഉണ്ട്. പരമ്പരാഗതമായ പല കൃഷിയിടങ്ങളും ഭവനങ്ങളുടെ നിർമ്മാണംമൂലം നഷ്ടപ്പെട്ടിട്ടുണ്ട്.

ചേരീക്കോണം വാർഡിലെ തലച്ചിറ ജലസേചനപദ്ധതിയ്ക്കായി സർക്കാർ ഏറ്റെടുത്തിരുന്ന ഭൂമിയിൽ ഇന്ന് 350ഓളം ദുർബ്ബലവിഭാഗകുടുംബക്കാർ താമസമുണ്ട്. ഇവരെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. തമിഴ്നാട്ടിൽനിന്നും കെട്ടിടം പണികൾക്കും മറ്റുമായി ധാരാളം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിൽ വന്ന് താമസിക്കുന്നുണ്ട്. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ കെട്ടിടനിർമ്മാണരംഗത്ത് പ്രകടമായ മാറ്റം സംഭവിച്ചിട്ടുണ്ട്. ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ പഞ്ചായത്തിൽ ഭൂരിഭാഗം ഭവനങ്ങളും ഓലമേഞ്ഞവയായിരുന്നു. 1950ഓടുകൂടി ഓടുമേഞ്ഞ ഭവനങ്ങൾ സാർവ്വത്രികമായി. എന്നാൽ ഇന്ന് പരമ്പരാഗതമായ നമ്മുടെ മാതൃകകളെ അവഗണിച്ചുകൊണ്ട് കോൺക്രീറ്റ് കെട്ടിടങ്ങൾ ഉയർന്നുവന്നു. ഇത് നമ്മുടെ പൈതൃകമായ വാസ്തുശിൽപ്പവിദ്യകൾ നമുക്ക് എന്നെന്നേയ്ക്കുമായി നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഈ മാറ്റത്തിന്റെ പ്രധാന കാരണം ഗൾഫ് മേഖലയിൽനിന്നുള്ള പണത്തിന്റെ അശാസ്ത്രീയമായ വിനിയോഗമാണ്.

കെട്ടിടനിർമ്മാണത്തിന് ആവശ്യമായ അസംസ്കൃതവസ്തുക്കൾ സുലഭമായി കിട്ടാനില്ല. എന്നാൽ പാഴ്ച്ചിലവ് കുറഞ്ഞ അവശ്യ സൗകര്യങ്ങളോടുകൂടിയ വീടുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ സാങ്കേതിക വിദ്യകൾ ഇന്ന് നമുക്ക് ലഭ്യമാണ്. പക്ഷേ, അനാവശ്യമായ ദുർവ്യയം ഒഴിവാക്കി ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുവാനായി ആരും മുന്നോട്ടു വരുന്നില്ല. ഇതിന് ആവശ്യമായ ബോധവൽക്കരണം അത്യാവശ്യമാണ്. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള വിദഗ്ധതൊഴിലാളികൾ നമുക്ക് ആവശ്യത്തിനില്ല. ആയതിനാൽ നമുക്കാവസ്യമായ തൊഴിലാളികളെ നിർമ്മിതികേന്ദ്രവുമായി ബന്ധപ്പെട്ട് പരിശീലിപ്പിക്കേണ്ടതായിട്ടുണ്ട്. തൃക്കോവിൽവട്ടം പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം വാർഡുതലത്തിൽ പേജ് 53 ൽ കൊടുത്തിരിക്കുന്നു.

1990 മുതൽ 95 വരെ ഈ പഞ്ചായത്തിലുള്ള ആകെ കെട്ടിടങ്ങളുടെ എണ്ണമാണ് 53 പേജിൽ തന്നെ ചേർത്തിരിക്കുന്നു.

**കെട്ടിടങ്ങളുടെ എണ്ണം വാർഡ് തലത്തിൽ പട്ടിക - 1**

| വാർഡ് നമ്പർ | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽക്കൂരയുടെ സ്വഭാവം | | | | വിവിധ ഭവനനിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം. |
|---|---|---|---|---|---|---|---|
| | | | | ഒരുനിലയുള്ള കെട്ടിടങ്ങൾ | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 672 | 15 | 175 | 363 | 105 | 14 | 5 |
| II | 845 | 9 | 235 | 395- | 194 | 12 | 6 |
| III | 961 | 12 | 118 | 523 | -294 | 14 | 12 |
| IV | 1062 | 5 | 271 | 504 | 264 | 18 | 6 |
| V | 977 | 9 | 194 | 486 | 7264 | 24 | 11 |
| VI | -1072 | 1 | 154 | 363 | 527 | 27 | 7 |
| VII | 1000 | 6 | 301 | 364 | 306 | 23 | 3 |
| VIII | 980 | 8 | 224 | 431 | 299 | 18 | 3 |
| IX | 740 | 7- | 245 | 271 | 201 | 16 | 3 |
| X | 847 | 12 | 213 | 176 | 417 | 29 | 6 |
| XI | 793 | 18 | 196 | 269 | 291 | 19 | 7 |
| XII | 714 | 10- | 133 | 365 | 182 | 24 | 5 |
| XIII | 947 | 10 | 182 | 437 | -304 | 14 | 4 |
| XIV | 709 | 13 | 209 | 229 | -292 | 66 | 4 |
| ആകെ | 12319 | 135 | 2850 | 5176 | 3840 | 318 | 82 |

**പട്ടിക - 2**

| പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | 1991- 92 | 1992- 93 | 1993- 94 | 1994- 95 | 1995- 96 |
|---|---|---|---|---|---|
| I | 672 | 15 | 175 | 363 | 105 |

## പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടെയും വിലക്കയറ്റം.

2. കൺവയൻസ് ചാർജ്ജ് വർദ്ധനവും തൊഴിലാളികളുടെ കൂലിവർദ്ധനവും.

3. വായ്പകൾ അനുവദിക്കുന്നതിനുവേണ്ടി വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്നും ലഭിക്കേണ്ട രേഖകളുടെ കാലതാമസം.

4. സ്വന്തമായി ഭൂമിയില്ലാത്തവർ.

5. പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റിയില്ല.

6. കോളനികളിൽ വേണ്ടത്ര സൗകര്യമില്ലായ്മ.

7. ദുർബ്ബല ജനവിഭാഗങ്ങളിൽ പരിഗണനാർഹമായ ഒരു പങ്ക് ആളുകൽക്ക് വീടില്ല.

## സാധ്യതകൾ

1. ഭൂമി ഇല്ലാത്തവർക്കും നിർദ്ധനരായവർക്കും സാമ്പത്തിക സഹായം നൽകിക്കൊണ്ട് പ്രത്യേക ഭവനനിർമ്മാണപദ്ധതി ആവഷിക്കരിച്ച് നടപ്പിലാക്കണം.

2. കെട്ടിട നിർമ്മാണ സാമഗ്രികൾ വിലകുറച്ച് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

3. ഭവനവായ്പയ്ക്കുവേണ്ടി ഡിപ്പാർട്ടുമെന്റിൽനിന്നും ലഭിക്കേണ്ട രേഖകൾ കാലതാമസംകൂടാതെ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

4. ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിക്കുക.

5. കോളനികളിലെ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.

6. ഭവനനിർമ്മാണ വായ്പകൾക്കുള്ള പലിശ കുറയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

7. ചെലവ് കുറഞ്ഞ വീടുകളുടെ പ്രചാരണവും ബോധവൽക്കരണവും നടത്തുക.

8. ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുവാൻ ആവശ്യമായ തൊഴിലാളികളെ പരിശീലിപ്പിക്കുക.

9. ദുർബ്ബലജനവിഭാഗങ്ങളിൽ വീടില്ലാത്തവർക്കെല്ലാം വീട് വച്ചുകൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.



# ആരോഗ്യവും കുടിവെള്ളവും

## ആരോഗ്യം

പൊതുജനാരോഗ്യപരിപാലനരംഗത്ത് നമ്മുടെ സംസ്ഥാനത്തെ പ്രതിശീർഷചെലവ് വളരെ ഉയർന്നതാണ്. സംസ്ഥാനത്താകെ സർക്കാർവക ചികിത്സാ കേന്ദ്രങ്ങളുടെ ഒരു നിര നിലവിലുണ്ട്. ആരോഗ്യസംരക്ഷണത്തിന്റെ ചെലവ് കൂടിക്കൊണ്ടിരിക്കുമ്പോൾത്തന്നെ പൊതുജനാരോഗ്യ സേവനസംവിധാനങ്ങളുടെ അപര്യാപ്തത വർദ്ധിക്കുന്നുവെന്നത് ഒരു വൈപരീത്യമാണ്. നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ കാര്യക്ഷമമല്ല എന്നതുകൊണ്ടുതന്നെ ഈ രംഗത്ത് സ്വകാര്യമേഖലയുടെ ഒരു കടന്നുകയറ്റം കാണുവാൻ കഴിയും. സർക്കാർ ആശുപത്രികളിൽ ഈ കാര്യക്ഷമതയില്ലായ്മ നമ്മുടെ പഞ്ചായത്തിൽ കൂടുതൽ രൂക്ഷമാണ്. നമ്മുടെ പ്രാഥമികാരോഗ്യകേന്ദ്രത്തിന് സ്വന്തമായ കെട്ടിടമില്ല. പഞ്ചായത്തിന്റെ ഒരതിർത്തിയിലാണ് ഇന്നത് പ്രവർത്തിക്കുന്നത്. ഇപ്പോൾ ഈ സ്ഥാപനം ചെന്നനല്ലൂർ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിൽ പ്രവർത്തിക്കുന്നു എന്നതുകൊണ്ട് അവശരായ രോഗികൾ വളരെ ബുദ്ധിമുട്ടുന്നു. 24 മണിക്കൂറും ചികിത്സാസൗകര്യം നൽകുന്ന ഒരു സർക്കാർ സ്ഥാപനമായി ഇതുവരെ ഉയർന്നിട്ടില്ല. ആയുർവ്വേദ ആശുപത്രിയുടെ സ്ഥിതിയും ഭിന്നമല്ല. ഈ പഞ്ചായത്തിലെ തൊഴിലാളികൾക്ക് ചികിത്സാസൗകര്യം ലഭ്യമാകുവാൻവേണ്ടി തൃക്കോവിൽവട്ടം സൗത്ത് വാർഡിൽ സ്ഥിതിചെയ്യുന്ന ESI ഡിസ്പെൻസറി ഇന്ന് ഒരു ചികിത്സാ കേന്ദ്രമായി പ്രവർത്തിക്കുന്നില്ല. തൊഴിലാളികൾക്ക് ESI ലീവ് ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനുള്ള ഒരു സ്ഥാപനമായി ചുരുങ്ങിയിരിക്കുന്നു. സാമ്പത്തികമായി ദുരിതമനുഭവിക്കുന്നവർക്കുപോലും കുറഞ്ഞചെലവിൽ മെച്ചപ്പെട്ട ചികിത്സാസൗകര്യം എത്തിക്കാൻ കഴിയേണ്ട ചെന്താപ്പൂര് സ്ഥിതിചെയ്യുന്ന സഹകരണാശുപത്രി കേവലം ഒരു സ്വകാര്യ ആശുപത്രിയുടെ നിലയിലാണ് പ്രവർത്തിക്കുന്നത്. ചികിത്സാ ചെലവുകൾ സാധാരണജനങ്ങൾക്ക് താങ്ങാൻ കഴിയുന്ന നിരക്കിലല്ല. അലോപ്പതി ചികിത്സാരംഗത്തെ എല്ലാ സ്പെഷ്യാലിറ്റി മേഖലയിലെയും ചികിത്സ ലഭ്യമാക്കാൻ ഈ ആശുപത്രിക്ക് കഴിയുന്നില്ല. പൊതുവിൽ പഞ്ചായത്തിലുള്ള സർക്കാർ ആശുപത്രികളും സഹകരണ ആശുപത്രികളിലും സാധരണജനങ്ങൾക്ക് പര്യാപ്തമായ ചികിത്സാസൗകര്യങ്ങൾ ലഭ്യമല്ലാത്തതുകൊണ്ട് സ്വകാര്യ ആശുപത്രികളെയാണ് അവർ അഭയം പ്രാപിക്കുന്നത്. അലോപ്പൊതി ആയുർവ്വേദ ചികിത്സാരീതികളോടൊപ്പം പ്രചാരത്തിലുള്ള ഹോമിയോ ചികിത്സാരീതിയും പഞ്ചായത്തിൽ നിലവിലുണ്ട്. സബ്സെന്ററുകൾ ജനസംഖ്യാ ആനുപാതികമായി നിലവിലില്ല എന്നതും ഉള്ള സബ് സെന്ററുകൾ കാര്യക്ഷമമമായി പ്രവർത്തിക്കുന്നില്ല എന്നതും ആരോഗ്യപരിപാലനരംഗത്തെ അപര്യാപ്തതയാണ്. ചെറിയൊരു വിഭാഗം സർക്കാർ ജില്ലാ ആശുപത്രിയെയും ആശ്രയിക്കുന്നുണ്ട്.

**പട്ടിക–1 ജനനനിരക്ക്**

| | |
|---|---|
| 1993- 94 | 7.82 |
| 1994- 95 | 7.30 |
| 1995- 96 | 6.57 |

ജനനനിരക്കിൽ കാര്യമായ കുറവുണ്ടാകുന്നത് പട്ടികയിൽനിന്ന് വ്യക്തമാണ്

**പട്ടിക–2 മരണനിരക്ക്**

| | |
|---|---|
| 1993- 94 | 1.41 |
| 1994- 95 | 1.30 |
| 1995- 96 | 1.19 |

മരണനിരക്കിലും ക്രമാനുഗതമായ കുറവ് ദൃശ്യമാണ്. കേരളത്തിന്റെ പൊതു മരണനിരക്ക് 5.9 ആണ്. ഇക്കാര്യത്തിൽ കാണുന്ന വലിയ അന്തരം വിശ്വസനീയമല്ല.

പൊതുവിൽ കുടുംബാസൂത്രണരംഗംമെച്ചപ്പെട്ടനിലയിലാണ്. പഞ്ചായത്തിലെ ചില മേഖലകളിലൊഴികെ കഴിഞ്ഞ രണ്ട് ദശകങ്ങൾക്കുള്ളിൽ വിവാഹിതരായവർക്ക് രണ്ടിലധികം കുട്ടികൾ വിരളമാണ്. കുട്ടികളുടെ അനുപാതത്തിൽ കുറവുണ്ടായിട്ടുണ്ട്. പട്ടിക – 3 കാണുക.

**പട്ടിക – 3**

| നമ്പർ | കുട്ടികളുടെ എണ്ണം | അമ്മമാരുടെ എണ്ണം | കുടുംബാസൂത്രണം സ്വീകരിച്ചവരുടെ എണ്ണം |
|---|---|---|---|
| 1. | ഒരു കുട്ടിമാത്രം | 1059 | 24 |
| 2. | രണ്ട് കുട്ടികൾ | 1089 | 361 |
| 3. | രണ്ടിക്കൂടുതൽ | 2376 | 128 |

രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് കണ്ണനല്ലൂർ സൗത്ത് വാർഡിന്റെ കിഴക്കേയറ്റം വരുന്ന ഏലാ പ്രദേശം ചെളിയെടുത്ത് വലിയ ആഴമുള്ള കായലായി മാറിയിരിക്കുന്നു. ആ പ്രദേശത്തെ കിണറുകൾ പറ്റുന്നതിന് ഇത് ഒരു കാരണമാണ് എന്ന് പരാതിയുണ്ട്.

കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാൻ പൊതുജലവിതരണസമ്പ്രദായം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 10 കുഴൽക്കിണറുകളും 1600 ഓളം സർവ്വീസ് കണക്ഷൻ ഉപഭോക്താക്കളും 440 വഴിയോര ടാപ്പുകളും നിലവിലുണ്ട്. പൊതുജലവിതരണത്തിനുവേണ്ടി നിർമ്മിച്ച ഒരു ഓപ്പൺവെല്ലിനോടൊപ്പം 41 പൊതുകിണറുകളും ഉണ്ട്.

**കിണറുകളുടെ പട്ടിക – 5**

| കുഴൽക്കിണർ സംബന്ധിച്ച് | | | |
|---|---|---|---|
| ആകെ എണ്ണം | ഓവർഹെഡ് ടാങ്ക് | നിലവിൽ പ്രവർത്തിക്കുന്നവ | പ്രവർത്തന രഹിതം |
| 10 | 2 | 2 | 8 |

അടുത്തകാലങ്ങളിൽ പഞ്ചായത്തിൽ പൊതുവേ പകർച്ച വ്യാധികൾ ഉണ്ടായിട്ടില്ല. ചിലകാലങ്ങളിൽ വ്യാപകമായി ഉണ്ടാകുന്ന വിഷപ്പനിയും ചെങ്കണ്ണുരോഗവുമാണ് ഇതിനൊരപവാദം. പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളിലും കക്കൂസ് സൗകര്യമുണ്ട്. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം കക്കൂസ് ഉണ്ടാക്കുക എന്നത് അവരാൽ അസാദ്ധ്യമാണ്. സർക്കാർ സഹായത്തോടെ കക്കൂസ് നിർമ്മിച്ച് നൽകുന്ന പദ്ധതികൾ ആശ്വാസകരമാണെങ്കിലും ഇനിയും ഈ സൗകര്യം ഉണ്ടാകേണ്ടവരുടെ എണ്ണം പരിഗണനാർഹമായ തോതിൽ ഉണ്ട്.

സാമൂഹിക സാമ്പത്തിക സർവ്വേയിലൂടെ ഇവരെ കണ്ടെത്തി ജനപങ്കാളിത്തത്തോടെ ഇതിന് പരിഹാരം കാണേണ്ടിയിരിക്കുന്നു. സർക്കാർ സഹായത്തോടെ നൽകിയ കക്കൂസുകളുടെ പട്ടിക.

**പട്ടിക – 4**

സർക്കാർ ഏജൻസികൾ വഴി വിതരണംചെയ്ത കക്കൂസുകളുടെവിവരം

| | | | |
|---|---|---|---|
| 1. | ബ്ലോക്കാഫീസ് | 1993- 95 | 59 |
| 2. | പഞ്ചായത്താഫീസ് | 1990- 95 | 416 |

മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനും മലിനജലം ഒഴുക്കിക്കളയുന്നതിനും ബഹുഭൂരിപക്ഷം വീടുകളിലും പ്രത്യേകസംവിധാനങ്ങളില്ല. പഞ്ചായത്തിൽ വ്യാപകമായി കാണുന്ന കൊതുകുശല്യത്തിനും ഇതൊരു കാരണമായിത്തീരുന്നുണ്ട്. പൊതുവിൽ ജലമലിനീകരണത്തിന് കാരണമാകുന്ന വ്യവസായങ്ങൾ വിരളമാണ്. വേണ്ടരീതിയിൽ ചുളകളില്ലാത്ത കട്ടക്കമ്പനികളും പരിമിതമായി പഞ്ചായത്തിലുള്ള ക്രഷർ യൂണിറ്റുകളും വായൂ മലിനീകരണത്തിന് കാരണമാകുന്നുണ്ട്.

പഞ്ചായത്തിന്റെ വിവിധമേഖലകളിലുള്ള ഒട്ടനവധി കശുവണ്ടി ഫാക്ടറികളിൽ ചിലതിന്റെയെങ്കിലും പുകക്കുഴലിന്റെ ഉയരക്കുറവ് വായൂമലിനീകരണത്തിന് ഇടയാക്കുന്നു.

## കുടിവെള്ളം

വേനൽക്കാലങ്ങളിൽ പഞ്ചായത്തിന്റെ മിക്കവാറും എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. പഞ്ചായത്തിന്റെ തെക്കൻമേഖലയിൽവരുന്ന മൈലാപ്പൂർ, പേരയം, സൗത്ത്, പേരയം നോർത്ത്, പേരയം ഈസ്റ്റിന്റെ കിഴക്കൻ മേഖലകൾ, കണ്ണനല്ലൂർ സൗത്ത് എന്നീ വാർഡുകളിൽ കുടിവെള്ളക്ഷാമം കൂടുതൽ രൂക്ഷമാണ്.

തട്ടാർകോണം വാർഡിന്റെ പടിഞ്ഞാറൻ മേഖലകളും ചെറിയേലാ ഈസ്റ്റ് വാർഡിന്റെ മേഖലകളിലും

കുഴൽക്കിണറുകൾക്ക് നിരന്തരം ഉണ്ടാകാവുന്ന കേടുപാടുകളും പ്രതീക്ഷിച്ചത്ര ജലം ലഭ്യമല്ലാത്തതും കേടുവരുന്ന പൈപ്പ്ലൈനുകളും വാട്ടർ ടാപ്പുകളും വേണ്ടസമയത്ത് റിപ്പയർ ചെയ്തിരിക്കുന്നതും ജലവിതരണത്തിനുവേണ്ടി ആവശ്യമായ ഓവർഹെഡ് ടാങ്ക് ഇല്ലാതിരിക്കുന്നതും എല്ലാം പൊതുജലവിതരണ സമ്പ്രദായത്തിന്റെ കാര്യക്ഷമത ഇല്ലാതാക്കുന്നുണ്ട്. പഞ്ചായത്തിന്റെ മുഴുവൻ മേഖലകളിലും പൈപ്പ് ലൈൻ എത്തിയിട്ടില്ല എന്ന പരാധീനതയും നിലനിൽക്കുന്നു.

വീടുകളിലേയ്ക്ക് കണക്ഷൻ എടുത്തിട്ടുള്ള ചില ഉപഭോക്താക്കൾ എങ്കിലും ലഭ്യമാകുന്ന ജലം ജലസേചനത്തിനുകൂടി ഉപയോഗിക്കുന്നു

എന്നുള്ളതും നിലനിൽക്കുന്ന കുടിവെള്ളപ്രശ്നത്തെ രൂക്ഷമാക്കും.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിന് സ്വന്തമായി ഒരു കെട്ടിടം ഇല്ലാത്തതും ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിൽ പ്രവർത്തിക്കുന്നതും പഞ്ചായത്തിന്റെ ഒരറ്റത്താണ് സ്ഥിതിചെയ്യുന്നത് എന്നുള്ളതും പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സേവനം പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ലഭ്യമാകുന്നതിന് തടസ്സമായി നിൽക്കുന്നു.

2. പരിമിതമായ മണിക്കൂറുകൾ മാത്രമേ ഡോക്ടറുടെ സേവനം ലഭിക്കുന്നുള്ളൂ.

3. ജനസംഖ്യാനുപാതികമായി സബ്ബ്സെന്ററുകൾ ഇല്ല എന്നുള്ളത് മറ്റൊരു പ്രശ്നമാണ്.

4. സ്ക്കൂൾ ആരോഗ്യപരിപാടി വേണ്ട നിലയിൽ അല്ല.

5. ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായ കെട്ടിടം ഇല്ല.

പഞ്ചായത്തിലെ പ്രധാന ചികിത്സാകേന്ദ്രമായി ഇത് ഇനിയും മാറിയിട്ടില്ല.

6. കശുഅണ്ടി തൊഴിലാളികൾക്കും ഫാക്ടറികളിലെ മറ്റ് തൊഴിലാളികൾക്കും ആവശ്യമായ ചികിത്സാ സൗകര്യം നൽകേണ്ട ESI ഡിസ്പെൻസറി ഒരു ചികിത്സാകേന്ദ്രമായി മാറേണ്ടതുണ്ട്. ആവശ്യം സൗകര്യമുള്ള ഈ ESI ഡിസ്പെൻസറി, തൊഴിലാളികൾക്ക് ചികിത്സാസൗകര്യം എത്തിക്കണം.

7. നമ്മുടെ പഞ്ചായത്തിലെ സഹകരണാശുപത്രിയിലെ ചികിത്സാസൗകര്യങ്ങൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുകൂടി ലഭ്യമാകുന്നില്ല എന്ന പ്രശ്നമുണ്ട്.

8. ദുർബ്ബലവിഭാഗങ്ങൾക്കാകെ കക്കൂസ് സൗകര്യം എത്തിയിട്ടില്ല.

9. വീടും പരിസരവും ശുചിയായി സൂക്ഷിക്കുക എന്ന ബോധനിലവാരത്തിൽ ജനങ്ങളെയാകെ എത്തിക്കേണ്ടതുണ്ട്.

10. ക്രഷർ യൂണിറ്റുകളും ഫാക്ടറികളും ഉമയനല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ചില യൂണിറ്റുകളും ഉളവാക്കുന്ന പരിസരമലിനീകരണം ഒരു പ്രശ്നമാണ്.

11. പഞ്ചായത്തിന്റെ വലിയ പങ്കു വരുന്ന മേഖലയിൽ കിണർ കുഴിക്കുമ്പോൾ വലിയ ആഴത്തിൽ കാണുന്ന കടുത്ത ചെളി ജലലഭ്യതയെ ബാധിക്കുന്നതാണ്.

12. കണ്ണനല്ലൂർ സൗത്ത് വാർഡിന്റെ കിഴക്കേയറ്റത്തെ വയലിൽനിന്നുള്ള ചെളിയെടുപ്പ് ആ മേഖലയിലെ കിണറുകളിലെ ജലദൗർലഭ്യത്തിന് കാരണമാകുന്നു.

13. ജലവിതരണത്തിനായി കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനുവേണ്ടിവരുന്ന ഭാരിച്ച തുകയും അവയുടെ അൽപ്പായുസ്സും ഈ രംഗത്തെ പ്രശ്നങ്ങളാണ്.

14. ഓവർഹെഡ് ടാങ്ക് ഇല്ലാത്ത കുഴൽക്കിണറുകളിൽനിന്ന് പൈപ്പ്ലൈനുകളിലേയ്ക്ക് നേരിട്ട് വെള്ളം പമ്പ്ചെയ്യുന്നത് പൈപ്പുകൾക്കും ടാപ്പുകൾക്കും വെള്ളം പമ്പുചെയ്യുന്ന മോട്ടോറുകൾക്കും കേടുപാടുകൾ ഉണ്ടാക്കുന്നു.

15. അലഞ്ഞുനടക്കുന്ന പട്ടികൾ പേ വിഷബാധയ്ക്ക് കാരണമാവുന്നു.

16. വിളകൾക്ക് നാശനഷ്ടം വരുത്തുന്ന എലികൾ മാരകരോഗങ്ങൾ പരത്താൻകൂടി പര്യാപ്തമാകുമെന്ന ഭീഷണി നിലവിൽനിൽക്കുന്നു.

17. ദരിദ്രജനവിഭാഗങ്ങളെ സംബന്ധിച്ച് ഒരു പൊതുശ്മശാനത്തിന്റെ അഭാവം രൂക്ഷമാണ്.

18. പൊതുനിരത്തുകളിൽ മാലിന്യങ്ങൾ പെരുകുന്നത് ഒരു പ്രശ്നമാണ്.

19. ചായക്കടകളിലും ഹോട്ടലുകളിലും നിലനിൽക്കുന്ന ശുചിത്വക്കുറവ് രോഗങ്ങൾക്ക് കാരണമാകുന്നു.

20. മാതൃ-ശിശുകേന്ദ്രവും FWC യും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

21. വ്യാജച്ചാരായ വിൽപ്പന ജനങ്ങളുടെ ആരോഗ്യത്തിന് കാരണമാകുന്നു.

22. നാല്സെന്റ് ഭൂമിനൽകിയതിൽ താമസിക്കുന്ന കോളനിനിവാസികൾക്ക് കക്കൂസ് ഇല്ലാത്തത് പ്രധാനപ്പെട്ട ഒരു മലിനീകരണപ്രശ്നമാകുന്നു.

## സാധ്യതകൾ

1. പഞ്ചായത്തിലെ പബ്ലിക് ഹെൽസെന്ററിനെ ഒരു ആശുപത്രിയായി ഉയർത്തുകയും പഞ്ചായത്തിലെ പരമാവധി ആൾക്കാർക്കും ചികിത്സാസൗകര്യം ലഭ്യമാകത്തക്കവിധം ആശുപത്രിക്ക് സ്ഥലസൗകര്യം ലഭ്യമാക്കണം.

2. ഡോക്ടറുടെ സേവനം ആശുപത്രിയിൽ 24 മണിക്കൂറും ലഭ്യമാക്കണം.

3. ആശുപത്രിയുമായി ബന്ധപ്പെട്ട് ജനസംഖ്യാനുപാതികമായി സബ്സെന്റർ ആരംഭിക്കാൻ കഴിയണം.

4. സ്ക്കൂൾ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളുടെ ആരോഗ്യപ്രശ്നങ്ങൾ ചർച്ചചെയ്യുവാനും പരിഹരിക്കുവാനും വേദിയൊരുക്കണം.

5. ആയുർവ്വേദആശുപത്രിക്ക് സ്വന്തമായി കെട്ടിടവും മെച്ചപ്പെട്ട പ്രവർത്തനവും ഏർപ്പെടുത്തണം.

6 ESI ഡിസ്പെൻസറിയെ തികച്ചും ഒരു ചികിത്സാകേന്ദ്രമാക്കുവാൻ വേണ്ട സാധ്യതകൾ ആരായണം.

7. സഹകരണാശുപത്രിയിലെ ചികിത്സ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുകൂടി കിട്ടത്തക്കവണ്ണം നടപടികൾ സ്വീകരിക്കണം.

8. ദുർബ്ബലജനങ്ങൾക്കാകെ ആവശ്യമായ കക്കൂസ് നിർമ്മിച്ചുനൽകാൻ സമഗ്രമായ പദ്ധതി തയ്യാറാക്കണം.

9. ശുചിത്വബോധം വളർത്തിയെടുക്കുവാൻ ആവശ്യമായ ബോധ

വൽക്കരണ പരിപാടി സത്വരമായി നടപ്പിലാക്കണം.

10. പഞ്ചായത്തിലുണ്ടാവുന്ന മായൂ മലിനീകരണം തടയുവാൻ നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കണം.

11. മണ്ണിനടിയിൽ കറുത്തചെളിയുള്ള പ്രദേശങ്ങളിൽ ചെളി വെട്ടി മാറ്റി ജലം ലഭ്യമാക്കുവാൻ സാമ്പത്തിക സഹായം നൽകാൻ കഴിയുമോ എന്ന് പരിശോധിക്കണം.

12. കണ്ണനല്ലൂർ സൗത്ത് വാർഡിലെ കിഴക്കുഭാഗത്തുള്ള ഏലാകളിൽനിന്നും ചെളിയെടുപ്പുമൂലം ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നം ശാസ്ത്രീയമായ പഠനത്തിന് വിധേയമാക്കണം.

13. ആവശ്യമായ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിനോടൊപ്പം ഓപ്പൺവെൽ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരായണം. ഇതോടൊപ്പം പറമ്പുകളിൽ അതിരുകൾ നിർമ്മിച്ചും തോടുകളിൽ തടയണകൾ ഉണ്ടാക്കിയും മഴക്കാലത്ത് ഒഴുകിപ്പോകുന്ന ജലം തടഞ്ഞുനിർത്തി ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാൻ കഴിയത്തക്കരീതിയിൽ ജനങ്ങളെ ബോധവാന്മാരാക്കണം.

14. ആവശ്യമായ ഓവർഹെഡ് ടാങ്ക് നിർമ്മിച്ചുകൊണ്ട് പൊതുജലവിതരണരംഗത്തെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ശ്രമിക്കണം.

15. അലഞ്ഞുനടക്കുന്ന പട്ടികളെ നശിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും പട്ടികളെ വളർത്തുന്നതിന് ലൈസൻസ് സമ്പ്രദായം നിർബന്ധമായും വേണം.

16. എലികളെ നശിപ്പിക്കുവാൻ വേണ്ട സാധ്യതകൾ ആരായുകയും അതിനുവേണ്ടി കർഷകരെ സഹായിക്കുകയും വേണം.

17. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ഉണ്ടാക്കണം.

18. പ്രധാന ജംഗ്ഷനുകളിൽ സ്വീപ്പർമാരെ ഏർപ്പെടുത്തി ജംഗ്ഷനുകൾ ശുദ്ധീകരിക്കണം. നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമാക്കുന്നതോടൊപ്പം പ്രധാന പൊതുനിരക്കുകളിൽ "Dlust bin" കളും പ്രധാന ജംഗ്ഷനുമായി ബന്ധപ്പെട്ട് കമ്പോസ്റ്റ് കുഴികളും സ്ഥാപിക്കണം.

19. ചായക്കടകളും ഹോട്ടലുകളും സന്ദർശിച്ച് മലിനജലം ഒഴുകിപ്പോകുവാനും മാലിന്യങ്ങൾ മറവുചെയ്യുവാനുമുള്ള സംവിധാനം ഉണ്ടോ എന്നു പരിശോധിക്കണം. കൂടാതെ, ശുചിത്വമുള്ള ഭക്ഷണപദാർത്ഥങ്ങളാണോ ജനങ്ങൾക്ക് നൽകുന്നതെന്നും പരിശോധിക്കണം.

20. മാതൃ-ശിശുകേന്ദ്രവും ഫാമിലി വെൽഫെയർ സെന്ററും ഫലപ്രദമായി പ്രവർത്തിപ്പിക്കണം.

21. ആരോഗ്യത്തിന് ഹാനികരവും സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമായ വ്യാജച്ചാരായ വിൽപ്പന അടിയന്തിരമായി തടയുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. കൂടാതെ സാമൂഹ്യബോധം വളർത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

22. ദുർബ്ബലവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുന്നതോടൊപ്പം തന്നെ പുതിയതായി വീടുകൾക്ക് നമ്പർ കൊടുക്കുമ്പോൾ കക്കൂസ് നിർമ്മിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം.

23. ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരങ്ങൾ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

24. കണ്ണനല്ലൂർ പോലുള്ള പ്രധാന ജംഗ്ഷനിലെ മാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മിതിയ്ക്ക് ഉപയുക്തമാക്കുവാൻ പഞ്ചായത്ത് ഭരണസമിതി നടപടകികൾ സ്വീകരിക്കണം.

25. കശുഅണ്ടി വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിൽജന്യരോഗങ്ങൾ ഉണ്ടാകുന്നുണ്ടോ എന്നത് പഠനവിധേയമാക്കണം.

26. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുവാൻ ഒരു മെഡിക്കൽ സ്റ്റോർ തുടങ്ങണം.

27. ആരോഗ്യ-പരിസ്ഥിതി പ്രശ്നങ്ങൾ പരിശോധിക്കാൻ സർവ്വേ സംഘടിപ്പിക്കണം.

# വിദ്യാഭ്യാസം

സാമൂഹിക വികസനത്തിന് വിദ്യാഭ്യാസപുരോഗതി അനുപേക്ഷണീയമാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ പ്രാഥമിക വിദ്യാഭ്യാസമേഖലയിൽപ്പോലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തൃക്കോവിൽവട്ടം പഞ്ചായത്തിലുണ്ടായിരുന്നില്ല. 19-ാം നൂറ്റാണ്ടിന്റെ അവസാനംവരെ സ്ക്കൂൾ വിദ്യാഭ്യാസം പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമായിരുന്നില്ല. അക്ഷരം പഠിപ്പിക്കുവാൻ അഞ്ച് ആശാൻ പള്ളിക്കുടങ്ങൾ നിലനിന്നിരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും അക്ഷരാഭ്യാസം നൽകാൻ ഈ ആശാൻ പള്ളിക്കുടങ്ങൾ വഴി കഴിഞ്ഞിരുന്നില്ല. ആ കാലഘട്ടങ്ങളിൽ നിലനിന്നിരുന്ന സാമൂഹ്യക്ഷേമം അന്ന് അനുവദിച്ചിരുന്നില്ല. ഗുരുകുല വിദ്യാഭ്യാസസൗകര്യങ്ങൾ പഞ്ചായത്തിൽ നിലനിന്നിരുന്നതായി അറിവില്ല.

ഇന്ത്യയുടെ വിദ്യാഭ്യാസമേഖലയിൽ വലിയ സംഭാവനകൾ ചെയ്ത ക്രിസ്ത്യൻ മിഷനറികൾ 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ തൃക്കോവിൽവട്ടം പഞ്ചായത്തിന്റെ വടക്ക് കിഴക്കേ അതിർത്തിയിലുള്ള കുരീപ്പള്ളിയിൽ LMSLPS ഉം തെക്കുകിഴക്കേ അതിർത്തിയിലുള്ള കണ്ണനല്ലൂർ സൗത്തിൽ സെന്റ് സാലീസ് L.P.S ഉം സ്ഥാപിച്ചു. ഈ രണ്ട് സ്ക്കൂളുകൾക്കും കൂടി പഞ്ചായത്തിലെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ചെറിയ ഒരളവ് നിർവ്വഹിക്കുവാനേ കഴിഞ്ഞുള്ളു. പഞ്ചായത്തിലെ ചെറിയൊരു ഭാഗം വിദ്യാർത്ഥികൾ ഒറ്റത്തോർത്തുമുടുത്ത് അടുത്ത പഞ്ചായത്തിലെ സ്ക്കൂളുകളിൽ പോയാണ് പഠിച്ചിരുന്നത്. റോഡുകളും യാത്രാ സൗകര്യങ്ങളും വളരെ അപര്യാപ്തമായിരുന്ന ആ കാലത്ത് പുരയിടങ്ങളും വയലുകളും തോടുകളും താണ്ടി അടുത്ത പഞ്ചായത്തിലേയ്ക്കുള്ള യാത്ര ദുഷ്ക്കരവുമായിരുന്നു. ഇക്കാരണങ്ങളാൽ വളരെക്കുറച്ചുപേർ മാത്രമാണ് വിദ്യാഭ്യാസം നേടിയിരുന്നത്.

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ ഒരുപറ്റം സാമൂഹ്യപ്രവർത്തകർ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പഞ്ചായത്തിന്റെ മധ്യഭാഗമായ മുഖത്തലയിൽ ഒരു LPS സ്ഥാപിച്ചു. ഈ സ്ക്കൂളിന്റെ ഉദയം പഞ്ചായത്തിന്റെ വിവിധ മേഖലകളിലുള്ളവർക്ക് പ്രാഥമികവിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കി. 1915-ഓടുകൂടി പഞ്ചായത്തിന്റെ വടക്കൻ പ്രദേശമായ ചെറിയേലയിൽ കൈതപ്പുഴ കുടുംബക്കാർ ഒരു LP സ്ക്കൂൾ സ്ഥാപിച്ചു. പിൽക്കാലത്ത് മുഖത്തല LPS ഉം ചെറിയേല LPS ഉം ഗവൺമെന്റിന് വിട്ടുകൊടുത്തു. ഒരു പഞ്ചായത്തിൽ നാളിതുവരെ ഒരു സ്ക്കൂളുപോലും സർക്കാർതലത്തിൽ സ്ഥാപിച്ചിട്ടില്ല. കുറച്ചുകാലത്തിനുശേഷം മുഖത്തല LPS നോടനുബന്ധിച്ച് NSS കരയോഗങ്ങളുടെ ശ്രമഫലമായി പഞ്ചായത്തിലെ ആദ്യത്തെ അപ്പർ പ്രൈമറി സ്ക്കൂളുകൾ ആരംഭിച്ചു. കുറേക്കാലം കഴിഞ്ഞപ്പോൾ ആ സ്ഥാപനങ്ങൾ നായർ സർവ്വീസ് സൊസൈറ്റിക്ക് വിട്ടുകൊടുത്തു. അതാണ് ഇന്ന് മുഖത്തലയിൽ സ്ഥിതിചെയ്യുന്ന NSSUPS. 1953ൽ പഞ്ചായത്തിന്റെ തെക്കേ അറ്റത്ത് അതിർത്തിയായ പേരയം ഭാഗത്ത് പരേതനായ ശ്രീ. പത്മനാഭൻ ഒരു L.P. സ്ക്കൂൾ സ്ഥാപിച്ചു. 1964ൽ ഈ സ്ക്കൂൾ അപ്പർ പ്രൈമറി സ്ക്കൂളായി ഉയർത്തി. പേരയത്ത് സ്ഥിതിചെയ്യുന്ന PVUPS ആണിത്. 1958 ൽ മുസ്ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കണ്ണനല്ലൂരിലെ ഒരു സാമൂഹ്യപ്രവർത്തകനായിരുന്ന ശ്രീ.അലിയാരുകുഞ്ഞ് ലബ്ബ MGUPS സ്ഥാപിച്ചു. 1966 ൽ ശ്രീ. വേലായുധൻപിള്ള ഈ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള വെട്ടിലത്താഴം വാർഡിൽ GVPLPS സ്ഥാപിച്ചു. 1968ൽ സാമൂഹികരാഷ്ട്രീയപ്രവർത്തകനും അന്നത്തെ പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന കാമ്പിയിൽ ശ്രീ. എൻ.ചെല്ലപ്പൻപിള്ളയുടെ നേതൃത്വത്തിൽ നേതൃത്വത്തിൽ മുഖത്തല ഗ്രാമോദ്ധാരണ ട്രസ്റ്റ് രൂപീകരിച്ച് ട്രസ്റ്റിന്റെ ചുമതലയിൽ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂളായ MGTHS സ്ഥാപിച്ചു. ഈ കാലയളവിൽത്തന്നെ ലാറ്റിൻ കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ നടുവിലക്കരയിൽ അൺ എയിഡഡ് ആയി സെന്റ് ജൂഡ് LPS ഉം സെന്റ് ജൂഡ് ഹൈസ്ക്കൂളും ആരംഭിച്ചു. 1979 ൽ

കണ്ണനല്ലൂരിൽ ശ്രീ. അലികുഞ്ഞ് ലബ്ബ MKLMHS സ്ഥാപിച്ചു. വ്യവസായിയും സാമൂഹിക പ്രവർത്തകനുമായ ശ്രീ.എ.യൂനുസ്കുഞ്ഞ് ഈ കാലയളവിൽത്തന്നെ മൈലാപ്പൂരിൽ AKMHS സ്ഥാപിച്ചു. ഈ കാലയളവിനുശേഷമാണ് അൺ റെക്കഗ്നൈസായി കണ്ണനല്ലൂരിൽ MES ഇംഗ്ലീഷ് മീഡിയം UPS ആരംഭിച്ചത്.

ഈ പഞ്ചായത്തിൽ പത്ത് നഴ്സറി സ്ക്കൂളുകളും 3 ബാലവാടികളും പ്രവർത്തിക്കുന്നു. എഴുത്താശാൻ പള്ളിക്കുടങ്ങൾ എട്ടെണ്ണം നമ്മുടെ പഞ്ചായത്തിലുണ്ട്. അംഗൻവാടികളുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിലില്ല. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് അഞ്ച് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകുന്ന രണ്ട് സ്ഥാപനങ്ങളും ഉണ്ട്. ഹയർ സെക്കനൻഡറി സ്ക്കൂളുകളോ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ഥാപനങ്ങളോ നമ്മുടെ പഞ്ചായത്തിലുണ്ടായതായിട്ടില്ല.

## പ്രീ–പ്രൈമറി വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിലെ പ്രീ–പ്രൈമറി വിദ്യാഭ്യാസം വ്യവസ്ഥാപിതമായി നടക്കുന്നു എന്നുപറയുവാൻ കഴിയുന്നില്ല. പരമ്പരാഗതമായി ഇവിടെ നിലനിന്നിരുന്ന കുടിപ്പള്ളിക്കുടം എന്നും, ആശാൻ പള്ളിക്കുടം എന്നുമൊക്ക പറഞ്ഞിരുന്ന പ്രീ–പ്രൈമറി വിദ്യാഭ്യാസത്തിന്റെ പഴയ സങ്കൽപ്പങ്ങളുടെ തുടർച്ച എന്ന നിലയിൽ നിലനിൽക്കുന്ന ഏഴ് ആശാൻ പള്ളിക്കുടങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നു.ഇവിടുത്തെ ആശാന്മാർ. എല്ലാവരും പഞ്ചായത്തിൽനിന്നും ഗ്രാൻഡ് വാങ്ങുന്നവരാണ്. ഇവ കൂടാതെ ഗ്രാൻഡ് ലഭിക്കാത്ത 3 ആശാൻ പള്ളിക്കുടങ്ങൾ വേറെയുണ്ട്. കുടിപ്പള്ളിക്കുടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ആധുനിക സങ്കൽപ്പങ്ങളുടെ ചിട്ട

### പട്ടിക–1
### ആശാൻ പള്ളിക്കുടങ്ങൾ

| നമ്പർ | ആശാൻ പള്ളിക്കുടങ്ങൾ |
|---|---|
| 1. | വിജയലത വട്ടവിള പേരയം |
| 2. | ബിജു, ചാമവിള,പേരയം |
| 3. | ഓമനക്കുട്ടൻപിള്ള |
| 4. | സുധാകരൻ |
| 5. | കെ.ജി.ലാൽജി |
| 6. | അയ്യപ്പൻപിള്ള |
| 7. | സഹദേവൻ |
| 8. | സൈനബാബീവി |
| 9. | അജിതകമാരി |
| 10. | രാമചന്ദ്രൻപിള്ള |
| 11. | വേണു |
| 12. | ഷാഹുദ്ദീൻ |
| 13. | റംലത്ത് |
| 14. | ഗോപിനാഥൻ |
| 15. | സിയാദ് |
| 16. | സെലിൻ |
| 17. | അശോകൻ |
| 18. | സുശീല |

വട്ടങ്ങളോടെ നടത്തുന്ന പ്രീ–പ്രൈമറി വിദ്യാലയങ്ങളും ഇവിടെയുണ്ട്. പക്ഷേ, കുട്ടികളുടെ ബാല്യകാലജീവിതത്തെ സമ്പുഷ്ടമാക്കേണ്ട കാലഘട്ടത്തിൽ ഭാരിച്ച പഠനങ്ങൾ അവരുടെ തലയിൽ കയറ്റിവച്ച് ഇളം മനസ്സുകളുടെ ചിന്തകളെ അപകടപ്പെടുത്തുന്ന പ്രവണത മറ്റ് ആധുനിക പ്രീ–പ്രൈമറി വിദ്യാലയങ്ങളെപ്പോലെ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലും നിലനിൽക്കുന്നു. എങ്കിലും പബ്ലിക്ക് സ്ക്കൂൾ സംസ്ക്കാരത്തിന്റെ ഭാഗമായി മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും അത്തരം നഴ്സറി സ്ക്കൂളുകളിൽ കുട്ടികളെ അയക്കാനാണ് താൽപ്പര്യം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ഉതകുന്ന രീതിയിൽ ബോധപൂർവ്വം ചിട്ടപ്പെടുത്തിയ സാഹചര്യങ്ങളോടു കൂടി ശാസ്ത്രീയമായ രീതിയിൽ സംഘടിപ്പിക്കപ്പെടുന്ന പ്രീ–പ്രൈമറി വിദ്യാലയങ്ങളുടെ അഭാവവും വ്യാപകമായ ബോധവൽക്കരണ പ്രക്രിയയും അപര്യാപ്തതയുമാണ് മേൽപ്പറഞ്ഞതരം സ്ക്കൂളുകളിലേയ്ക്കുള്ള കുട്ടികളുടെ തള്ളിക്കയറ്റം കാണിക്കുന്നത്. ഈ പഞ്ചായത്തിൽഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രീ–പ്രൈമറി വിദ്യാലയങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമ വികസനവകുപ്പിന്റെ കീഴിൽ

### പട്ടിക–1

| | |
|---|---|
| 1. | ചെറിയേല പുലരി ബാലവാടി<br>To. തങ്കമ്മ |
| 2. | ഉദയാ ബാലവേദി, കണ്ണനല്ലൂർ<br>To. മറിയക്കുട്ടി |
| 3. | മൈലാപ്പൂർ ബാലവാടി<br>To. വിജയലക്ഷ്മി |
| 4. | വിദ്യാ നഴ്സറി, പേരയം |
| 5. | ചെറുപുഷ്പ നഴ്സറി,പുതുച്ചിറ |
| 6. | വിദ്യാ നഴ്സറി പേരയംസൗത്ത് |
| 7. | St. തോമസ് കുരീപ്പള്ളി |
| 8. | മുരാരി നഴ്സറി മുഖത്തല |
| 9. | MES നഴ്സറി കണ്ണനല്ലൂർ |
| 10. | ശ്രീശങ്കരാ നഴ്സറി,<br>തട്ടാർകോണം |
| 11. | വിദ്യാ നഴ്സറി,മൈലാപ്പൂര് |

പ്രവർത്തിക്കുന്ന 4 ബാലവാടികളും ഇവിടെ പ്രവർത്തിക്കുന്നു. നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്ന മുഖത്തല ബ്ലോക്ക് ICPS പ്രോജക്ടിന്റെ കീഴിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ അംഗനവാടികൾ ഒന്നും പ്രവർത്തിക്കുന്നില്ല. മേൽപ്പറഞ്ഞ പ്രീ പ്രൈമറി

വിദ്യാലയങ്ങളെക്കൂടാതെ അഭ്യസ്ത വിദ്യരായ യുവതികൾ നടത്തുന്ന പഠന കേന്ദ്രങ്ങളും പഞ്ചായത്തിന്റെ പലഭാഗത്തും പ്രവർത്തിക്കുന്നുണ്ട്.

## പ്രൈമറി വിദ്യാലയങ്ങൾ

തൃക്കോവിൽവട്ടം പഞ്ചായത്തിൽ ഇപ്പോൾ 10 ലോവർ പ്രൈമറി സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ രണ്ടെണ്ണം സർക്കാർ മേഖലയിലാണ്. മൂന്നെണ്ണം എയിഡഡ് സ്ക്കൂളുകളും ഒരെണ്ണം അൺ എയിഡഡ് സ്ക്കൂളും മറ്റൊന്ന് അംഗീകാരമില്ലാത്തതുമാണ്. ഇവകൂടാതെ, ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 3 അപ്പർ പ്രൈമറി സ്ക്കൂളുകളോട് ചേർന്ന് LP വിഭാഗം പ്രവർത്തിക്കുന്നുണ്ട് ഇവയിൽ 2 എണ്ണം എയിഡഡും ഒരെണ്ണം അംഗീകാരമില്ലാത്തതുമാണ്.

ലോവർ പ്രൈമറി വിഭാഗത്തിൽ പഠിക്കുന്ന കുട്ടികളുടെ സ്ഥിതിവിവരക്കണക്കുകൾ പട്ടിക - 3 ആയി താഴെ ചേർക്കുന്നു.

വെട്ടിലത്താഴം G.V.P LPS ഒഴികെയുള്ള മറ്റ് എയിഡഡ് LP UP സ്ക്കൂളുകൾ എല്ലാം KER നിലവിൽ വരുന്നതിനുമുമ്പ് സ്ഥാപിക്കപ്പെട്ടവയാണ്. അതിനാൽ ഈ സ്ക്കൂളുകൾക്ക് Pre-KER സംരക്ഷണം കിട്ടുന്നതുകൊണ്ട് കുട്ടികൾക്ക് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ലഭ്യമല്ല.

## അപ്പർ പ്രൈമറി വിദ്യാലയങ്ങൾ

നമ്മുടെ പഞ്ചായത്തിൽ 4 അപ്പർ പ്രൈമറി സ്ക്കുളുകളാണ് ഉള്ളത്. അതിൽ 3 എണ്ണം എയിഡഡ് മേഖലയിലാണ്. സെന്റ് ജുഡ് ഹൈസ്ക്കൂളിനോട് ചേർന്ന് യു.പി. വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

യു.പി.വിഭാഗത്തിൽ പഠിക്കുന്ന കുട്ടികളുടെ സ്ഥിതിവിവരക്കണക്കുകളുടെ പട്ടിക - 4 പേജ് 62ൽ ചേർത്തിരിക്കുന്നു.

3 എയിഡഡ് UP സ്ക്കൂളുകളും പ്രീ KER സംരക്ഷണമുള്ള സ്ക്കൂളുകളാണ്. അതുകൊണ്ട് കുട്ടികൾക്കാവശ്യമുള്ള സ്ഥലസൗകര്യങ്ങൾ ലഭ്യമല്ല.

## ഹൈസ്ക്കൂൾ വിദ്യാലയങ്ങൾ

അറുപതുകളുടെ അവസാനത്തിലാണ് നമ്മുടെ പഞ്ചായത്തിൽ ഹൈസ്ക്കൂൾ ആരംഭിക്കുന്നത്. ആദ്യം തുടങ്ങിയ ഹൈസ്ക്കൂൾ മുഖത്തല ഗ്രാമോദ്ധാരണ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച MGTHS ആണ്. ഇപ്പോൾ ഈ പഞ്ചായത്തിൽ 4 ഹൈസ്ക്കൂളുകളാണ് ഉള്ളത്. 3 എണ്ണം എയിഡഡും ഒരെണ്ണം അൺ എയിഡഡ് സ്ക്കൂളുമാണ്. സർക്കാർ മേഖലയിൽ ഇവിടെ ഹൈസ്ക്കൂളില്ല. അൺ എയിഡഡ് സ്ക്കൂളായ സെന്റ് ജൂഡ് HS, UP വിഭാഗം കൂടി ഉൾപ്പെട്ടതാണ്. ഒറ്റ ഹൈസ്ക്കൂളിൽപ്പോലും ഹയർ സെക്കന്ററിയോ വൊക്കേഷണൽ ഹയർ സെക്കന്ററിയോ പ്രവർത്തിക്കുന്നില്ല. ഹൈസ്ക്കൂളിൽ പഠിക്കുന്ന കുട്ടികളുടെ വിവരം 62-ാം പേജിൽ ചേർത്തിരിക്കുന്നു.

നമ്മുടെ പഞ്ചായത്ത് അതിർത്തി

**പട്ടിക - 3**

| സ്ക്കൂൾ | ആകെ കുട്ടികൾ | | | SC/ST കുട്ടികൾ | | | തോറ്റുപഠിക്കുന്നവർ | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| G.V.P.L.P.S. വെട്ടിലത്താഴം | 190 | 145 | 335 | 30 | 18 | 48 | 13 | 15 | 28 |
| Govt. LPS ചെറിയേല | 102 | 103 | 205 | 29 | 20 | 49 | 8 | 4 | 12 |
| LMS LPS കുരീപ്പള്ളി | 67 | 65 | 132 | 9 | 10 | 19 | 1 | 2 | 3 |
| Govt. LPS മുഖത്തല | 307 | 295 | 602 | 61 | 47 | 108 | 20 | 18 | 44 |
| MES ഇംഗ്ലീഷ് മീഡിയം, കണ്ണനല്ലൂർ | 79 | 71 | 150 | 1 | 1 | 2 | ഇല്ല | ഇല്ല | ഇല്ല |
| St. Salis LPS, കണ്ണനല്ലൂർ | 64 | 56 | 120 | 4 | ഇല്ല | 4 | 3 | 4 | 7 |
| ചെറുപുഷ്പം LPS, പേരയം | 144 | 151 | 295 | 4 | 7 | 11 | ഇല്ല | ഇല്ല | ഇല്ല |
| MGUPS കണ്ണനല്ലൂർ | 266 | 245 | 511 | 79 | 24 | 53 | 14 | 14 | 28 |
| PVUPS പേരയം | 244 | 232 | 476 | 15 | 14 | 29 | 1 | 2 | 3 |

## യു.പി. വിഭാഗം പട്ടിക – 4

| സ്ക്കൂൾ | ആകെ കുട്ടികൾ | | | SC/ST കുട്ടികൾ | | | തോറ്റുപഠിക്കുന്നവർ | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| N.S.S.U.P.S മുഖത്തല | 378 | 301 | 679 | 77 | 59 | 136 | 46 | 27 | 73 |
| M.G.U.P.S. കണ്ണനല്ലൂർ | 316 | 255 | 57 | 21 | 19 | 30 | 24 | 19 | 43 |
| P.V.U.P.S പേരയം | 304 | 225 | 529 | 18 | 14 | 32 | 33 | 20 | 53 |
| St. Sales കണ്ണനല്ലൂർ | 23 | 10 | 33 | – | – | – | 2 | – | 2 |
| MES ഇംഗ്ലീഷ് മീഡിയം, കണ്ണനല്ലൂർ | 31 | 18 | 49 | ഇല്ല | 1 | 1 | ഇല്ല | ഇല്ല | ഇല്ല |
| St. Jude, മുഖതത്തല | 816 | 413 | 1229 | 17 | 10 | 27 | 28 | 7 | 35 |

## ഹൈസ്ക്കൂൾ വിഭാഗം പട്ടിക – 5

| സ്ക്കൂൾ | ആകെ കുട്ടികൾ | | | SC/ST കുട്ടികൾ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| M.G.T.H.S. മുഖത്തല | 480 | 424 | 904 | 86 | 79 | 165 |
| M.K.L.M.H.S. | 644 | 617 | 1261 | 43 | 54 | 97 |
| St. JUde H.S. | 536 | 381 | 917 | 3 | 2 | 5 |
| A.K.M.H.S. | 196 | 211 | 407 | 17 | 15 | 32 |

യിൽ ഉന്നത വിദ്യാഭ്യാസത്തിനുത കുന്ന ആർട്ട്സ് കോളേജുകളോ എഞ്ചിനീയറിംഗ് കോളേജുകളോ പ്രവർത്തിക്കുന്നില്ല. ഇവിടുത്തെ വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി കൊല്ലം, കരിക്കോട്, കൊട്ടിയം, ചാത്തന്നൂർ എന്നിവിടങ്ങളിലെ

നമ്മുടെ സ്ക്കൂളുകളുടെ ഭൗതിക സൗകര്യം പരിശോധിച്ചാൽ അവ യുടെ സ്ഥിതി ആശാവഹമല്ല. കെട്ടി ടങ്ങളുടെ കാര്യത്തിൽ 3 സ്ക്കൂളുക ളൊഴിച്ച് ബാക്കി എല്ലാ സ്ക്കൂളു കൾക്കും സ്ഥിരമായി കെട്ടിടങ്ങൾ ഉണ്ടെങ്കിലും 6 സ്ക്കൂളുകളിൽ ആവ

ലൈബ്രറികൾ ഉള്ളതായിട്ടാണ് കണ ക്കുകൾ സൂചിപ്പിക്കുന്നത്. എങ്കിലും മിക്കയിടങ്ങളിലും ഇത് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. 3 സ്ക്കൂളുകളിലെ ങ്കിലും ഭൂപടങ്ങൾ ചാർട്ടുകൾ നിശേ ഷമില്ല. കമ്പ്യൂട്ടർ വിദ്യാഭ്യാസത്തി നുള്ള സൗകര്യം ലഭ്യമാണ്. PTAയും,

പട്ടിക – 6

| സ്കൂൾ | ഡിവിഷൻ | ആകെ | 30%താഴെ കുട്ടികൾ | 30–40% മാർക്ക് നേടുന്നവർ | 50–60% നേടുന്നവർ | 60% നേടുന്ന വർ |
|---|---|---|---|---|---|---|
| GVPLPS സ്കൂൾ | 200 | 58 | 45 | 45 | 30 | 22 |
| Govt. LPS ചെറിയേല | 106 | 41 | 28 | 24 | 6 | 7 |
| LMSLPS കുരീപ്പള്ളി | 64 | 3 | 7 | 5 | 9 | 40 |
| Govt. LPS മുഖത്തല | 315 | 165 | 60 | 46 | 40 | 14 |
| MES കണ്ണനല്ലൂർ | 199 | 22 | 18 | 30 | 47 | 85 |
| St.Sales LPS കണ്ണനല്ലൂർ | 94 | 36 | 8 | 23 | 6 | 21 |
| ചെറുപുഷ്പം LPS | - | - | 46 | 47 | - | - |
| NSSUPS | 67 | 78 | 200 | 220 | 148 | 37 |
| MGUPS | 830 | 462 | 192 | 103 | 53 | 30 |
| PVUPS | 1000 | 81 | 80 | 279 | 288 | 78 |
| MGTHS | 890 | 505 | 138 | 111 | 72 | 70 |
| MKLMHS | 1177 | 372 | 430 | 204 | 110 | 61 |
| St. Jude H.S | - | 21 | 69 | 234 | 349 | 904 |
| AKMHS | 419 | 270 | 79 | 30 | 30 | 30 |

വിവിധ കോളേജുകളെയാണ് ആശ്ര യിക്കുന്നത്. തൊഴിൽ വിദ്യാഭ്യാസരം ഗത്ത് KGTE പോലുള്ള സാങ്കേതിക പരീക്ഷകൾക്ക് കുട്ടികളെ തയ്യാറാ ക്കുന്ന ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടു കളും ഡ്രൈവിംഗ് സ്ക്കൂളുകളും പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്നു. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ഔപചാരികവിദ്യാ ഭ്യാസരംഗത്ത് എണ്ണത്തിൽ മാറ്റ മൊന്നും ഉണ്ടായിട്ടില്ല. വിദ്യാർത്ഥിക ളുടെയും അദ്ധ്യാപകരുടെയും എണ്ണ ത്തിൽ കുറവുണ്ടായിട്ടുണ്ട്.

ശ്യത്തിനുള്ള മേശ, കസേര, ബഞ്ച്, ഡസ്ക്ക്, എന്നിവയില്ല. ഇവിടെ മുഖ ത്തല LPS ന് ഇനിയും 13 ക്ലാസ്സ് മുറി കൾ ഉണ്ടെങ്കിൽ മാത്രമേ സുഗമമായി ക്ലാസ്സുകൾ നടത്താൻ സാധിക്കൂ. 4 സ്ക്കൂളുകളെങ്കിലും അദ്ധ്യാപകർക്ക് പ്രത്യേക സ്റ്റാഫ് മുറികളില്ല. 6 സ്ക്കൂളുകളിൽ ആവശ്യത്തിന് മൂത്ര പ്പുരകളില്ല. ആവശ്യത്തിന് കുടി വെള്ളം ലഭിക്കാത്ത സ്ക്കൂളുകളു മുണ്ട്.

3 സ്ക്കൂളുകളിൽ ലൈബ്രറികളില്ല. ബാക്കി എല്ലാ സ്ക്കൂളുകളിലും

മാതൃസംഗമങ്ങൾ എന്നിവ എല്ലാ സ്ക്കൂളുകളിലും പ്രവർത്തിക്കുന്നുണ്ട്. മിക്ക സ്ക്കൂളുകളിലും ഇവകളുടെ പ്രവർത്തനം ആശാവഹമല്ല.

വിജയശതമാനത്തിന്റെ അടിസ്ഥാ നത്തിൽ കുട്ടികളുടെ പഠനനിലവാരം സൂചിപ്പിക്കുന്ന പട്ടിക–6 മുകളിൽ ചേർത്തിരിക്കുന്നു.

100% വിജയം നിലനിർത്തുന്ന ഒരു സ്ക്കൂളാണ് സെന്റ് ജൂഡ് ഹൈസ്ക്കൂൾ. സംസ്ഥാന ശരാശരി യേക്കാൾ കുറഞ്ഞ വിജയശതമാന മുള്ള സ്ക്കൂളുകളാണ് കണ്ണനല്ലൂരും

മെലാപ്പുരുമുള്ളത്. സംസ്ഥാന ശരാശരിയോട് അടുത്ത വിജയം നിലനിർത്തിക്കൊണ്ടുപോകുന്ന സ്ക്കൂളാണ് MGTHS.

കേരളസംസ്ഥനത്ത് ഒട്ടാകെ നടന്ന സാക്ഷരതാ പ്രസ്ഥാനത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനം സജീവമായി നടക്കുകയുണ്ടായി. അതിനുമുമ്പുതന്നെ RFLP, ജനശിക്ഷണകേന്ദ്രങ്ങൾ തുടങ്ങിയ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഒറ്റയ്ക്കും കൂട്ടായുമുള്ള പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ നടക്കുകയുണ്ടായി. പക്ഷേ, അത്തരം പ്രവർത്തനങ്ങൾക്ക് സമഗ്രമായ രൂപമുണ്ടായിരുന്നില്ല. കേരളത്തിലുടനീളം നടന്ന സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ നടന്ന സാക്ഷരതാ പ്രസ്ഥാനം സജീവമായിരുന്നു. കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചെങ്കിലും തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന് സമ്പൂർണ്ണ സാക്ഷരത കൈവരിക്കാൻ കഴിഞ്ഞില്ല. 1991 ലെ സെൻസസ് കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 77.93% മാണ്. എന്നാൽ പുരുഷന്മാരുടെ സാക്ഷരതാ നിരക്ക് 80.12% മായി നിൽക്കുമ്പോൾ സ്ത്രീകളുടേത് 75.7% മാത്രമാണ്. ഇന്ന് സാക്ഷരതാ നിരക്ക് ഇതിനേക്കാൾ ഉയർന്നുനിൽക്കുന്നുവെങ്കിലും കണക്കുകൾ ലഭ്യമല്ല.

### പ്രശ്നങ്ങൾ

## പ്രീ-പ്രൈമറി സ്ക്കൂളുകൾ

1. പ്രീ-പ്രൈമറി വിദ്യാഭ്യാസം മുഴുവൻ കുട്ടികൾക്കും ലഭ്യമല്ല.
2. പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ആവശ്യത്തിനില്ല.
3. ഉള്ളവ ശാസ്ത്രീയമായ രീതിയിലല്ല നടക്കുന്നത്.
4. ICDS പോജക്റ്റിന്റെ ആനുകൂല്യങ്ങൾ ഈ പഞ്ചായത്തിൽ ലഭിക്കുന്നില്ല.

## സ്ക്കൂൾതലം

1. പ്രീ-KER സംരംക്ഷണം കിട്ടുന്ന സ്ക്കൂളുകളിലെ കുട്ടികൾക്ക് ആവശ്യമുള്ള സ്ഥലസൗകര്യങ്ങൾ ലഭ്യമല്ല.
2. സ്ക്കൂളുകളിലെ ഭൗതികസൗകര്യങ്ങൾ പര്യാപ്തമല്ല.
3. അക്കാദമിക് സൗകര്യങ്ങൾ അപര്യാപ്തമാണ്.
4. ഉള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല.
5. കൊഴിഞ്ഞുപോക്ക് ഇപ്പോഴും നിലനിൽക്കുന്നു.
6. ഭരണനിലവാരം ആശാവഹമല്ല.
7. SSLC വിജയശതമാനത്തിൽ അൺ എയിഡഡ് സ്ക്കൂളും എയിഡഡ് സ്ക്കൂളും തമ്മിലുള്ള അന്തരം വളരെ വലുതാണ്. എയിഡഡ് സ്ക്കുളുകളുകളുടെ വിജയശതമാനം വളരെ താഴ്ന്നതാണ്.
8. കലാ-കായികരംഗങ്ങളിലെ കുട്ടികളുടെ കഴിവ് വികസിപ്പിക്കപ്പെടുന്നില്ല.
9. PTA, മാതൃസംഗമം തുടങ്ങിയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം അവരോചിതമായി ഉയരുന്നില്ല.
10. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭ്യമല്ല.

## സാധ്യതകൾ-നിർദ്ദേശങ്ങൾ

## പ്രീ-പ്രൈമറി സ്ക്കൂൾ

1. നിലവിലുള്ള LPSനോടൊപ്പം പ്രീപ്രൈമറി സ്ക്കൂൾ ഉൾപ്പെടുത്തുക.
2. മുഖത്തല ബ്ലോക്ക് ICDS പ്രോജക്റ്റിന്റെ കീഴിൽ കൊണ്ടുവരികയും അതുവഴി പഞ്ചായത്ത് പ്രദേശങ്ങളിൽ അങ്കനവാടികൾ സ്ഥാപിച്ച് പ്രീ-സക്കൂൾ സൗകര്യം വർദ്ധിപ്പിക്കുക.
3. പ്രീ-പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ശാസ്ത്രീയമായ പ്രവർത്തനരീതി പൊതുവായി നടപ്പിലാക്കുക

## സ്ക്കൂൾതലം

1. പ്രീ-കെ.ഇ.ആർ. സംരക്ഷണം കിട്ടുന്ന വിദ്യാലയങ്ങളിൽ കുട്ടികൾക്കാവശ്യംവണ്ട സ്ഥല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
2. നമ്മുടെ പഞ്ചായത്തിലെ സ്ക്കൂളുകളിൽ ഇപ്പോൾ നിലവിലുള്ള സൗകര്യങ്ങളെപ്പറ്റി കൂടുതൽ പഠനം നടത്തുകയും കുടിവെള്ളം പ്രാഥമികാവശ്യത്തിനുള്ള മറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുക.
3. സ്ക്കൂളുകൾ നിലവിലുള്ള അക്കാദമിക് സൗകര്യങ്ങൾ പൂർണ്ണമായി പഠനവിധേയമാക്കുക. പഠനോപകരണങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുക. സ്ക്കൂൾ ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുവാനുള്ള സാഹചര്യമൊരുക്കുക, സ്പെഷ്യൽ ഫീ ഫണ്ടിൽനിന്നും പണം ചെലവാക്കി വാങ്ങുന്ന പഠനോപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
4. ജനകീയ ഇടപെടലുകളിലൂടെ കൊഴിഞ്ഞുപോക്കിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുക.
5. നിലവിലുള്ള PTA, മാതൃസംഗമം തുടങ്ങിയ പ്രസ്ഥാനങ്ങൾ സജീവമാക്കി പഠനനിലവാരം ഉയർത്തുന്ന കാര്യത്തിൽ നടപടികൾ സ്വീകരിക്കുക.
6. പഞ്ചായത്ത് വിദ്യാഭ്യാസസമിതിയും സ്ക്കൂൾ വിദ്യാഭ്യാസസമിതിയും സംഘടിപ്പിച്ച് വിദ്യാഭ്യാസരംഗത്തെ ഗുണപരമായ മാറ്റങ്ങൾക്കുവേണ്ടി സജ്ജമാക്കുക.
7. സ്ക്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം സജീവമാക്കുക.
8. അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് കുട്ടികളുടെ വിദ്യാഭ്യാസപ്രശ്നങ്ങൾ ഒരുക്കുക.
9. അക്ഷരജ്ഞാനവും അക്കജ്ഞാനവും വേണ്ടവിധമില്ലാത്ത കുട്ടികളെ കണ്ടെത്തി PTA യും മാതൃസംഗമവും വിദ്യാഭ്യാസ സമിതിയും പ്രത്യേക പരിപാടിയിലൂടെ അക്ഷരവും അക്കവും പഠിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടത്തുക.
10. സ്ക്കൂൾ സഹകരണസംഘങ്ങളുടെ ലാഭവിഹിതം കുട്ടികളുടെ വിദ്യാഭ്യാസസൗകര്യത്തിനായി ചെലവഴിക്കുക.
11. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പ്രീ-[illegible] സ്ക്കൂളുകൾ ആരംഭിക്കുക.



# സംസ്കാരം

സമ്പന്നമായ ഒരു സാംസ്കാരിക പാരമ്പര്യത്തിന്റെ ലാഞ്ചനകൾ തൃക്കോവിൽവട്ടം പഞ്ചായത്തിന്റെ ഗതകാലചരിത്രം പരിശോധിച്ചാൽ കാണാവുന്നതാണ്. ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും മതസൗഹാർദ്ദത്തോടെ നൂറ്റാണ്ടുകളായി ഇവിടെ ഇടപഴകി ജീവിച്ചിരുന്നതിന്റെ സൂചനകൾ ധാരാളമാണ്.

മുഖത്തല ദേവസം സ്വത്തിന്റെ ഭൂമി കരം ഒഴിവായികൊടുത്തിടത്താണ് കണ്ണനല്ലൂരിലെ പുരാതനമായ മുസ്ലീം പള്ളി പണിതിരിക്കുന്നതെന്നാണ് കാരണവമതം. പഞ്ചായത്തുടനീളം വ്യപിച്ചു കിടക്കുന്ന ക്ഷേത്രങ്ങളും, മുസ്ലീം ക്രിസ്ത്യൻപള്ളികളും ഇവിടെ പടുത്തുയർത്തിയ സഹവർത്തിത്വത്തിന്റെ സാംസ്കാരിക പശ്ചാത്തലം ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ ഇവിടുത്തെ ജനജീവിതത്തിൽഇഴപാകിയ ഘടകങ്ങളായി ലയിച്ചു കിടക്കുന്നു. അതോടൊപ്പം കഴിഞ്ഞ 50 കൊല്ലക്കാലത്തിനിടയിൽ ഉദയം ചെയ്ത് വളർന്നുപന്തലിച്ച ഗ്രന്ഥശാലാശൃംഘലയും മറ്റ് സാംസ്കാരിക സ്ഥാപനങ്ങളും ഈ ഗ്രാമജീവിതത്തിന് പ്രദാനംചെയ്ത അർത്ഥസംപുഷ്ടി ഗണനീയമാണ്. ഇന്നിവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രന്ഥശാലകളുടെ ചിത്രം താഴെകൊടുക്കുന്ന സ്ഥിതിവിവരക്കണക്കുകളിൽ നിന്നും വ്യക്തമാകും.

മേൽ കൊടുത്തിരിക്കുന്ന കണക്കിൽ നിന്നും ശക്തമായ ഒരു ഗ്രന്ഥശാലപ്രസ്ഥാനമാണ് ഇവിടെനിലനിൽക്കന്നതെന്ന് ബോധ്യപ്പെടും. പക്ഷേ 20-ാം നൂറ്റാണ്ടിന്റെ 50-60-കൾവരെ പ്രവർത്തനരംഗത്ത് ഉണ്ടായിരുന്ന ഒരു ഉണർവ്വ് തുടർന്ന് ഇവയ്ക്ക് നിലനിർത്താനാവുന്നില്ല എന്നകാര്യം ഓർക്കേണ്ടതാണ്. അഭ്യസ്തരുടെ ഇടയിൽ വായനയോട് കാണുന്നഅലംഭാവം ഗ്രന്ഥശാല പ്രസ്ഥാനക്കാരെ അലട്ടുന്ന പ്രശനമാണ്. ഗ്രന്ഥശാലസംഘത്തിൽനിന്നും ഗ്രാന്റ് കിട്ടുന്നതിനാവിശ്യമായ മിനിമം പ്രവർത്തനമെങ്കിലും നിലനിർത്തികൊണ്ടുപോകുന്ന തന്ത്രപ്പാടിലാണ് പല ഗ്രന്ഥശാലപ്രവർത്തകരും ഇവയ്ക്ക് പുറമേ ഈ പഞ്ചായത്തിലെ സ്കൂളുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ലൈബ്രറികൾ കൂടിപഠനവിധേയമാക്കേണ്ടതാണ്. മൂല്യച്ചുതി യുവതലമുറയെ നശിപ്പിക്കുന്നു. സ്കൂൾകുട്ടികൾക്ക് വേണ്ടി പടുത്തുയർത്തപ്പെടുന്ന സ്കൂൾ ലൈബ്രറികൾക്കിടയിൽ പോലും വായനാശീലം വളർത്തിയെടുക്കുന്നതിനുള്ള വേദികളായി മാറുന്നില്ല. ഇത്തരം ലൈബ്രറികൾ സ്കൂളുകളുടെ ചുറ്റുമതിലുകൾ സൃഷ്ടിക്കുന്ന അതിർവരമ്പുകൾ ലംഘിച്ച് പ്രാദേശികലൈബ്രറികളുടെ പ്രവർത്തനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന സാമൂഹ്യസ്ഥാപനങ്ങളായി മാറേണ്ടതാണ്. ആ നിലയിലേക്കുയരുവാൻ അവയ്ക്ക് കഴിയുന്നില്ല. അങ്ങനെ ഉപയോഗിക്കപ്പെടേണ്ടതാണ് സ്കൂൾലൈബ്രറികളുടെ സാധ്യതകൾ എന്നബോധം സാധാരണജനങ്ങൾക്കിടയിൽ ഉണ്ടവുകയോ ചെയ്യുന്നില്ല എന്നതാണ് ഈരംഗത്തെ പ്രധാന പ്രശ്നം.

ഇലക്ട്രോണിക് മാധ്യമരംഗത്തും വാർത്താവിനിമയ രംഗത്തും ഉണ്ടായി

| നമ്പർ | പേര് | വാർഡ് |
|---|---|---|
| 1. | വെട്ടിലത്താഴം പബ്ലിക്ലൈബ്രറി | 1 |
| 2. | ചെന്താപ്പൂര് പബ്ലിക് ലൈബ്രറി | 2 |
| 3. | വിദ്യാപ്രദായിനി വായനശാല | 3 |
| 4. | പ്രകാശ് വായനശാല, ചെറിയേല | 4 |
| 5. | വൈ.എം.എ. ചെറിയേല | 4 |
| 6. | ജനതാവായനശാല, നടുവിലക്കര | 5 |
| 7. | പബ്ലിക് ലൈബ്രറി നടുവിലക്കര | 5 |
| 8 | പീപ്പിൾസ് ലൈബ്രറി കരീപ്പള്ളി | 5 |
| 9. | ബ്രില്യന്റ് വായനശാല | 6 |
| 10. | വൈ.എം.എ. പാലമുക്ക് | 7 |
| 11. | പബ്ലിക് ലൈബ്രറി, കണ്ണനല്ലൂർ | 8 |
| 12. | യംഗ് ചലഞ്ചേഴ്സ് കണ്ണനല്ലൂർ | 9 |
| 13. | ശാന്തി ലൈബ്രറി, കിഴവൂർ | 10 |
| 14. | പഞ്ചായത്ത് ലൈബ്രറി, തൃക്കോവിൽവട്ടം | 10 |
| 15. | പുതുച്ചിറ വായനശാല | 13 |
| 16. | പേരയം വായനശാല | 13 |
| 17. | പ്രതിഭ വായനശാല | 15 |

ക്കൊണ്ടിരിക്കുന്ന വിജ്ഞാനവിസ്ഫോടനത്തിന്റെ അത്ഭുതപ്പെടുത്തുന്ന വസ്തുതകൾ കണക്കിലെടുത്ത് നമ്മുടെ സാംസ്കാരികരംഗത്തിന്റെ യഥാർത്ഥചിത്രം മനസ്സിലാക്കാൻ സാധ്യമല്ല. ടി.വി, റോഡിയോ, മാധ്യമങ്ങൾ പോലും ഇവിടെ പുതിയ ചില സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമായി ഈ മാധ്യമങ്ങളെ എങ്ങനെ ഉപയോഗിക്കാം എന്നവസ്തുത ഗൗരവമായി പഠിക്കേണ്ടതാണ്.

ഇവയ്ക്കെല്ലാം പുറമേ കച്ചവടസിനിമകൾ ഉയർത്തുന്ന പ്രശ്നങ്ങൾകൂടി പരിശോധിക്കേണ്ടതാണ്. കൂടാതെ സമൂഹത്തിൽ ഉയർന്നുവരുന്ന അനാചാരങ്ങളും കൂടി പഠനവിധേയമാക്കേണ്ടതാണ്. നവോത്ഥാന കാലഘട്ടത്തിൽ ഉയർന്നുവന്ന അനാചാരങ്ങൾക്കെതിരെ ഉയർന്നുവന്ന പ്രവർത്തനങ്ങൾ ഇന്ന് അസ്തമിച്ചു. ആചാരങ്ങൾ പൂർവ്വാധികം ശക്തിപ്രാപിക്കുന്നു.

## പ്രശ്നങ്ങൾ

1. മതസൗഹാർദ്ദം വളർത്തുന്നതിന് ഗ്രന്ഥശാലകൾ നേരിടുന്ന പ്രശ്നങ്ങൾ

2. കായികരംഗത്തെ പ്രോത്സാഹനം അർഹിക്കുന്നവർ പരിഗണിക്കപ്പെടുന്നില്ല.

3. ഇലക്ട്രോണിക് മാധ്യമങ്ങൾ സാംസ്കാരികരംഗത്ത് ഉയർത്തുന്ന പ്രശ്നങ്ങൾ

4. ലൈംഗിക സിനിമകളുടെ അതിപ്രസരം

5. തനതുകലകളുടെ ജീർണ്ണത

6. വിവാഹാദി ചടങ്ങുകൾക്ക് കാട്ടുന്ന അമിതപ്രാധാന്യം

7. പഞ്ചായത്ത് ലൈബ്രറി വിപുലീകരിക്കുക.

## സാധ്യതകൾ

1. നഷ്ടപ്പെട്ടുപോകുന്ന വായനാശീലം വളർത്തിയെടുക്കുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾതുടരേണ്ടതാണ്. സഞ്ചരിക്കുന്ന ഗ്രന്ഥശാലകൾ സ്ഥാപിച്ച് താൽപര്യമുള്ള ആളുകളെ കണ്ടെത്തി അവരുടെ വീടുകളിൽ പുസ്തകം എത്തിക്കാനും വായനയിൽ താല്പര്യമുള്ളവരുടെ ഒരു ശൃം ഖലപടുത്തുയർത്തുവാനും ശ്രമങ്ങൾനടത്തേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഗ്രന്ഥശാലകൾക്ക് സഹായം ചെയ്യാനുള്ള സ്കീമുകൾ ഉണ്ടാകണം. ലൈബ്രറികൾ പുസ്തകം പരസ്പരം കൈമാറണം.

2. കായികരംഗത്തെ പ്രോത്സാഹിപ്പിക്കുവാൻ അടിയന്തിരമായ നടപടികൾ നടത്തേണ്ടതാണ്. ഓണാഘോഷത്തോടും മറ്റും അനുബന്ധിച്ച ഗ്രന്ഥശാലകളും, വായനശാലകളും, ക്ലബ്ബുകളും നടത്തുന്ന മൽസരങ്ങളിൽ വിജയികളാവുന്ന കുട്ടികളെ കണ്ടെത്തി പഞ്ചായത്തിലെ ഏതെങ്കിലും ക്ലബ്ബിൽ സ്ഥിരമായി പരിശീലനം കൊടുക്കുവാനുള്ള പരിപാടി പഞ്ചായത്ത് തലത്തിൽ ആലോചിക്കേണ്ടതാണ്.

3. ഇലക്ട്രോണിക് മാധ്യമം ഉയർത്തുന്നവെല്ലുവിളി നേരിടുന്നതിന് വേണ്ടി എല്ലാവാർഡിലും വീഡിയോക്ലബ്ബുകൾ സ്ഥാപിച്ച് കലാമൂല്യമുള്ളതും വിജ്ഞാന പ്രദവുമായ വീഡിയോ ഫിലമുകൾ സ്ഥിരമായി പ്രദർശിപ്പിക്കുവാനുള്ള പരിപാടികൾ ഉണ്ടാകണം.

4. ലൈംഗികസിനിമ കൾക്കെതിരെ സാമൂഹ്യപ്രതിരോധം ഉണ്ടാകുവാൻ ആവശ്യമായ പ്രചരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

5. നമ്മുടെ നാട്ടിൽ ഇനിയും അവശേഷിക്കുന്ന നാടൻകലാരൂപങ്ങൾ കണ്ടെത്തി സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും പരിപാടികൾ ഉണ്ടാവണം.

6. വിവാഹാദി ചടങ്ങുകളും മറ്റും ലളിതാമായി തീർക്കുവാനുള്ള നേതൃത്വപരമായ പങ്ക് പഞ്ചായത്ത് തലത്തിൽ ആലോചിക്കുകയും ബോധനപരിപാടികൾ ആവിഷ്കരിക്കുകയും വേണം.

## സംസ്കാരം ക്രോഡീകരണം

7. മുൻപ് ഗ്രാന്റ് ലഭിക്കുകയും ഇപ്പോൾലഭിക്കാതിരിക്കുകയും ചെയ്യുന്ന വായനശാലകൾക്ക് തുടർന്ന് ഗ്രാന്റ് ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കിട്ടുന്നഗ്രാന്റു കൊണ്ട് പ്രവർത്തനങ്ങൾ സുഗമമാക്കാൻ സാധിക്കുന്നില്ലെങ്കിൽ സാമ്പത്തിക സഹായം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

8. പൊതുവിൽ വായനാശീലം വളർത്തുന്നതിന്റെ ഭാഗമായി വാർഡിലുള്ള ഓരോരുത്തരെ വായനശാലയിൽ അംഗമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക. പുസ്തകപാരായണത്തിന് ഒരു മൊബൈൽയൂണിറ്റ് സമ്പ്രദായം ഏർപ്പാടുചെയ്യാവുന്നതാണ്.

9. T.V ഇല്ലാത്ത വായനശാലകൾക്ക് ഓരോ T.V ലഭിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കണം. പഞ്ചായത്തിൽ ഒരു കമ്പ്യൂട്ടർ ഇന്റർനെറ്റ് ക്ലബ്ബ് ആരംഭിക്കണം.

10. വായനശാലകൾക്ക് അത്യാവശ്യംവേണ്ട മേശ. കസേര, അലമാര മുതലായവ ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം.

11. സാംസ്കാരിക സംഘടനകൾ പഞ്ചായത്തുതലത്തിൽ ഏകീകരിക്കുകയും, വാർഡിലുള്ള സാംസ്കാരിക സംഘടനകൾക്ക് ആവശ്യമായ സ്ഥലം, കെട്ടിടം, സ്പോർട്സ് ഉപകരണങ്ങൾമുതലായവ ലഭിക്കുവാൻ വേണ്ടഏർപ്പാടുകൾ ഉണ്ടാക്കണം. യുവജനങ്ങളുടെ സാംസ്കാരിക ബോധം വളർത്തിയെടുക്കുവാൻ പഞ്ചായത്തുതലത്തിൽ ഒരു സംഘടനഉണ്ടാക്കുന്നത് നല്ലതാണ്.

12. സ്ഥലസൗകര്യമുള്ളവാർഡുകളിൽ ഓരോ പൊതുകളിസ്ഥലം, അഥവാ മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

13. പുതിയവായനശാല നിർമ്മിക്കാൻ ആവിശ്യമായ സഹായങ്ങൾ ചെയ്യുക.

14. പഞ്ചായത്ത് സാംസ്കാരികനിലയത്തിന്റെ പ്രവർത്തനസമയം വൈകിട്ട് 4 മുതൽ 8വരെ എന്നു തീരുമാനിക്കുക.

15. വായനശാല, ആർട്സ്ക്ലബ്ബ്, സ്പോർട്സ്ക്ലബ്ബ് എന്നിവയിൽ നിന്ന് ഓരോരുത്തരെ ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ ഒരു സമിതി ഉണ്ടാക്കുക.

# പട്ടികജാതി പട്ടികവർഗ്ഗം

പഞ്ചായത്തിലെ ആകെജനസംഖ്യ 45983 ആണ്. അതിൽ 5093 പട്ടികജാതിക്കാരും 21പേർ പട്ടികവർഗ്ഗക്കാരുമാണ്. ഇത് ആകെ ജനസംഖ്യയുടെ 11% മാണ്. രണ്ട് IHDP കോളനി ഉൾപ്പെടെ 9ഹരിജൻ കോളനികൾ ഈ പഞ്ചായത്തിലുണ്ട്. അതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

മിക്ക കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ പലതും നിറവേറ്റപ്പെട്ടിട്ടില്ല. ഭവനരഹിതരായ കുടുംബങ്ങൾ നിരവധിയാണ്. എല്ലാകുടുംബങ്ങൾക്കും കക്കൂസ് ഒരു കോളനിയിൽ പോലും നിലവിലില്ല. ശുദ്ധജലവിതരണ സംവിധാനവും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇതിനെല്ലാം പുറമേ കോളനിയായി അംഗീകരിക്കപ്പെട്ടിട്ടില്ലെങ്കിലും ഹരിജനങ്ങൾ തിങ്ങി പാർക്കുന്ന ചേരിക്കോണം തലച്ചിറയിലെ കുടുംബങ്ങളുടെയും പ്രശ്നങ്ങൾ പഠനവിധേയമാക്കുകയും പരിഹാരം കാണുകയും ചെയ്യേണ്ടതാണ്.

| ക്രമമ്പർ | കോളനിയുടെ പേര് | വാർഡ് |
|---|---|---|
| 1 | ലക്ഷംവീട്കോളനി | 1 |
| 2 | താഴാംപണകോളനി | 4 |
| 3. | മോരികോളനി | 4 |
| 4 | ലക്ഷംവീട്കോളനി | 4 |
| 5. | പണയിൽ ഇന്ദിരാകോളനി | 5 |
| 6. | ജയന്തികോളനി | 6 |
| 7 | തലച്ചിറകോളനി | 7 |
| 8. | തലച്ചിറ ലക്ഷംവീട്കോളനി | 7 |
| 9 | ചേരീക്കോണം മുള്ളുവിള കോളനി | 7 |
| 10. | ആറാട്ടുവിളകോളനി | 8 |
| 11. | മിനികോളനി | 9 |
| 12. | താമരക്കുഴികോളനി | 11 |
| 13. | പനയ്ക്കാലം കോളനി | 11 |
| 14. | കിഴവൂർ ലക്ഷംവീട് കോളനി | 11 |
| 15. | കല്ലുവിളകോളനി | 11 |
| 16. | പേരയം മിനികോളനി | 12 |
| 17. | പുതുച്ചിറ ലക്ഷംവീട് കോളനി | 13 |

ഈ പഞ്ചായത്തിൽ ദാരിദ്രരേഖയ്ക്ക് താഴെയുള്ള 3413 കുടുംബങ്ങൾ ഉണ്ടെന്നും അതിൽ 467 ഹരിജൻകുടുംബങ്ങളാണെന്നുമാണ് കണക്ക്. 467 കുടുംബങ്ങളിൽ IRDP സ്കീം അനുസരിച്ച് 195 കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നാണ് രേഖകളിൽനിന്നും മനസ്സിലാക്കുന്നത്. 195 കുടുംബങ്ങളുടെ ജീവിതസൗകര്യങ്ങളെ പറ്റി അന്വേഷണം നടത്തേണ്ടതും അവരുടെ ജീവിതനിലവാരം മെച്ചപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും മെച്ചപ്പെട്ടിട്ടില്ലെങ്കിൽ അതിനുള്ള കാര്യങ്ങളെപറ്റി ഒരു വിലയിരുത്തൽ നടത്തേണ്ടതുമാണ്.

പട്ടികജാതികോളനികളോടനുബന്ധിച്ച് പ്രീപ്രൈമറി സ്കൂളുകൾ ഇല്ലാത്തത് കുട്ടികളുടെ പ്രാഥമികവിദ്യാഭ്യാസത്തേയും ആരോഗ്യത്തേയും സാരമായി ബാധിക്കുന്നു. തന്മൂലം സ്കൂളിൽ പോകുന്നകുട്ടികളുടെ എണ്ണവും പഠനനിലവാരവും മറ്റു വിഭാഗങ്ങളിലെ കുട്ടികളെ അപേക്ഷിച്ച് പിന്നോക്കമാണ്. വിദ്യാലയങ്ങളിൽ എത്തുന്ന കുട്ടികൾ തന്നെഭൂരിപക്ഷവും ഇടയ്ക്കുവെച്ച് പഠനം മതിയാക്കുന്ന പ്രവണത ഇതര വിഭാഗങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. എസ്. എസ്.എൽ. സി. പാസ്സാകുന്ന വിദ്യാർത്ഥികളുടെ എണ്ണവും താരതമ്യേന കുറവാണ്. ഉയർന്നഉദ്യോഗങ്ങളിൽ സാങ്കേതിവിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും വേണ്ടിവരുന്ന തസ്തികകളിൽ സംവരണം ഉണ്ടെങ്കിലും വിദ്യാഭ്യാസത്തിനുള്ള ഭൗതിക സാഹചര്യം ഇല്ലാത്തതിനാൽ നമ്മുടെ പഞ്ചായത്തിലുള്ള പട്ടികജാതി വിഭാഗങ്ങളിൽ ആ മേഖലകളിൽഎത്തുന്നവരുടെ എണ്ണം തുലോംകുറവാണ്.

പുരുഷൻമാരിൽ ബഹുഭൂരിപക്ഷവും കർഷകതൊഴിലാളികളും വിദഗ്ധതൊഴിലാളികളും സ്ത്രീകളിൽ കൂടുതലും കശുവണ്ടിതൊഴിലാളികളുമാണ്. ഫാക്ടറിതൊഴിലാളികളായ സ്ത്രീകൾ കാർഷികമേഖലയിലും പണിയെടുക്കാറുണ്ട്. ചുരുക്കം ചിലർ സർക്കാർ മേഖലയിലും ജോലിചെയ്യുന്നുണ്ട്. ഗൾഫ് മേഖലയിലും ചിലർ പണിയെടുക്കുന്നുണ്ട്. പരമ്പരാഗത തൊഴിലായ കുട്ട, വട്ടി, പനമ്പ്നെയ്ത്ത് മുതലായ തൊഴിലിൽ ഏർപ്പെടുന്നവരും ഉണ്ട്. സർക്കാരിന്റെ സ്വയംതൊഴിൽ പദ്ധതി പ്രകാരം ആട്, മാട് വളർത്തുന്നവരും മോട്ടോർവാഹനങ്ങൾ ടാക്സികളായി ഓടിച്ച് ജീവിതം പുലർത്തുന്നവരുമുണ്ട്.

ഈ രംഗത്ത് 3 ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ വേണ്ടത്ര നല്ലരീതിയിൽ ആണെന്ന് പറയാൻ കഴിയുന്നില്ല.

ഈ വിഭാഗത്തിന്റെ സാമൂഹ്യപദവി ഇതര ജനവിഭാഗങ്ങൾക്കൊപ്പം എത്തിയിട്ടില്ല. എങ്കിലും സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന കുറെ ഏറെപ്പേർ ഈ വിഭാഗങ്ങളിലുണ്ട്. സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിൽ കായികമത്സര രംഗത്ത് ഇതരവിഭാഗങ്ങളെക്കാൾ കൂടുതൽ മെച്ചപ്പെട്ടനിലവാരം നിലവാരം പുലർത്താൻ ഈ വിഭാഗത്തൽപ്പെട്ട കുട്ടികൾക്ക് കഴിയുന്നുണ്ട്. പക്ഷേ അവരുടെ കഴിവുകൾ തുടർന്നും നിലനിർത്തുന്നതിനാവശ്യമായ നടപടികൾ ഒരു ഭാഗത്തുനിന്നും ഉണ്ടാകാറില്ല.

നമ്മുടെ സംസ്കാരത്തിന്റെ ആണിക്കല്ലായ നാടൻകലകളായ കോൽക്കളി, ഞാറ്റ്പാട്ട്, സീതക്കളി എന്നീ തനതു കലാരൂപങ്ങൾ ഇന്നും ഈവിഭാഗങ്ങളുടെ ഇടയിൽ നില നിൽക്കുന്നു. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും താരതമ്യേന മറ്റുവിഭാഗങ്ങളേക്കാൾ കൂടുതലാണ്.

## പ്രശ്നങ്ങൾ

1. കോളനികളുടെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത.

2. ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മുഴുവൻ IRDP പദ്ധതിയുടെ ആനുകൂല്യം \കിട്ടായ്ക.

3. വിദ്യാഭാസപരമായ പിന്നോക്കാവസ്ഥ.

4. അപര്യാപ്തമായ തൊഴിൽ ലഭ്യത.

5. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും

6. സാമൂഹ്യപരമായ പിന്നോക്കാവസ്ഥ.

7. ശൈശവ വിവാഹങ്ങൾ ഉയർത്തുന്നപ്രശ്നങ്ങൾ.

8. മദ്യപാനം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ.

## സാദ്ധ്യതകൾ

1. എല്ലാകോളനികളിലും കൂടാതെ ഒറ്റപ്പെട്ട ഹരിജൻ കുടുംബങ്ങളുള്ള സ്ഥലത്തും മുഴുവൻകുടുംബങ്ങൾക്കും വീടുവെയ്ക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക. കക്കൂസ് ഇല്ലാത്തകുടുംബങ്ങൾക്ക് കക്കൂസ് അനുവദിക്കുക. എല്ലാകോളനികളിലും കുടിവെള്ളം ആവശ്യമായതോതിൽ എത്തിക്കാനുതകും വിധം പദ്ധതി ആവിഷ്കരിക്കുക. വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുക. അവിടെയുള്ള കായികപ്രതിഭകളെ കണ്ടെത്തിപ്രോത്സാഹനം നൽകേണ്ടതാണ്. വായനാശീലം വർദ്ധിപ്പിക്കുന്നതിന് സഞ്ചരിക്കുന്ന ഗ്രന്ഥശാലകളുടെ സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

2. ദാരിദ്രരേഖയ്ക്ക് താഴെയുള്ള എല്ലാപട്ടികജാതി കുടുംബങ്ങൾക്കും IRDP യുടെ ആനുകൂല്യം ലഭ്യമാക്കുക.

3. ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന എല്ലാമേഖലകളിലും ഡേകെയർ സെന്ററുകളും, അംഗൻവാടികളോ, ബാലവാടികളോ സ്ഥാപിക്കുകയോ ചെയ്യുക. സ്കൂളിൽ പോകാൻ പ്രായമായ മുഴുവൻ കുട്ടികളും സ്കൂളിൽപോകുന്നുണ്ടോ എന്ന് പരിശോധിക്കുക. സ്കൂളിൽ പോകാത്ത കുട്ടികളുണ്ടെങ്കിൽ അതിന്റെ കാര്യങ്ങൾ കണ്ടെത്തി അവപരിഹരിച്ച് മുഴുവൻകുട്ടികളേയും സ്കൂളിൽ എത്തിക്കുന്നതിനുള്ള സംവി

ധാനം ഏർപ്പെടുത്തുക. രക്ഷകർത്താക്കളുടെയും അദ്ധ്യാപകരുടേയും സാമൂഹ്യപ്രവർത്തകരുടെയും സേവനം ഇതിനായി ഉപയോഗിക്കാവുന്നതാണ്. കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ കണ്ടെത്തി സാമൂഹ്യ ഇടപെടൽ വഴി കൊഴിഞ്ഞുപോക്ക് തടയുക. വിജയശതമാനം ഉയർത്തുന്നതിനു വേണ്ടി പ്രത്യേകട്യൂഷൻ സംവിധാനം ഏർപ്പെടുത്തുക.

സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേർന്നുപഠിക്കുന്നതിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ നല്കുക. പട്ടിക ജാതി പട്ടികവർഗ്ഗത്തിന് വേണ്ടി കരിയർ ഗൈഡൻസ് സെന്റർ ആരംഭിക്കുക. സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള സാദ്ധ്യതവർദ്ധിപ്പിക്കുകയും ഉപദേശനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുക. നിലവിലുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും പുതിയ സഹകരണസംഘങ്ങൾ ആരംഭിച്ചു കൂടുതൽ മേഖലകളിലേക്കു പ്രവർത്തനങ്ങൾ ആരംഭിച്ചു പാരമ്പര്യതൊഴിലുകൾ നിലനിലനിർത്താനും വ്യാപിപ്പിക്കാനും ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നല്കുക. പച്ചക്കറി, അലങ്കാര പുഷ്പകൃഷി എന്നിവയുടെ സാദ്ധ്യത പരിശോധിക്കാവുന്നതാണ്.

5. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക. പരിസരശുചീകരണം ആരോഗ്യപരിപാലനം എന്നിവയിലും ബോധവൽക്കരണം നടത്തേണ്ടതാണ്.

6. പട്ടികജാതിപട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി വിവിധപദ്ധതികളിലായി നീക്കിവെച്ചിട്ടുള്ള തുക യഥാർത്ഥഉപഭോക്താവിനു തന്നെ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചു ഉറപ്പുവരുത്തേണ്ടതാണ്.

ഈ വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന നാടൻകലാരൂപങ്ങൾ അന്യംനിന്നുപോകാതെ സംരക്ഷിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതാണ്.

7. ചേരിക്കോണം തലച്ചിറയിൽ വസിക്കുന്ന 350ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ പദ്ധതിതയ്യാറാക്കുക.

8. സാക്ഷരതാപ്രവർത്തനങ്ങളുടെ തുടർപ്രവർത്തനങ്ങൾ കോളനികൾ കേന്ദ്രീകരിച്ചു നടത്തുക.

9. ഇനിയും കോളനികളായി പ്രഖ്യാപിക്കപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി അവിടങ്ങൾ കോളനികളായി പ്രഖ്യാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

10.കോളനികൾ കേന്ദ്രീകരിച്ച് T.V സെറ്റുകൾ സ്ഥാപിക്കാനും ആ മാദ്ധ്യമങ്ങൾ ബോധവത്കരണ പരിപാടി എങ്ങനെ ഉപയോഗിക്കാം എന്ന് പരിശോധിക്കുകയും ചെയ്യുക.

11. കൈത്തൊഴിലുകൾ, കന്നുകാലി വളർത്തൽ, തുടങ്ങിയ മേഖലയിൽ ഈ വിഭാഗം ജനങ്ങളുടെ താല്പര്യം വർദ്ധിപ്പിച്ച് ഈ മേഖലകളിൽ പ്രവർത്തിക്കാനുള്ള അവസരം ഒരുക്കുക.

12. ശൈശവവിവാഹങ്ങൾക്കെതിരെ, മദ്യപാനത്തിനെതിരേയും ബോധവത്കരണം നടത്തുക.

## ഗതാഗതം

പട്ടികജാതികോളനികളിലേക്കുള്ള ഗതാഗത സൗകര്യം മെച്ചമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

## ബോധവൽക്കരണം

തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും ഓലമേഞ്ഞ വീടുകൾ ഓട് മേയുന്നതിനും വേണ്ട സാമ്പത്തികസഹായം ഉണ്ടാകണം. ആനുകൂല്യങ്ങളെ കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം

## ആരോഗ്യം

P.H സെന്ററുകളുടെ പ്രവർത്തനം കോളനികൾ കേന്ദ്രീകരിച്ച് കാര്യക്ഷമമാക്കണം.

## സാംസ്കാരികം

കോളനികൾ കേന്ദ്രീകരിച്ച് T.V സെറ്റുകൾ സ്ഥാപിക്കുക.



# വനിതാ ക്ഷേമം

പഞ്ചായത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ സാമൂഹ്യരംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തംശരിയായരീതിയിൽ ആയിരുന്നില്ല. നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 45983 ആണ്. അതിൽ 23183 പുരുഷൻമാരും 22800 സ്ത്രീകളുമാണ്. പഞ്ചായത്തിലെ സ്ത്രീപുരുഷ അനുപാതം വ്യത്യസ്തമാണ്. കേരളത്തിൽ 1000 പുരുഷന്1036 സ്ത്രീകൾ എന്ന കണക്ക് നിലനിൽക്കുന്നു. നമ്മുടെ പഞ്ചായത്തിൽ 1000 പുരുഷന്മാർക്ക് 983 സ്ത്രീകൾ എന്നനിലയിലാണ്. കൊല്ലംജില്ലയിൽ 1000 പുരുഷനു 1022 സ്ത്രീകളാണ്. നമ്മുടെ പഞ്ചായത്തിൽ S.C വിഭാഗത്തിൽ 1000 പുരുഷനു1 011 സ്ത്രീ എന്ന അനുപാതമാണ്.

നമ്മുടെ പഞ്ചായത്തിലെ പുരുഷൻമാരുടെ സാക്ഷരത 80.127 ആണെന്നിരിക്കെ സ്ത്രീകളുടെ സാക്ഷരതനിരക്ക് 75.70 % ആണ്. നമ്മുടെ ജില്ലയിൽ പുരുഷൻമാർ 82.17% സ്ത്രീകൾ 76.78% ആണ്.

സംസ്ഥാനത്തിലെ സ്ത്രീസാക്ഷരാതാ നിരക്കിനേക്കാൾ കുറഞ്ഞുനിൽക്കുന്ന ജില്ലയിലെ സാക്ഷരാതാനിരക്കിനെക്കാൾ കുറവാണ്. നമ്മുടെ പഞ്ചായത്തിലെ സ്ത്രീസാക്ഷരതാനിരക്ക്.

സ്ത്രീകളുടെ തൊഴിൽപങ്കാളിത്തനിരക്ക് പുരുഷൻമാരേക്കാൾ കുറവാണ്.

സ്ഥിരംതൊഴിലുള്ളവർ

| പുരഷ: | സ്ത്രീകൾ | ആകെ |
|---|---|---|
| 8552 | 2608 | 11160 |

ഭാഗികമായിതൊഴിലുള്ളവർ

| പുരഷ: | സ്ത്രീകൾ | ആകെ |
|---|---|---|
| 1652 | 1985 | 3637 |

തൊഴിൽരഹിതർ 12646 18540 31186

തൊഴിലെടുക്കുന്ന സ്ത്രീകളിൽ വലിയപങ്ക് കശുവണ്ടിതൊഴിലാളികളാണ്. ഒരു ചെറുന്യൂനപക്ഷം ചുടുകട്ട കെട്ടിടനിർമ്മാണം, സാമിൽമേഖലയിൽ പണിയെടുക്കുന്നവരാണ്. കാർഷികമേഖലയിലും സ്ത്രീകൾ പണിയെടുക്കുന്നു.

പൊതുപ്രവർത്തനത്തിൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീജന പങ്കാളിത്തം തുലോം കുറവാണ് വനിതാസമാജങ്ങളുമായിബന്ധപ്പെട്ടും വനിതാസംഘടനകളിൽ പങ്കാളിയായും പ്രവർത്തിക്കുന്നത് ചെറുന്യൂനപക്ഷമാകുന്നു.

സാമൂഹ്യരാഷ്ട്രീയരംഗങ്ങളിൽ സ്ത്രീകൾ അർഹമായ പങ്ക് വഹിച്ചിട്ടില്ല എന്നുപറയുമ്പോൾ തന്നെ കശുവണ്ടിവ്യവസായം വ്യാപകമായതോടെ സേവനവേതനവ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി നടന്നസമരങ്ങളിൽ സ്ത്രീകളുടെ പങ്കും നേതൃത്വപരമായ പ്രവർത്തനവും പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. ഇന്ത്യക്കാകെമാതൃകയായി കേരളത്തിൽ നടന്നസാക്ഷരതാ പ്രവർത്തനത്തിൽ സംഘടനാപരമായ നേതൃത്വം സ്ത്രീക ൾഏറ്റെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ പോലും നിരക്ഷരരെ സാക്ഷരരാക്കാൻ നടത്തിയ പ്രവർത്തനത്തിൽ നിസ്തുലമായ പങ്ക് സ്ത്രീകളുടേതായിരുന്നു. പഞ്ചായത്തിന്റെ വിഭവഭൂപടനിർമ്മാണത്തിൽ മുന്തിയപങ്ക് സ്ത്രീകളുടേതായിരുന്നു.

പഠനകാര്യങ്ങളിൽ പെൺകുട്ടികളാണ് മികച്ചുനിൽക്കുന്നത്

കെട്ടിടനിർമ്മാണം, ഫാക്ടറികൾ എന്നിവയിൽ കാർഷികമേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് പുരുഷൻമാരേക്കാൾ കുറഞ്ഞകൂലിയാണ് ഭൂരിഭാഗം സ്ത്രീതൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടിമേഖലയിൽ ബഹുഭൂരിപക്ഷം ഫാക്ടറികളിലും കുട്ടികളെ പരിരക്ഷിക്കുന്നതിന് സംവിധാനമുണ്ട്. ഉള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. പഞ്ചായത്തിൽ ഒരു ഡേകെയർസെന്റർ പ്രവർത്തിക്കുന്നുണ്ട്. 15 വാർഡുകളുള്ള ഈ പഞ്ചായത്തിൽ ഇത് അപര്യാപ്തമാണ്. ദുർബ്ബലജനവിഭാഗങ്ങൾക്കിടയിൽ കുട്ടികളെ പോറ്റുകയും അതോടൊപ്പം കാർഷികരംഗത്ത് പണിയെടുക്കുന്നു. സ്ത്രീകൾക്ക് വേണ്ടത്രരീതിയിൽ കുട്ടികളെ സംരക്ഷിക്കാൻ കഴിയുന്നില്ല.

പൊതുരംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകളോടുള്ള സമൂഹത്തിന്റെ അവമതി സ്ത്രീകളെ പൊതുരംഗത്തു നിന്നും പിന്നോട്ടടിപ്പിക്കുന്നുണ്ട്. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ ഒട്ടനവധി പരിപാടികളുണ്ടെങ്കിലും അതിനെ കുറിച്ചുള്ള അജ്ഞത മൂലം പലർക്കും ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

ഉള്ള സ്വയം തൊഴിൽ യൂണിറ്റ് തന്നെ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ല എന്നദുസ്ഥിതിയുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 4 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ പോലും സാമൂഹ്യസാംസ്കാരികരം

ഗത്ത് വേണ്ടത്ര പങ്ക് വഹിക്കാൻ കഴിയുന്നില്ല. ലഭ്യമാകുന്ന ചിലസർക്കാർ സഹായങ്ങൾ നേടിയെടുക്കാൻ കഴിയുന്നതിനപ്പുറം ഈ സംഘടനകൾക്ക് പോകാൻ കഴിയുന്നില്ല. മദ്യപാനത്തിന്റെ ദുരന്തം അനുഭവിക്കുന്ന സ്ത്രീകളുടെ എണ്ണവും പഞ്ചായത്തിൽ കൂടുതലാണ്. ചാരായനിരോധനം ഈ രംഗത്ത് വലിയമാറ്റങ്ങൾ ഉണ്ടായിട്ടില്ല. വ്യാജമദ്യം വ്യാപകമായി നാട്ടിൽലഭ്യമാണെന്നുള്ളതുകൊണ്ട്തന്നെ ഈ നിരോധനത്തിന്റെ ഗുണം കുടുംബങ്ങൾക്കുണ്ടായിട്ടില്ല.

സ്ത്രീധന സമ്പ്രദായം കൂടുതൽ ശക്തമായിനിലനിൽക്കുന്നു അതുമായി ബന്ധപ്പെട്ട പീഡനങ്ങളും വിരളമല്ല. പഞ്ചായത്തിൽ പൊതുവെ സ്ത്രീകൾക്കെതിരെയുള്ള കടന്നാക്രമണങ്ങൾ കുറവാണ് എന്നുതന്നെ പറയാം. പോസ്റ്ററുകളും, അശ്ലീലചിത്രങ്ങൾ പ്രദർശിപ്പിക്കന്നതിൽ പ്രാധാന്യം നൽകുന്നതും നിയന്ത്രിക്കേണ്ടതാണ്.

## സാദ്ധ്യതകൾ

തൊഴിൽരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീപുരുഷൻമാർക്കുള്ള വേതനത്തിലെ അന്തരം പരിശോധിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കാവുന്നതാണ്. മാർക്കറ്റിംഗ് സൗകര്യങ്ങൾ പരിശോധിച്ചുകൊണ്ടു തന്നെ. വനിതാവ്യവസായ സഹകരണസംഘങ്ങൾ സ്ഥാപിച്ച് കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകാവുന്നതാണ്. പച്ചക്കറി കൃഷി,പൂവ്,കൃഷി എന്നിവവ്യാപകമാക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷിടിക്കാവുന്നതാണ്. സാമൂഹ്യരാഷ്ട്രീയരംഗത്തു നേതൃത്വം ഏറ്റെടുക്കുവാൻ കഴിയുന്നതരത്തിൽ സ്ത്രീകൾക്ക് പരിശീലനം നൽകാവുന്നതാണ്. അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തേണ്ടതാണ്.

അയൽകൂട്ടങ്ങളിലും, വനിതാസമാജങ്ങളിലും ഊന്നികൊണ്ട് സ്ത്രീകളുടെ ഗാർഹികസാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനുള്ള സാദ്ധ്യതകൾ ആരായണം. സ്ത്രീപുരുഷ സമത്വബോധം വളർത്താനുതകുന്ന ഇടപെടലുകൾ വിവിധമേഖലകളിലുണ്ടാകണം.

വനിതാവ്യവസായസംരഭങ്ങൾക്ക് വിവിധ ഏജൻസികൾവഴി ലഭിക്കുന്ന സഹായം ഉപയോഗപ്പെടുത്താൻ വേണ്ട മുൻകൈപ്രവർത്തനം ഉണ്ടാകണം.

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ വനിതാവിഭാഗത്തന്റെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി ആവശ്യങ്ങൾ താഴെ ചർച്ചചെയ്യുന്നു. ഒരേ സ്വഭാവത്തിലുള്ളവ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്.

1. വാർഡുകളിൽ ഇപ്പോൾ പ്രവർത്തനക്ഷമമല്ലാതിരിക്കുന്നതും സാമ്പത്തിക പ്രയാസം കൊണ്ട് പദ്ധതികൾനടപ്പാക്കാൻ ബുദ്ധിമുട്ടുള്ളതുമായ വനിതാസമാജങ്ങളെ സത്വരമായി പുന:സംഘടിപ്പിച്ച് പ്രവർത്തനക്ഷമ്മാക്കുക. നിലവിലുള്ള വനിതാസമാജങ്ങളെ പുന:സംഘടിപ്പിക്കുക.

2. നിലവിലുള്ള ട്രൈസം പദ്ധതിയുടെ കാലാവധിനീട്ടികൊടുക്കുകയും ഇപ്പോഴത്തെ സൈഫന്റ് കാലാനുസൃതമായി വർദ്ധിപ്പിക്കുകയും ചെയ്യുക.

3. ഓരോവാർഡിലും ബാലവാടികളും അംഗൻവാടികളും സ്ഥാപിക്കുക.

4. പട്ടികജാതിക്കാർക്കു നിർമ്മിച്ചു കൊടുത്തിട്ടുള്ള വീടുകളിൽ പ്രാഥമികാവശ്യങ്ങളായ വെള്ളം, വൈദ്യുതി മുതലായവ സത്വരമായി എത്തിച്ചുകൊടുക്കുകയും വീടുകളുടെ അറ്റകുറ്റപണികൾ കാലാകലങ്ങളിൽ നടത്തിച്ചുകൊടുക്കുകയും ചെയ്യുക. വീട് നിർമ്മിക്കാൻ തുകതികയാതെ വരുന്ന തുക അർഹതപ്പെട്ടവർക്ക് സഹായമായികൊടുക്കുക.

5. ആട്, കോഴി, മുയൽ, താറാവ് എന്നിവയെ വളർത്തി ആദായംഎടുക്കുന്നതിന് പരിശീലനവും സാമ്പത്തികസഹായവും ചെയ്യുക.

6. വനിതകൾക്ക് മെഴുകുതിരി നിർമ്മാണം, ഭക്ഷ്യസംസ്കരണം വസ്ത്രനിർമ്മാണം തുടങ്ങിയവയിൽ പരിശീലനവും സാമ്പത്തികസഹായവും ചെയ്യുക. ഇതോടൊപ്പം തയ്യൽ പഠനത്തിന് വനിതകൾക്കു പരിശീലനം നൽകുക.

7. നമ്മുടെ പഞ്ചായത്തിൽ ഒരു വനിതാക്ഷേമബോർഡ്, കുടുംബക്കോടതി, ഉപഭോക്തൃകൗൺസിൽ തുടങ്ങിയവ സ്ഥാപിക്കുകയും അതിന്റെ വിശദാംശങ്ങളേയും നിയമസംഹിതകളേയും വനിതകൾക്കിടയിൽ ബോധവൽക്കരണം നടത്തുകയും ചെയ്യുന്നതിന് സത്വരമായി വേണ്ട നടപടികൾസ്വീകരിക്കുക.

8. ഇന്നനുഭവിച്ചുവരുന്ന ഇന്ധന ദൗർലഭ്യം ഒരളവുവരെയെങ്കിലും പരിഹരിക്കുന്നതിനുവേണ്ടി ഊർജ്ജക്ഷമതയോടുകൂടിയ നാടൻഅടുപ്പുകൾക്ക് പ്രചരണംനേടിക്കൊടുത്തും ആവശ്യമെന്നുതോന്നുന്നവർക്ക് സാമ്പത്തികസഹായം ചെയ്തും വനിതകളുടെ ആരോഗ്യവും സമയവും സംരക്ഷിക്കുക.

9. വനിതാവികലാംഗരേ പുനരധിവസിപ്പിക്കുന്നതിനും യുക്തമായ തൊഴിലുകളിൽ ഏർപ്പെടുത്തി ജീവിതമാർഗ്ഗം ഉണ്ടാക്കികൊടുക്കുന്നതിനും വിധവകളേയും അവശരേയും വൃദ്ധജനങ്ങളേയും സംരക്ഷിക്കുന്നതിനു വേണ്ടി ഒരുസംരക്ഷണകേന്ദ്രം തുടങ്ങുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾനടത്തുക.

10. വനിതായൂണിറ്റുകൾ മുഖേന പച്ചക്കറിയുൽപാദനം തുടങ്ങുന്നതിനാവശ്യമായ കൃഷി സ്ഥലങ്ങൾ ലഭ്യമാക്കുകയും അതിനുവേണ്ട സാമ്പത്തികസഹായങ്ങൾ ചെയ്യുകയും വേണം.

11. അഭ്യസ്തവിദ്യരായ വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതി എന്ന നിലയ്ക്ക് വേണ്ടുന്ന സാമ്പത്തികസഹായം ചെയ്യുകയും പുതിയതൊഴിലവസരങ്ങൾ സൃഷിടിക്കുകയും ചെയ്യുക. ഉദാഹരണമായി പാലുത്പാദനം വർദ്ധിപ്പിക്കാൻ ഉതകുന്ന രീതിയിൽ ആവശ്യക്കാർക്ക് പശുക്കളേയും, ആടുകളേയും ലഭ്യമാക്കി ഈ മേഖലയിൽ വനിതക

ളുടെ തൊഴിലില്ലായ്മ ഒരളവുവരെ പരിഹാരം കാണുന്നതാണ്.

12. പഞ്ചായത്തിലെ ഏലാമുഖങ്ങളിൽ നേരത്തേ ഉള്ള കുളങ്ങൾ വലുതാക്കുകയും പുതിയകുളങ്ങൾ കുഴിപ്പിക്കുകയും അതിനുവേണ്ടുന്ന മൂലധന രൂപീകരണം വ്യക്തികളേയും വനിതായൂണിറ്റുകളേയും ഏല്പിച്ച് ബാങ്കുമുഖേന നേടുകയും ചെയ്യുക. അങ്ങനെയുള്ള ഉത്പാദക്ഷമമായ സംരഭങ്ങൾ വനിതായൂണിറ്റുകളെ പൂർണ്ണമായി ഏല്പിക്കുകയുംചെയ്യുക.

13. വനിതകൾക്കുമാത്രമായി പരമ്പരാഗത ചെറുകിടവ്യവസായയൂണിറ്റുകൾ സ്ഥാപിക്കുക. പൊതുപ്രവർത്തന രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. പട്ടികജാതിപട്ടികവർഗ്ഗക്കാരുടെ സാമ്പത്തികാനുകൂല്യങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുക തുടങ്ങിയവയും പ്രാധാന്യം അർഹിക്കുന്നു.

14. ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും പിന്നോക്കകാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും ഉതകത്തക്കവിധത്തിൽ തുടർച്ചയായ ബോധവത്കരണത്തിന് ഏർപ്പാടുണ്ടാക്കുക.

15. സമൂഹത്തോട് പുരുഷൻമാരോടൊപ്പം സ്ത്രീകൾക്കുമുള്ള പ്രതിബദ്ധത കണക്കിലെടുത്തു ഓരോ വാർഡിലും നിലവിലുള്ളതോ, ഉണ്ടാകാൻ ഉദ്ദേശിക്കുന്നതോ ആയവനിതാ സമാജങ്ങളുടെ പ്രതിനിധികൾ മാത്രമടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും ആ വാർഡുകളിലെ പ്രധാനപ്പെട്ടതും സമൂഹത്തെ ബാധിക്കുന്നതുമായ പ്രശ്നങ്ങൾ കമ്മറ്റിയുടെ അഭിപ്രായം കൂടി ആരാഞ്ഞതിനുശേഷം മാത്രം പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാകുകയും അത്തരത്തിൽ ഉണ്ടാകുന്ന പരിഹാരാർഗ്ഗങ്ങൾ ഏവർക്കും ഒന്നുപോലെ ബാധകമാണെന്നുള്ള ഉദ്ദേശ്യം നടപ്പാക്കാൻ വേണ്ട നടപടി ക്രമങ്ങൾ രൂപീകരിക്കുക.

ഒരു ഗ്രാമത്തിലെ മനുഷ്യപ്രയത്നവും അവിടെതന്നെയുള്ള അസംസ്കൃത വിഭവങ്ങളും കൂട്ടിയിണക്കി കാർഷികവും വ്യവസായികവുമായ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിച്ചാൽ ഓരോ ഗ്രാമവും സ്വാശ്രയഗ്രാമമാക്കിമാറ്റാൻ കഴിയും. ഇത് ലക്ഷ്യപ്രാപ്തിയിലെത്തിക്കണമെങ്കിൽ സമൂഹത്തിലെ പ്രധാനഘടകങ്ങമായ വനിതകൾക്കുള്ള പങ്ക് വളരെ വലുതാണ്. ഈ ഗ്രാമവ്യവസായപുരോഗതിയുടെ ചവിട്ടുപടിയാണ് ഇപ്പോൾനിലകൊള്ളുന്നതെന്ന് ഈ ഗ്രാമത്തിലെ വനിതകൾ മനസ്സിലാക്കുന്നു. സമാന്തരമായി കാർഷികവും വ്യാവസായികവുമായ പുരോഗതിക്ക് വനിതകളുടെ കഴിവും വീറും അല്പം പോലും കുറവുവരുത്താതെ ചോർന്നുപോകാതെ കർമ്മപഥത്തിലെത്തിക്കുവാൻ ഈ ഗ്രാമപഞ്ചായത്തിനു കഴിയണം.



# സാമൂഹ്യ ക്ഷേമം

നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന സാമൂഹിക സാമ്പത്തിക ക്രമങ്ങൾ ഒരു വിഭാഗം ആളുകളെ സാമൂഹ്യമായും സാമ്പത്തികമായും പിന്നിലാക്കി. പഞ്ചവൽസരപദ്ധതിയുടെ നേട്ടങ്ങൾ സമൂഹത്തിലെ താഴെക്കിടയിലുള്ളവർക്ക് ലഭിക്കാതെ പോയി. നേട്ടങ്ങൾ ചില പ്രത്യേക ജനവിഭാഗങ്ങളുടെ ഇടയിൽ മാത്രമായി ഒതുങ്ങിയപ്പോൾ ദരിദ്രർ കൂടുതൽ ദരിദ്രവത്കരിക്കപ്പെടുകയും ചെയ്തു. ധനികർ ദരിദ്രജനവിഭാഗങ്ങളെ വേർതിരിക്കുന്നതിന് ദാരിദ്രരേഖയുടെ അളവുകോൽ കണ്ടെത്തുകയും ദാരിദ്രരേഖയ്ക്ക് താഴെ അകപ്പെട്ടുപോയവരെ ഉദ്ധരിക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കപ്പെടുക്കപ്പെടുകയുണ്ടായി.1950 കളിൽ ആരംഭിച്ച NES പരിപാടികളിൽ 1979 മുതൽ ദാരിദ്രനിർമ്മാർജ്ജന പരിപാടി നടപ്പിലാക്കിതുടങ്ങി സംയോജിത ഗ്രാമ വികസന പദ്ധതി (IRDP) യിൽ പ്പെടുത്തി ദാരിദ്രത്തെ നേരിടുന്നതിന് വിവിധ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കപ്പെട്ടിട്ടുണ്ടെങ്കിലും ദാരിദ്രനിർമ്മാർജ്ജന പൂർണ്ണമായി നടപ്പിലായില്ല.

## സാമൂഹ്യക്ഷേമം

ഏറ്റവും ഒടുവിൽ നടത്തിയ IRDP സർവ്വേ അനുസരിച്ച് തൃക്കോവിൽവട്ടം പഞ്ചായത്തിൽ 8694 കുടുംബങ്ങൾ ഉള്ളതിൽ 3417 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരാണ്. അതിൽ 467 കുടുംബക്കാർ പട്ടികജാതിയിൽപ്പെട്ടവരാണ്. വാർഡ്തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| വാർഡ് | I | II | III | IV | V | VI | VII | VIII | IX | X | XI | XII | XIII | XIV |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ | 222 | 181 | 226 | 216 | 372 | 491 | 154 | 240 | 184 | 342 | 182 | 143 | 138 | 222 |
| SC/ST | 16 | 21 | 24 | 65 | 67 | 59 | 7 | 7 | 5 | 39 | 50 | 31 | 24 | 52 |

(പഞ്ചായത്തിലെ വാർഡ്വിഭജനം നടത്തി 15 വാർഡാക്കുന്നതിനുമുമ്പുള്ള ലിസ്റ്റ്)

IRDP സ്കീം അനുസരിച്ച് ആനുകൂല്യം ലഭിച്ചകുടുംബങ്ങളുടെ എണ്ണവും മുടക്കിയ തുകയുടെവിവരവും താഴെകൊടുക്കുന്നു.

| വർഷം | സഹായം കിട്ടിയ കുടുംബങ്ങൾ | | | | | | മുടക്കിയ തുക (ലക്ഷത്തിൽ) | | |
|---|---|---|---|---|---|---|---|---|---|
| | SC | ST | മറ്റുള്ളവർ | ആകെ | വനിതകൾ | വികലാംഗർ | സബ്സിഡി | കടം | ഒരു കുടുംബത്തിന് കിട്ടിയ ശരാശരി |
| 92–93 | 42 | – | 20 | 62 | 36 | 3 | 1.99 | 2.62 | 7532 |
| 93–94 | 48 | – | 30 | 78 | 34 | 3 | 2.55 | 3.90 | 8654 |
| 94–95 | 37 | – | 35 | 72 | 30 | 3 | 3.42 | 5.27 | 12069 |
| 95–96 | 32 | – | 29 | 61 | 30 | 2 | 3.07 | 6.76 | 16115 |

TRYSEM പദ്ധതിയനുസരിച്ച് 92-93 മുതൽ 4വർഷം തൊഴിൽപരിശീലനം നേടിയവരുടെ കണക്ക് ചുവടെ ചേർക്കുന്നു.

| പരിശീലനം കിട്ടിയവർ | | | | | | തൊഴിലിൽ ഏർപ്പെട്ടവർ | |
|---|---|---|---|---|---|---|---|
| വർഷം | SC | ST | മറ്റുള്ളവർ | ആകെ | വനിതകൾ | സ്വയംതൊഴിൽ | തൊഴിൽ ലഭിച്ചവർ |
| 92-93 | 4 | - | 3 | 7 | 5 | 1 | 4 |
| 93-94 | 7 | - | 10 | 17 | 13 | 3 | 3 |
| 94-95 | 5 | - | 6 | 11 | 8 | 2 | 5 |
| 95-96 | 4 | - | 3 | 7 | 6 | 1 | 4 |

DWCRA പദ്ധതിപ്രകാരം പഞ്ചായത്തിൽ രൂപപ്പെട്ട തൊഴിൽ സംരംഭകരുടെ വിവരം താഴെകൊടുക്കുന്നു.

| നമ്പർ | വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1. | 4 | ജ്യോതിസ്, ചെറിയേല (ഗാർമെന്റ് മേക്കിംഗ് യൂണിറ്റ്) | 93-94 | 10 (SC) |
| 2. | 11 | അക്ഷയ, മുഖത്തല | 93-94 | 11 |
| 3. | 8 | സമഭാവന, കണ്ണനല്ലൂർ | 95-96 | 10 |
| 4. | | സ്വാശ്രയ, മുഖത്തല, | 95-96 | 12 |

## പ്രശ്നങ്ങൾ

1. വിവിധദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ അനുസരിച്ച് ധനസഹായത്തിനർഹരായ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ല.

2. ധനസഹായം ലഭിക്കാൻ ഇന്നു നിലവിലുള്ള നടപടി ക്രമങ്ങൾ ലളിതമല്ല.

3. കിട്ടുന്ന സഹായം ഉദ്ദേശിക്കപ്പെട്ട പദ്ധതികൾക്കായി മാത്രം വിനിയോഗിക്കപ്പെടുന്നില്ല.

4. പല പദ്ധതിപ്രകാരവും അനുവദിക്കപ്പെടുന്ന തുക അനുവദിക്കപ്പെട്ട ലക്ഷ്യങ്ങൾപൂർത്തീകരിക്കാൻ പര്യാപ്തമല്ല.

5. അപേക്ഷകർക്കെല്ലാം ധനസഹായം ലഭ്യമാകുന്നില്ല.

6. വിവിധപദ്ധതികളിൽ പെടുത്തി തൊഴിൽപരിശീലനം ലഭിക്കുന്നവർക്ക് പരിശീലിപ്പിക്കപ്പെടുന്ന തൊഴിൽമേഖലയിൽ തുടർന്ന് ജോലിചെയ്യാനുള്ള ഭൗതികസാഹചര്യങ്ങൾ ലഭിക്കുന്നില്ല.

7. നമ്മുടെ പഞ്ചായത്തിൽപ്പെട്ട മുഖ

I.R.D.P സർവ്വേപ്രകാരം1156 കുടുംബങ്ങൾക്കാണ് ഇനിയും വീട് ആവശ്യമായിട്ടുള്ളത്. വിവിധസ്കീമുകളിൽ അനുവദിച്ചിട്ടുള്ള വീടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | പദ്ധതി | അനുവദച്ച വീടുകൾ |
|---|---|---|
| 1991 | IAY | 10 |
| 1992 | M.W.S. | 10 |
| 1992 | J.R.Y. | 7 |
| 1993 | LAY | 13 |
| 1993 | MWS | 20 |
| 1993 | JRY | 3 |
| 1994 | IAY | 5 |
| 1994 | MWS | 11 |
| 1994 | JRY | 4 |
| 1995 | IMY | 23 |
| 1995 | MWS | 8 |
| 1995 | JRY | 5 |

വിവിധ പെൻഷൻ സ്കീമുകളിൽ പഞ്ചായത്ത് അതിർത്തിയിൽ പെൻഷൻകിട്ടുന്നവരുടെ സ്ഥിതിവിവരക്കണക്ക് പൂർണ്ണമായി ലഭിച്ചിട്ടില്ല.

ത്തല ബ്ലോക്ക് ICDP പദ്ധതിയിൻ കീഴിൽ വരാത്തതിനാൽ അംഗൻവാടികൾ വഴി ദരിദ്ര കുടുംബത്തിലെ കുട്ടികൾക്ക് കിട്ടേണ്ട ആരോഗ്യവിദ്യാഭ്യാസ പരിരക്ഷകിട്ടുന്നില്ല.

8. അനർഹരായ ചിലരെങ്കിലും പെൻഷൻ ആനുകൂല്യംപറ്റുന്നു.

9. ചേരിക്കോണം വാർഡിലെ തലച്ചിറചേരിനിവാസികളുടെ സാമൂഹ്യസാമ്പത്തിക സ്ഥിതിമെച്ചപ്പെടുത്താൻ പദ്ധതികളില്ല.

10. ലക്ഷംവീടുകോളനികൾ പട്ടികജാതികോളനികൾ മറ്റുകോളനികൾ എന്നിവിടങ്ങളിലെ അപര്യാപ്തകൾ.

## സാദ്ധ്യതകൾ

IRDP. ലിസ്റ്റിൽ വരുന്നമുഴുവൻ ജനങ്ങൾക്കും ധനസഹായം നൽകാനുള്ള സംവിധാനം ഉണ്ടാക്കുക.

2. ധനസഹായം കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

3. അനുവദിക്കപ്പെടുന്ന ധനസഹായം യഥാവിധി ചെലവാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ഫലപ്രദമായ മോണിട്ടറിംഗ് ഏർപ്പെടുത്തേണ്ടതാണ്.

4. അനുവദിക്കപ്പെടുന്ന പദ്ധതി പൂർത്തീകരിക്കുന്നതിന് പര്യാപ്തമായ തുക അനുവദിക്കേണ്ടതാണ്.

5. വിവിധ പദ്ധതിയിൽപ്പെടുത്തി തൊഴിൽ പരിശീലനം ലഭിക്കുന്നവർക്ക് തൊഴിൽ നൽകുന്നത് ബന്ധപ്പെട്ട പദ്ധതിയുടെ ഭാഗമായിത്തീരേണ്ടാതാണ്.

6. I.C.D.P പ്രോജക്ടിന് കീഴിൽ മുഖത്തല ബ്ലോക്കും ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുക.

7. ചേരിക്കോണം വാർഡിലെ തലച്ചിറ കോളനിയിലെ നിവാസികളെ പുനരധിവസിപ്പിക്കാനും അവരുടെ സാമ്പത്തിക സാമൂഹ്യ പദവിമെച്ചപ്പെടുത്താൻ പ്രത്യേകപദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

8. ലക്ഷംവീടുകോളനികൾ, പട്ടികജാതികോളനികൾ, മറ്റ്കോളനികൾ എന്നിവിടങ്ങളിൽ (വീട്, കക്കൂസ്, വൈദ്യുതി, ജലം) എന്നിവ ലഭ്യമാക്കുക.

# സഹകരണമേഖല

സഹകരണസംഘങ്ങളുടെ പ്രവർത്തനം തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ വിപുലമാണ്. അൻപതുകൾക്ക് മുൻപ് നടുവിലക്കരകേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന പരസ്പരസഹായസഹകരണസംഘം ഈ മേഖലയിലെ ആദ്യസംരംഭമാണ്.

ക്രഡിറ്റ് മേഖല,കൺസ്യൂമർ മേഖല, വ്യവസായമേഖല, വിപണനമേഖല തുടങ്ങിയ വിവിധമേഖലകളിൽ പ്രവർത്തിക്കുന്ന ഒട്ടനവധി സഹകരണസംഘങ്ങൾ തൃക്കോവിൽവട്ടം പഞ്ചായത്തിൽ ഉണ്ട്.

ക്രഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്നത് രണ്ട് സഹകരണസ്ഥാപനങ്ങളാണ്. പട്ടിക. 1.കാണുക.

പട്ടിക1 ക്രഡിറ്റ് സഹകരണസംഘങ്ങൾ

| ക്രമനമ്പർ | സഹകരണ സംഘം | പ്രവർത്തനമേഖല | ആരംഭിച്ച വർഷം |
|---|---|---|---|
| 1 | തൃക്കോവിൽവട്ടം പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്ക് ക്യൂ 78 | ചെന്താപ്പൂർ, വെട്ടിലത്താഴം, പേരയം ഒഴികെ മറ്റ് വാർഡുകൾ | 1959 |
| 2 | ഡീസന്റ് ജംഗ്ഷൻ സർവ്വീസ് സഹകരണ ബാങ്ക് ക്യൂ 138 | വെട്ടിലത്താഴം, പുതുച്ചിറ, പേരയം, മൈലാപ്പൂർ | 1959 |

തൃക്കോവിൽവട്ടം പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്കാണ് സഹകരണമേഖലയിൽ പ്രവർത്തിക്കുന്നപ്രധാന സഹകരണസ്ഥാപനം. ഡീസന്റ് ജംഗ്ഷൻ സർവ്വീസ് സഹകരണബാങ്ക് അതിനടുത്ത് നിൽക്കുന്നു. ഏറെപഴക്കമുള്ള തട്ടാർകോണം ക്ഷീരവ്യവസായസഹകരണ സംഘത്തിന്റെ പ്രവർത്തനം പ്രത്യേകം ശ്രദ്ധേയമാണ്. സാമൂഹ്യഅടിത്തറയില്ലാത്ത വ്യക്തികളിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങളുമുണ്ട്. ദുർബലജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി രജിസ്റ്റർ ചെയ്യപ്പെട്ട മിക്കസഹകരണ സംഘങ്ങളും വ്യക്തികളുടെ കൈകളിൽ ഒതുങ്ങിപ്പോയിട്ടുണ്ട്. പ്രസ്തുത ജനവിഭാഗങ്ങൾക്ക് ഗുണകരമാകത്തക്ക പ്രവർത്തനം സംഘങ്ങൾ നടത്തുന്നില്ല.

## ക്രഡിറ്റ്മേഖല:

ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൃക്കോവിൽവട്ടം പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്കും, ഡീസന്റ് ജംഗ്ഷൻ സർവ്വീസ് സഹകരണബാങ്കും ബുദ്ധിമുട്ടുകൾ കൂടാതെ പ്രവർത്തിച്ച് വരുകയാണ്. സാദ്ധ്യതകളാകെ ഉപയോഗിച്ചാൽ ഈ മേഖലിയലെ പ്രവർത്തനങ്ങൾ വിപുലമാക്കാൻ കഴിയും. ക്രഡിറ്റ് മേഖലയിലെ സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലമാക്കികൊണ്ട് പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ വലിയ പങ്ക് വഹിക്കാൻ ഈ സ്ഥാപനങ്ങൾക്ക്

കഴിയേണ്ടതുണ്ട്. സർവ്വീസ് സഹകരണ ബാങ്കുകളിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ ഈ രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഉയർന്ന പലിശനിരക്ക് ലഭ്യമാണെങ്കിൽപോലും നിക്ഷേപകർ വാണിജ്യബാങ്കുകൾക്ക് പുറകേ പോകുന്നത് സഹകരണബാങ്കിലുള്ള വിശ്വാസക്കുറവു കൊണ്ടാകണം. വായ്പയെടുക്കുന്നവരിൽ അധികവും യഥാസമയം തിരിച്ചടക്കുന്നതിൽ വേണ്ടത്രശ്രദ്ധ ചെലുത്തുന്നില്ല എന്നബുദ്ധിമുട്ടുണ്ട്. ക്രഡിറ്റ് സംഘങ്ങളുടെ നിക്ഷേപ വായ്പാ വിവരങ്ങളുടെ വിവരം പട്ടിക, 2,3 ലായികൊടുക്കുന്നു.

## ക്ഷീരസംഘങ്ങൾ

തട്ടാർകോണം ക്ഷീര വ്യവസായസഹകരണസംഘ മൊഴികെ പഞ്ചായത്തിൽപ്രവർത്തിക്കുന്ന മറ്റ് ക്ഷീരസംഘങ്ങൾ എല്ലാം തന്നെ മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്നവയാണ്. കർഷകരിൽനിന്ന് പാൽവാങ്ങി പ്രാദേശികമായി വിറ്റഴിക്കുന്നതിൽ അധികം വരുന്നപാൽ മിൽമയ്ക്ക് നൽകുന്ന ഒരു പ്രവർത്തനമാണ് ഈരംഗത്ത് നടന്നുവരിക. ഇത്തരത്തിൽ ക്ഷീരകർഷകർക്ക് വിപണനസൗകര്യം ഒരുക്കുന്നതിൽ ഒതുങ്ങിനിൽക്കുന്ന പ്രവർത്തനമാണ് ക്ഷീരസംഘങ്ങൾ നടത്തുന്നത്. ക്ഷീരസംഘങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 2 ആയി താഴെകൊടുക്കുന്നു.

സഹകരണസംഘങ്ങളുടെ നിക്ഷേപം

പട്ടിക 2

നിക്ഷേപങ്ങളുടെ പട്ടിക.

| ക്രമ നമ്പർ | ബാങ്കിന്റെ ഫണ്ട് | ആകെ അംഗങ്ങൾ | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം | സർക്കാർ ഓഹരി തുക | നിക്ഷേപം ജനങ്ങളിൽ നിന്ന് | |
|---|---|---|---|---|---|---|---|
| | | | | | | സ്ഥിരം | ഹ്രസ്വകാലം |
| 1 | തൃക്കോവിൽവട്ടം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് | 8070 | 15 ലക്ഷം | 1130431.00 | 210000 | 9850482 | 2199280 |
| 2 | ഡീസന്റ് ജംഗ്ഷൻ സർവ്വീസ് സഹകരണ ബാങ്ക് | 4600 | 15 ലക്ഷം | 1470560 | 116750 | 1026430 | 2669304 |

പട്ടിക–3

വായ്പാവിവരങ്ങൾ

| ക്രമ | ബാങ്കിന്റെ ഫണ്ട് | കാർഷികവായ്പ | കാർഷികേതരം | പ്രത്യേക വായ്പ | തിരിച്ചുകിട്ടാനുള്ളത് |
|---|---|---|---|---|---|
| 2 | ഡീസന്റ് ജംഗ്ഷൻ സർവ്വീസ് സഹകരണ ബാങ്ക് | 1624601 | 13205402 | 14830003 | 3545941 |
| 1 | തൃക്കോവിൽവട്ടം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് | 1170099 | 5858900 | 2757635 | 1430138 |

പട്ടിക -4
ക്ഷീരസംഘങ്ങൾ

| നമ്പർ | സംഘത്തിന്റെ പേര് | ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ വിൽക്കുന്ന പാൽ | പുറത്തേക്ക് അയയ്ക്കുന്ന പാൽ |
|---|---|---|---|---|
| 1 | ചെറിയേല കെ.യു.സി.എസ്. | 90792.5 ലിറ്റർ | 37979 ലിറ്റർ. | 5294.2 ലിറ്റർ |
| 2. | തട്ടാർകോണം | 326766.7 ലിറ്റർ | 278459.8 ലിറ്റർ | 5662.7 ലിറ്റർ |
| 3. | തൃക്കോവിൽവട്ടം കെ.യു.സി.എസ്. | 294474 ലിറ്റർ | 84414 ലിറ്റർ | 210060 ലിറ്റർ |
| 4. | പാലമുക്കു കെ.യു.സി.എസ്. | 5650.6 ലിറ്റർ | 650.6 ലിറ്റർ | ഇല്ല |
| 5. | പേരയം കെ.യു.സി.എസ്. | | | |
| 6. | മൈലാപ്പൂര് കെ.യു.സി.എസ്യ | | | |

തട്ടാർകോണം മുഖത്തല ക്ഷീരസംഘങ്ങൾ പ്രവർത്തനം വിപുലീകരിക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിൽപോലും അവ വേണ്ടനിലയിൽ എത്തിയിട്ടില്ല. തൃക്കോവിൽവെട്ടം ഗ്രാമ പഞ്ചായത്തിലെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിക്കാൻ കഴിയുന്ന ഒരു തലമുണ്ടായാൽ ക്ഷീരകർക്ക് മെച്ചപ്പെട്ടവില ഉറപ്പുവരുത്താനും കാലിവളർത്തലിൽ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് ഒരളവുവരെ പരിഹാരം കാണാനും കഴിയും. ഈ രംഗത്ത് പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങൾ കർഷകർക്ക് പശുവിനെ വാങ്ങാൻ വായ്പാസൗകര്യമെത്തിക്കുന്നതിൽ ഒരു പങ്കുകൂടി വഹിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം.

## പട്ടികജാതിപട്ടികവർഗ്ഗസഹകരണസംഘങ്ങൾ

സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംഘങ്ങളാണിവ. ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുതകുന്ന രീതിയിൽ പ്രവർത്തിക്കുന്നില്ല. ചെറിയേലയിൽ പ്രവർത്തിക്കുന്ന സംഘത്തിന് ഒരു സാമൂഹ്യാടിത്തറ ഉണ്ടെങ്കിലും, പ്രവർത്തനം വേണ്ടനിലയിൽ എത്തിക്കാൻ ഈ സംഘത്തിന് കഴിഞ്ഞിട്ടില്ല.

മറ്റ് പട്ടികജാതി പട്ടികവർഗ്ഗസംഘങ്ങൾക്ക് ഒരു സാമൂഹ്യഅടിത്തറ ഉണ്ടാക്കാനും, ഈ മേഖലയിലെ സംഘങ്ങളാകെ ഈ വിഭാഗത്തിന്റെ ഉന്നമനത്തിന് ചെയ്യാൻകഴിയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കും എന്നുറപ്പുവരുത്താനും കഴിയണം.

ജില്ലാതലത്തിലുള്ള സഹകരാണുശുപത്രി നമ്മുടെ പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്.

കൺസ്യൂമർ മേഖലയിൽ ഒരു സഹകരണസംഘം പഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റെപ്രവർത്തനം അശാസ്യമല്ല. വ്യവസായരംഗത്തും മറ്റുമേഖലകളിലും പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. സ്കൂൾസഹകരണസംഘങ്ങളും നിലവിലുണ്ട്.

## മറ്റ് സഹകരണമേഖലകൾ

വനിതാക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കാൻ കഴിയുന്ന സഹകരണ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ല. ബ്ലോക്ക്തലത്തിൽ പ്രവർത്തിക്കുന്ന ഒരു വനിതാസഹകരണസംഘം നിലവിലുണ്ടെങ്കിലും അത് പ്രവർത്തനക്ഷമതമല്ല. വനിതാവ്യവസായ സഹകരണ സംഘങ്ങൾക്ക് രൂപംനല്കി ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞാൽ സ്ത്രീകൾക്ക് തൊഴിലവസരം വർദ്ധിപ്പിക്കാൻ കഴിയും.

വ്യവസായ സഹകരണസംഘങ്ങൾക്കുള്ള സാദ്ധ്യതകളും പ്രയോജനപ്പെടുത്താൻ മുൻകൈ പ്രവർത്തനം നടത്തേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. ക്രഡിറ്റ് സഹകരണസംഘങ്ങളോട് ഉള്ളതിനേക്കാൾ വിശ്വസ്തവാണിജ്യബാങ്കുകൾക്കുള്ള തിനാൽ ക്രഡിറ്റ് സഹകരണസംഘങ്ങൾ ഉയർന്ന പലിശനിരക്ക് നൽകുന്നുണ്ടെങ്കിൽ പോലും നിക്ഷേപം വേണ്ട അളവിൽ സമാഹരിക്കാൻ കഴിയുന്നില്ല.

2. ക്രഡിറ്റ് സഹകരണസംഘങ്ങളുടെ സാദ്ധ്യതകളെ കുറിച്ച് ജനങ്ങളുടെ ബോധനിലവാരത്തിലുള്ള പോരായ്മകൾ

3. നിലവിലുള്ള ദൈനംദിന പ്രവർത്തനങ്ങൾക്കപ്പുറം സംഘത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ കഴിയത്തക്കനിലയിൽ ക്രഡിറ്റ് സംഘങ്ങളുടെ മാനേജ്മെന്റിൽ മെച്ചിമുണ്ടാകണം. 4. മിൽമയുമായി ബന്ധ

പ്പെട്ട് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളുടെ മേൽ നിലനിൽക്കുന്ന മിൽമ നിയന്ത്രണങ്ങളും മെച്ചപ്പെട്ടവില നൽകാൻ മിൽമക്കുള്ള വൈമുഖ്യം.

5. പട്ടികജാതി, പട്ടികവർഗ്ഗസഹകരണസംഘങ്ങളുടെ പ്രവർത്തനത്തെകുറിച്ച് ആവിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ പരിമിതമായ അറിവ്.

6. സങ്കുചിതമായ താല്പര്യങ്ങളുടെ പേരിൽ രജിസ്റ്റർചെയ്യപ്പെടുന്ന സഹകരണസംഘങ്ങളുണ്ട്. എണ്ണത്തിൽ വർദ്ധനവുണ്ടാക്കുന്നതൊഴിച്ചാൽ അവ പ്രവർത്തനരംഗത്തെത്തുന്നുല്ല.

7. കൺസ്യൂമർസംഘങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. മെച്ചപ്പെടുത്തുവാൻ സർക്കാർ സഹകരണം ലഭിക്കുമെങ്കിൽ സഹകരണമാവേലിസ്റ്റോറായി ഉയർത്തണം.

8. ആവശ്യമായ സാമ്പത്തികഅടിത്തറയുള്ള തട്ടാർകോണം ക്ഷീരസംഘം വിപുലമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ പ്രകടിപ്പിക്കുന്ന വിമുഖത.

9. സഹകരണരംഗത്ത് പുത്തൻമേഖലകൾ കണ്ടെത്താൻ പഞ്ചായത്തിന്റെ സാമൂഹ്യനേതൃത്വത്തിന് കഴിയുന്നില്ല.

10. സഹകരണാശുപത്രിവഴി ദുർബലവിഭാഗക്കാർക്ക് ചികിൽസലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ലഭ്യമാകുന്ന സമ്പത്താകെ നിക്ഷേപമായി സമാഹരിച്ചാൽ ക്രഡിറ്റ് സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാം.

2. ക്രഡിറ്റ് സംഘങ്ങൾ പ്രധാനമായും കാർഷികമേഘലുയുടെ വികസനത്തിനുള്ള സാമ്പത്തികസഹായം ലഭിക്കുന്നതോടൊപ്പം ശാസ്ത്രീയമായി കൃഷിരീതികൾ പ്രവർത്തിക്കുന്നതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കാം.

3. കാർഷികോൽപ്പന്നങ്ങൾക്ക് വിപണനസൗകര്യം മെച്ചപ്പെടുത്തി കർഷകർക്ക് മെച്ചപ്പെട്ടവില ഉറപ്പാക്കാം. ഇടനിലക്കാരെ ഒഴിവാക്കാം.

4. പഞ്ചായത്തിൽ ലഭ്യമാക്കുന്ന കാർഷികോത്പ്പന്നങ്ങൾ സമാഹരിച്ച് വിപണിയിലെത്തിക്കാൻ ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ സാമ്പത്തിക സഹായങ്ങൾ ഇവ കർഷകർക്കെത്തിക്കാൻ സർവ്വീസ് സഹകരണബാങ്കുകൾക്ക് മുൻകൈ എടുക്കണം.

5. പഴം, പച്ചക്കറി മേഖലകൾ കേന്ദ്രീകരിച്ച് ഒരു സഹകരണസംഘം ആരംഭിക്കാനും പഴവർഗ്ഗങ്ങളുടേയും പച്ചക്കറിയുടെയും കൃഷിവ്യപകമാക്കാനും ഉല്പന്നങ്ങൾക്ക് വിപണനസൗകര്യം ഉറപ്പാക്കാനും കഴിയണം.

6. മിൽക്ക് സൊസൈറ്റികൾക്ക് പാലുല്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞാൽ സ്ത്രീകൾക്ക് തൊഴിലവസരം സൃഷിടിക്കാം.

7. പാലുല്പന്നങ്ങൾ വിപുലമായി ജനങ്ങൾ ഉപയോഗിക്കന്ന ശീലം വളർത്തിയെടുക്കുന്നതുവഴി ജനങ്ങൾക്ക് കൂടുതൽ പോഷകമൂല്യം ലഭ്യമാക്കാം.

8. പഞ്ചായത്തിലെ ക്ഷീരസംഘങ്ങളുടെ ഒരു അപ്പെക്സ് ബോഡി ഉണ്ടാക്കാൻ കഴിഞ്ഞാൽ കൂട്ടായി കാലിത്തീറ്റ ഉല്പാദനകേന്ദ്രങ്ങളിൽ നിന്ന് ശേഖരിച്ച് കർഷകർക്ക് എത്തിക്കാൻ കഴിയും.

9. കാലിവളർത്തൽ വ്യാപിപ്പിക്കാൻ കർഷകർക്ക് വായ്പകളും മറ്റ് സൗകര്യങ്ങളും എത്തിക്കാനുള്ള സാദ്ധ്യത ആരായണം. മെച്ചപ്പെട്ട ഇനം പശുക്കളെ ലഭ്യമാക്കണം.

10. ഹരിജൻ സഹകരണസംഘങ്ങളെ കുറിച്ച് അവബോധം വളർത്താൻ വേണ്ട നടപടിസ്വീകരിച്ച് സഹകരണസംഘങ്ങൾക്ക് ജനകീയ അടിത്തറഉണ്ടാക്കണം.

11. നിലവിലുള്ള സഹകരണസംഘങ്ങളുടെ സഹായത്തോടുകൂടി സമ്പത്ത് സമാഹരിച്ച് പുതിയ വ്യവസായ സംരഭകർക്ക് തുടക്കം കുറിക്കാം.

12. ജില്ലാ സഹകരണ ആശുപത്രി വഴി സാമ്പത്തികവും സാമൂഹ്യവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിന് കുറഞ്ഞ ചിലവിൽ ചികിൽസാ സൗകര്യം എത്തിക്കാൻ സമ്മർദ്ദം ചെലുത്തണം.

13. പഞ്ചായത്ത്തലത്തിൽ കുറഞ്ഞ വരുമാനക്കാർക്ക് വീട് വയ്ക്കാൻ വായ്പാസൗകര്യം ലഭ്യമാക്കുന്ന ഒരു ഹൗസിംഗ് സൊസൈറ്റിയുടെ സാദ്ധ്യത ആരായണം.

14. വീട് നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ ലഭ്യമാക്കാൻ ഒരു സഹകരണ സംവിധാനം ഏർപ്പെടുത്തി ഇടത്തരക്കാരെ ഒഴിവാക്കാം.

15. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ ഒരു ലേബർ കോൺട്രാക്ടർ സൊസൈറ്റി വഴി നടപ്പിലാക്കാം. ഈ സംവിധാനം ബ്ലോക്ക് തലത്തിൽ ഏർപ്പെടുത്തുന്നതും നന്നായിരിക്കും.

16. സ്കൂൾസൊസൈറ്റികളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന അദ്ധ്യാപകരുടെ ഒരു സഹകരണസെൽ പരിശോധിച്ച് പ്രവർത്തനം മെച്ചപ്പെടുത്തണം. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി നൽകാൻ ഈ സൊസൈറ്റിക്ക് കഴിയണം.

# വിഭവസമാഹരണം

സാമൂഹികവികസനം വിഭവലഭ്യതയിൽ അധിഷ്ഠിതമാണ്. ഒട്ടനവധിവികസനാവശ്യങ്ങൾ നിലനിൽക്കെ വിഭവങ്ങൾ ദുർലഭമാകുമ്പോഴാണ്. ആദ്യ മാദ്യം പൂർത്തീകരിക്കപ്പെടേണ്ട വികസനാവശ്യങ്ങൾ ഏതെന്ന് ആലോചിക്കുക. വിഭവങ്ങളുടെ അപര്യാപ്തതയിൽ വികസനാവിശ്യങ്ങൾക്ക് മുൻഗണനനിശ്ചയിച്ച് നടപ്പിലാക്കേണ്ടതാണ്. ആസൂത്രണം. ഉടൻപൂർത്തീകരിക്കേണ്ട വികസനാവിശ്യങ്ങളൊക്കെ ഏറ്റെടുക്കാൻ വിഭവങ്ങൾ ലഭ്യമല്ലെന്ന ഘട്ടത്തിൽ സ്വാഭാവികമായും വിഭവസമാഹരണം അനിവാര്യമായിവരുന്നു. തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന് വികസനപദ്ധതിതയ്യാറാക്കുമ്പോൾ നിലവിലുള്ളവരുടെ വരുമാനം വർദ്ധിപ്പിച്ച് കൂടുതൽ വികസനാവിശ്യങ്ങൾ നിർവ്വഹിക്കുന്നതിനാവിശ്യമായ സാദ്ധ്യതകൾ ആരായേണ്ടതുണ്ട്. വർദ്ധിച്ചുവരുന്ന ആവശ്യങ്ങളേയും പ്രശ്നങ്ങളേയും നേരിടുന്നതിനും സജ്ജരാകേണ്ടതുണ്ട്. പഞ്ചായത്തിന്റെ വരുമാനത്തെ സംബന്ധിച്ച പട്ടികകൾ താഴെ കൊടുക്കുന്നു.

പഞ്ചായത്തിന്റെ തനത് നികുതിവരുമാനം പരിശോധിക്കുമ്പോൾ 91-92

പട്ടിക 1 തനത് നികുതിവരുമാനം

| വർഷം | തൊഴിൽനികുതി | കെട്ടിടനികുതി | വിനോദനികുതി | മറ്റിനം | ആകെ |
|---|---|---|---|---|---|
| 1991-92 | 222144 | 222524 | 20188 | – | 564856 |
| 92-93 | 196838 | 293793 | 20780 | – | 511411 |
| 93-94 | 153361 | 249980 | 23132 | – | 426463 |
| 94-95 | 276845 | 565052 | 30379 | – | 872276 |
| 95-96 | 190229 | 366229 | 25215 | – | 582335 |

പട്ടിക 2 സർക്കാർ സഹായങ്ങൾ

| വർഷം | നികുതിവിഹിതം | ഗ്രാന്റുകൾ | Untied | JRY | ആകെ |
|---|---|---|---|---|---|
| 1991-92 | 208698 | 274042 | 181000 | 478682 | 1142422 |
| 92-93 | 370541 | 202243 | 188800 | 394212 | 1155796 |
| 93-94 | 538153 | 173651 | 203150 | 492817 | 1407771 |
| 94-95 | 609397 | 323540 | 274140 | 264716 | 1471793 |
| 95-96 | 659209 | 44570 | 304705 | 284226 | 1692710 |

സാമ്പത്തികവർഷത്തേക്കാൾ 95-96 ൽവർദ്ധനയുണ്ടായിട്ടുള്ളതായി കാണാം (RS 17479/-) എന്നാൽ 94-95 ലെ തനത് നികുതിവരുമാനത്തേക്കാൾ കുറവാണന്ന് 95-96ലെ വരുമാനം (RS 289941/-) നികുതി സാദ്ധ്യതകുറഞ്ഞിട്ടില്ലെന്നിരിക്കെ വരുമാനത്തിനത്തിൽ ഉണ്ടായ ഈ കുറവ് നീതീകരിക്കത്തക്കതല്ല.

പഞ്ചായത്തിന് സംസ്ഥാനസർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായം പരിശോധിക്കുമ്പോൾ വർദ്ധനവുണ്ട് (RS 550288) പൊതുവിൽ വർദ്ധനവുണ്ടായപ്പോൾ J.R.Y പദ്ധതിയനുസരിച്ചുള്ള സഹായംകുറഞ്ഞുപോകുകയാണുണ്ടായത്. അൺടൈഡ് ഫണ്ടിനത്തിലുള്ള വരുമാനം വർദ്ധിച്ചു. 91-92 സാമ്പർത്തികവർഷവുമായി താരതമ്യം ചെയ്താൽ അഞ്ച് വർഷക്കാലം കൊണ്ട് 70% വർദ്ധനവ് ഉണ്ടായെന്ന് കാണാം.

പഞ്ചായത്തിന്റെ തനത്നികുതിയേതര വരുമാനത്തിലും വർദ്ധനവുമുണ്ടായിട്ടുണ്ട്. എന്നാൽ ലൈസൻസ് ഫീസിനത്തിലും 1991-92 ലെ വരുമാനം 18628/- രൂപ ആയിരുന്നു. 94-95ൽ 23122/-രൂപയും 95-96 ൽ ഇത് 17746/ രൂപയായി കുറഞ്ഞു. കാരണംപരിശോധിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ നികുതിയേതരവരുമാനങ്ങൾ പട്ടിക -3 ആയി താഴെ കൊടുക്കുന്നു. ലൈസൻസ് ഫീസിനത്തിലെ വരുമാന പട്ടിക 4ലും 95-96ലെ വരവ് സംബന്ധിച്ച കണക്കുകൾ പട്ടിക 5-ലും കൊടുത്തിട്ടുണ്ട്.

95-96 സാമ്പത്തികവർഷത്തെ കണക്കിൻപ്രകാരം 136423രൂപ പിരിഞ്ഞ്കിട്ടാനുണ്ട്. ഇതിന് പരിഹാരം കാണേണ്ടതുണ്ട്.

പഞ്ചായത്തിന്റെ വരവിനങ്ങളും

പട്ടിക 3- നികുതിയേതരവരുമാനം

| ഇനം | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ചന്ത, സ്റ്റാൾ | 162837 | 10616 | 107581 | 4370 | 246147 |
| ചവറ് | - | - | - | - | - |
| പാട്ടമരങ്ങൾ | - | - | - | - | - |
| ഫലവൃക്ഷങ്ങൾ | 1455 | 2650 | 3535 | 2925 | 375 |
| ഷോപ്പിംഗ് കോംപ്ലക്സ് കടകൾ | 12722 | 110661 | 106643 | 43267 | 176106 |
| മറ്റിനം | - | - | - | - | - |
| ആകെ | 285014 | 123927 | 217759 | 89895 | 422628 |

പട്ടിക 4- ലൈസൻസ് ഫീസ്

| ഇനം | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| വ്യവസായം, വ്യാപാരം | 8589 | 5896 | 8211 | 11894 | 11333 |
| ഹോട്ടലുകൾ | 42 | 51 | 69 | 69 | 78 |
| സാധാരണ കടകൾ | 9997 | 8452 | 3384 | 11159 | 6335 |
| മറ്റുള്ളവ | - | - | - | - | - |
| ആകെ | 18628 | 17399 | 11664 | 23122 | 17746 |

1995–96 ലെ വരവ് സംബന്ധിച്ച പട്ടികതാഴെ കൊടുത്തിട്ടുണ്ട്

പട്ടിക 5

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 434441 | 370838 | 63602-.70 |
| സർവ്വീസ്ചാർജ്ജ് | – | – | – |
| തൊഴിൽനികുതി | 244168 | 191376 | 527792.50 |
| വാഹനനികുതി | – | – | – |
| വിനോദനികുതി | 25278 | 25278 | – |
| അഡീ: വിനോദനികുതി | 15384 | 15384 | – |
| പ്രദർശനനികുതി | 2166 | 2124 | 42 |
| പ്രദർശനനികുതി സർചാർജ്ജ് | 541 | 531 | 10.50 |
| ചന്തവരവ് | 261172 | 246147 | 15025 |
| ലാന്റ് സെസ്സ് | – | – | – |
| ലൈസൻസ് ഫീസ് | 19535 | 17746 | 1789 |
| കെട്ടിടനികുതി (സർചാർജ്ജ്) വാടക | 176106 | 176106 | – |
| വസ്തുകൈമാറ്റനികുതി 75% | 464209 | | |
| വസ്തുകൈമാറ്റനികുതി 25% | 195000 | – | – |
| സർക്കാർ ഗ്രാൻറുകൾ ഒഴികെയുള്ള മറ്റു ഗ്രാന്റുകൾ | 588931 | – | – |
| സംഭാവന | – | – | – |
| ഡെപ്പോസിറ്റ് | 39925 | – | – |
| മറ്റുള്ളവ (ഗ്രന്ഥശാല) | 21140 | 17978 | 3161–85 |
| ആകെ | 747275 | 747272 | 136423–55 |

ചിലവിനങ്ങളും താരതമ്യംചെയ്തുകൊണ്ടാവണം സാമ്പത്തികനില പരിശോധിക്കാൻ. 91–92 മുതൽ 95–96വരെയുള്ള വരവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുപട്ടികയായിതാഴെ കൊടുക്കുന്നു.

വരവും എസ്റ്റാബ്ലിഷ്മെന്റ് ചെലവും തുലനംചെയ്യുമ്പോൾ 91–92ലെ 28 .4%നേക്കാൾ 95–96ലെ 20.6% കുറവാണെന്ന് കാണാം. എസ്റ്റാബ്ലിഷ്മെന്റ് ചെലവിന്റെ അനുപാതത്തിലുള്ള കുറവ് ആശ്വാസകരമാണ്.

തൃക്കോവിൽവെട്ടം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് സർവ്വീസ് സഹകരണബാങ്കുകളുണ്ട്. ഡീസന്റ് ജംഗ്ഷ

പട്ടിക. 6. വരവും എസ്റ്റാബ്ലിഷ്മെന്റ് ചെലവും

| വർഷം | വരവ് | എസ്റ്റാബ്ലിഷ്മെന്റ് ചെലവ് |
|---|---|---|
| 1991–92 | 1152624–05 | 327572–80 |
| 92–93 | 2022828–65 | 339914–00 |
| 93–94 | 181371–85 | 412146–80 |
| 94–95 | 2256997–90 | 472913–65 |
| 95–96 | 2589311–65 | 534373–00 |

നിലും, മുഖത്തിലയിലുംആണ് അവ കേന്ദ്രീകരിച്ച് പ്രവർത്തിക്കുക 91 മുതൽ 96 വരെ നിക്ഷേപത്തിൽ ഉണ്ടായമാറ്റം പട്ടിക 7ൽ കൊടുക്കുന്നു.

ഡീസന്റ് ജംഗ്ഷൻസർവ്വീസ് എങ്കിൽപോലും സർവ്വീസ് ബാങ്കുകളിലുള്ള നിക്ഷേപത്തിന്റെ പലഇരട്ടി ഈ ബാങ്കുകളിൽ നിക്ഷേപമായി ഉണ്ടാകുമെന്ന്കൂടി കണക്കാക്കുമ്പോൾ നമ്മുടെ പഞ്ചായത്തിലെ വിഭവസാധ്യതയുടെ

വാണിജ്യബാങ്കുകൾക്കും സർവ്വീസ് സഹകരണബാങ്കുകൾക്കും ഒപ്പം പ്രവർത്തിക്കുന്ന മറ്റൊരു ധനകാര്യമാണ് കണ്ണനല്ലൂരിൽ പ്രവർത്തിക്കുന്ന മുത്തൂറ്റ് ബാങ്കേഴ്സ് നാട്ടൻപുറങ്ങളിൽ അനൗപചാരികമായി വായ്പാ ഇടപാ

പട്ടിക. 7 സർവ്വീസ്ബാങ്കിലെ നിക്ഷേപങ്ങൾ

| വർഷം | ഡീസന്റ് ജംഗ്ഷൻ സർവ്വീസ് സകരണബാങ്ക് | തൃക്കോവിൽവട്ടം സർവ്വീസ് ബാങ്ക് നിക്ഷേപം |
|---|---|---|
| 1991–92 | 2912373 | Rs. 4055414 |
| 92–93 | 3928717 | Rs. 5781208 |
| 93–94 | 5005473 | Rs. 7378461 |
| 94–95 | 9911926 | Rs. 10273417 |
| 95–96 | 12848284 | Rs. 13082871 |
| ആകെ | 34606773 | Rs. 40571431 |

രണ്ട്സർവ്വീസ് ബാങ്കുകളിലുമായി 25931155 രൂപയുടെ നിക്ഷേപമുണ്ട്. ഇതിൽ ഫിക്സഡ് ഡെപ്പോസിറ്റിന്റെ സ്ഥിതി പട്ടിക –8 കൊടുക്കന്നു. പട്ടിക–8

| വർഷം | ഡീസന്റ് ജംഗ്ഷൻ സർവ്വീസ് സകരണബാങ്ക് | തൃക്കോവിൽവട്ടം സർവ്വീസ് ബാങ്ക് നിക്ഷേപം |
|---|---|---|
| 1991–92 | 2330580 | 3013733 |
| 92–93 | 3233054 | 4533755 |
| 93–94 | 4026529 | 6255519 |
| 94–95 | 8875110 | 8864980 |
| 95–96 | 11554240 | 11618432 |
| ആകെ | 30020113 | 34286319 |

കോഓപ്പറേറ്റീവ് ബാങ്കിലേയും തൃക്കോവിൽവട്ടം സർവ്വീസ് സഹകരണബാങ്കിലേയും നിക്ഷേപങ്ങൾ പരിശോധിക്കുമ്പോൾ 85% ത്തോളം സ്ഥിരംനിക്ഷേപങ്ങളാണന്ന് കാണാം.

തൃക്കോവിൽവട്ടം പഞ്ചായത്തിൽ 5വാണിജ്യബാങ്കുകൾകൂടി പ്രവർത്തിക്കുന്നുണ്ട്. കാനറാബാങ്ക്,മുഖത്തല കാത്തലിക്സിറിയൻബാങ്ക്, ഡീസന്റ് ജംഗ്ഷൻ, സൗത്ത്ഇന്ത്യൻബാങ്ക് കണ്ണനല്ലൂർ ഫെഡറൽബാങ്ക് കുരിപ്പള്ളി, ജില്ലാസഹകരണബാങ്കിന്റെ ഒരുശാഖയും കണ്ണനല്ലൂരിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ബാങ്കുകളിലെ നിക്ഷേപങ്ങളെ സംബന്ധിച്ച വിവരം ലഭ്യമല്ല.

ഒരു ചിത്രംവ്യക്തമാകും. ഈ വിഭവത്തിന്റെ നല്ലൊരുഭാഗം വികസനഭാഗത്തേക്ക് തിരിച്ചുവിടാൻ കഴിഞ്ഞാൽ വികസനസാദ്ധ്യതകൾ അതിരറ്റതാണ്.

സർവ്വീസ് സഹകരണബാങ്കുകൾ വഴിയുള്ള വായ്പകളുടെ പലശനിരക്കിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കാർഷിക കാർഷികേതരപദ്ധതി വായ്പകൾക്കുണ്ടായവർദ്ധനവ് പട്ടിക 9ൽകാണാം

5വർഷകാലത്തിനിടയിൽ കാർഷിക വായ്പയുടെ പലിശ 4.5% വർദ്ധിച്ചു. കാർഷികേതരവായ്പയുടെ പലിശ വർദ്ധന 2% വും കാർഷികവായ്പകളുടെ പലിശനിരക്കിലുണ്ടായ ഈ വർദ്ധനഅശാസ്യമല്ല.

ടുകൾ നടത്തുന്ന ഒട്ടനവധി വ്യക്തികൾ ഉണ്ട്. ദുർബലജനവിഭാഗങ്ങളാണ്. ഇവരുമായി ഇടപാടുനടത്തുന്നത് 60%മുതൽ 84% വരെയാണ് പലിശ ദുർബലരായ ഒരുപറ്റം ആൾക്കാർ ഈ സാമ്പത്തിക ഇടപാടിൽ പെട്ട് ഉഴലുന്നവരാണ്. ഇതിനൊരുപരിഹാരം കാണുക എന്നതും പരിശോധിക്കേണ്ടാതാണ്.

ഗൾഫ്നാടുകളിൽ പണിയെടുക്കുന്നവരുടെ എണ്ണം തൃക്കോവിൽവട്ടം പഞ്ചായത്തിൽ ശ്രദ്ധേയമായനിലയിലുണ്ട്. കടംവാങ്ങി ഗൾഫിൽപോയി കടം തീർത്തും തീർക്കാതെയും തിരിച്ചുവരുന്നവരുണ്ട്. എന്നാൽ പഞ്ചായത്തിലെ നല്ലൊരുപങ്ക് ചെറുപ്പക്കാർ മെച്ചപ്പെട്ടവ

രുമാനം നേടുന്നവരാണ്. അവർനേടുന്ന സമ്പത്ത് ഏറിയപങ്കും വാണിജ്യബാങ്കുകളാണ് കൈകാര്യം ചെയ്യുക. ഈ ഉച്ചകഞ്ഞിപദ്ധതി നടപ്പിലാക്കാൻ അതിന് ആവിശ്യമായ പാചകപ്പുരഉണ്ടാക്കൽ പാത്രങ്ങൾലഭ്യമാക്കാൻ വേണ്ടി സായസ്ഥാപനങ്ങളിൽ നിന്നും പണിയെടുക്കുന്നവരിൽനിന്നും തൊഴിൽനികുതി ഈടാക്കണം.

പട്ടിക –9

| ഇനം | കാർഷിക വായ്പാ പലിശനിരക്ക് | കാർഷികേതര വായ്പാ പലിശനിരക്ക് | പദ്ധതി വായ്പാ പലിശനിരക്ക് |
|---|---|---|---|
| 1991–92 | 10% | 18% | 10% |
| 92–93 | 12% | 17.5% | 12% |
| 93–94 | 12% | 18.5% | 12% |
| 94–95 | 12% | 19% | 14.5% |
| 95–96 | 14.5% | 20% | 14.5% |

സമ്പത്തിന്റെ മുന്തിയപങ്കും കെട്ടിട നിർമ്മാണത്തിനും സുഖഭോഗവസ്തുക്കൾക്കുമായാണ് വിനിയോഗിക്കുക. ഗൾഫുപണത്തിന്റെ ഏറിയപങ്കും ഈ വഴിക്ക് ചെലവഴിക്കുകവഴി അത് ഉല്പാദനമേഖലയുടെ വികസനത്തിന് സഹായകമാകുന്നില്ല. സാമൂഹ്യരംഗത്തെ പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായം നൽകാൻ വലിയ വൈമുഖ്യം ഇവർകാട്ടാറില്ല. ഗൾഫ് മലയാളികൾനേടിയെടുക്കുന്ന വലിയ സമ്പത്തിന്റെ മുന്തിയപങ്ക് ഉൽപ്പാദമേഖലയിലേക്ക് തിരിച്ചുവിടാൻ ബോധപൂർവ്വമായ ശ്രമം ഉണ്ടാകണം.

സാമൂഹ്യആവിശ്യങ്ങൾ കൂട്ടായ്മയോടെ നിറവേറ്റുന്നതിന് സഹായകമായ മാനസിക നിലപാടായിരുന്നു നമുക്കുണ്ടായിരുന്നത്. തലമുറകളിലൂടെ ദൃഢീകരിച്ച ഈസ്വഭാവത്തിന് കഴിഞ്ഞ50 വർഷക്കാലത്തിനിടയിൽ ചോർച്ചയുണ്ടായിട്ടുണ്ടെങ്കിലും പോരായ്മകളോടെ നിലനിൽക്കുന്നു. സാമൂഹ്യപ്രവർത്തനത്തിന്റെ നേട്ടങ്ങൾ സമൂഹത്തിന് ലഭിക്കുമെന്ന് ഉറപ്പാക്കിയാൽ വ്യക്തികൾക്ക് അത് ചൂഷണംചെയ്യാൻ അവസരമുണ്ടാകില്ലെന്ന് ബോധ്യപ്പെടുത്താൻ കഴിഞ്ഞാൽസാമൂഹ്യമായി പ്രശ്നങ്ങളെ നേരിടാനും പരിഹരിക്കുവാനും കഴിയും. ഇക്കഴിഞ്ഞവർഷങ്ങളിൽ കൂട്ടായ്മയോടെ ഒട്ടനവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ തൃക്കോവിൽവട്ടം പഞ്ചായത്തിലെ ജനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട് സ്കൂളുകളിൽ വരുന്ന ചെലവുകൾ ആകെ നിർവ്വഹിക്കാൻ P.TA യ്ക്ക് കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിന്റെ വിവിധവാർഡുകളിൽ റോഡുകൾവെട്ടുന്നതിനും തോടുകൾകുഴിക്കുന്നതിനുമൊക്കെ സന്നദ്ധപ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. കായികാദ്ധ്വാനമായും, സംഭാവനയായും ലഭിക്കുന്ന ഈസമ്പത്ത് വികസനപദ്ധതികൾക്ക് ലഭ്യമാക്കാൻ കഴിയും.

## പ്രശ്നങ്ങൾ

1. നികുതിസാദ്ധ്യതകൾ ആകെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.
2. നികുതിപിരിവിൽ വീഴ്ചകളുണ്ട്.
3. നികുതിയേതരവരുമാനത്തിൽ വർദ്ധനവുണ്ടാകാൻ കൂടുതൽ ശ്രദ്ധ വേണം.
4. മരാമത്ത് പണകൾ ജനപങ്കാളിത്തത്തോടെ ഏറ്റെടുക്കാൻ ശ്രമമുണ്ടാകുന്നില്ല.
5. കോൺട്രാക്ടർമാർ, മരാമത്ത്പണികൾ നടത്തുന്നതുമൂലം അവയുടെ ഗുണമേൻമകുറയുന്നു.
6. സന്നദ്ധപ്രവർത്തന സാദ്ധ്യതകളെ വേണ്ടരീതിയിൽ വിനിയോഗിക്കാൻ കഴിയുന്നില്ല.

## സാദ്ധ്യതകൾ

1. ആഡംബരസൗകര്യമുള്ള വീടുകൾക്ക് മതിയായ തോതിൽ നികുതിയേർപ്പെടുത്തുക.
2. പഞ്ചായത്തിലെ മുഴുവൻ വ്യവ

പഞ്ചായത്തിന് വഴിയൊരുക്കുന്ന തോടൊപ്പം തൊഴിളികൾക്ക് തൊഴിൽ സ്ഥിരതയ്ക്കുള്ള ഒരവസരമായികൂടി ഇതിനെകാണാൻ കഴിയണം

3. പഞ്ചായത്തിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനതിനുള്ള സാദ്ധ്യതകൾ ആരായണം.
4. ലൈസൻസ് ഫീസ് ഈടാക്കുന്ന കാര്യത്തിൽ നിലനിൽക്കുന്ന അനാസ്ഥ അടിയന്തിരമായി പരിഹരിക്കണം.
5. പഞ്ചായത്തുപുറംപോക്കുകൾ സംരക്ഷിക്കണം.
6. പഞ്ചായത്താഫീസിനോട് ചേർന്നുള്ള സ്ഥലത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സും ആഡിറ്റോറിയവും നിർമ്മിക്കണം.
7. കാർഷികോത്പാദന മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകി വികസനപദ്ധതികൾ ആവിഷ്കരിക്കണം.
8. പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളെ സഹായത്തോടെ പഞ്ചായത്തിന്റ നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.
9. പഞ്ചായത്തിലെ മുഴുവൻ സഹകരണസ്ഥാപനങ്ങളുടേയും പ്രവർത്തനം അവലോകനം ചെയ്ത് അവയുടെ പ്രവർത്തനം ജനക്ഷേമകരമാക്കാനുള്ള സാദ്ധ്യതആരായണം.
10. ഒൻപതാംപദ്ധതിയിലെ പഞ്ചായത്തിന്റെ പദ്ധിതിഅടങ്കലിനേക്കാൾ 50% വരുന്നതുകയ്ക്കുള്ള പ്രവർത്തനമെങ്കിലും സന്നദ്ധപ്രവർത്തനത്തിലൂടെ സംഘടിപ്പിക്കണം

നമ്മുടെ പഞ്ചായത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക ചരിത്രപശ്ചാത്തലത്തിൽ ഇന്നത്തെ പ്രശ്നങ്ങൾ വിശകലനം ചെയ്തുകൊണ്ട് നാളത്തെ സാധ്യതകളെ പറ്റി വിലയിരുത്താൻ ഇവിടെ ശ്രമിച്ചിട്ടുണ്ട്. ഈ ശ്രമം ഇവിടെ പൂർണ്ണമല്ല. ക്രിയാത്മകവും വിശദവുമായ ചർച്ചയിലൂടെ ഈ റിപ്പോർട്ടു കൂടുതൽ സമഗ്രവും സമ്പുഷ്ടവുമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഗ്രാമവികസനത്തിന്റെ അടിസ്ഥാനശിലയായി ഈ രേഖ പരിഗണിയ്ക്കപ്പെടുമെന്ന വിശ്വാസത്തോടെ ഇതിനു പിന്നിൽ പ്രവർത്തിച്ചവരെ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട്, ഉള്ളുതുറന്ന ചർച്ചയ്ക്കുവേണ്ടി ഈ വികസനരേഖ വിനയപൂർവ്വം സമർപ്പിക്കുന്നു.

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് ഭരണസമിതി

# പഞ്ചായത്തുഭരണസമിതി

സർവ്വശ്രീ.

| | | |
|---|---|---|
| ആർ. പ്രസന്നൻ | - | പ്രസിഡന്റ് |
| എച്ച്. സുലൈമാൻ കുഞ്ഞ് | - | വൈസ്പ്രസിഡന്റ് |
| പി. ബാഹുലേയൻപിള്ള | - | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| എൻ. ഗോപാലപിള്ള | - | മെമ്പർ |
| എസ്. ഷീല | | ” |
| സി. സുധാകരൻപിള്ള | | ” |
| ബി. ജയദേവിഅമ്മ | | ” |
| വർഗ്ഗീസ് ചാക്കോ | | ” |
| സി. ഭവാനി | | ” |
| അഡ്വ: ബി. ഫ്രാൻസിസ് | | ” |
| ജെ. ഇന്ദിരഅമ്മ | | ” |
| എൻ. ശശിധരൻ | | ” |
| ആർ. സുരേന്ദ്രനാഥ് | | ” |
| എച്ച്. ജുമൈറത്ത് ബീവി | | ” |
| എം. ഷംസുദ്ദീൻ | | ” |



അധികാരം ജനങ്ങളിലേക്ക്

